ISSN 2321-9106

# സംഘശബ്ദം

എ കെ ജി സി ടി മുഖപത്രം 2021 സെപ്തംബർ–ഒക്ടോബർ

## അതിജീവനം സാധ്യമാണ്



Association of Kerala Government College Teachers

63-ാം സംസ്ഥാന സമ്മേളനപ്പതിപ്പ്

# സംഘശബ്ദം

സെപ്തംബർ – ഒക്ടോബർ 2021

## പത്രാധിപസമിതി

ചീഫ് എഡിറ്റർ
**ഡോ. എം. സത്യൻ**

മാനേജിംഗ് എഡിറ്റർ
**ഡോ. മനോമോഹൻ ആന്റണി**

എഡിറ്റർ
**അലിക്കുട്ടി. സി**

അംഗങ്ങൾ
**ഡോ. എൻ. മനോജ്**
**ഡോ. എം. എ അസ്കർ**
**ഡോ. പ്രിൻസ്. പി.ആർ**
**ഡോ. സുരേഷ്കുമാർ**
**ഡോ. സഞ്ജയ്കുമാർ. എസ്**
**റോയ് കെ.ബി**
**ഡോ. സൗമ്യ എസ്**
**ഡോ. ജമീൽ അഹമ്മദ്**
**ഡോ. കെ. റഹീം**
**ഡോ. മായാ മാധവൻ**
**ഉണ്ണികൃഷ്ണൻ. പി**
**അമ്പിളി ആർ.പി.**
**സലാഹുദ്ധീൻ സി.ടി**
**ഡോ. ബിന്ദു. എ.കെ**
**ഡോ. ആനന്ദ് ദിലീപ്രാജ്**




കവർ ഫോട്ടോ –
മുഹമ്മദ് സാജിദ്, അമിനി

ലേഔട്ട് & ഡിസൈൻ
ഷൈജു. കെ. അന്നാര

**സംഘശബ്ദം**
ISSN 23219106
എകെജിസിടി ഭവൻ
പനവിള ജംഗ്ഷൻ
തൈക്കാട്, തിരുവനന്തപുരം
ഫോൺ/ഫാക്സ് 0471 2329900
www.akgct.org
sangasabdam@gmail.com

## ഉള്ളടക്കം

2 | **പുതിയ കേരളം പിറക്കട്ടെ!**
ഡോ. എം. സത്യൻ

4 | **കാമ്പസുകളെ വീണ്ടും സജീവമാക്കാം.**
ഡോ. എൻ. മനോജ്

6 | **പുതുചരിത്രമെഴുതിയ ജനവിധിയുടെ രാഷ്ട്രീയപാഠങ്ങൾ**
ആർ. സുരേഷ് കുമാർ

16 | **ദരിദ്രജനതയുടെ കോവിഡ് അതിജീവനം**
ഡോ. ഗ്രേഷ്യസ് ജെയിംസ്

21 | **Lakshadweep: A Tale of Development, Dispossession and Democracy**
Shamna Narayanan E.K

26 | **ജനാധിപത്യം പുലരാത്ത ദ്വീപുകൾ**
അലിക്കുട്ടി ബീരാഞ്ചിറ

31 | **ഓർമ്മയിലെ സതീഷ് സാർ**
ഡോ. വിനുഭാസ്കർ

33 | **പൊന്നമ്മാൾ ടീച്ചറെ ഓർക്കുമ്പോൾ**
ഡോ. ആനന്ദ് ദിലീപ്രാജ്

35 | നവകേരളത്തിന് വൈജ്ഞാനിക സമൂഹസൃഷ്ടിയിൽ പങ്കാളിയാവുക!
**എകെജിസിടി 63-ാം സംസ്ഥാനസമ്മേളനം**
ഡോ. എ. ബാലകൃഷ്ണൻ

44 | **പോരാട്ടങ്ങൾക്ക് വിരാമമില്ല**
ഇമ്പിച്ചിക്കോയ കെ

50 | **അസാന്നിധ്യങ്ങളും അഭാവങ്ങളും ഓർമ്മപ്പെടുത്തുന്ന കവിത**
ഡോ. സുമി ജോയ് ഓലിയപ്പുറം

55 | **സംഘശബ്ദം സാഹിത്യപുരസ്കാരം 2021**

57 | **അടക്കം**
പുണ്യ സി.ആർ
സംഘശബ്ദം സാഹിത്യമത്സരം 2021 കഥ ഒന്നാംസ്ഥാനം

61 | **മൂന്നാമത്തെ മുല**
ജിതിൻ കെ.ജെ
സംഘശബ്ദം സാഹിത്യമത്സരം 2021 കഥ രണ്ടാംസ്ഥാനം

63 | **വെള്ളത്തുള്ളി സാക്ഷിയായ കഥകൾ**
ജിതിൻ നാരായണൻ
സംഘശബ്ദം സാഹിത്യമത്സരം 2021 കഥ മൂന്നാംസ്ഥാനം

66 | **ജീവിതം മടുത്ത് മരിച്ചുപോയ പെണ്ണുങ്ങൾ**
രേഷ്മ കെ.വി
സംഘശബ്ദം സാഹിത്യമത്സരം 2021 കവിത ഒന്നാംസ്ഥാനം

67 | **മടങ്ങിത്തുടങ്ങുമ്പോൾ**
വിഷ്ണുപ്രിയ പി
സംഘശബ്ദം സാഹിത്യമത്സരം 2021 കവിത രണ്ടാംസ്ഥാനം

68 | **ദൈവം മലയിറങ്ങി വരുന്ന ദിവസം**
അഭിലാഷ് കൈനിക്കര
സംഘശബ്ദം സാഹിത്യമത്സരം 2021 കവിത മൂന്നാംസ്ഥാനം

70 | **BLENDED LEARNING- CAN IT BE MADE COMPULSORY ?**
Dr. Shacheendran.V

75 | **സ്വപ്നാത്മക ദൃശ്യങ്ങളുടെ മൗനസാന്നിധ്യം**
ഡോ. എസ്. ഗോപു

പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളുടെ സമ്പൂർണ്ണ ഉത്തരവാദിത്തം അതാത് ലേഖകരിൽ മാത്രം നിക്ഷിപ്തമാണ്. അവയിലെ അഭിപ്രായങ്ങൾ സംഘടനയുടെയോ പത്രാധിപസമിതിയുടെയോ അല്ല.

# എഡിറ്റോറിയൽ

കോവിഡ്-19 തീർത്ത അടച്ചുപൂട്ടലുകളെ മറികടന്ന് കലാലയങ്ങൾ വീണ്ടും സജീവമാകുകയാണ്. ഒന്നരവർഷക്കാലത്തെ ഓൺലൈൻ ജീവിതം നൽകിയ വരണ്ടപാഠങ്ങളെ സൂക്ഷ്മമായി വിലയിരുത്തിക്കൊണ്ട് മാത്രമെ പുതിയ അധ്യയനകാലത്തിലേക്ക് കടക്കാനാവൂ. നിസ്സംഗതയും വിഷാദവും മാത്രം പകർന്നുതന്ന ശൂന്യതപ്പുറങ്ങൾ മായ്ച്ചുകളഞ്ഞ് തെളിമയാർന്ന പുതിയ ചിത്രങ്ങൾ വരച്ചുചേർക്കാൻ നമ്മുടെ ക്യാമ്പസുകൾക്ക് കഴിയും.

ഈ അക്കാദമികവർഷത്തെ സംഘശബ്ദത്തിന്റെ ആദ്യലക്കത്തിനും മറികടക്കേണ്ടിവന്നത് കോവിഡുണ്ടാക്കിയ പ്രതിസന്ധികളെ തന്നെയായിരുന്നു. പണിപ്പുരയിൽ സാങ്കേതികസഹായം നൽകിയവരെയും സർഗ്ഗാത്മക പിന്തുണ തന്നവരെയും മഹാമാരി പലനിലക്കും വലച്ചുകളഞ്ഞപ്പോൾ മാസികയുടെ വെളിച്ചത്തിലേക്കുള്ള ദൂരം വർദ്ധിച്ചു. അതുകൊണ്ടുതന്നെ കോവിഡ് ബാധിച്ച ഒരു മാസികയുടെ അതിജീവനമാണ് ഈ ലക്കം. ശ്വാസമെടുക്കാൻ ആയാസപ്പെട്ടതിന്റെ അടയാളങ്ങൾ താളുകളിൽ ബാക്കികിടപ്പുണ്ടാകും.

കോവിഡിന്റെ ഒന്നാംതരംഗത്തിനും രണ്ടാംതരംഗത്തിനുമിടയിലുള്ള ചെറിയ ഇടവേളയിലാണ് എകെജിസിടിയുടെ അറുപത്തിമൂന്നാം സംസ്ഥാനസമ്മേളനം കോവിഡ് പ്രോട്ടോകോൾ പാലിച്ച് തിരുവനന്തപുരത്ത് നടന്നത്. പ്രതിസന്ധിയുടെ കാലത്തെ സംഘടനാപ്രവർത്തനത്തിന് ദിശാബോധം നൽകിയ സമ്മേളനത്തിന്റെ വാർത്തകളും വിശദാംശങ്ങളും ഈ ലക്കത്തിൽ ഉൾചേർത്തിട്ടുണ്ട്. സമ്മേളനത്തോടനുബന്ധിച്ചു നടന്ന സംഘശബ്ദം സാഹിത്യമത്സരത്തിന്റെ വിജയികളായ വിദ്യാർത്ഥികളുടെ രചനകൾ സമകാലിക ക്യാമ്പസ് എഴുത്തുകളുടെ കാമ്പ് വിലയിരുത്താൻ വായനക്കാർക്ക് അവസരം നൽകുന്നുണ്ട്.

ഇക്കാലമത്രയും മലയാളിയെ സംബന്ധിച്ചിടത്തോളം 'തെരഞ്ഞെടുപ്പ്' എന്നത് ഒന്നിനു പകരം മറ്റൊന്നിനെ സ്ഥാപിക്കുന്ന കേവല രാഷ്ട്രീയപ്രക്രിയ മാത്രമായിരുന്നു. അതിനു ഒരു അറുതിയുണ്ടാവുകയും 'തെരഞ്ഞെടുപ്പ്' എന്ന പദത്തിന്റെ അർത്ഥത്തെ സമ്പുഷ്ടമാക്കുകയും ചെയ്തുകൊണ്ടാണ് നിയമസഭാ ഇലക്ഷൻ കടന്നുപോയത്. ചരിത്രത്തിലേക്ക് നടന്നുകയറിയ ഭരണത്തുടർച്ചയുടെ ജനപക്ഷ രാഷ്ട്രീയം ഈ പതിപ്പ് ചർച്ചചെയ്യുന്നുണ്ട്. ഒപ്പം കോവിഡ് രാജ്യത്ത് സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന അസമത്വത്തിന്റെ സാമൂഹ്യപാഠങ്ങൾ, ലക്ഷദ്വീപിൽ കഴിഞ്ഞ അഞ്ചെട്ടുമാസമായി നടന്നുകൊണ്ടിരിക്കുന്ന ജനാധിപത്യവിരുദ്ധമായ ഭരണകൂട ഇടപെടലുകൾ, ഓൺലൈൻ കാലത്തെ ബോധനരീതികൾ എന്നിവയും പ്രധാനവിഷയങ്ങളാണ്.

വായിക്കുക! വിമർശനാത്മകമായി വിലയിരുത്തുക! അതിജീവനം അസാധ്യമല്ലെന്ന് തിരിച്ചറിയുക!

**അലിക്കുട്ടി. സി**
എഡിറ്റർ

## ജനറൽ സെക്രട്ടറിയുടെ പേജ്



# പുതിയ കേരളം പിറക്കട്ടെ!




കോവിഡ്19 തീർത്ത പ്രതിസന്ധികൾക്കിടയിലാണ് എകെജിസിടിയുടെ അറുപത്തിമൂന്നാം സംസ്ഥാന സമ്മേളനം 2021 മാർച്ച് 20ന് തിരുവനന്തപുരത്തെ ഹസ്സൻമരക്കാർഹാളിൽ ചേർന്നത്. അംഗങ്ങൾക്ക് ഓൺലൈനായി സമ്മേളനത്തിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യം എല്ലാ ജില്ലാകേന്ദ്രങ്ങളിലും ഒരുക്കിയിരുന്നു. നടപ്പു സമ്മേളനരീതികളിൽനിന്നും മാറി, ഒറ്റദിവസമായി ചുരുക്കി കോവിഡ് പ്രോട്ടോക്കോൾ പൂർണ്ണമായും പാലിച്ചുനടന്ന സമ്മേളനം പുതിയ സാഹചര്യത്തിലെ സംഘടനാപ്രവർത്തനങ്ങൾക്ക് കൂടുതൽ ദിശാബോധവും ഊർജ്ജവും നൽകി. 'നവകേരളത്തിന് വൈജ്ഞാനിക സമൂഹസൃഷ്ടിയിൽ പങ്കാളിയാവുക' എന്നതായിരുന്നു സമ്മേളനം മുന്നോട്ടുവെച്ച മുദ്രാവാക്യം. വിജ്ഞാനം കൊണ്ടുമാത്രമേ സാമൂഹ്യമായ പുരോഗതി കൈവരിക്കാനാവൂ.അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിറഞ്ഞ വഴികളുപേക്ഷിച്ച് മാനവികമൂല്യങ്ങളിൽ വിശ്വസിക്കുന്ന, വൈജ്ഞാനികദാഹമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കേണ്ടതുണ്ട്. നവോത്ഥാനാശയങ്ങളെ മുറുകെ പിടിക്കുന്ന പുതിയൊരു കേരളത്തിനായി ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന അധ്യാപകർ സജീവമായി ഇടപെടേണ്ടതിനെക്കുറിച്ച് സമ്മേളനം ഓർമ്മപ്പെടുത്തി.

സ്വകാര്യ മൂലധനശക്തികൾക്ക് ഉന്നതവിദ്യാഭ്യാസ രംഗം തീറെഴുതിക്കൊടുക്കുകയും കാവിവത്കരണനയങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പുതിയ ദേശീയ വിദ്യാഭ്യാസനയം വലിയ വിപത്തായി നിലനിൽക്കുമ്പോഴാണ് കേരളത്തിൽ പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തി,  ഉന്നതവിദ്യാഭ്യാസമേഖലയ്ക്കായി ബദൽ കാഴ്ച്ചപ്പാട് അവതരിപ്പിക്കപ്പെടുന്നത്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായാണ് ഉന്നതവിദ്യാഭ്യാസമേഖലയ്ക്ക് മാത്രമായി ഒരു വകുപ്പുതന്നെ രൂപീകരിക്കുന്നത്. കേരളത്തിലെ സർവകലാശാലകളെയും കോളേജുകളെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ ഉതകുന്ന നൂതനപദ്ധതികൾ  വിഭാവനംചെയ്ത സർക്കാരാണ് ഒന്നാം പിണറായി സർക്കാർ. കിഫ്ബി ഫണ്ടും മറ്റും ഉപയോഗിച്ച് കോളേജുകളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിച്ചു. ഉന്നതവിദ്യാഭ്യാസരംഗത്ത് കൂടുതൽ കോളേജുകളും കോഴ്സുകളും അനുവദിച്ചു. പൊതുവിദ്യാഭ്യാസരംഗത്തെ ലോകോത്തരമാക്കി പരിവർത്തിപ്പിക്കാൻ സർക്കാർ നേതൃത്വം നൽകിയ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിനു കഴിഞ്ഞു. ദിശാബോധമുള്ള ഈ ജനകീയസർക്കാരിനു ചരിത്രപരമായ ഒരു തുടർച്ചയുണ്ടാകണമെന്ന് കേരളം മുഴുവൻ ആഗ്രഹിച്ചതാണ്. ജനങ്ങളുടെ

ഇച്ഛയ്ക്കനുസരിച്ച് ഒരു ഭരണകൂടം നിലകൊണ്ടതുകൊണ്ടാണ് കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തെ തിരുത്തിയെഴുതി ഇടതുപക്ഷഭരണത്തിന് തുടർച്ചയുണ്ടായത്. പ്രതിസന്ധികളുടെ പ്രളയവും മഹാമാരിയും സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെ ഒട്ടും പ്രതികൂലമായി ബാധിച്ചില്ല. ജനങ്ങളുടെ ക്ഷേമത്തിനും ആരോഗ്യസംരക്ഷണത്തിനും നൽകിയ ഊന്നൽ ജനം കാണാതിരുന്നില്ല.

കോവിഡ് പ്രതിസന്ധിയിലകപ്പെട്ടുപോയ സംസ്ഥാനങ്ങൾക്കൊപ്പം നിൽക്കുക എന്നതാണ് ഫെഡറൽതത്വങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന കേന്ദ്രഭരണകൂടം ചെയ്യേണ്ടത്. എന്നാൽ ആ നിലക്കുള്ള പ്രവർത്തനങ്ങൾ ഇല്ലാതെ പോകുന്നത് അപകടകരമാണ്. വാക്സിന്റെ ചെലവ് ജനങ്ങളുടെ തലയിൽ കെട്ടിവെക്കാൻ നടത്തിയ നീക്കവും വാക്സിൻ വിതരണത്തിലെ അസമത്വവും പ്രതിരോധപ്രവർത്തനങ്ങളിലെ വിവേചനവും എല്ലാം കൺമുമ്പിലുണ്ട്. കേന്ദ്രസർക്കാരിന്റെ പ്രതിലോമകരമായ കാഴ്ച്ചപ്പാടുകൾ നടപ്പിലാക്കാൻ കഴിയുന്ന സാഹചര്യമായി കോവിഡിനെ മാറ്റിത്തീർക്കുന്നത് ജനാധിപത്യവിരുദ്ധമാണ്. ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ നട്ടെല്ലായ കാർഷിക രംഗത്തെ തകർക്കുകയും മണ്ണിൽ പൊന്നുവിളയിക്കുന്ന കർഷകരെ വിശ്വാസത്തിലെടുക്കാതെ കുത്തകകൾക്ക് യഥേഷ്ടം സ്വാതന്ത്ര്യം നൽകുകയും ചെയ്യുന്ന കർഷകദ്രോഹനിയമങ്ങൾ ഇക്കാലയളവിലാണ് നടപ്പിലായത്. കഴിഞ്ഞ ഒരു വർഷക്കാലമായി രാജ്യത്തെ കർഷകരൊന്നാകെ തെരുവിൽ സമരത്തിലാണ്. കൂട്ടുചേരലുകൾക്കും പ്രതിഷേധങ്ങൾക്കും വിലക്കുകളുള്ള, സാമൂഹിക അകലം പാലിക്കേണ്ട ഇക്കാലത്താണ് രാജ്യത്തെ വിദ്യാഭ്യാസരംഗത്തെ വലിയതോതിൽ ദോഷകരമായി ബാധിക്കുന്ന പുതിയ ദേശീയ വിദ്യാഭ്യാസനയം നടപ്പിലാക്കുന്നത്. മതേതരമൂല്യങ്ങളെയും ജനാധിപത്യസംവിധാനങ്ങളെയും അട്ടിമറിക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ്. എൻ.ആർ.സിയും ലക്ഷദ്വീപിലെ ജനാധിപത്യവിരുദ്ധപ്രവർത്തനങ്ങളുമെല്ലാം അതിന്റെ ഭാഗമാണ്. കോർപ്പറേറ്റ് അജണ്ടകളാണ് എല്ലാത്തിനുമപ്പുറം നിലനിൽക്കുന്നത്.

സകലതും വിറ്റുതുലക്കുന്ന കേന്ദ്രസർക്കാരിന്റെ കോർപ്പറേറ്റ് കാഴ്ച്ചപ്പാടുകൾക്ക് ബദലായി പൊതുമേഖലയെ ശക്തിപ്പെടുത്തി, ജനങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുക എന്നതാണ് ഒരു ജനകീയ സർക്കാരിന്റെ മാതൃക. കേരളത്തിന്റെ ചരിത്രത്തിൽ അപൂർവ്വമായി സംഭവിച്ച തുടർഭരണത്തെ ജനം നോക്കിക്കാണുന്നത് വലിയ പ്രതീക്ഷയോടെയാണ്. കേരളത്തിലെ കോളേജധ്യാപകരെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ അഞ്ചുവർഷക്കാലമെന്നത്, അവരുടെ സർവ്വീസ് സംബന്ധമായി നിലനിന്നിരുന്ന ഒട്ടനവധി പ്രതിസന്ധികൾക്ക് പരിഹാരമുണ്ടായ കാലമാണ്. ആറാം യുജിസി ശമ്പള പരിഷ്കരണം 2010ൽ വി. എസ്. സർക്കാരാണ് കേരളത്തിൽ നടപ്പിലാക്കിയത്. എന്നാൽ 2011 - 2016 കാലയളവിൽ ആറാം ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി ലഭിക്കേണ്ട പ്രമോഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഒന്നുംതന്നെ ലഭിച്ചിരുന്നില്ല. സമയാസമയങ്ങളിൽ കൃത്യമായി നടന്നുപോന്നിരുന്ന അധ്യാപകരുടെ പ്രൊബേഷനും

കേന്ദ്രസർക്കാരിന്റെ പ്രതിലോമകരമായ കാഴ്ച്ചപ്പാടുകൾ നടപ്പിലാക്കാൻ കഴിയുന്ന സാഹചര്യമായി കോവിഡിനെ മാറ്റിത്തീർക്കുന്നത് ജനാധിപത്യവിരുദ്ധമാണ്. ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ നട്ടെല്ലായ കാർഷിക രംഗത്തെ തകർക്കുകയും മണ്ണിൽ പൊന്നുവിളയിക്കുന്ന കർഷകരെ വിശ്വാസത്തിലെടുക്കാതെ കുത്തകകൾക്ക് യഥേഷ്ടം സ്വാതന്ത്ര്യം നൽകുകയും ചെയ്യുന്ന കർഷക ദ്രോഹനിയമങ്ങൾ ഇക്കാലയളവിലാണ് നടപ്പിലായത്.




റെഗുലറൈസേഷനും പോലും പെന്റിങ്ങിലായി. അധ്യാപകരെ വിശ്വാസത്തിലെടുത്ത് എല്ലാവർക്കും പ്ലെയ്സ്മെന്റ് എന്ന സംഘടന മുന്നോട്ടുവെച്ച കാഴ്ച്ചപ്പാടിനൊപ്പം നിന്ന പിണറായിസർക്കാർ ഈ രംഗത്തെ പ്രതിസന്ധികൾക്ക് പരിഹാരം കണ്ടു. 2006 മുതൽ തടഞ്ഞുവെക്കപ്പെട്ട പ്രൊമോഷൻ ആനുകൂല്യങ്ങൾ അധ്യാപകർക്ക് ഇപ്പോൾ ലഭിച്ചു കഴിഞ്ഞു. പ്രളയവും കോവിഡും തകർത്തുകളഞ്ഞ സാമ്പത്തികസാഹചര്യമുണ്ടായിട്ടും ഏഴാം ശമ്പളപരിഷ്കരണവും നമുക്ക് അനുഭവവേദ്യമായി എന്നത് ഏറെ സന്തോഷകരമാണ്.

കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസരംഗം മികവുറ്റതാക്കുകയാണ് ചെയ്തതെങ്കിൽ ഇനിയുള്ള അഞ്ചുകൊല്ലം ഉന്നത വിദ്യാഭ്യാസരംഗം ക്രിയാത്മകമായി നവീകരിക്കാനുള്ള യത്നത്തിലാണ് പുതിയ സർക്കാർ. നമ്മുടെ കലാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി പരിവർത്തിപ്പിക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങൾക്ക് എകെജിസിടിയുടെ എല്ലാവിധ പിന്തുണയും അറിയിച്ചിട്ടുണ്ട്. ലോകനിലവാരത്തിലുള്ള കലാലയങ്ങളായി നമ്മുടെ കാമ്പസുകളെ മാറ്റിത്തീർക്കേണ്ടതുണ്ട്. അതിനായി നമ്മുടെ മേഖലയിലെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തി, നമുക്കുകൂടി പങ്കാളിത്തമുള്ള വികസന മാതൃകകൾക്കായി നമുക്കൊന്നിച്ചു മുന്നേറാം. പുതിയൊരു കേരളം പിറക്കട്ടെ!

അഭിവാദ്യങ്ങളോടെ,

**ഡോ. എം. സത്യൻ**
ജനറൽ സെക്രട്ടറി



**ഡോ. എൻ. മനോജ്**
സംസ്ഥാന പ്രസിഡന്റ്

# കാമ്പസുകളെ വീണ്ടും സജീവമാക്കാം

ലോകം ഇന്നൊരു മഹാമാരിയുടെ ദുരന്തമുഖത്താണ്. മനുഷ്യവംശത്തിന്റെ ചരിത്രത്തിലെ സമാനതകളില്ലാത്ത ഈ ദുരന്തത്തെ അതിജീവിക്കാനുള്ള തീവ്ര ശ്രമത്തിലാണ് നാം. വികസിതരാജ്യങ്ങൾ പോലും വിറങ്ങലിച്ചുപോയ ഈ മഹാമാരിയെ അതിധീരമായി ചെറുത്തുനിന്നവരിൽ ഒന്നാമതാണ് നാം. നമ്മുടെ മുഖ്യമന്ത്രിയുടെ വാക്കുകളിൽ പറഞ്ഞാൽ "മഹാമാരിക്കു മുന്നിൽ പകച്ചുപോയവർ എന്നല്ല, അതിനെ ധീരമായി അതിജീവിച്ചവർ എന്നാണ് നാളെ ചരിത്രം നമ്മളെ രേഖപ്പെടുത്താൻ പോകുന്നത്." കേരളീയ സമൂഹം ഒന്നടങ്കം അണിനിരന്ന പ്രതിരോധത്തിൽ നമ്മുടെ വിദ്യാഭ്യാസമേഖല ലോകത്തിനു തന്നെ മാതൃകയാകുന്ന പ്രവർത്തനങ്ങളാണ് കാഴ്ചവെച്ചത്. പല സംസ്ഥാനങ്ങൾക്കും കുട്ടികളുടെ പരീക്ഷ പോലും നടത്താൻ കഴിയാതിരുന്നപ്പോൾ, കേരളം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുതന്നെ പരീക്ഷയും ഫലപ്രഖ്യാപനവും പൂർത്തിയാക്കി. ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ ക്ലാസ്സുകൾ നൽകി കുട്ടികളുടെ ആത്മവിശ്വാസം നിലനിർത്താനും നമുക്ക് കഴിഞ്ഞു.

അപ്പൊഴും ഒരു കാര്യം പറയാതെ വയ്യ. മുതലാളിത്തരാജ്യങ്ങൾ കോവിഡിനെ കൈകാര്യം ചെയ്ത രീതി ഏറെ ആശങ്ക ഉളവാക്കുന്നതാണ്. രാജ്യം ഭരിക്കുന്ന ബി.ജെ.പി സർക്കാർ ഈ അടച്ചിടൽകാലത്തെ അവരുടെ വർഗ്ഗീയ കോർപ്പറേറ്റ് അജണ്ടകൾ നടപ്പാക്കുവാനും കർഷകവിരുദ്ധവും തൊഴിലാളിവിരുദ്ധവുമായ നിയമങ്ങൾ നടപ്പിലാക്കാനുമായാണ് ഉപയോഗിച്ചത്.

അടച്ചിടൽ നമ്മുടെ വിദ്യാഭ്യാസ മേഖലയെ, അതിന്റെ ചലനാത്മകതയെ തെല്ലൊന്നുമല്ല പ്രതികൂലമായി ബാധിച്ചത്. കാമ്പസുകൾ അടഞ്ഞുകിടന്ന കാലം കേന്ദ്രസർക്കാർ പൂർണ്ണമായും കോർപ്പറേറ്റ്വത്ക്കരണം ലക്ഷ്യം വെച്ചുകൊണ്ടുള്ള അവരുടെ പുതിയ ദേശീയ വിദ്യാഭ്യാസനയം നടപ്പാക്കാനുള്ള അവസരമായാണ് കണ്ടത്. എന്നാൽ നേരത്തേ പറഞ്ഞതുപോലെ ഈ ഘട്ടത്തിലും ലോകത്തിന് തന്നെ



മാതൃക ആവുന്ന കാര്യങ്ങളാണ് കേരളം ചെയ്തത്. ഓരോവീട്ടിലും ഭക്ഷ്യകിറ്റ് എത്തിച്ചും അർഹരായ മുഴുവൻപേർക്കും ക്ഷേമപെൻഷൻ വീട്ടിലെത്തിച്ചും ഈ വറുതിയുടെ നാളുകളിൽ ഒരാൾപോലും പട്ടിണി കിടക്കാതിരിക്കാൻ സർക്കാർ അതീവ ജാഗ്രതകാട്ടി. അടച്ചിടൽകാലത്ത് പോലും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകൾ മാത്രമല്ല, കോളേജുതലത്തിൽ അവസാനവർഷ ഡിഗ്രി, പി.ജി പരീക്ഷകൾ നടത്തുവാനും അവയുടെ ഫലം പ്രസിദ്ധീകരിക്കുവാനും അങ്ങനെ 2020-21 അക്കാദമിക് വർഷത്തെ സ്കൂൾ കോളേജ്തല പ്രവേശനവും പൂർത്തീകരിക്കുവാൻ സാധിച്ചു. കോവിഡിന്റെ രണ്ടാംതരംഗ ഭീഷണി നേരിട്ട ഈ സമീപകാല സാഹചര്യത്തിലും പരീക്ഷയും ഫലപ്രഖ്യാപനവും അഡ്മിഷൻ പ്രക്രിയകളും കൃത്യമായി നടന്നു. പ്ലസ്ടു റിസൾട്ടും അവസാനവർഷ ഡിഗ്രിഫലവും ഏറെ ബുദ്ധിമുട്ടുകൾ നേരിട്ടുവെങ്കിലും നമുക്ക് പ്രസിദ്ധീകരിക്കുവാൻ സാധിച്ചു. ഇപ്പോൾ കോളേജുകളിൽ ഒന്നാംവർഷ ഡിഗ്രി പ്രവേശനനടപടികൾ  അവസാന ഘട്ടത്തിലാണ്.

കോവിഡ്-19 മഹാമാരി പൊട്ടിപ്പുറപ്പെട്ടത് ലോകത്തെമ്പാടുമുള്ള വിദ്യാഭ്യാസ സംവിധാനങ്ങളെ ഏറെ പ്രതികൂലമായാണു ബാധിച്ചത്. സ്കൂളുകൾ, കോളേജുകൾ, സർവകലാശാലകൾ എന്നിവ പൂർണ്ണമായും അടച്ചുപൂട്ടപ്പെട്ടു. ഈ പ്രതിസന്ധി ഇന്ത്യയിലെ 285 ദശലക്ഷത്തിലധികം വിദ്യാർഥികളുടെ പഠനത്തുടർച്ചയെ പ്രതികൂലമായി ബാധിച്ചു. ഈ അടച്ചിടൽ  വിദ്യാർഥികൾ, അധ്യാപകർ, അവരുടെ  കുടുംബങ്ങൾ എന്നിവരെ ബാധിക്കുക മാത്രമല്ല സാമ്പത്തിക, സാമൂഹിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. ഒരു രാജ്യത്തിന്റെ നിർണ്ണായക ശക്തിയായ ഉന്നതവിദ്യാഭ്യാസമേഖലയെയും മഹാമാരി സാരമായി ബാധിച്ചു.

അടിയന്തര ബദൽ നടപടികൾ എന്ന നിലയ്ക്ക് പല സർവകലാശാലകളും കോളേജുകളും ഓൺലൈൻ ലേണിങ്ങ് സിസ്റ്റം, ഓപ്പൺ സോഴ്സ് ഡിജിറ്റൽ ലേണിങ്, മൂഡിൽ എന്നിവ ഉപയോഗിച്ച് വിദ്യാഭ്യാസ സംസ്കാരം പുനരുജ്ജീവിപ്പിക്കുകയാണ് ചെയ്തത് എന്നാൽ ഈ രീതികൾ അവലംബിച്ചപ്പോഴും സമൂഹത്തിൽ പിന്നാക്കം നിൽക്കുന്ന ഏറ്റവും പാവപ്പെട്ടവന്റെ മക്കൾ മേൽപറഞ്ഞ ഡിജിറ്റൽസംവിധാനങ്ങൾക്ക് പുറത്താണ് എന്നതാണ് യാഥാർത്ഥ്യം. ഇവക്കെല്ലാം പരിഹാരമായി മാറണം ഈ മഹാമാരിക്കു ശേഷമുള്ള നമ്മുടെ കാമ്പസുകളുടെ തുറക്കൽ. നമ്മുടെ നേരിട്ടുള്ള പഠനരീതിയ്ക്ക് പകരം വെക്കാനാവില്ല ഓൺലൈൻ പഠനമെന്ന് ഈ കോവിഡ്കാലം നമുക്ക് മനസ്സിലാക്കി തന്നു. ഒക്ടോബർ നാലിന് കോളേജ് തുറക്കുന്നതുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസവകുപ്പ് വിപുലമായ ചർച്ചകളും തയ്യാറെടുപ്പുകളുമാണ് നടത്തിയത്, അധ്യാപക സർവീസ് സംഘടനകൾ, കോളേജ് പ്രിൻസിപ്പൽമാർ, മാനേജുമെന്റുകൾ എന്നിവരുമായി ബഹു. ഉന്നതവിദ്യാഭ്യാസ മന്ത്രി തന്നെ നേരിട്ട് യോഗം ചേർന്ന് അഭിപ്രായ രൂപീകരണം നടത്തുകയുണ്ടായി. അധ്യാപകർ, വിദ്യാർത്ഥി സംഘടനകൾ, പി.ടി.എ എന്നിവയുടെ നേതൃത്വത്തിൽ കോളേജും പരിസരവും വൃത്തിയാക്കി സജ്ജമാക്കുന്ന പ്രവൃത്തികൾ സംസ്ഥാനത്തെ ഓരോകോളേജിലും നടന്നുകഴിഞ്ഞു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ക്ലാസ്സുകൾ നടത്തുന്നതിനും വാക്സിനേഷൻ ലഭിക്കാത്ത നമ്മുടെ കുട്ടികൾക്ക് അതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താനും, കുട്ടികൾക്കുവേണ്ട യാത്രാസൗകര്യങ്ങൾ, താമസം എന്നിവ ഒരുക്കുന്നതിലും മുന്നിൽ നിന്ന് നയിക്കേണ്ടത് നമ്മൾ അധ്യാപകരാണ്. എന്തെങ്കിലും സാഹചര്യത്തിൽ കുട്ടികൾക്ക് ക്ലാസ്സ് നഷ്ടമായാൽ ആ പാഠഭാഗങ്ങൾ പ്രത്യേകമായി പഠിപ്പിക്കാനും നമ്മൾ ജാഗ്രത കാണിക്കണം. അങ്ങിനെ അധ്യാപകരും കുട്ടികളും രക്ഷിതാക്കളും പൊതുസമൂഹവും ഒന്നായി നിന്നുകൊണ്ട് കോവിഡ് മഹാമാരിയിൽ നഷ്ടപ്പെട്ടുപോയ നമ്മുടെ കാമ്പസുകളുടെ സജീവത നമുക്ക് വീണ്ടെടുക്കാം.





# പുതുചരിത്രമെഴുതിയ ജനവിധിയുടെ രാഷ്ട്രീയപാഠങ്ങൾ

ആർ. സുരേഷ് കുമാർ



കേരളത്തിൽ 2021ൽ നടന്ന നിയമസഭാതെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി അഞ്ചുവർഷംമുമ്പ് നേടിയതിനെക്കാൾ ജനപിന്തുണ വർധിപ്പിച്ച് കൂടുതൽ സീറ്റുകൾ നേടി അധികാരത്തിൽ തുടരുന്ന സാഹചര്യമുണ്ടായത് സൂക്ഷ്മമായി വിലയിരുത്തപ്പെടേണ്ട ചരിത്രസംഭവമാണ്. സംസ്ഥാന രൂപീകരണത്തിന് ശേഷം 1957 ൽ നടന്ന ആദ്യത്തെ നിയമസഭാതെരഞ്ഞെടുപ്പിൽ രാജ്യത്തെ മാത്രമല്ല, ലോകത്തെ തന്നെ ഞെട്ടിക്കുന്ന വിധത്തിൽ കമ്മ്യൂണിസ്റ്റ്പാർട്ടി ഒറ്റയ്ക്ക് അധികാരത്തിൽ വന്ന സംസ്ഥാനമാണിത്. ഇന്ത്യയിൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഭരണമുണ്ടാവുക തെലുങ്കാനയിലായിരിക്കുമെന്ന കണക്കുകൂട്ടലായിരുന്നു അന്നത്തെ അവിഭക്ത സി.പി.ഐ. ദേശീയ നേതൃത്വത്തിനുണ്ടായിരുന്നതെന്ന് ഇ.എം.എസ്. എഴുതിയിട്ടുണ്ട്. എന്നാലതിന് കടകവിരുദ്ധമായി കേരളത്തിൽ ഭരണം ലഭിച്ചതിന് പിന്നിൽ എതിർകക്ഷികൾ പലതായി മത്സരിച്ചതും കാരണമായിരുന്നെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലെത്തിയത് ഒരുതരത്തിലും സഹിക്കാനാവാത്ത വലതുപക്ഷവും ജാതിമതശക്തികളും സർക്കാരിനെ അട്ടിമറിക്കാൻ ഗൂഢാലോചനകൾ നടത്തിയതും വിദേശ സഹായത്തോടെ വിമോചനസമരം നടത്തിയതും സോഷ്യലിസ്റ്റ് സമീപനങ്ങളെയും സോവിയറ്റ് റഷ്യയെയും അങ്ങേയറ്റം ഇഷ്ടപ്പെട്ടിരുന്ന ജവഹർലാൽ നെഹ്റുവിനെക്കൊണ്ട് കേരളസർക്കാരിനെ പിരിച്ചുവിടുവിച്ചതും ഇന്ത്യയിലെ ജനാധിപത്യചരിത്രത്തിലെ കറുത്ത അധ്യായങ്ങളാണ്. അതിനുശേഷം നടന്ന നിയമസഭാതെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ്പാർട്ടിക്ക് വോട്ടുശതമാനം കൂടിയിട്ടും സീറ്റുകൾ വളരെയധികം കുറയുകയുണ്ടായി എന്നതും ഭരണം ലഭിക്കാതിരുന്നതും വലതുപക്ഷം ഒരുമിച്ച് നിന്നതിന്റെ ഫലമായിരുന്നുവെന്ന് ഇ.എം.എസ്. ചൂണ്ടിക്കാണിക്കുന്നുണ്ട്. ചരിത്രകാരൻ കൂടിയായ ഡോ. കെ.എൻ.ഗണേഷ് എപ്പോഴും ഓർമ്മിപ്പിക്കുന്ന കാര്യവുമിതാണ്. കേരളത്തിൽ വിഘടിച്ച് നിൽക്കുന്ന വലതുപക്ഷം ഒരുമിച്ച് വോട്ടുചെയ്യാൻ തീരുമാനിച്ചാൽ അതിനെ അതിജീവിച്ച് വിജയം കൈവരിക്കാവുന്ന അവസ്ഥയിൽ ഇടതുപക്ഷം ഇപ്പോഴും ശക്തിനേടിയിട്ടില്ലെന്നതാണ് അദ്ദേഹം പറയാറുള്ളത്. ചുരുക്കിപ്പറഞ്ഞാൽ ഇടതുപക്ഷത്തിന് അമ്പത് ശതമാനത്തിലേറെ വോട്ടുകൾ നേടി അധികാരത്തിലെത്താൻ കേരളത്തിൽ ഇപ്പോഴും സാധ്യത വന്നിട്ടില്ല എന്ന സത്യമാണ് അതിലുള്ളത്.

> പ്രതിസന്ധികൾ ഉണ്ടാവുമ്പോൾ മാത്രമല്ല സാധാരണ സാഹചര്യങ്ങളിലും ഭരണത്തിലിരിക്കുന്ന കക്ഷികൾ ജനങ്ങൾക്കൊപ്പം ചേർന്ന്  നിൽക്കണമെന്ന സന്ദേശം ഭാവിയിലെ തെരഞ്ഞെടുപ്പുകൾക്കായി ഈ അഞ്ചുവർഷത്തിനുള്ളിൽ ലഭിച്ചിരിക്കുന്നു.

## കേരളത്തിലെ മുന്നണിഭരണം

കേരളം മുന്നണിഭരണത്തിന്റെ പരീക്ഷണശാലയാകാൻ തുടങ്ങിയപ്പോൾ ജാതി മത പശ്ചാത്തലമുള്ള കക്ഷികൾക്കും തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ പ്രാധാന്യം കൈവന്നു. വലതുപക്ഷം, ഇടതുപക്ഷം എന്നിങ്ങനെ രാഷ്ട്രീയ കാഴ്ചപ്പാടിനനുസരിച്ചും വർഗവിഭജനത്തിനനുസരിച്ചുമുള്ള പരിഗണനകൾക്കപ്പുറം ജാതി, മതം, വിശ്വാസം, അവയ്ക്കുള്ളിലെ വിഭിന്ന ഗ്രൂപ്പുകളുടെ താല്പര്യങ്ങൾ എന്നിവ ഭരണത്തെ നിശ്ചയിക്കുന്ന ഘടകങ്ങളായി മാറി. ഇടതുപക്ഷം അധികാരത്തിൽ വരുമ്പോഴും രാഷ്ട്രീയമായി വലതുപക്ഷത്ത് നിൽക്കുന്ന ചില ഘടകങ്ങളോ കക്ഷികളോ ഒപ്പമുണ്ടാകാറുമുണ്ട്. ഒരു സ്ഥിരസ്വഭാവമുള്ള മുന്നണിഘടന കേരളത്തിൽ രൂപപ്പെട്ടത് 1982ലെ നിയമസഭാതെരഞ്ഞെടുപ്പോടെയാണ്. കൃത്യമായി അഞ്ചുവർഷവും ഒരു മുന്നണിതന്നെ അധികാരത്തിൽ തുടരുന്ന പ്രവണതക്ക് തുടക്കമിട്ടതും അന്നുമുതലാണ്.  കോൺഗ്രസ്സ് നേതൃത്വത്തിലുള്ള വലതുപക്ഷം അധികാരത്തിലെത്തിയ ആ കാലഘട്ടം ഇടതുമുന്നണിയിൽ, പ്രത്യേകിച്ച് സി.പി.എമ്മിൽ മതപശ്ചാത്തലമുള്ള കക്ഷികളോട് സ്വീകരിക്കേണ്ട സമീപനത്തെക്കുറിച്ച് ആശയസംഘർഷങ്ങളുണ്ടാവുകയും എം.വി.രാഘവന്റെ നേതൃത്വത്തിൽ ചിലർ സി.പി.എമ്മിൽ നിന്ന് പുറത്താവുകയും ചെയ്തിരുന്നു. തുടർന്ന് 1987ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ വർഗീയ കക്ഷികളെന്ന് വിശേഷിപ്പിക്കാവുന്ന ആരുംതന്നെ കൂടെയില്ലാതിരുന്നിട്ടും ഇടതുമുന്നണി അധികാരത്തിൽ വന്നത് സി.പി.എം. സ്വീകരിച്ച രാഷ്ട്രീയ നയത്തിന് ലഭിച്ച അംഗീകാരമായി വിലയിരുത്തപ്പെടുകയുണ്ടായി. അതോടൊപ്പം കേരള രാഷ്ട്രീയരംഗത്ത് ഹിന്ദുത്വപ്രത്യയശാസ്ത്രത്തിന്റെ സ്വാധീനം വ്യാപിക്കുന്ന തരത്തിൽ ബിജെപി ഹിന്ദുമുന്നണി സജീവമായതും വലതുപക്ഷത്തിന്റെ വോട്ടുകളിലൊരുഭാഗം സ്വന്തമാക്കിയതും തെരഞ്ഞെടുപ്പ് ഫലത്തെ നിശ്ചയിച്ച ഘടകങ്ങളിലൊന്നായി മാറുകയും ചെയ്തിരുന്നു. പ്രീഡിഗ്രി ബോർഡ് വിരുദ്ധസമരത്തിന്റെ അലയൊലികളും ഇടതുപക്ഷത്തിന് അനുകൂല സാഹചര്യമാണ് സൃഷ്ടിച്ചിരുന്നത്. തുടർന്ന് സഖാവ് ഇ.കെ.നായനാർ നേതൃത്വം നൽകിയിരുന്ന സർക്കാരിന്റെ പ്രവർത്തനങ്ങളിൽ പൊതുസമൂഹത്തിന് വലിയ മതിപ്പുണ്ടാവുകയും കേരളത്തിൽ ആദ്യമായി നടന്ന ജില്ലാകൗൺസിൽ തെരഞ്ഞെടുപ്പിൽ ഇടതുമുന്നണി വൻവിജയം നേടുകയും ചെയ്തു. 1991ൽ നടക്കേണ്ട ലോക്സഭാ തെരഞ്ഞെടുപ്പിനോടൊപ്പം നിയമസഭാ തെരഞ്ഞെടുപ്പും നടത്താൻ ഇടതുമുന്നണി തീരുമാനിച്ചു. ഓരോ തെരഞ്ഞെടുപ്പിനും മാസങ്ങൾക്ക്മുമ്പ് രൂപംകൊള്ളുന്ന രാഷ്ട്രീയ സാഹചര്യങ്ങൾ പിന്നിട് മൊത്തത്തിൽ മാറാറില്ല. പ്രചാരണഘട്ടങ്ങളിലെ ഏറ്റക്കുറച്ചിലിനിടയിൽ അപൂർവം ചിലസീറ്റുകളിലെ വിജയപരാജയങ്ങളെ സ്വാധീനിക്കാറുണ്ടെന്ന് മാത്രം. എന്നാൽ മുൻപ്രധാനമന്ത്രി രാജീവ്ഗാന്ധി പ്രചാരണഘട്ടത്തിൽ കൊല്ലപ്പെട്ടതോടെ ഉയർന്നുവന്ന വൈകാരികതരംഗം കേരളത്തിൽ 1991ൽ ഇടതുമുന്നണിക്ക് ലഭിക്കുമായിരുന്ന ഭരണത്തുടർച്ച നഷ്ടമാക്കുകയായിരുന്നു. കെ.കരുണാകരന്റെ നേതൃത്വത്തിൽ അധികാരത്തിലെത്തിയ വലതുമുന്നണി ചാരക്കേസിൽ ആടിയുലഞ്ഞതും രാഷ്ട്രീയഗൂഢാലോചനയിലൂടെ കെ.കരുണാകരനെ പുറത്താക്കി എ.കെ.ആന്റണി മുഖ്യമന്ത്രിയായതും ചരിത്രം. 1996ലെ നിയമസഭാതെരഞ്ഞെടുപ്പിൽ ഇടതുമുന്നണി അധികാരത്തിലെത്തുകയുണ്ടായി. പാർട്ടിയിലെ ആഭ്യന്തരനടപടികളുടെ ഭാഗമായി കെ.ആർ.ഗൗരിയമ്മ പുറത്താക്കപ്പെട്ടശേഷം നടന്ന തെരഞ്ഞെടുപ്പിൽ വിജയിക്കാൻ കഴിഞ്ഞത് സി.പി.എമ്മിന്റെ രാഷ്ട്രീയാടിത്തറ ശക്തമായിരുന്നുവെന്ന് തെളിയിച്ചു. എന്നാൽ









മുന്നണിക്ക് നേതൃത്വം കൊടുത്തിരുന്ന വി.എസ്. അച്യുതാനന്ദൻ മാരാരിക്കുളത്ത് പരാജയപ്പെട്ടത് തിരിച്ചടിയുമായി. അതിനാൽ വീണ്ടും ഇ.കെ.നായനാർ മുഖ്യമന്ത്രിയായി ചുമതലയേറ്റു. 1987ൽ നിന്ന് വ്യത്യസ്തമായി കേരളകോൺഗ്രസ് ജോസഫ് വിഭാഗം ഇടതുപക്ഷമുന്നണിയുടെഭാഗമായി ഭരണത്തിൽ പങ്കാളിയായെന്നത് പ്രത്യേകം പരാമർശമഹിക്കുന്നു. എന്നാൽ 2001 വരെയുള്ള ഭരണകാലയളവിൽ സർക്കാരിന് നേരിടേണ്ടിവന്ന കനത്ത സാമ്പത്തികപ്രതിസന്ധി ജനങ്ങൾക്കിടയിൽ വ്യാപക അസംതൃപ്തിക്ക് കാരണമാവുകയും 2001ലെ നിയമസഭാതെരഞ്ഞെടുപ്പിൽ ഇടതുമുന്നണി കനത്ത തിരിച്ചടി നേരിടേണ്ടിവരികയും ചെയ്തു. എ.കെ.ആന്റണി വീണ്ടും മുഖ്യമന്ത്രിയായി. സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ആനുകൂല്യങ്ങൾ നിഷേധിക്കാൻ ശ്രമിച്ചത് സമൂഹത്തിൽ മൊത്തത്തിലുള്ള സാമ്പത്തിക ക്രയവിക്രയത്തെ ബാധിക്കുകയുണ്ടായി. അതിനെതിരെ ശക്തമായ സമരമാണ് കേരളത്തിൽ ഉണ്ടായത്. പ്രതിപക്ഷ നേതൃസ്ഥാനമേറ്റെടുത്ത വി.എസ്. അച്യുതാനന്ദൻ ജനകീയ വിഷയങ്ങളിൽ സജീവമായി ഇടപെടുകയും ഇടതുമുന്നണിയുടെ ജനപിന്തുണ വർധിക്കുകയും ചെയ്തു. 2004ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫിന് കനത്ത തോൽവിയുണ്ടായതോടെ എ.കെ.ആന്റണിയെ മാറ്റി ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായി. എന്നാലതൊന്നും ജനവികാരത്തെ അനുകൂലമാക്കാൻ സഹായിച്ചില്ല. 2006 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ വൻവിജയം നേടി ഇടതുമുന്നണി അധികാരത്തിലെത്തുകയും വി.എസ്. മുഖ്യമന്ത്രിയാവുകയും ചെയ്തു. ഡോ. തോമസ് ഐസക്ക് എന്ന ധനകാര്യമന്ത്രിയുടെ കീഴിൽ സംസ്ഥാനം ക്രമേണ സാമ്പത്തിക പ്രതിസന്ധികളെ അതിജീവിക്കാൻ തുടങ്ങി.

സർക്കാരിനെതിരെ പൊതുവെ ഭരണവിരുദ്ധ വികാരമില്ലാതിരുന്ന കാലയളവാണ് 2011വരെ നിലനിന്നിരുന്നത്. ഇടതുമുന്നണിക്ക് ഭരണത്തുടർച്ച ലഭിക്കാമായിരുന്ന മറ്റൊരുഘട്ടം കൂടിയായിരുന്നു അത്. അവസാനവർഷങ്ങളിൽ കേരളകോൺഗ്രസ് ജോസഫ് വിഭാഗം പ്രത്യേക കാരണങ്ങളൊന്നുമില്ലാതെ മുന്നണിവിട്ടുപോയതും വീരേന്ദ്രകുമാറിന്റെ നേതൃത്വത്തിൽ ജനതാദൾ വിഭാഗം സി.പി.എമ്മുമായി തെറ്റിപ്പിരിഞ്ഞതുമാണ് 2011 ൽ വളരെ നേരിയ ഭൂരിപക്ഷത്തിൽ യുഡിഎഫിനെഅധികാരത്തിലെത്തിച്ചതെന്ന് കാണാം. എന്നിട്ടും ഏറ്റവും വലിയ ഒറ്റക്കക്ഷി സി പി എം ആയിരുന്നു. എട്ട് ജില്ലകളിൽ മുന്നിലെത്തിയതും ഇടത് മുന്നണിയാണെന്നതാണ് വസ്തുത. തുടർന്ന് യു.ഡി.എഫ്. ഭരണകാലത്ത് ഉയർന്നുവന്ന ആരോപണങ്ങളും വിവാദങ്ങളും സർക്കാരിനെതിരെ ജനവികാരം വളർത്തുകയുണ്ടായി. സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും സ്റ്റാറ്റ്യൂട്ടറിപെൻഷൻ നിർത്തലാക്കിയത് ഈ കാലഘട്ടത്തിലാണ്. ഇനിയാർക്കും പുനഃസ്ഥാപിക്കാനാവില്ലെന്ന പ്രഖ്യാപനത്തോടെ അഭിമാന പദ്ധതിയായാണ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അത് നടപ്പിലാക്കിയത്. ജീവനക്കാരന്റെ ശമ്പളവിഹിതമായി പിടിക്കുന്ന തുകയും അതിന് തുല്യമായി സർക്കാരടയ്ക്കുന്ന തുകയും കോർപ്പറേറ്റുകളുടെ കയ്യിലെത്തുകയും ഓഹരി കമ്പോളത്തിലെ ഏറ്റക്കുറച്ചിലിനനുസരിച്ച് പെൻഷൻ ലഭിക്കുന്നതുമായ പദ്ധതി വലിയ നേട്ടമാകുമെന്നായിരുന്നു വിശ്വസിപ്പിക്കാൻ ശ്രമിച്ചത്. എന്നാലത് ജീവനക്കാരെ പറ്റിക്കുന്ന പദ്ധതിയായി മാറി. സോളാർ അഴിമതിയും അനുബന്ധ ചൂഷണങ്ങളും സർക്കാരിനെതിരെ പ്രതിഷേധാഗ്നിജ്വലിപ്പിച്ചു. എന്നാൽ ജനസമ്പർക്ക പരിപാടിയെന്ന ചെപ്പടിവിദ്യയിലൂടെ അതിനെയെല്ലാം അതിജീവിക്കാമെന്ന വിശ്വാസമാണ് ഉമ്മൻചാണ്ടിക്കും ഭരണമുന്നണിക്കുമുണ്ടായിരുന്നത്. 2015ലെ തദ്ദേശതെരഞ്ഞെടുപ്പിൽ ഇടതുമുന്നണിക്ക് മേൽക്കൈ കിട്ടിയിട്ടും സംസ്ഥാനഭരണം നിലനിർത്താൻ കഴിയുമെന്ന് അവർ കരുതി. ജില്ലാ പഞ്ചായത്തുകളിലെ വിജയമാണ് സംസ്ഥാനത്തെ യഥാർത്ഥ രാഷ്ട്രീയം പ്രതിഫലിപ്പിക്കുന്നതെന്ന വിശ്വാസവും അതിന് കാരണമായി. അന്ന് ഏഴ് ജില്ലകൾ വീതം ഇരുമുന്നണികളും പങ്കുവെക്കുകയായിരുന്നു. 2016ലെ നിയമസഭാ തെരഞ്ഞെടുപ്പ് സർവെകളിൽ ഇടത്മുന്നണിക്ക് വിജയം പ്രവചിച്ചപ്പോഴും വോട്ടെണ്ണൽ ദിനം വരെ തങ്ങൾ വിജയിക്കുമെന്ന ഉറച്ച ആത്മവിശ്വാസം ഉമ്മൻചാണ്ടി വെച്ച്പുലർത്തിയിരുന്നു. എന്നാൽ 91 സീറ്റുകൾ നേടി ഇടതുമുന്നണി അധികാരത്തിലെത്തുകയും പിണറായിവിജയൻ മുഖ്യമന്ത്രിയാവുകയും ചെയ്തു.



അഞ്ചുവർഷത്തെ ഭരണമികവ് 2016 മുതൽ 2021 വരെയുള്ള ഇടതുമുന്നണിയുടെ ഭരണകാലയളവിൽ സമാനതകളില്ലാത്ത ചരിത്രസംഭവങ്ങൾക്ക് കേരളം സാക്ഷ്യംവഹിച്ചുവെന്നതാണ് പ്രത്യേകം പറയേണ്ടത്. കേരളത്തിന്റെ രാഷ്ട്രീയ മണ്ഡലത്തിൽ പുതിയ പ്രവണതകൾക്ക് വഴിയൊരുക്കിയ കാലഘട്ടം കൂടിയാണത്. പ്രകടനപത്രികയിൽ വാഗ്ദാനം ചെയ്തിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുമെന്നും അതിന്റെ പ്രോഗ്രസ്റിപ്പോർട്ട് ഓരോ വർഷവും ജനങ്ങൾക്ക് മുന്നില വതരിപ്പിക്കുമെന്നും പ്രഖ്യാപിച്ചത് പുതുമയായി. പ്രകടന പത്രികയെന്നത് ആരെങ്കിലും ഗൗരവമായി പരിഗണിക്കുമോയെന്ന തമാശനിറഞ്ഞ ചോദ്യങ്ങൾ കേന്ദ്രഭരണകൂടത്തിന്റെ വക്താക്കൾ കേരളത്തിലുന്നയിച്ച കാലത്താണ് ഇങ്ങനെയൊരു മാറ്റം കേരളബദലായി വന്നത്. അതോടൊപ്പം ഭരണ പ്രതിപക്ഷഭേദമെന്യേ യുള്ള സർവീസ് സംഘടനകളോട് ജനങ്ങളുടെ ജീവിത പ്രശ്നങ്ങളിൽ വേഗത്തിലുള്ള ഇടപെടലുകളും ഫയൽതീർപ്പാക്കുന്നതിലെ കൃത്യനിഷ്ഠയും ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത തുടക്കത്തിൽ തന്നെ മുഖ്യമന്ത്രി ശക്തമായി ഉന്നയിക്കുകയുണ്ടായി. തുടക്കത്തിൽ പ്രഖ്യാപിക്കപ്പെട്ട





മിഷനുകൾ ജനജീവിതത്തോട് ചേർന്ന് നിൽക്കുന്നവയായിരുന്നു. അതിലേറ്റവും ശ്രദ്ധിക്കപ്പെട്ടത് വീടില്ലാത്തവർക്ക് വീട് ഉറപ്പുവരുത്തുന്ന ലൈഫ്മിഷനാണ്. ആരോഗ്യരംഗത്തെ ആർദ്രംപദ്ധതി, മാലിന്യ പരിസ്ഥിതി പ്രശ്നങ്ങളിലൂന്നിയ ശുചിത്വമിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നിവയെല്ലാം ജനശ്രദ്ധയാകർഷിച്ചു.

പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തിയതും സാമൂഹ്യസുരക്ഷാ പെൻഷനുകൾ നൽകുന്നതിൽ മുൻ സർക്കാർ കുടിശ്ശിക വരുത്തിയതുൾപ്പെടെ കൃത്യമായി കൊടുക്കാൻ തുടങ്ങിയതും വർഷാവർഷം അതിൽ വർധനവ് അനുവദിച്ചതും എടുത്തുപറയേണ്ടതാണ്. ചില അവശ്യവസ്തുക്കൾക്ക് സപ്ലൈകോ മാർക്കറ്റിൽ അഞ്ചുവർഷത്തേക്ക് വില വർധനയുണ്ടാവില്ലെന്ന പ്രഖ്യാപനം പൊതുമാർക്കറ്റിൽ അമിതമായ വിലക്കയറ്റത്തെ നിയന്ത്രിക്കുന്ന സംവിധാനമായി പ്രവർത്തിക്കുകയും ചെയ്തു. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഒരു ഭരണസംവിധാനം എല്ലാവിഭാഗം ജനങ്ങളുടെയും ജീവിതത്തെ നേരിട്ട് സ്പർശിക്കുന്ന അനുഭവമാണ് അതോടെയുണ്ടായത്. ബഡ്ജറ്റ് വിഹിതങ്ങളിലൊതുങ്ങി മുന്നോട്ടുപോയാൽ സംസ്ഥാനത്തിന്റെ വികസനസ്വപ്നങ്ങൾ സാക്ഷാത്കരിക്കാനാവില്ലെന്ന യാഥാർത്ഥ്യത്തിന് മുന്നിലാണ് കിഫ്ബി(കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട്ബോർഡ്)യിലൂടെ വായ്പയെടുക്കാനുള്ള നയം സർക്കാർ സ്വീകരിച്ചതും തിരിച്ചടവ് ഉറപ്പുവരുത്തുന്ന തരത്തിൽ വിദേശത്ത്നിന്ന് ബോണ്ടുകളിലൂടെ വായ്പ സ്വീകരിക്കുന്നതിന് റിസർവ്ബാങ്കിന്റെ അനുമതി നേടിയെടുത്തതും. ഇതിന്റെ ഫലങ്ങൾ കേരളം കണ്ടുകഴിഞ്ഞു. റോഡുകൾ, പാലങ്ങൾ, സർക്കാർ കെട്ടിടങ്ങൾ, സ്കൂൾ മന്ദിരങ്ങൾ തുടങ്ങിയവ അതിശയിപ്പിക്കുന്ന രീതിയിൽ വികസനത്തിന്റെ അടയാളങ്ങളായി ജനത്തിനു മുന്നിൽ തെളിഞ്ഞത് അങ്ങനെയാണ്. സുസ്ഥിരവികസനം, പോതുജനാരോഗ്യം, പൊതുവിതരണം, സ്കൂൾ വിദ്യാഭ്യാസം, അഴിമതി നിർമാർജ്ജനം തുടങ്ങിയ കാര്യങ്ങളിൽ ഇന്ത്യയിലെ ഒന്നാംനമ്പർ സംസ്ഥാനമായി നീതിആയോഗ് ഉൾപ്പെടെയുള്ള കേന്ദ്രസർക്കാർ സംവിധാനങ്ങൾ സ്ഥിരമായി കേരളത്തെ തെരഞ്ഞെടുക്കുന്നതാണ് പിന്നീട് കണ്ടത്.

**ബഡ്ജറ്റ് വിഹിതങ്ങളിലൊതുങ്ങി മുന്നോട്ടു പോയാൽ സംസ്ഥാനത്തിന്റെ വികസനസ്വപ്നങ്ങൾ സാക്ഷാത്കരിക്കാനാവില്ലെന്ന യാഥാർത്ഥ്യത്തിന് മുന്നിലാണ് കിഫ്ബി(കേരളഇൻഫ്രാസ്ട്രക്ചർ ഫണ്ട്ബോർഡ്)യിലൂടെ വായ്പയെടുക്കാനുള്ള നയം സർക്കാർ സ്വീകരിച്ചതും തിരിച്ചടവ് ഉറപ്പുവരുത്തുന്ന തരത്തിൽ വിദേശത്ത്നിന്ന് ബോണ്ടുകളിലൂടെ വായ്പ സ്വീകരിക്കുന്നതിന് റിസർവ്ബാങ്കിന്റെ അനുമതി നേടിയെടുത്തതും. ഇതിന്റെഫലങ്ങൾ കേരളംകണ്ടുകഴിഞ്ഞു. റോഡുകൾ, പാലങ്ങൾ, സർക്കാർ കെട്ടിടങ്ങൾ, സ്കൂൾ മന്ദിരങ്ങൾ തുടങ്ങിയവ അതിശയിപ്പിക്കുന്ന രീതിയിൽ വികസനത്തിന്റെ അടയാളങ്ങളായി ജനത്തിനു മുന്നിൽ തെളിഞ്ഞത് അങ്ങനെയാണ്.**

## ചരിത്രപരമായ വെല്ലുവിളികൾ

മുകളിൽ സൂചിപ്പിച്ച ഭരണമികവുകൾ നേടിയെടുത്തത് അത്യന്തം പ്രശ്ന സങ്കീർണമായ അഞ്ച്‌വർഷക്കാലയളവിലായിരുന്നുവെന്നതാണ് ഏറ്റവും ശ്രദ്ധയർഹിക്കുന്നത്. കേരളസംസ്ഥാനം രൂപീകൃതമായ ശേഷം ഒരുസർക്കാരും അഭിമുഖീകരിച്ചിട്ടില്ലാത്ത പ്രതിസന്ധികളാണ് ഈ സർക്കാരിന് മുന്നിൽ ഒന്നിന് പിറകെ മറ്റൊന്നായി വന്നുകൊണ്ടിരുന്നത്. ഓഖി ചുഴലിക്കാറ്റാണ് അതിലാദ്യത്തേത്. കേന്ദ്ര കാലാവസ്ഥാവകുപ്പ് വിവരങ്ങൾ നൽകിയതിലെ അപാകതകളെ ഊതിപ്പെരുപ്പിച്ച് സംസ്ഥാന സർക്കാരിനെതിരെ തിരിക്കാനും ചില മതവിഭാഗങ്ങളെ എതിരാക്കിമാറ്റാനും ശ്രമിച്ചുകൊണ്ടാണ് കേരളത്തിൽ പ്രതിപക്ഷം സർക്കാരിനെതിരെ പ്രതിലോമരാഷ്ട്രീയം കളിക്കാനിറങ്ങിയതെന്ന് കാണാം. ഓഖി ദുരന്തത്തെ അതിജീവിക്കാനും ദുരിതബാധിതർക്ക് പുനരധിവാസം ഉറപ്പാക്കാനും സർക്കാരിന് കഴിഞ്ഞത് ആരോപണങ്ങളിൽ കഴമ്പില്ലാതാക്കി. തുടർന്നാണ് ലോകത്തെമ്പാടും ആരോഗ്യഅലർട്ടിന് കാരണമായ നിപ്പ വൈറസ് കോഴിക്കോട് ജില്ലയിൽ കണ്ടെത്തിയത്. ഈ വൈറസ് ബാധിച്ചാൽ ജീവൻ രക്ഷിക്കുകയെന്നത് ഏറ്റവും ദുഷ്കരമെന്നതായിരുന്നു ഭീതിയുടെ കാരണം. വൈറസ്ബാധ ഏറ്റവും കുറച്ച് ആളുകളിലേക്ക് പകരുന്നതരത്തിലും മരണനിരക്ക് കുറച്ചും ഒരു പ്രദേശത്ത് മാത്രമായി ഒതുക്കിനിർത്താൻ കഴിഞ്ഞത് ലോകത്തെതന്നെ ആദ്യസംഭവമായിരുന്നു. അത്രമേൽ ശക്തമായ ആരോഗ്യ സംവിധാനവും കണ്ടെയിൻമെന്റ് സ്ട്രാറ്റജിയും കേരളത്തിനുണ്ടായിരുന്നുവെന്നത് ലോകം ശ്രദ്ധിക്കുകയുണ്ടായി. ഇതിന് നേതൃത്വം കൊടുത്ത ആരോഗ്യമന്ത്രി കെ.കെ. ശൈലജയെ നിപ്പാരാജകുമാരിയെന്ന് പിന്നീട് പ്രതിപക്ഷകക്ഷിയുടെ നേതാവ് ആക്ഷേപിക്കുന്നതും നാം കണ്ടു.



നൂറ്റാണ്ടിലെ പ്രളയമെന്നും മലയാള വർഷക്കണക്കിൽ 99ലെ പ്രളയമെന്നും പഴമക്കാർ വിശേഷിപ്പിച്ചിരുന്ന 1924 ലെ പ്രളയമുണ്ടായപ്പോൾ കേരളം പ്രധാനമായും തിരുവിതാംകൂർ, കൊച്ചി, മലബാർ മേഖലകളിലായി മൂന്ന് ഭരണസംവിധാനത്തിന്റെ ഭാഗമായിരുന്നു. മൂന്ന് വ്യത്യസ്ത ഭരണകൂടങ്ങളാണ് പ്രളയത്തിന്റെ സാഹചര്യങ്ങളെ അതിജീവിക്കാൻ അന്ന് പരിശ്രമിച്ചത്. എന്നാൽ അതിന് സമാനമായൊരു പ്രളയം ഏകദേശം ഒരു നൂറ്റാണ്ടായപ്പോൾ 2018ൽ കേരളം അഭിമുഖീകരിച്ചു. ഇത്തരമൊരു സാഹചര്യത്തെ അഭിമുഖീകരിക്കുന്നതിന് ഇപ്പോഴത്തെ തലമുറയ്ക്ക് മുൻ അനുഭവങ്ങൾ ഉണ്ടായിരുന്നില്ല. വാർറൂമുകൾ തുറന്നുകൊണ്ട് എല്ലാറ്റിനേയും സമന്വയിപ്പിക്കുന്ന നേതൃത്വത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അടിപതറാതെ ഉറച്ചുനിന്നു. സ്വന്തം ചികിത്സപോലും മാറ്റിവച്ചുകൊണ്ടാണ് അദ്ദേഹം കേരളത്തിന്റെ വീണ്ടെടുപ്പിന് നേതൃത്വം നൽകിയത്. വൈകുന്നേരങ്ങളിൽ ദിനംപ്രതി പ്രസ്മീറ്റുകളിലൂടെ ജനത്തിനുമുന്നിലെത്തി അദ്ദേഹം വസ്തുതകൾ നിരത്തി, ആത്മവിശ്വാസത്തിന്റെ പ്രതീകമായിമാറി. ഭയന്നുപോയ ഒരു ജനതതിയെയാണ് അദ്ദേഹം അഭിസംബോധന ചെയ്തുകൊണ്ടിരുന്നത്. ജനം അത്രമേൽ ഒരു മുഖ്യമന്ത്രിയുടെ വാക്കുകൾ കേൾക്കാൻ ശ്വാസമടക്കി ഓരോദിവസവും കാത്തിരുന്ന സാഹചര്യം അതിനുമുമ്പ് കേരളം കണ്ടിരുന്നില്ല. സകല ഇലക്ട്രോണിക് മാധ്യമങ്ങളുടെയും റേറ്റിംഗ് കുതിച്ചുയർന്ന സമയം മുഖ്യമന്ത്രിയുടെ പത്രസമ്മേളന സമയമായിരുന്നു. ഇതിൽ രാഷ്ട്രീയമായ അപകടം മണത്ത പ്രതിപക്ഷം ഡാമുകൾ തുറന്നുവിട്ടതാണ് പ്രളയത്തിന് കാരണമെന്ന വാദവുമായി ഏറ്റവും പ്രതിസന്ധി ഘട്ടത്തിൽ സർക്കാരിനെയാക്രമിക്കാൻ രംഗത്തിറങ്ങി. മുഖ്യമന്ത്രിയോടൊപ്പം പ്രളയബാധിത സ്ഥലങ്ങൾ സന്ദർശിക്കാൻ പ്രതിപക്ഷ നേതാവും ഹെലിക്കോപ്റ്ററിൽ പോയിരുന്നതാണ്. അന്നൊന്നും മിണ്ടാതിരുന്നിട്ടാണ് പിന്നീട് രാഷ്ട്രീയാരോപണവുമായി രംഗത്തിറങ്ങിയത്.



1924ൽ ഇപ്പോൾ തമിഴ്നാടിന്റെ ഭാഗമായ കന്യാകുമാരിജില്ലയിലെ ഒരു ഡാം ഒഴികെ മറ്റൊരു ഡാമും കേരളത്തിന്റെ ഭാഗത്തുണ്ടായിരുന്നില്ല. അന്ന് പ്രളയം ബാധിച്ച പ്രദേശങ്ങളിലൊക്കെയും 2018 ലും പ്രളയബാധയുണ്ടായി. ഡാമുകളില്ലാത്ത പ്രദേശങ്ങളിലും പ്രളയമുണ്ടായി. ഡാമുകളല്ല, മൂന്ന് ദിവസങ്ങളിൽ ഉണ്ടായ അതിതീവ്രമഴയാണ് പ്രളയത്തിന് കാരണമെന്ന് കേന്ദ്രജലക്കമ്മീഷൻ പറഞ്ഞിട്ടും പ്രതിപക്ഷം സമരമാർഗമാണ് സ്വീകരിച്ചത്. പ്രതിലോമരാഷ്ട്രീയത്തിന്റെ അടുത്ത ഘട്ടമാണ് നാമപ്പോൾ കണ്ടത്. 2019 ലും പ്രളയസമാനസാഹചര്യം കേരളത്തിലുണ്ടായെങ്കിലും മുൻവർഷത്തെപ്പോലെ തീവ്രമായില്ല. എന്നാൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലും കാരണം മലപ്പുറം, വയനാട്, ഇടുക്കി ജില്ലകളിലുണ്ടായ ദുരന്തങ്ങൾ വിവരണാതീതമായി മാറി. രണ്ടുപ്രളയങ്ങൾ തകർത്തെറിഞ്ഞ റോഡുകൾ, പാലങ്ങൾ, വീടുകൾ എന്നിവ പുനർനിർമ്മിക്കുകയെന്ന ശ്രമകരമായ ദൗത്യവും സാമ്പത്തികബാധ്യതയും സർക്കാർ നേരിട്ട മറ്റൊരു വലിയ പ്രതിസന്ധിയായിരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് പണം നൽകാതിരിക്കാനുള്ള പ്രചാരണം പ്രതിപക്ഷംനടത്തി. കേരളത്തിന് അർഹമായ സാമ്പത്തികസഹായം നൽകാതെയും വിദേശസഹായം വാങ്ങുന്നത് തടഞ്ഞുകൊണ്ടും കേന്ദ്രഭരണകൂടം പരമാവധി ശ്വാസംമുട്ടിക്കാനും നോക്കി. കേരളത്തിലെ പ്രതിപക്ഷത്തിന് കേന്ദ്രഭരണത്തോട് അല്പംപോലും പ്രതിഷേധമുണ്ടാകാത്ത രാഷ്ട്രീയ സാഹചര്യങ്ങളിലൂടെയാണ് അഞ്ചുവർഷങ്ങൾ കടന്നുപോയതെന്നതാണ് രസകരമായ രാഷ്ട്രീയത്തിന്റെ മറ്റൊരു മുഖം.

> രണ്ടുപ്രളയങ്ങൾ തകർത്തെറിഞ്ഞ റോഡുകൾ, പാലങ്ങൾ, വീടുകൾ എന്നിവ പുനർ നിർമ്മിക്കുകയെന്ന ശ്രമകരമായ ദൗത്യവും സാമ്പത്തിക ബാധ്യതയും സർക്കാർ നേരിട്ട മറ്റൊരു വലിയപ്രതിസന്ധിയായിരുന്നു



കൊറോണവൈറസ് ലോകത്തെ വിറപ്പിച്ചുകൊണ്ട് കേരളത്തിലേക്കുമെത്തിയപ്പോഴാണ് ഒരു ഭരണ സംവിധാനത്തിന്റെ സ്പർശം ജനം നേരിട്ടനുഭവിച്ച ഒടുവിലത്തെ സാഹചര്യമുണ്ടാകുന്നത്. പൂർണമായി അടച്ചിടപ്പെട്ട് വീട്ടകങ്ങളിലേക്ക് ഒതുങ്ങേണ്ടിവന്ന കാലത്ത് ആരും പട്ടിണിയാകാതിരിക്കാൻ സ്വീകരിച്ച നടപടികൾ, തെരുവുകളിലഭയം തേടിയിരുന്നവരെപ്പോലും തേടിയെത്തിയ സാന്ത്വനവും ഭക്ഷണവും, തെരുവ്നായകൾക്കും അമ്പലക്കുരങ്ങുകൾക്കുംവരെ വിശക്കുമെന്ന ബോധത്തിലൂന്നിയ ഇടപെടലുകൾ എന്നിവയെല്ലാം അതിന്റെ ഭാഗമാണ്. ഈ ഘട്ടത്തിലും പ്രതിപക്ഷം പ്രതിലോമ രാഷ്ട്രീയത്തിന്റെ ഭാഗത്തായിരുന്നു. നിയന്ത്രണങ്ങളെ ലംഘിക്കാൻ പരസ്യമായി ആഹ്വാനം ചെയ്യുക, പ്രോട്ടോക്കോൾ ലംഘിച്ച് സമരം ചെയ്യുക തുടങ്ങിയ കലാപരിപാടികളുമായി അവർ മുന്നോട്ടുപോയി. 2018ലെ പ്രളയത്തിന് പിന്നാലെ ശബരിമല സ്ത്രീപ്രവേശനവുമായി ബന്ധപ്പെട്ട് വന്ന സുപ്രീംകോടതിയുത്തരവിനെ ആദ്യം സ്വാഗതം ചെയ്ത കേരളത്തിലെ പ്രതിപക്ഷവും കേന്ദ്രഭരണകക്ഷിയും പിന്നീട് കേരളസർക്കാരിനെതിരെ വിശ്വാസികളുടെ പേരിൽ കലാപസമാനമായ സമരമഴിച്ചുവിടാനുള്ള സുവർണാവസരമായി ഉപയോഗിച്ചതും ഇതിനോടൊപ്പം ചേർത്ത് വായിക്കാവുന്നതാണ്. സമാനതകളില്ലാത്ത പ്രളയത്തെ കൈകാര്യം ചെയ്യുന്നതിൽ മികവ് പുലർത്തിയെന്നതിനാൽ സർക്കാരിന് ലഭിച്ച പൊതുജനാംഗീകാരത്തെ തകർക്കാനായി പ്രതിലോമരാഷ്ട്രീയം കളിക്കാനുള്ള അവസരമായി ശബരിമല വിഷയത്തെ വളർത്തിയെടുക്കുകയായിരുന്നു. കേരളസമൂഹത്തിൽ സാധാരണയുള്ള വലതുപക്ഷക്കാരോടൊപ്പം രാഷ്ട്രീയമായി ഇടതുപക്ഷത്തോടൊപ്പമുള്ള വിശ്വാസികളെ സ്വാധീനിക്കാൻ നടത്തിയ വലിയശ്രമത്തെ അതിജീവിക്കേണ്ടിവന്നതും വലിയൊരു പ്രതിസന്ധിയായിരുന്നു. 2019ലെ ലോക്സഭാ തെരഞ്ഞെടുപ്പ് ഫലം ശബരിമല വിഷയത്തിലുള്ള തിരിച്ചടിയാണെന്ന പ്രചാരണം വ്യാപകമായി നടത്തിയെങ്കിലും അതിലത്ര പ്രസക്തി യുണ്ടായിരുന്നില്ലെന്നതാണ് വസ്തുത. കേന്ദ്രത്തിൽ ബിജെപിഭരണം മാറണമെന്ന ആഗ്രഹത്തിന്റെ പേരിൽ തൊട്ടടുത്ത് സാധ്യത കല്പിക്കുന്ന കക്ഷിക്ക് ജനം വോട്ട് ചെയ്തതാണ് പ്രധാനകാരണം. തെറ്റിദ്ധരിപ്പിക്കപ്പെട്ട വളരെ ചെറിയൊരു വിഭാഗം വിശ്വാസികളും അതിന്റെ ഭാഗമായിട്ടുണ്ടാവാം. എന്നാൽ തൊട്ടുപിന്നാലെ നടന്ന നിയമസഭാ ഉപതെരഞ്ഞെടുപ്പുകളിൽ ഇടതുപക്ഷം മേൽകൈ നേടിയതോടെ ശബരിമല വിഷയത്തിന് ജനം അത്ര വലിയ പ്രാധാന്യം നൽകുന്നില്ലെന്ന് വ്യക്തമായിരുന്നു.

കേരളത്തിലെ വിമാനത്താവളങ്ങളിലൂടെ സ്ഥിരമായി നടന്നിരുന്ന സ്വർണക്കടത്തിന്റെ ഒരു ഘട്ടത്തിൽ തിരുവനന്തപുരം വിമാനത്താവളത്തിൽ വെച്ച് യു.എ.ഇ. നയതന്ത്ര ബാഗേജിലൂടെ വന്ന സ്വർണം പിടിക്കാനിടയായത് വൻ രാഷ്ട്രീയ കോളിളക്കത്തിനാണ് കാരണമായത്. ഒരു സ്ത്രീയുടെ പങ്കും സ്വാധീനവും അതിൽ വ്യക്തമായതോടെ സോളാർ കേസിന് സമാനമാണെന്ന മട്ടിൽ മാധ്യമങ്ങൾ ആഘോഷപൂർവം സർക്കാരിനെതിരെ പ്രചണ്ഡമായ പ്രചാരണങ്ങൾക്കും വിചാരണക്കും അതിനെ ഉപയോഗിച്ചു. സർക്കാരിനോ, അതിലെ രാഷ്ട്രീയ നേതൃത്വത്തിനോ ഒരുബന്ധവും ഇല്ലാതിരുന്നിട്ടും പുകമറ സൃഷ്ടിച്ച് ആക്രമണം തുടർന്നു. കേന്ദ്ര ഏജൻസിയുടെ അന്വേഷണം കേരളമുഖ്യമന്ത്രി ആവശ്യപ്പെടുകയും ചെയ്തു. ആവശ്യപ്പെട്ടില്ലെങ്കിലും വരുമായിരുന്ന ഏജൻസികൾ ഒന്നൊന്നായി വന്ന് കേരള സർക്കാരിനെതിരെ സെൻസേഷണൽ വാർത്തകൾ സൃഷ്ടിക്കുകയായിരുന്നു ചെയ്തത്. സർക്കാരിനെതിരെ കാണിക്കാൻ തെളിവു കളൊന്നുമില്ലാതെയാണ് കേന്ദ്ര ഏജൻസികൾ വിവാദ പരാമർശങ്ങൾ നടത്തിയിരുന്നത്. എങ്ങനെയെങ്കിലും മുഖ്യമന്ത്രിയിലേക്ക് അന്വേഷണമെത്തിക്കാൻ ഏജൻസികൾ നടത്തിയ കുത്സിതനീക്കങ്ങൾ ഇപ്പോൾ വളരെ വ്യക്തമാവുകയും ചെയ്തിരിക്കുന്നു.



**തുടരാനും തടയാനും**

മുകളിൽ പറഞ്ഞ രാഷ്ട്രീയ സാഹചര്യങ്ങളിലൂടെ കടന്നുപോകുന്നതിനിടയിൽ രണ്ട് കാര്യങ്ങൾ സംഭവിക്കുകയുണ്ടായി. വീരേന്ദ്രകുമാർ നേതൃത്വം നൽകിയിരുന്ന പഴയ ജനതാദളിന്റെ പുതിയ രൂപമായ എൽ.ജെ.പി. വലതുമുന്നണിയിൽനിന്ന് വിട്ട് എൽ.ഡി. എഫിൽ ചേർന്നതാണ് ഒന്ന്. കെ.എം.മാണിയുടെ മരണശേഷം കേരളകോൺഗ്രസ് രാഷ്ട്രീയത്തിൽ വന്ന മാറ്റങ്ങൾ മാണിയുടെ മകനായ ജോസ്. കെ. മാണിയേക്കാൾ സ്വീകാര്യത യു.ഡി.എഫിനകത്ത് പി.ജെ. ജോസഫിന് ലഭിക്കുന്ന സാഹചര്യമുണ്ടാക്കി. തുടർന്ന് പാർട്ടിക്കുള്ളിലെ തർക്കങ്ങളിൽ ജോസ്. കെ. മാണിക്കെതിരെ യു.ഡി.എഫ്. നടപടിയെടുത്ത തോടെ അദ്ദേഹവും കൂട്ടരും ഇടതുമുന്നണിയിലെത്തിയതാണ് രണ്ടാമത്തെ കാര്യം. കേരളത്തിൽ ഇടതുപക്ഷമുന്നണിയുടെ ഭരണത്തുടർച്ച ഉറപ്പുവരുത്താനുള്ള സാധ്യതകൾ ഇതിലൂടെയെല്ലാം വർധിക്കുകയായിരുന്നു.

സ്വർണക്കടത്തുമായി ബന്ധപ്പെട്ട ആരോപണങ്ങൾ പ്രചണ്ഡപ്രചാരണ വിഷയമാക്കിക്കൊണ്ടാണ് ഇടതുപക്ഷത്തിനെതിരെ ബി.ജെ.പിയും യു.ഡി.എഫും തദ്ദേശതെരഞ്ഞെടുപ്പ് പോരാട്ടത്തിനിറങ്ങിയത്. ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധികളിൽ സംസ്ഥാനത്തെ നയിച്ച മുന്നണിയുടെ ക്രഡിബിലിറ്റിയെ സ്വർണക്കടത്തെന്ന തെളിവില്ലാത്ത ആരോപണശരങ്ങളിൽ മുക്കിക്കളയാമെന്നതായിരുന്നു ഇരുകൂട്ടരുടെയും വ്യാമോഹം. തിരുവനന്തപുരം കോർപറേഷൻ പിടിച്ചെടുക്കുമെന്നും ധാരാളം പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും നേടുമെന്നുമുള്ള പ്രഖ്യാപനത്തോടെ ബി.ജെ.പിയും കളംനിറഞ്ഞു. ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഓർമ്മയിൽ ജീവിതാനുഭവങ്ങൾ മറന്ന് ജനം വ്യാജപ്രചാരണത്തിൽ വീഴുമോയെന്ന ആശങ്ക പലർക്കുമുണ്ടായിരുന്നു. തെരഞ്ഞെടുപ്പ് ഫലം വന്നതോടെ അതെല്ലാം മാറി. 2015ൽ പ്രതിപക്ഷത്തിരുന്ന് നേടിയതിനേക്കാൾ വിജയം 2020ൽ ഭരണത്തിലിരുന്ന് നേടുമെന്ന മുഖ്യമന്ത്രിയുടെ വാക്കുകളാണ് യാഥാർത്ഥ്യമായത്. പതിനൊന്ന് ജില്ലാപഞ്ചായത്തുകൾ പിടിച്ചെടുത്തത് നിയമസഭാ തെരഞ്ഞെടുപ്പിന്റെ ദിശാസൂചിയായിരുന്നു.

കേരളത്തിൽ ഇടതുമുന്നണിക്ക് ഭരണത്തുടർച്ചയെന്ന ചരിത്രത്തിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നതെന്ന് വ്യക്തമായതോടെയാണ് വീണ്ടും പ്രതിപക്ഷം അവിശുദ്ധമായ കരുക്കൾ നീക്കുന്നതിലേക്ക് കടന്നത്. അതിന്റെ സൂചന പ്രത്യക്ഷമായി പറഞ്ഞത് കുഞ്ഞാലിക്കുട്ടിയാണ്. കേരളത്തിൽ ബി.ജെ.പിയല്ല മുഖ്യശത്രുവെന്ന് ഒരിക്കൽ പറഞ്ഞിരുന്ന അദ്ദേഹം തദ്ദേശതെരഞ്ഞെടുപ്പ് ഫലം വന്ന ഉടനെ പ്രതികരിച്ചത് ഇടതു മുന്നണിക്കെതിരെയുള്ള വോട്ടുകൾ ഒന്നിച്ചാൽ കേരളത്തിൽ ഭരണത്തുടർച്ചയുണ്ടാവില്ലെന്നാണ്. ഇന്ത്യയിലെ ഏറ്റവും മതനിരപേക്ഷമായ, കേന്ദ്രനയങ്ങൾക്കെതിരെ ഏറ്റവും ശക്തമായ പ്രതിരോധം തീർക്കുന്ന ഇടതുസർക്കാരിനെതിരെ ജീവന്മരണ പോരാട്ടമെന്ന സന്ദേശം പ്രതിപക്ഷമുയർത്തിക്കൊണ്ടുവന്നു. ബി.ജെ.പിക്കും അതായിരുന്നു ആവശ്യം. തെരഞ്ഞെടുപ്പ്ഫലം വന്നശേഷം മുഖ്യമന്ത്രി പറഞ്ഞതുപോലെ ഒരുവശത്ത് ഇസ്ലാമിക തീവ്രവാദത്തിന്റെ വക്താക്കളെ സ്വാധീനിക്കാനും മറുവശത്ത് ഹിന്ദുത്വപ്രത്യയശാസ്ത്രക്കാരുടെ പിന്തുണ ഉറപ്പിക്കാനും ശ്രമംനടന്നു. ഇടത്മുന്നണിക്ക് വിജയമാർജിനായി മാറാവുന്ന സീറ്റുകൾ നഷ്ടപ്പെടുന്നവിധത്തിൽ വോട്ടുകൾ മറിക്കാൻ ശ്രമംനടന്നിരുന്നു. ഇങ്ങനെ നേരിയ ഭൂരിപക്ഷത്തിലെങ്കിലും അധികാരത്തിലെത്താൻ കഴിയുമെന്ന ആത്മവിശ്വാസം യു.ഡി.എഫിന് കൈവന്നു.

കോൺഗ്രസ് തകർന്നാൽ എല്ലാവരും ബി.ജെ.പിക്കാരാകുമെന്ന ബോധപൂർവമായ പ്രചാരണത്തിലൂടെ മുസ്ലിം വോട്ടുകളെ സ്വാധീനിക്കാൻ ശ്രമിച്ചു. കാസർകോട് നിന്ന് തുടങ്ങിയ ഐശ്വര്യകേരള യാത്രയിൽ ചെന്നിത്തല ഉയർത്തിയ പ്രധാന മുദ്രാവാക്യങ്ങളിലൊന്ന് ശബരിമലയെക്കുറിച്ചായിരുന്നു. കോന്നിയിൽ പ്രചാരണത്തിനെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോഡി ബിജെപിക്ക് വേണ്ടി ശരണംവിളിച്ച് വോട്ട്തേടിയതും യാദൃശ്ചികമായിരുന്നില്ല. ഭരണത്തുടർച്ച അപകടം ചെയ്യുമെന്ന അതിവിപ്ലവകാരികളുടെ സിദ്ധാന്തപ്രയോഗങ്ങളും രാഹുൽ, പ്രിയങ്ക എന്നിവരുടെ പ്രചാരണ കോലാഹലങ്ങളും കൂടിയായപ്പോൾ യു.ഡി.എഫ് ഭരണമുറപ്പിച്ച പോലെയായി മാറി.





തെരഞ്ഞെടുപ്പ് കഴിഞ്ഞിട്ട് വോട്ടെണ്ണുന്നതിനിടയിൽ മന്ത്രിസഭാ രൂപീകരണ ചർച്ചകളിലേക്ക് വരെ അവർ കടന്നിരുന്നുവെന്ന യാഥാർത്ഥ്യവുമുണ്ട്. ഫലം വന്നപ്പോൾ അനുഭവങ്ങളിൽ നിന്ന് പാഠമുൾക്കൊണ്ടിരുന്ന ജനത്തിന്റെ വിധിയെഴുത്തിൽ പ്രതിപക്ഷത്തിനെതിരായ പ്രതിഷേധത്തിന്റെ കൊടുങ്കാറ്റുണ്ടായിരുന്നുവെന്ന് ഏവർക്കും ബോധ്യമായി. തെരഞ്ഞെടുപ്പ് ഫലം അട്ടിമറിക്കാനാവുമെന്ന് കരുതിയിരുന്ന അന്തർധാരയുടെ ശക്തിയെക്കാൾ സർക്കാരനുകൂല ജനവികാരം പ്രകടമായിരുന്നതിനാലാണ് തന്ത്രങ്ങൾ പാളിപ്പോയതെന്നതാണ് സത്യം. തൃപ്പൂണിത്തുറപോലുള്ള ചില മണ്ഡലങ്ങളിൽ അവരുടെ തന്ത്രം വിജയിക്കുകയും ചെയ്തിട്ടുണ്ട്. അല്ലായിരുന്നെങ്കിൽ ഭരണപക്ഷത്തിന് കുറച്ചുസീറ്റുകൾ കൂടികിട്ടുമായിരുന്നു. കഴിഞ്ഞതവണത്തേക്കാൾ സീറ്റുകൾ നേടി എൽ.ഡി.എഫ്. അധികാരത്തിലെത്തുമെന്ന മുഖ്യമന്ത്രിയുടെ പ്രവചനംതന്നെയാണ് യാഥാർത്ഥ്യമായത്. അസാധാരണമായ പ്രതിസന്ധികൾക്കിടയിൽ ജനപക്ഷത്ത് നിന്ന് പ്രവർത്തിച്ച് നേട്ടങ്ങൾ കൈവരിച്ച സർക്കാരിനെ കക്ഷിരാഷ്ട്രീയത്തിനതീതമായി ജനം പിന്തുണച്ചുവെന്നതാണ് യഥാർത്ഥ്യം.

വിമോചനസമരത്തിന്റെ ഊർജമാവാഹിച്ച് വളർന്ന വലതുപക്ഷ നേതൃതലമുറയുടെ സ്വാധീനം പൂർണമായും നഷ്ടപ്പെടുന്നത് ഈ തെരഞ്ഞെടുപ്പിൽ കാണാൻ കഴിഞ്ഞു. തുടർഭരണം സ്വപ്നംകാണുന്നവരെയൊക്കെ ഞെട്ടിക്കുന്ന തെരഞ്ഞെടുപ്പ് ഫലം വരുമെന്ന് കേരളത്തിന്റെ രാഷ്ട്രീയ നാഡിമിടിപ്പ് വ്യക്തമായി അറിയാമെന്ന ഭാവത്തിൽ എ.കെ.ആന്റണി ആത്മവിശ്വാസത്തോടെ പ്രഖ്യാപിച്ചത് തെരഞ്ഞെടുപ്പ് കഴിഞ്ഞതിന് ശേഷമായിരുന്നു. ഫലംവന്നതിന് ശേഷം അദ്ദേഹത്തിന്റെ പ്രതികരണം കാണാനായിട്ടില്ല. ഇതിനോടൊപ്പം രസകരമായി ചേർത്ത് വായിക്കാവുന്ന ഒരു കാര്യം കൂടിയുണ്ട്. വിമോചനസമരത്തിന് ശേഷം ആദ്യമായി ഒരു കക്ഷിക്ക് കേവല ഭൂരിപക്ഷം നേടാനാവുന്ന സാഹചര്യം ഈ തെരഞ്ഞെടുപ്പിലുണ്ടായിരുന്നുവെന്നതാണത്. മുന്നണി സംവിധാനം ശക്തിപ്പെടുത്തുന്നതിന് വേണ്ടി ഇടതുപക്ഷത്തെ പ്രധാന കക്ഷി വിട്ടുകൊടുത്തത് നാല് സിറ്റിംഗ് സീറ്റുകളായിരുന്നു. റാന്നി, ചാലക്കുടി, കൽപ്പറ്റ, കൂത്തുപറമ്പ് എന്നിവയാണവ. ഇതിൽ രണ്ട് സീറ്റുകൾ ഭരണ മുന്നണിക്ക് നഷ്ടപ്പെട്ടു. 2016ലെ പോലെ മത്സരം നടന്നിരുന്നുവെങ്കിൽ ഈ നാല് സീറ്റുകൾക്കൊപ്പം പൂഞ്ഞാറും സി.പി.എമ്മിന് കിട്ടിയേനെ. അതായത് സി.പി.എം. ഒറ്റക്ക് നേടുന്ന സീറ്റുകൾ 72 ആകുമായിരുന്നെന്ന് ചുരുക്കം.

> ലോക്സഭാതെരഞ്ഞെടുപ്പിന്റെ ഓർമ്മയിൽ ജീവിതാനുഭവങ്ങൾ മറന്ന് ജനം വ്യാജപ്രചാരണത്തിൽ വീഴുമോയെന്ന ആശങ്ക പലർക്കുമുണ്ടായിരുന്നു. തെരഞ്ഞെടുപ്പ് ഫലം വന്നതോടെ അതെല്ലാം മാറി. 2015ൽ പ്രതിപക്ഷത്തിരുന്ന് നേടിയതിനേക്കാൾ വിജയം 2020ൽ ഭരണത്തിലിരുന്ന് നേടുമെന്ന മുഖ്യമന്ത്രിയുടെ വാക്കുകളാണ് യാഥാർത്ഥ്യമായത്. പതിനൊന്ന് ജില്ലാപഞ്ചായത്തുകൾ പിടിച്ചെടുത്തത് നിയമസഭാതെരഞ്ഞെടുപ്പിന്റെ

**ഓർമ്മിക്കേണ്ട പാഠങ്ങൾ**

ഗുരുതരമായ പ്രതിസന്ധികൾ നേരിടുമ്പോൾ ജനത്തിനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ വേണ്ടത് പുരോഗമനപരമായ കാഴ്ചപ്പാടാണ്. സോഷ്യലിസ്റ്റ് ആശയങ്ങളാണ് അതിന് ഏറ്റവും യോജിക്കുക. കോർപ്പറേറ്റ് നയങ്ങൾ പിന്തുടർന്നുകൊണ്ട് ഒരിക്കലും വിശക്കുന്നവരുടെ ചിന്തകളെ ഉൾക്കൊള്ളാനും അവർക്കുവേണ്ടി പദ്ധതികൾ ആസൂത്രണം ചെയ്യാനും കഴിയില്ല. പൊതുസംവിധാനങ്ങളുടെ വളർച്ചയും നിലനിൽപ്പും വളരെ പ്രധാനപ്പെട്ടതാണ്. കേരളം നിപ്പയെ പ്രതിരോധിച്ചതും കൊറോണയെ പ്രതിരോധിക്കുന്നതും പൊതുജനാരോഗ്യമേഖലയുടെ കരുത്തിലാണ്. അതിനാൽ ഭരിക്കുന്നവരുടെ രാഷ്ട്രീയവും നയപരിപാടികളും സാധാരണക്കാർക്ക് എത്രത്തോളം അനുഭവവേദ്യമാകുന്നുണ്ടെന്ന് തിരിച്ചറിയാൻ കഴിഞ്ഞ അഞ്ച് വർഷത്തെ പ്രതിസന്ധികളും അതിജീവനനടപടികളും കാരണമായിട്ടുണ്ട്.





കേന്ദ്രസർക്കാർ വിൽക്കാനൊരുങ്ങുന്ന കേരളത്തിനുള്ളിലെ അവരുടെ പൊതുമേഖലാസ്ഥാപനങ്ങളെ ഏറ്റെടുക്കാൻ തയ്യാറാവുന്നത് വ്യക്തമായ നയങ്ങൾ ഇടതുപക്ഷത്തിനുള്ളതിനാലാണ്. ഒരു വലതുപക്ഷസർക്കാരിൽ നിന്ന് അത് പ്രതീക്ഷിക്കാനാവില്ല. സഹകരണ മേഖലയെ തകർക്കാനൊരുങ്ങുന്ന കേന്ദ്രനയങ്ങൾക്ക് വിരുദ്ധമായി കേരളത്തിലതിനെ ശക്തിപ്പെടുത്തുന്ന നയം സ്വീകരിക്കുന്നതും അതിനാലാണ്. സാമ്പത്തിക തകർച്ചക്കിടയിൽ പലപ്പോഴും കൈത്താങ്ങായി സഹകരണ മേഖല കേരളത്തിൽ നിലനിൽക്കുന്നത് ഇടതുപക്ഷ നയപരിപാടികൾ തുടരുന്നതിനാലാണ്. അതുപോലെ എപ്പോഴും ഭരണവിരുദ്ധവികാരത്തെക്കുറിച്ചാണ് നാം ചർച്ചചെയ്യാറുള്ളത്. എന്നാൽ കേരളത്തിൽ മുമ്പൊരിക്കലും അനുഭവപ്പെടാതിരുന്ന ഭരണാനുകൂല വികാരം ഇപ്പോഴുണ്ടായത് ശ്രദ്ധിക്കപ്പെട്ടിരുന്നില്ല. മാത്രമല്ല അത് പ്രതിപക്ഷവിരുദ്ധ വികാരമായി മാറുകയും ചെയ്തിരുന്നു. പ്രളയകാലത്തായാലും കൊവിഡ് കാലത്തായാലും ജനങ്ങൾക്ക് വേണ്ടി സാധ്യമായതെല്ലാം ചെയ്യുന്ന ഒരു സർക്കാരിനെതിരെ വിമർശനങ്ങൾ മാത്രം ഉന്നയിച്ചുകൊണ്ടിരുന്ന പ്രതിപക്ഷത്തെ ജനം ഇഷ്ടപ്പെട്ടില്ല. അടിസ്ഥാന തലത്തിൽ അവർക്കൊപ്പം ചേർന്ന് നിൽക്കാൻ ശ്രമിക്കാതെ നിരന്തരം അരോചകമായ പത്രസമ്മേളനങ്ങൾ നടത്തിയും കൃത്രിമ അന്തരീക്ഷം സൃഷ്ടിച്ച് സമര കോലാഹലങ്ങളുണ്ടാക്കിയും മുന്നോട്ടുപോയത് തിരിച്ചടിയായി മാറിയെന്നത് പ്രതിപക്ഷ പ്രവർത്തനരീതികൾക്ക് എന്നുമൊരു താക്കീതായിരിക്കും.





1959ലെ വിമോചനസമരത്തിന്റെ ഹാങ്ഓവർ എന്നും ഇപ്പോഴത്തെ പ്രതിപക്ഷത്തെ, അവർ പ്രതിപക്ഷമാകുന്ന കാലത്തെല്ലാം പിന്തുടരാറുണ്ട്. കഴിഞ്ഞ അഞ്ച് വർഷം പലവഴികളിലൂടെ അത്തരമൊരു അന്തരീക്ഷം സൃഷ്ടിച്ചെടുക്കാൻ അവർ ശ്രമിച്ചു. എന്നാലിപ്പോൾ മുഖ്യധാരാ മാധ്യമങ്ങളിലൂടെ അജണ്ടകൾ നിർമ്മിക്കാമെന്നും അവ പ്രചരിപ്പിച്ച് ജനത്തെ തെറ്റിദ്ധരിപ്പിക്കാമെന്നും കരുതിയാൽ വിജയിക്കില്ല. നിമിഷനേരം കൊണ്ട് എല്ലാ വ്യാജപ്രചാരണങ്ങളെയും പൊളിച്ചടുക്കി സോഷ്യൽമീഡിയ രംഗത്ത്വരും. നാളെ സർക്കാരിനെതിരെ വരാവുന്ന നിറംപിടിപ്പിച്ച കണ്ണീർകഥകളും ചിത്രങ്ങളും ഇന്നേ പൊളിച്ചുകൊണ്ടാണവർ പ്രവർത്തിക്കുന്നത്. ചാനലുകളിലെ ചർച്ചകളിൽ ഏകപക്ഷീയമായി അവതരിപ്പിക്കുന്ന തെറ്റായ കാര്യങ്ങളെ പൊളിച്ചുകൊണ്ട് വസ്തുതകൾ നിരത്തി ലൈവ് പരിപാടികളിൽ ഉൾപ്പെടെ സോഷ്യൽ മീഡിയയിലൂടെ നേതാക്കളും മറ്റും പ്രതികരിക്കുകയും അവക്ക് ചാനലുകളെക്കാൾ റീച്ച് കിട്ടുകയും ചെയ്യും. ഇങ്ങനെ മാധ്യമങ്ങളുടെ അജണ്ടകളും തകർന്നുപോകുന്ന കാലമാണിത്. ഇത്തവണത്തെ നിയമസഭാ തെരഞ്ഞെടുപ്പ് ഫലം മാധ്യമങ്ങളിലെ ജഡ്ജിമാരുടെ മുഖത്തേറ്റ അടികൂടിയായി മാറി. വോട്ടെണ്ണൽ ദിനത്തിലെ പ്രസ്മീറ്റിൽ മുഖ്യമന്ത്രിയിൽ നിന്ന് അക്കാര്യത്തിൽ ശക്തമായ പ്രതികരണവുമുണ്ടായി.

രാജ്യസ്നേഹത്തിന്റെയും സനാതനധർമ്മത്തിന്റെയും ആചാരസംരക്ഷണത്തിന്റെയും മതവർഗീയതയുടെയും പേരിൽ കേരളത്തെ ഉത്തരേന്ത്യൻ രാഷ്ട്രീയത്തിന്റെ മാതൃകയിൽ കൈപ്പിടിയിലൊതുക്കാൻ ശ്രമിച്ചവരുടെ തനിനിറം തെരഞ്ഞെടുപ്പ് ഫലംവന്ന് ദിവസങ്ങൾക്കുള്ളിൽ കേരളം തിരിച്ചറിഞ്ഞുവെന്നത് പ്രത്യേകം പരാമർശമർഹിക്കുന്നു. കേരളത്തിൽ ഉണ്ടായിരുന്ന അക്കൗണ്ട്പൂട്ടിയതും മറ്റൊരിടത്തും മുന്നോട്ടുവരാനാകാത്തതും എത്ര നന്നായി എന്നാണ് ജനം ആശ്വസിക്കുന്നത്. കള്ളപ്പണത്തിന്റെ പേരിൽ നോട്ട്നിരോധിച്ച് ആയിരക്കണക്കിന് ജനങ്ങളുടെ ജീവനോപാധികളെ തകർത്തെറിഞ്ഞവർ 400 കോടിരൂപയുടെ കുഴൽപ്പണം കേരളത്തിൽ ചെലവഴിച്ച് ജനാധിപത്യത്തെ തന്നെ അട്ടിമറിക്കാൻ ശ്രമിച്ചിരുന്നുവെന്നത് ഞെട്ടിക്കുന്ന അറിവാണ്. അതിൽ നിന്ന് പണം തട്ടിയെടുക്കാൻ ശ്രമിച്ച പാർട്ടിക്കാരുടെ തമ്മിലടിയാണ് വിവരം പുറത്തെത്തിച്ചതെന്നത് എത്രമാത്രം മലീമസമാണ് കേരളത്തിലെ 'സനാതനധർമ്മ' രാഷ്ട്രീയക്കാരെന്ന് തെളിയിക്കുന്നു.

ഭരണമുന്നണിക്കും ശക്തമായ സന്ദേശമാണ് തെരഞ്ഞെടുപ്പ് നൽകിയത്. ഭരണത്തിലിരിക്കുമ്പോഴും ജനങ്ങളുമായി നിരന്തരം ഇടപഴകി, അവരുടെ ആവശ്യങ്ങളിൽ ഒപ്പം കൂടി മുന്നോട്ടുപോയാൽ ജനം അത് മറക്കില്ലെന്ന സന്ദേശമാണത്. പ്രളയകാലത്തും കൊവിഡ്കാലത്തും കൈമെയ്മറന്ന് ഇടത് രാഷ്ട്രീയപ്രവർത്തകർ ജനങ്ങൾക്കൊപ്പമെത്തി. ഡി.വൈ.എഫ്.ഐ. എന്ന സംഘടന അക്കാര്യത്തിൽ മാതൃകാപരമായ ഇടപെടൽ നടത്തി ജനഹൃദയങ്ങളിൽ ഇടംപിടിക്കുകയുണ്ടായി. പ്രതിപക്ഷം കേവലം സമര കോലാഹലങ്ങളിൽ അഭിരമിച്ചപ്പോൾ ജനങ്ങളുടെ ആവശ്യങ്ങളിൽ ഒപ്പംനിന്നത് അവരായിരുന്നു. മാത്രമല്ല പാഴ്വസ്തുക്കൾ ശേഖരിച്ച് പതിനൊന്ന് കോടി രൂപയുടെ വരുമാനമുണ്ടാക്കി സർക്കാരിലടച്ച സംഘടനകൂടിയാണ് ഡി.വൈ.എഫ്.ഐ. അതിനാൽ ഭരണത്തുടർച്ച സാധ്യമാക്കിയതിൽ അവരുടെ പങ്കും പ്രധാനപ്പെട്ടതാണെന്ന് കാണാം. ഒരു അഴിമതിപോലും ചൂണ്ടിക്കാട്ടാനാവാതെ മികച്ചരീതിയിൽ വകുപ്പുകളെ നയിച്ച





> വളരെ നിസ്സാര സംഭവങ്ങളിൽ നിന്ന് പോലും ജാതി, മതം, ആചാരം തുടങ്ങിയ വൈകാരികത വളർത്തി ഭിന്നിപ്പ് സൃഷ്ടിച്ചെടുക്കാനുള്ള ബോധപൂർവമായ ശ്രമം കേരളീയസമൂഹത്തിൽ അടുത്ത കാലത്ത് കൂടുതലുണ്ടാകുന്നുമുണ്ട്. ഭരണത്തുടർച്ചയുടെ കാലത്ത് അതിനെതിരെ കാര്യമായ ചെറുത്ത്നിൽപ്പ് വേണ്ടിവരും. കൃത്യമായ രാഷ്ട്രീയ വിദ്യാഭ്യാസ പരിപാടികൾ യുവജനതക്കായി സംഘടിപ്പിക്കേണ്ടതുണ്ടെന്നതാണ് ശ്രദ്ധിക്കേണ്ടതായ കാര്യം.



മന്ത്രിമാർ തെളിയിച്ചതും മികവിന്റെ കൂട്ടായ്മയാണ്. എന്ത് ചെയ്താലും ഇല്ലെങ്കിലും അഞ്ച് വർഷത്തിലൊരിക്കൽ ഭരണമാറ്റമെന്ന ആചാരത്തിന് അന്ത്യം കുറിച്ചതിൽ അതും പ്രധാനഘടകമാണ്. പ്രതിസന്ധിഘട്ടങ്ങളിൽ സജീവമായി മുന്നിട്ടിറങ്ങിയ യുവതലമുറ വലിയ പ്രതീക്ഷയാണെന്നതിൽ സംശയമില്ലെങ്കിലും ഇടതുപക്ഷമെന്നതിന്റെ നിലനിൽപ്പ് രാഷ്ട്രീയ വിദ്യാഭ്യാസത്തിന്റെ കൂടി ഭാഗമായാണ് ഉണ്ടാവുന്നത്. പ്രതിസന്ധികൾ ഉണ്ടാവുമ്പോൾ മാത്രമല്ല സാധാരണ സാഹചര്യങ്ങളിലും ഭരണത്തിലിരിക്കുന്ന കക്ഷികൾ ജനങ്ങൾക്കൊപ്പം ചേർന്ന് നിൽക്കണമെന്ന സന്ദേശം ഭാവിയിലെ തെരെഞ്ഞെടുപ്പുകൾക്കായി ഈ അഞ്ചുവർഷത്തിനുള്ളിൽ ലഭിച്ചിരിക്കുന്നു. വളരെ നിസ്സാര സംഭവങ്ങളിൽ നിന്ന് പോലും ജാതി, മതം, ആചാരം തുടങ്ങിയ വൈകാരികത വളർത്തി ഭിന്നിപ്പ് സൃഷ്ടിച്ചെടുക്കാനുള്ള ബോധപൂർവമായശ്രമം കേരളീയസമൂഹത്തിൽ അടുത്ത കാലത്ത് കൂടുതലുണ്ടാകുന്നുമുണ്ട്. ഭരണത്തുടർച്ചയുടെ കാലത്ത് അതിനെതിരെ കാര്യമായ ചെറുത്ത്നിൽപ്പ് വേണ്ടിവരും. കൃത്യമായ രാഷ്ട്രീയ വിദ്യാഭ്യാസ പരിപാടികൾ യുവജനതക്കായി സംഘടിപ്പിക്കേണ്ടതുണ്ടെന്നതാണ് ശ്രദ്ധിക്കേണ്ടതായ കാര്യം.

സർവീസ് മേഖലകളിലുള്ളവരുടെ സഹായം പ്രതിസന്ധിഘട്ടങ്ങളിൽ സർക്കാർ തേടുകയും പുരോഗമനസംഘടനകളെല്ലാം അതിനോട് കൈകോർക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ സർവീസ് മേഖലയിലുള്ളവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാരും അനുകൂല നിലപാടുകൾ സ്വീകരിച്ചിരുന്നു. പ്രതിസന്ധികൾക്കിടയിലും സമയബന്ധിതമായി ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിന് സർക്കാർ തയ്യാറായി. എല്ലാതവണത്തെയും പോലെ തന്നെ കോളെജധ്യാപകരുടെ പ്ലെയിസ്മെന്റും ശമ്പളപരിഷ്കരണവും ലഭ്യമാകുന്നത് ഇടതുപക്ഷഭരണകാലയളവിലാകുമെന്നതിന് ഇത്തവണയും വ്യത്യാസമുണ്ടായിട്ടില്ല. ബ്യൂറോക്രസിയുടെ തടസ്സങ്ങളെ രാഷ്ട്രീയപിന്തുണയോടെ ഒഴിവാക്കിയെടുക്കാൻ ശ്രമങ്ങൾ വേണ്ടിവരുമെങ്കിലും അത് നൽകുന്നതിന് ഇടതുസർക്കാർ തടസ്സം നിൽക്കില്ലെന്നതാണ് കാലങ്ങളായി തുടരുന്ന യാഥാർത്ഥ്യം. പൊതുവിദ്യാഭ്യാസരംഗത്തെ ഗുണപരമായ മികവിന്റെ തുടർച്ചയായി വിജ്ഞാനസമൂഹസൃഷ്ടിക്ക് യോജിക്കുന്ന വിധത്തിൽ ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗുണപരമായി മാറ്റുമെന്ന പ്രഖ്യാപനത്തോടെയാണ് ആദ്യപിണറായി സർക്കാരിന്റെ അവസാന ബഡ്ജറ്റ് അവതരിപ്പിക്കപ്പെട്ടത്. രണ്ടാംപിണറായി സർക്കാരിന്റെ നയങ്ങൾ അവതരിപ്പിച്ചുകൊണ്ട് മുഖ്യമന്ത്രി ആദ്യദിവസം സംസാരിച്ചപ്പോഴും അക്കാര്യത്തിലാണ് ഊന്നൽ നൽകിയിട്ടുള്ളത്. ഉന്നതവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുന്നതിൽ സർക്കാരിനൊപ്പം ഒരുമിച്ച് പ്രവർത്തിക്കാനുള്ളതാണ് ഭരണത്തുടർച്ചയുടെ ഇനിയുള്ളകാലമെന്ന് മറക്കാതിരിക്കാം.



# ദരിദ്രജനതയുടെ കോവിഡ് അതിജീവനം



ഡോ. ഗ്രേഷ്യസ് ജെയിംസ്

രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയേയും ആരോഗ്യ പരിരക്ഷാ സംവിധാനങ്ങളേയും കനത്ത പ്രഹരമേൽപ്പിച്ചുകൊണ്ട് മഹാമാരി പെയ്തിറങ്ങുന്ന ഈ കാലഘട്ടത്തിൽ ദരിദ്രജനതയുടെ അതിജീവനം ഒരു വലിയ ചോദ്യമായി നമ്മുടെ മുന്നിൽ ഉയർന്നിരിക്കുകയാണ്. വൈറസ് ആരെയും ഒഴിവാക്കിയിട്ടില്ലെങ്കിലും, വിവേചനമില്ലാതെ എല്ലാവരെയും ഒരുപോലെ ബാധിക്കുമെങ്കിലും ദരിദ്ര ജനസംഖ്യയിൽ അതിന്റെ സ്വാധീനം കൂടുതൽ വിനാശകരമാണ്. മഹാമാരിയുടെ ആക്രമണം നാം നേരിടുമ്പോൾ ഒരു ദശകത്തിനിടയിൽ ഇന്ത്യയിൽ ഏറ്റവും താഴ്ന്ന സാമ്പത്തിക വളർച്ച രേഖപ്പെടുത്തിരിക്കുകയാണ്. രാജ്യത്തെ ഭൂരിപക്ഷം ഉപഭോക്താക്കളും ദരിദ്രരും താമസിക്കുന്ന ഗ്രാമപ്രദേശങ്ങളെയാണ് സമ്പദ്‌വ്യവസ്ഥയുടെ മാന്ദ്യം ഏറ്റവും കൂടുതൽ ബാധിച്ചത്. ഇത് ഇന്ത്യയെപ്പോലെ താഴ്ന്ന വരുമാനമുള്ള ഒരു രാജ്യത്ത് വലിയതോതിലുള്ള സാമ്പത്തിക അസമത്വങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ഈ ഘട്ടത്തിൽ ജനസംഖ്യയുടെ ഉയർന്ന വിഭാഗങ്ങൾ അവരുടെ വരുമാനം സംരക്ഷിക്കുകയും സമ്പത്ത് ഉയർത്തുകയും ചെയ്യുന്നതിൽ വിജയിച്ചു. എന്നാൽ നിലവിലെ സാഹചര്യത്തിൽ രാജ്യത്തിലെ ദുർബലരും പാർശ്വവത്കരിക്കപ്പെട്ടവരുമായ ജനവിഭാഗങ്ങൾക്ക് ആരോഗ്യപരിരക്ഷ, തൊഴിൽ, ഭക്ഷ്യലഭ്യത തുടങ്ങിയ കാര്യങ്ങളിൽ അതിജീവനം സാധ്യമാകുമോ?

**ആരോഗ്യ പരിരക്ഷ**

ഇന്ത്യയിലെ ദരിദ്രജനവിഭാഗം പതിറ്റാണ്ടുകളായി ആരോഗ്യ സംരക്ഷണം നേടാൻ കഷ്ടപെടുന്നുവെന്നത് ചരിത്രവസ്തുതയാണ്. കഴിഞ്ഞ ഒരു ദശാബ്ദത്തിലെ ഇന്ത്യയുടെ  വളർച്ചാ വികസന നയങ്ങളിൽ ആരോഗ്യമേഖല തീർത്തും അവഗണിക്കപ്പെട്ടു. സ്വാതന്ത്ര്യത്തിനു ശേഷം ഇന്ത്യയുടെ ആരോഗ്യ പരിരക്ഷാ സമ്പ്രദായം രാജ്യത്തെയാകെ ഉൾക്കൊള്ളുന്ന ഒരു ത്രിതല സംവിധാനമായാണ് വിഭാവനം ചെയ്തിരുന്നത്. ഗ്രാമതലത്തിൽ ഒരു പ്രാഥമിക പരിചരണ സംവിധാനം, ചെറിയ നഗരകേന്ദ്രങ്ങളെ ഉൾക്കൊള്ളുന്നതിനുള്ള ദ്വിതീയ പരിചരണ സംവിധാനം, സ്പെഷ്യലിറ്റി ചികിത്സയ്ക്കായി തൃതീയ സംവിധാനം എന്നിവയായിരുന്നു അത്. എന്നാൽ കാലക്രമേണ ലാഭേച്ഛയോടെ നഗരകേന്ദ്രങ്ങളിലെ ആധുനിക സംവിധാനങ്ങളോടെയുള്ള സ്പെഷ്യലിറ്റി ആശുപത്രികൾക്ക് ഊന്നൽ നൽകുകയും സമ്പന്നർക്ക് മാത്രം അതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തു.

നഗരങ്ങളിലും ഗ്രാമപ്രദേശങ്ങളിലും



രണ്ടാമത്തെ തരംഗം രാജ്യത്തുടനീളം നാശം വിതച്ചുകൊണ്ടിരിക്കുമ്പോൾ പൊതുആരോഗ്യസംരക്ഷണ സംവിധാനം തകർച്ചയുടെ വക്കിലാണ്. ഇത്തരമൊരു ഘട്ടത്തിലാണ് സർക്കാരുകൾ ദുരിതബാധിതരായ ആയിരങ്ങളെ കൈയൊഴിഞ്ഞത്. സർക്കാർ ബഡ്ജറ്റുകളിൽ ആരോഗ്യമേഖലക്ക് നൽകുന്ന മുൻഗണനയിൽ 179ാം സ്ഥാനത്താണ് ഇന്ത്യ എന്ന് ഇക്കണോമിക് സർവ്വേ 2021 വെളിപ്പെടുത്തുന്നു.



ജോലി ചെയ്യുന്ന ഡോക്ടർമാരുടെ സാന്ദ്രതയിൽ വലിയ വ്യത്യാസമുണ്ട്. നഗര ഗ്രാമീണ ഡോക്ടർമാരുടെ സാന്ദ്രത അനുപാതം 3.8: 1 ആണ്.1000 പേർക്ക് 0.55 ആശുപത്രി കിടക്കകളും 1000 പേർക്ക് 0.8 ഡോക്ടർമാരും മാത്രം നിലവിലുള്ള നമ്മുടെ രാജ്യത്തെ ആരോഗ്യ സംരക്ഷണ മേഖല രൂക്ഷമായിക്കൊണ്ടിരിക്കുന്ന കോവിഡ് വ്യാപനപ്രതിസന്ധിക്ക് ഒട്ടും സജ്ജമല്ല. പൊതുമേഖലയിലെ ആശുപത്രി കിടക്കകളുടെ ലഭ്യത കണക്കിലെടുക്കുമ്പോൾ, ബീഹാർ, ജാർഖണ്ഡ്, ഗുജറാത്ത്, ഉത്തർ പ്രദേശ്, ആന്ധ്രാപ്രദേശ്, ഛത്തീസ്ഗർ, മധ്യപ്രദേശ്, ഹരിയാന, മഹാരാഷ്ട്ര, ഒറീസ, ആസ്സാം, മണിപ്പൂർ എന്നീ സംസ്ഥാനങ്ങൾ ദേശീയ ശരാശരിയെക്കാൾ വളരെ താഴെയാണ്. എന്നാൽ രാജ്യത്തെ ആകെ ജനസംഖ്യയുടെ 70 ശതമാനത്തോളം ഈ 12 സംസ്ഥാനങ്ങളിലാണ്. കോവിഡ് വ്യാപനം രാജ്യത്ത് ശക്തിപ്രാപിക്കുമ്പോൾ ആശുപത്രി കിടക്കകളുടെ ലഭ്യതയുടെ കാര്യത്തിൽ ലോകത്ത് ഇന്ത്യയെക്കാൾ മോശമായ അവസ്ഥയുള്ള 12 രാജ്യങ്ങൾ മാത്രമേ ഉള്ളൂ. ഹ്യൂമൻ ഡെവലപ്മെന്റ് റിപ്പോർട്ട് 2020 പ്രകാരം കിടക്ക ലഭ്യതയുടെ കാര്യത്തിൽ ഇന്ത്യ 155-ാം സ്ഥാനത്താണ്. മാത്രവുമല്ല, പൊതുമേഖലയിലെ ആരോഗ്യസംരക്ഷണ സേവന സംവിധാനങ്ങളുടെ കാര്യക്ഷമതയില്ലായ്മ, പ്രവർത്തനത്തിലുള്ള വീഴ്ചകൾ, എണ്ണത്തിലുള്ള രൂക്ഷമായ കുറവ് എന്നിവ ജനസംഖ്യയുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങളുമായി പൊരുത്തപ്പെടുന്നുമില്ല. രണ്ടാമത്തെ തരംഗം രാജ്യത്തുടനീളം നാശം വിതച്ചുകൊണ്ടിരിക്കുമ്പോൾ പൊതുആരോഗ്യസംരക്ഷണ സംവിധാനം തകർച്ചയുടെ വക്കിലാണ്. ഇത്തരമൊരുഘട്ടത്തിലാണ് സർക്കാരുകൾ ദുരിതബാധിതരായ ആയിരങ്ങളെ കൈയൊഴിഞ്ഞത്. സർക്കാർ ബഡ്ജറ്റുകളിൽ ആരോഗ്യമേഖലക്ക് നൽകുന്ന മുൻഗണനയിൽ 179ാം സ്ഥാനത്താണ് ഇന്ത്യ എന്ന് ഇക്കണോമിക് സർവ്വേ 2021 വെളിപ്പെടുത്തുന്നു. ഇന്ത്യയിലെ വിവിധ സർക്കാരുകൾ ആരോഗ്യ മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തെ ശ്രദ്ധിക്കാതെ, അതിനുവേണ്ടി പണം മാറ്റിവക്കാതെ, ആശുപത്രികളിൽ ശരിയായ രീതിയിൽ നിയമനങ്ങൾ നടത്താതെ ഈ മേഖലയെ തകർത്തിരിക്കുകയാണ്. ആശുപത്രികളും മറ്റ് മെഡിക്കൽ സൗകര്യങ്ങളും ഇന്ത്യയിൽ വലിയൊരു വിഭാഗം ജനങ്ങൾക്ക് ഇപ്പോഴും അപ്രാപ്യമാണ്. രാജ്യത്തെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം അവരുടെ സമ്പത്തിനെ ആശ്രയിച്ചാകാൻ പാടില്ല. സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടാതെ എല്ലാവർക്കും ആവശ്യമായ ആരോഗ്യ സംരക്ഷണം ലഭിച്ചാൽ മാത്രമേ സാർവത്രിക ആരോഗ്യ പരിരക്ഷ സാദ്ധ്യമാകൂ. എന്നാൽ ആരോഗ്യ സംരക്ഷണ സംവിധാനങ്ങളുടെ അപര്യാപ്തതയും നിലവിലുള്ളവയുടെ ഗുണനിലവാരമില്ലായ്മയും, സമയോചിതമായി വൈദ്യസഹായം ലഭിക്കാത്തതും കാരണം രാജ്യത്ത് കൂടുതൽ കോവിഡ് മരണങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

സാധാരണ ജനങ്ങൾ കൂടുതലും സ്വകാര്യ ആശുപത്രികളെയും ക്ലിനിക്കുകളെയും ആശ്രയിക്കേണ്ടിവരുന്നതിനാൽ ചെലവ് വർദ്ധിക്കുന്നു. തൊഴിലാളി കുടുംബങ്ങളിലെ അടുത്ത തലമുറയെപോലും ദാരിദ്ര്യത്തിലേക്ക് തള്ളിവിടാൻ പര്യാപ്തമാണ് സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാബില്ലുകൾ. നമ്മുടെ രാജ്യത്ത് ജനസംഖ്യയുടെ 60  ശതമാനത്തിലധികം ഇൻഷുറൻസ് പരിരക്ഷയുള്ളവരല്ല. ഇൻഷുറൻസ് കമ്പനികൾ ഇതുവരെ ആരോഗ്യ പദ്ധതികളുടെ പ്രീമിയം ഉയർത്തിയിട്ടില്ലെങ്കിലും, അടുത്ത പാദത്തോടെ ആരോഗ്യ ഇൻഷുറൻസ് പ്രീമിയങ്ങളിൽ 10-15 ശതമാനം വർദ്ധനവ് ഉണ്ടാകുമെന്ന് ഈ മേഖലയിലെ വിദഗ്ദ്ധർ പ്രതീക്ഷിക്കുന്നു.  ഒരു പരിധിവരെ മാസവരുമാനക്കാരായ വ്യക്തികൾക്ക്  ആരോഗ്യ ഇൻഷുറൻസ് ലഭ്യമാണെങ്കിലും അനൗപചാരിക മേഖലയിൽ പണിയെടുക്കുന്നവർക്ക്

> ഇന്ത്യയിലെ ജനസംഖ്യയുടെ 42% ഒരു മുറി മാത്രമുള്ള വീടുകളിലാണ് താമസിക്കുന്നത്, ആയതിനാൽതന്നെ കോവിഡിന്റെ വ്യാപനം തടയുന്നതിന് ആവശ്യമായ പ്രോട്ടോക്കോളുകൾ പാലിക്കാൻ കഴിയുന്നില്ലായെന്നുള്ളത് മറ്റൊരു സങ്കീർണമായ വസ്തുതയാണ്. കോവിഡ് പ്രതിരോധത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ ഗ്രാമങ്ങളിൽ നിലനിൽക്കുന്ന ദയനീയസ്ഥിതിയുടെ നേർക്കാഴ്ചയാണ് ഗംഗാനദിയിലൂടെ ഒഴുകിവന്ന കോവിഡ് രോഗികളുടെ





അത്തരം സംവിധാനങ്ങളോ മറ്റ് ആനുകൂല്യങ്ങളോ മിക്ക സംസ്ഥാനങ്ങളിലും നിലവിലില്ല. ഇന്ത്യയിൽ ആകെ  ഗ്രാമപ്രദേശങ്ങളിൽ 14.1 ശതമാനവും നഗരപ്രദേശങ്ങളിൽ 19.1 ശതമാനവും മാത്രമാണ് ഏതെങ്കിലും തരത്തിലുള്ള ആരോഗ്യ പരിരക്ഷ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ളവരെന്ന് പദ്ധതി നടപ്പാക്കൽ മന്ത്രാലയത്തിന്റെ ദേശീയ സർവേ ഓഫീസ് (എൻ.എസ്.ഒ.) റിപ്പോർട്ട് ചെയ്യുന്നു. ആശുപത്രിയിൽ പ്രവേശിപ്പിക്കുന്ന കാര്യത്തിലും മരുന്നുകളും ഓക്സിജനും ലഭ്യമാക്കുന്ന കാര്യത്തിലും പിന്തുണയും സഹായവും നൽകാൻ ഔദ്യോഗിക സർക്കാർ സംവിധാനങ്ങളുടെ അഭാവമാണ് ഇപ്പോഴത്തെ ആരോഗ്യ അടിയന്തിരാവസ്ഥയുടെ ആഘാതം ദരിദ്രരെ കൂടുതൽ ദുരിതപൂർണമാക്കുന്നത്. നമ്മുടെ രാജ്യത്തിലെ സർക്കാർ ആശുപത്രികളിലെ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതയ്ക്ക് ഒരു പ്രധാനകാരണം പൊതുജനാരോഗ്യ സംരക്ഷണത്തിനായി ഇന്ത്യ ചെലവഴിക്കുന്നത് ഇപ്പോഴും ലോകത്തിലെ മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് വളരെ കുറഞ്ഞ തുകയാണ്. 2018-19 വർഷത്തിൽ രാജ്യത്തെ പൊതുജനാരോഗ്യ സംവിധാനത്തിന് മൊത്തം ജി.ഡി.പി.യുടെ 1.5 ശതമാനം മാത്രമാണ്  ചെലവഴിച്ചത്. യു.എസ്സിൽ ഇത് ജി.ഡി.പി. യുടെ 16 ശതമാനവും നെതർലൻഡ്സ്, ന്യൂസിലാൻഡ്, ഫിൻലൻഡ്, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽ ഇത് 9 ശതമാനത്തിൽ കൂടുതലുമാണ്. ബംഗ്ലാദേശ്, പാകിസ്ഥാൻ തുടങ്ങിയ ചില വികസ്വരരാജ്യങ്ങളിൽ പോലും പൊതുജനാരോഗ്യ സംരക്ഷണ സംവിധാനത്തിനായി അവരുടെ ജി.ഡി.പി. യുമായി ബന്ധപ്പെടുത്തി കൂടുതൽ തുക വകയിരുത്തുന്നുണ്ട്. ഡോക്ടർമാരുടെ കാര്യത്തിലും  മെഡിക്കൽ അടിസ്ഥാന സൗകര്യ വികസനകാര്യത്തിലും രാജ്യത്തിന് ഒട്ടും മുന്നേറാനായിട്ടില്ല.  ഗ്രാമീണമേഖലയിൽ ഇതിന്റെ സ്ഥിതി അതീവഗുരുതരമാണ്. ഇന്ത്യയിലെ ജനസംഖ്യയുടെ 42% ഒരു മുറി മാത്രമുള്ള വീടുകളിലാണ് താമസിക്കുന്നത്, ആയതിനാൽതന്നെ കോവിഡിന്റെ വ്യാപനം തടയുന്നതിന് ആവശ്യമായ പ്രോട്ടോക്കോളുകൾ പാലിക്കാൻ കഴിയുന്നില്ലായെന്നുള്ളത് മറ്റൊരു സങ്കീർണമായ വസ്തുതയാണ്. കോവിഡ് പ്രതിരോധത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ ഗ്രാമങ്ങളിൽ നിലനിൽക്കുന്ന ദയനീയസ്ഥിതിയുടെ നേർക്കാഴ്ചയാണ് ഗംഗാനദിയിലൂടെ ഒഴുകിവന്ന കോവിഡ് രോഗികളുടെ ശവശരീരങ്ങൾ. ഇന്ത്യയിൽ ആരോഗ്യ പരിരക്ഷ താങ്ങാനാവുന്നതും കാര്യക്ഷമവും   എല്ലാവർക്കും പ്രാപ്യവുമാകണം. എന്നാൽ ഇപ്പോൾ ഗ്രാമീണ ആരോഗ്യ മേഖല ഈ മൂന്ന് തലങ്ങളിലും പ്രതിസന്ധി നേരിടുകയാണ്.

**തൊഴിൽമേഖല**

തൊഴിൽനഷ്ടത്തിന്റെ കാര്യത്തിൽ സമ്പദ്‌വ്യവസ്ഥയുടെ ഏറ്റവും മോശമായ ഘട്ടമായിരുന്നു മെയ് 2020. സെന്റർ ഫോർ മോണിറ്ററിങ് ഇന്ത്യൻ ഇക്കണോമിയുടെ കണക്കുകൾ പ്രകാരം അന്ന് രാജ്യത്തെ തൊഴിലില്ലായ്മാ നിരക്ക് 24 ശതമാനംവരെയെത്തി. 2021 ജനുവരി ആയപ്പോഴേക്കും ഇത് 7 ശതമാനമായി കുറയുകയും ചെയ്തു. എന്നാൽ പാൻഡെമിക്കിന്റെ രണ്ടാം തരംഗത്തിനെ തുടർന്നുള്ള പ്രാദേശിക ലോക്ക്ഡൗണുകളുടെ പശ്ചാത്തലത്തിൽ, 2021 ജൂൺ രണ്ടാം വാരം ആയപ്പോൾ തൊഴിലില്ലായ്മാ നിരക്ക് 12 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്.ഇന്ത്യയിലെ നിരവധി കമ്പനികളിൽ വൻതോതിൽ പിരിച്ചുവിടലുകൾ പ്രഖ്യാപിച്ചുകഴിഞ്ഞു,

തൊഴിലാളികളെ നിലനിർത്തിയിരിക്കുന്ന കമ്പനികൾ അവർക്കുള്ള പ്രതിഫലം ഗണ്യമായി കുറച്ചു. തൊഴിൽ കമ്പോളങ്ങളിലെ ആഘാതം പൂർണ്ണമായും കോവിഡ് സൃഷ്ടിച്ച പ്രതിസന്ധി മുഖാന്തിരമല്ല ഉണ്ടായത്. മറിച്ച്, പ്രധാനമായും ജോലി തേടുന്ന വലിയൊരു വിഭാഗം ആളുകൾക്ക് തൊഴിൽ നൽകാൻ സമ്പദ്‌വ്യവസ്ഥയ്ക്ക് കഴിയാത്തതുകൊണ്ടാണ്.

വൻതോതിലുള്ള തൊഴിൽനഷ്ടവും ദുർബലമായ തൊഴിൽ സാധ്യതകളുംമൂലം ഇന്ത്യയുടെ  സാമ്പത്തിക വളർച്ച ഇരുളടഞ്ഞിരിക്കുകയാണ്. മഹാമാരിയുടെ രണ്ടാം വ്യാപനത്തോടെ കുടിയേറ്റതൊഴിലാളികൾ അവരുടെ ജന്മദേശങ്ങളിലേക്ക് പിൻവാങ്ങുമ്പോൾ നഗരപ്രദേശങ്ങളിൽ അതിന്റെ ആഘാതം കൂടുതൽ രൂക്ഷമാകും. കോവിഡ് 19 പ്രതിസന്ധി സ്ഥിരജോലിക്കാരല്ലാത്തവരെ കൂടുതൽ കഠിനമായി ബാധിക്കുന്നതിലൂടെ മുൻപ് നിലനിന്നിരുന്ന അസമത്വങ്ങൾ കൂടുതൽ വർദ്ധിച്ചിട്ടുണ്ട്.



**അസമത്വം**

കുടിയേറ്റ തൊഴിലാളികളും മറ്റു അസംഘടിത മേഖലകളിലെ തൊഴിലാളികളും നഗരപ്രദേശങ്ങളിലെ ദരിദ്രരും കോവിഡ്കാലത്ത് അനുഭവിക്കുന്ന സാമ്പത്തികവും ആരോഗ്യപരവുമായ കഷ്ടതകൾ അസമത്വത്തിന്റെ ഭീകരമായ ഒരു ചിത്രം വരച്ചുകാട്ടുന്നു. കോവിഡ് 19 മഹാമാരി തുടക്കത്തിൽ ഇന്ത്യയെ ബാധിച്ചപ്പോൾ, അത്  ദരിദ്രകുടുംബങ്ങൾക്കിടയിൽ കടുത്ത സാമ്പത്തിക ദുരിതത്തിന് കാരണമായി. എന്നാൽ പ്രസ്തുത കാലഘട്ടത്തിൽ മുൻനിര ശതകോടീശ്വരന്മാരുടെ സമ്പത്തു  35 ശതമാനം വർദ്ധിച്ചതായി ഓക്സ്ഫാമിന്റെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. 2020 വർഷത്തിൽ മാർച്ചിന് ശേഷം ഇന്ത്യയിലെ ശതകോടീശ്വരന്മാർ അവരുടെ സമ്പാദ്യം 35 ശതമാനം വർദ്ധിപ്പിച്ചു. മഹാമാരിയുടെ കാലത്ത് ഇന്ത്യയിലെ ഏറ്റവും വലിയ 11 ശതകോടീശ്വരന്മാരുടെ മാത്രം സമ്പാദ്യം ആരോഗ്യ മന്ത്രാലയത്തെ അടുത്ത 10 വർഷത്തേക്ക് നിലനിർത്താൻ കഴിയുന്നതാണ്. രാജ്യത്തിന്റെ ജനസംഖ്യയുടെ 70 ശതമാനം വരുന്ന 953 ദശലക്ഷം ആളുകൾ കൈവശം വച്ചിരിക്കുന്ന സ്വത്തിന്റെ നാലിരട്ടിയിലധികമാണ് ഇന്ത്യയിലെ അതിസമ്പന്നരായ ഒരു ശതമാനത്തിന്റെ സ്വത്ത്. 2020 മാർച്ച് മുതൽ നേരിട്ട അടച്ചുപൂട്ടലും തുടർന്നുള്ള അസ്ഥിരതയും, ഇപ്പോഴത്തെ രണ്ടാംതരംഗത്തെ തുടർന്ന് പല സംസ്ഥാനങ്ങളും ഏർപ്പെടുത്തിയിരിക്കുന്ന കടുത്ത നിയന്ത്രണങ്ങളോ അടച്ചുപൂട്ടലോ ഈ സ്ഥിതി കൂടുതൽ വഷളാക്കികൊണ്ടിരിക്കുകയാണ്.

ഇന്ത്യയിൽ ദിവസവരുമാനം 150 രൂപയോ അതിൽകുറവോ ഉള്ള ദരിദ്രരുടെ എണ്ണം കഴിഞ്ഞ ഒരുവർഷ കാലയളവിൽ 6 കോടിയിൽ നിന്നും 13.4 കോടിയായി വർദ്ധിച്ചു. ദാരിദ്ര്യത്തിനെതിരായ പോരാട്ടത്തിന്റെ കാര്യത്തിൽ രാജ്യത്തിന്റെ ശ്രമങ്ങളുടെ ദൗർബല്യങ്ങളാണ് ഇത് വെളിപ്പെടുത്തുന്നത്. രാജ്യത്തിന്റെ നഗരപ്രദേശങ്ങളിലെ ദശലക്ഷക്കണക്കിന് ആളുകളും  ദാരിദ്ര്യരേഖയ്ക്ക് താഴെയായി മാറിയിട്ടുണ്ട്. 2019 ൽ രാജ്യത്തെ ദരിദ്രരുടെ എണ്ണം 364 ദശലക്ഷമാണെന്ന് ഐക്യരാഷ്ട്രസഭ കണ്ടെത്തിയിരുന്നു, അതായത് ജനസംഖ്യയുടെ 28 ശതമാനം. കോവിഡ് 19 പ്രതിസന്ധി ഈ പ്രതിഭാസത്തെ കൂടുതൽ സങ്കീർണതയിലേക്ക് നയിക്കുകയാണ്. ലോകബാങ്ക് ഡാറ്റ ഉപയോഗിച്ച് യു.എസ്സ് ആസ്ഥാനമായ പ്യൂ റിസർച്ച് സെന്റർ നടത്തിയ പഠനത്തിൽ പ്രതിദിനം 2 ഡോളറോ



അതിൽ കുറവോ വാങ്ങൽ ശേഷിയുള്ള ഇന്ത്യയിലെ ദരിദ്രരുടെ എണ്ണം ഒരു വർഷത്തിനുള്ളിൽ 60 ദശലക്ഷത്തിൽ നിന്ന് 134 ദശലക്ഷമായി വർദ്ധിച്ചു. ലോകത്തിൽ ഏറ്റവും വേഗതയോടെ ദാരിദ്ര്യം കുറച്ചുകൊണ്ടിരുന്ന നമ്മുടെ രാജ്യം 45 വർഷത്തിനുശേഷം ഒരു വർഷത്തിൽ ഏറ്റവും കൂടുതൽ ദരിദ്രരെ സൃഷ്ടിക്കുന്നു. ഇതോടെ, 1970 കൾക്കു ശേഷം ദാരിദ്രനിർമ്മാർജ്ജനത്തിൽ ഇന്ത്യയുടെ ക്രമേണയുള്ള പുരോഗതി സ്തംഭിച്ചു. ഇന്ത്യയിലെ ആകെയുള്ള അസമത്വ ത്തിന്റെ ഭൂരിഭാഗവും ഗ്രാമീണ മേഖലകളിലും നഗരബ്ലോക്കു കളിലും പ്രാദേശികതലത്തിലുമുള്ളതാണ്. പ്രാദേശിക തലത്തിലുള്ള അസമത്വവും അതിന്റെ മാറ്റത്തിന്റെ ദിശയും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്തമാണ്. 1990 കളുടെ തുടക്കത്തിലും 2000ത്തിലും ഇന്ത്യയിലും ചൈനയിലും വരുമാന അസമത്വം ഗണ്യമായി ഉയരാൻ തുടങ്ങിയപ്പോൾ, ചൈന സ്ഥിരതകൈവരിക്കുകയും ഇന്ത്യ തൽസ്ഥിതി തുടരുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ലോകത്തിലെ അതിവേഗം വളരുന്ന സമ്പദ്വ്യവസ്ഥകളി ലൊന്നായി ഇനിയും ഉയർന്നുവരാനുള്ള വിഭവ ശേഷി ഇന്ത്യക്ക് കൈമുതലായി ഉണ്ടെങ്കിലും, ഇപ്പോഴത്തെ നയ പാളിച്ചകളും ആസൂത്രണമില്ലായ്മയും കാരണം ലോകത്തിലെ ഏറ്റവും അസമത്വമുള്ള രാജ്യങ്ങളിലൊന്നായി നാം മാറും. ഇപ്പോൾ വളർന്നുവരുന്ന അസമത്വങ്ങൾ ഒരു ധാർമ്മിക പ്രശ്നം മാത്രമല്ല. അവ ഉപഭോഗം ഇല്ലാതാക്കുകയും നമ്മുടെ ദീർഘകാല വളർച്ചാ സാധ്യതകളെ ബാധിക്കുകയും ചെയ്യും. എന്നാൽ വളരെ നിർഭാഗ്യകരമെന്ന് പറയട്ടെ ദാരിദ്ര്യത്തെ ക്കുറിച്ചോ അസമത്വത്തെക്കുറിച്ചോ തൊഴിലില്ലായ്മയെക്കുറിച്ചോ വരുമാനത്തിലും ഉപഭോഗത്തിലുമുള്ള തകർച്ചയെക്കുറിച്ചോ സർക്കാർതലത്തിൽ കാര്യമായ ചർച്ചകളോ ഉചിതമായ പദ്ധതികളോ അടിയന്തിര നടപടികളോ ഉണ്ടാവുന്നില്ല. പ്രകൃതിയേയും മനുഷ്യനേയും അവഗണിച്ചുകൊണ്ടുള്ള ഇടപെടലുകൾ രാജ്യത്ത് ദിനംതോറും കൂടുതൽ ദരിദ്രരെ സൃഷ്ടിക്കുകയാണ്. രണ്ടാം തരംഗംമൂലം ഉണ്ടായ ഈ പ്രതികൂല സാഹചര്യങ്ങളെ മറികട ക്കാൻ മാത്രമല്ല തുടർന്ന് ഉണ്ടാകാവുന്ന ആരോഗ്യപ്രതിസന്ധികളെ മുന്നിൽകണ്ട് സർക്കാർ പുതിയ പാൻഡെമിക് മാനേജുമെന്റ് പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യേണ്ടതുണ്ട്.

**ഭക്ഷ്യ അരക്ഷിതാവസ്ഥ**

കോവിഡ് 19 ന്റെ ആഘാതംമൂലം ആഗോള ഭക്ഷ്യ അരക്ഷിതാവസ്ഥയിൽ രൂക്ഷവും വ്യാപകവുമായ വർദ്ധനവുണ്ടായി. 2020 -21 ൽ കടുത്ത ഭക്ഷ്യ അരക്ഷിതാവസ്ഥ നേരിടുന്ന ആളുകളുടെ എണ്ണം കോവിഡ് വ്യാപനം മൂലം ഗണ്യമായി വർദ്ധിച്ചതായി കണക്കാക്കപ്പെടുന്നു. ഇത് മിക്കവാറും എല്ലാ രാജ്യങ്ങളിലെയും ദുർബലരായ ജനവിഭാഗത്തെ സാരമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. 2021 ലും 2022 ലും ഇത് തുടരുമെന്നാണ് ലോകബാങ്ക് നൽകുന്ന സൂചന. ഐക്യരാഷ്ട്ര സംഘടനയുടെ ലോക ഭക്ഷ്യപദ്ധതി (World Food Programme) പ്രവർത്തിക്കുന്ന 35 രാജ്യങ്ങളിലെ 2021 ഏപ്രിൽ വരെയുള്ള കണക്കുപ്രകാരം, 296 ദശലക്ഷം ആളു കൾ മതിയായ ഭക്ഷണമില്ലാത്ത വരാണ്. 2020 ഏപ്രിലിലെ കണക്കുമായി താരതമ്യം ചെയ്യുമ്പോൾ 111 ദശലക്ഷം ആളുകളുടെ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. 2020 ജനുവരി മുതൽ ആഗോള ഭക്ഷ്യവസ്തുക്കളുടെ വില 40% ഉയർന്നു. ചോളത്തിന്റെ വില 66 ശതമാനവും ഗോതമ്പിൻറെ വില 23 ശതമാനവും വർദ്ധിച്ചു. മറ്റ് ധാന്യങ്ങളുടെ വില 2020 ജനുവരിയിൽ ഉള്ളതിനേക്കാൾ 2021 ൽ 45% വർദ്ധിച്ചിട്ടുണ്ട്.

കോവിഡ് 19 പാൻഡെമിക് ഇന്ത്യയുടെ ദീർഘകാലമായുള്ള ഭക്ഷ്യസുരക്ഷയെ പ്രതിസന്ധിയിലാക്കിയിരിക്കുക യാണ്. ഇത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങളാണ് സൃഷ്ടിച്ചിരി ക്കുന്നത്, പ്രത്യേകിച്ച് ദരിദ്രരിലും ദുർബലജന വിഭാഗങ്ങളിലും ഭക്ഷ്യവസ്തു ക്കളുടെ ലഭ്യത, വിതരണം, സ്ഥിരത, ഉപയോഗം എന്നീ നാല് പ്രധാന ഘടകങ്ങളേയും ഇത് ദോഷകരമായി ബാധിച്ചിട്ടുണ്ട്. ദശലക്ഷക്കണക്കി നുവരുന്ന കുടിയേറ്റ തൊഴിലാളികളുടെ "ഒഴിഞ്ഞവയറുമായി" ജന്മനാടുകളിലേക്കുള്ള മൈലുകൾ നീണ്ട യാത്രകൾ ഇതിന്റെ തെളിവാണ്. രാജ്യത്തെ സർക്കാരിനു പോലും അത്തരമൊരു സാഹചര്യം മുൻകൂട്ടി കാണാനോ നേരിടാനോ സാധിച്ചില്ല. കോവിഡ് വ്യാപനം രൂക്ഷമായതോടു കുടി വിവിധങ്ങളായ കാരണങ്ങളാൽ വലിയ ഒരുവിഭാഗം ജനങ്ങളുടെ ഉപജീ വനമാർഗം നഷ്ടപ്പെടുകയും വരുമാനം കുറയുകയും തത്ഫലമായി അവർക്ക് ഭക്ഷണം ഉറപ്പാക്കാൻ പറ്റാതെയുമായി.

മഹാമാരിയിൽനിന്നുള്ള അതിജീവനം ഒരു ആരോഗ്യപ്രശ്നം മാത്രമല്ല. സമ്പദ്വ്യവസ്ഥകൾക്കും സമൂഹങ്ങൾക്കും സംഭവിക്കുന്ന ഗുരുതരമായ നാശനഷ്ടങ്ങളും മറികടക്കേണ്ടതുണ്ട്. ഇതിനുവേണ്ടി മനുഷ്യകേന്ദ്രീകൃത നയങ്ങളെ അടിസ്ഥാനമാക്കി വളരെ വിശാലവും സമഗ്രവുമായ പ്രവർത്തനങ്ങളും ധനസഹായങ്ങളും അടങ്ങുന്ന ഏകോ പിതവുമായ അതിജീവനപദ്ധതികൾ നമുക്ക് ആവശ്യമാണ്.



# Lakshadweep: A Tale of Development, Dispossession and Democracy



Shamna Narayanan E.K

> No man is an island entire of itself; every man
> is a piece of the continent, a part of the main
>
> -John Donne



The 'island' is imagined as an absolutely undesirable space, a space of solitude, separation and disconnectedness from the rest of the world. The imagined island space oscillates between extremes idyllic/isolated, dreamy/mysterious, vulnerable/dangerous, haven/trap, innocence/criminality, utopia/dystopia and so on often leaving out the grey areas which are the lived experience of the islanders.

As all marginalised communities everywhere, the islanders have a minimal role in contributing to global warming, but they do bear the brunt of the climate crisis the most. In 2001 the United Nation's Intergovernmental Panel on Climate Change (IPCC) predicted that global sea level would rise by 9-85 cms by 2100, thereby making low lying islands like Maldives uninhabitable. Maldivian President Mohamed Nasheed and ministers holding an underwater cabinet meeting in 2009, ahead of the UN climate change meeting in Copenhagen, was a wake-up call for the world and a cry for global cooperation in mitigating climate crisis. Worldwide, islands have become the centre of climate discussions, but in India we had a different discussion around our islands.

India's coral islands, the Union Territory of Lakshadweep, was the centre of controversy after the appointment of the new Administrator Praful Khoda Patel in December 2020, scandalous for demolishing the houses, evicting and displacing the indigenous fisher community in Daman in 2019, coercing Kannan Gopinathan in 2019 elections, for abetting the suicide of the MP Mohan Delkar this year. His relaxing of the quarantine measures initiated the Covid episode in Lakshadweep which was Covid free for a year, even when every other part of the country was affected. This was the first trigger of unrest in the archepelago. What followed was just chaos, myriad Covid cases, many deaths, new draconian laws, massive protests, primetime news debates for months and so on. The new administration's 'development' policies with crony capitalist interests and their iron-handed hasty implementation without any democratic consensus demonstrated poignantly the dangers that the Hindutwa state can pose to our democracy.



The latest crisis of democracy that Lakshadweep faced was infact just a ripple effect of neoliberal policies that were adopted at a global level years back. In his paper "Blue Growth: Savior Or Ocean Grabbing?" Mads Barbesgaard observes that in 2015 myriad international conferences on 'Invest in the Blue Economy' and 'blue growth' were held in which the key actors among various environmental organisations like World Wide Fund for Nature were, the financial sector including World Bank, Credit Suisse, Goldman Sachs and even military companies like Lockheed Martin. He observes: "In the run-up to the WOS (World Ocean Summit), luring reports like 'The Ocean Prosperity Roadmap' were put out giving guidance to decision-makers on marine and coastal resource management strategies that purportedly would 'maximise economic, conservation and societal benefit'. With the coinciding claim from WWF that the ocean's 'economic powerhouse' could be valued at USD 24 trillion, such strategies were deemed crucial." The Indian government also invited international and Indian corporates to invest in this growing blue economy. Since 2014, 'blue revolution' and 'blue economy' have been favourite buzzwords of the Prime Minister, Narendra Modi. But over the years these Blue economic policies that are aimed at capitalising the ocean resources and using the coast for developmental activities to aid the process have resulted in dispossessing the coastal communities of their right to land, sea and livelihood.

The fate of the indigenous population of Diego Garcia, an island in the Chagos archipelago, who were forcibly displaced to Seychelles and Mauritius islands between 1960s and 70s for the US to set up a military base in the British occupied island, is just one among many such examples world wide. This strategic base in the southern Indian Ocean was pivotal in the US operations in Iraq and Afghanistan. The covert and unlawful transfer of power from traditional colonialists to neocolonialists resulted in the dispossession of the islanders who had already been uprooted from their homelands generations back by the British for coconut plantation works. The Chagossians have been fighting for justice since long and in 2019 the International Court of Justice ruled in favour of their right to return to their island and to decolonise the Chagos archipelago. But the US and UK have no plans to comply yet. Following a rather similar strategy, India signed an MoU with Mauritius in 2015 for the improvement of sea and air transport facilities at Agalega islands of Mauritius in the guise of ameliorating the conditions of the inhabitants of the remote island and the islanders fear a similar fate awaiting them as that of the Chagossians. The Indian state which is notorious for fighting its own people, be it in central India, north-east India or Kashmir has now found a territory for expanding the corporate-state nexus. Hence the fate of Chagossians, the same fate that Agalegans fear, might be the remote future for Lakshadweepians

"Since 2014, 'blue revolution' and 'blue economy' have been favourite buzzwords of the Prime Minister, Narendra Modi. But over the years these Blue economic policies that are aimed at capitalising the ocean resources and using the coast for developmental activities to aid the process have resulted in dispossessing the coastal communities of their right to land, sea and livelihood."



Even very basic requirements like communication and transportation facilities or better healthcare and educational infrastructure that the island population has been demanding since long have often been disregarded or been stuck in bureaucratic red tapism or tied up in environmental regulations. But all these obstacles suddenly vanish when corporates and the Hindutwa state embark on a mission to make Lakshadweep a tourism paradise. The Administration is going ahead with the Maldives model villa project even though environmentalists have pointed out that it will be too heavy in terms of the carrying capacity of the islands and also the ecological damage it can cause to the coral reefs. This year the Administration invited global tender for building 230 beach villas and 140 water villas in Suheli, Minicoy and Kadmat islands, the former uninhabited and the latter two inhabited islands. In addition to being a threat to the environment these villas will interfere with the traditional sustainable pole and line fishing practices of the islanders as in losing fishing spots, standing in the way of the entry/exit routes of fishing boats, loss of landing and post harvest area on the beaches etc. Under the new circumstances the islanders will be forced to leave their non-exploitative sustainable fishing techniques which have been crucial in preserving the ecological balance. Marine biologists have noted that Maldivian villa tourism even in uninhabited and artificial islands is suffocating the reef ecosystem. Maldives amended its constitution and allowed foreign investors to hold freehold land for a minimum investment of 1 billion dollars and due to corrupt and weak governance the investors have started claiming more land and reef areas. Though Maldives always promotes itself as the eco-tourism destination, the Maldives model is best example that unregulated corporate capitalism can never support sustainable development as its existence is depended on enhancing its territory. This model is also about how top politicians from President to ministers amassed millions from corporate deals instead of the money going to public funds. And this is the model the Indian government has decided to adopt for one of its most vulnerable territories.

The idea of unscrupulous development is often sugar-coated by prefixing the word 'sustainable' before 'development' when the only thing sustained is exploitation of the underprivileged communities for the resources they helped conserve for generations. The idea of sustainable development as such is not an impossibility. But it requires the state to ensure democratic participation of the people as equal stakeholders as the corporates, right from policymaking, to planning, to implementing. Else it will be unequal development leading in the concentration of wealth with some and extreme deprivation of many. As opposed to the traditional idea of conserving nature from human beings, no conservation is truly meaningful without considering the dependant people and their livelihood.

Capitalising on the resources of the island ecosystem and transforming the island into a commercialised and militarised space bypassing all democratic procedures for such drastic measures would only result in the dispossession of the islanders and in converting the land and sea and its resources into commodities for corporate exploitation. The Administration's attempts to appropriate the land of islanders with the cunning clauses in the Draft Lakshadweep Development Authority 2021 (LDAR) is a clear sign of the state's plan to convert the spaces of domicile and sites of boat landing and harvesting as state property which can be either leased or sold to corporates for tourism or used by the state for administrative or military purposes. These regulations alienate the islanders from their own land and make them land grabbers if they did not pay heavy rent for the land in which they have been living for centuries. These regulations violate the very basis of the condition of development activities in the island, which is the Integrated Island Management Plan as per the Island Protection Zone (IPZ) notification of 2011 that clearly say that the local self government should be consulted in all such matters.

There was an onslaught of legal reformations this year, many of them were blatantly opposed to the cultural, religious and livelihood practices of the islanders like; omitting meat from the midday meal menu of school students, the Animal Preservation Regulation banning the import of Beef to the islands and restrictions on even temporary sheds for fishing related activities along the shore like boat landing or fish processing, cutting off ties with Kerala and moving major



shipping connections to Mangalore, shifting the jurisdiction to Karnataka High Court and most importantly, the Panchayat Regulation taking away all the major decision making powers of the Panchayat in sectors like Health and Education. The Administration has started efforts to severe the relationship with the Education sector in Kerala as far as possible. Many courses under the Calicut University Centres have been discontinued blaming poor results and low admissions and new courses have been started under Pondicherry University this year. A record number of dismissals of contract employees have taken place this year in every Department in all the islands in the name of Covid related austerity and even regular Government employees have been threatened



to lose their job if they protest against government policies on the pretext of performance analysis. This attempt to make the islanders economically weak is a tricky way to control them.

Another tactic the Administration used to control the dissent among the people was to agitate them by forcefully trying to implement the new laws arbitrarily and then characterise the otherwise peace-loving people of Lakshadweep as terrorists charging the protestors with Prevention of Anti-Social Activities Regulation (PASA) and Unlawful Activities Prevention Act (UAPA). An incident where drugs and AK-47 rifles were confiscated from a Srilankan boat near Minicoy, an island in Lakshadweep, was used by the Administration to add to this image and to diminish the support for the protests, though there was no evidence of any involvement of any Lakshadweepian or any connection with the islands.The fact that the entire native population of Lakshadweep is Muslim, made it an easy and favoured target for the Hindutwa state to put the terrorist tag and for the mainstream public to believe such official narratives.

Lakshadweep, as a region has always been stereotyped in the popular narratives as easily susceptible to terrorist activities. Be it in the movies like *Sinjar, Malik,* or even in a Netflix series *The Family Man* the terrorism links of islanders or terrorists using the island as a hideout have a common pattern. In the National award winning movie *Sinjar* the plot revolves around the life of two Lakshadweepian women Suhra and Fida who are rescued from ISIS and brought back to the Island. Two Lakshadweepian women Ayisha Sulthana and Faseela Ibrahim were under the 'anti-national' radar of our mainstream media and public for months for voicing their dissent. Incidentally, we can remember the two Maldivian women, Mariyam Rasheeda and Fousia Hassan who were arrested in Kerala in the ISRO espionage case in 1994 and tortured by police and media alike for years. Their island identity had made them extremely vulnerable in the far off foreign mainland. The real life implications of such racist island narratives can be life changing for the islanders.

In such precarious circumstances what is the way forward for Lakshadweep? Gail Omvedt opines in her “Capitalism and Globalisation, Dalits and Adivasis” that the most progressive demand against the threat of the increasing extraction of natural resources and their channelling to the world market via multinationals, the state and local power holders, is gaining local control over the forest and its resources and she cites the example of the North eastern hill peoples who have community control over their resources unlike the adivasis elsewhere in India, thereby




having a better standard of living. Until the advent of the new laws the situation was similar for Lakshadweep also as the islanders had more or less control over their resources both in land and sea as they were protected as Scheduled Tribes; outsiders could not own land or businesses there, they had autonomy over the resources in the sea though they did not have much bargaining power in the international market. If the government really cared about the welfare of the islanders they should intervene proactively in trade regulations and ensure that the island fishers get their due profit as per the international standards, they should encourage in entrepreneurship among islanders in tourism or in processing their fish or other natural resources sustainably. Rather than constructing new villas in small islands with high population density, onboard tourism or home stay tourism can be promoted. Apart from exploiting and burdening the island ecology the new proposed Villa projects will only exploit the islanders' labour largely for menial jobs and further alienate them from any meaningful development. Any sustainable tourism project in the islands should involve the partnership of the islanders or else will lead to ecological disaster and human rights crisis. And again everything comes back to the big question of democracy in the islands, or the lack of it. Being a Union Territory, Lakshadweep, without a legislative assembly, the islanders do not have much say in their governance. Now with the Panchayat Regulation any sense of self governance or self determination is also lost forever.

Therefore, the new developmental policies transform Lakshadweep from a space where the islanders were peacefully dwelling engaged in fishing and coconut farming to a commodity that is marketable, a territory that is owned by the state and a strategic outpost for India to enhance its geopolitical control over the Indian ocean by deftly dispossessing the islanders. The democratic resistance by 'Save Lakshadweep Forum' and the political parties in the island, very few favourable interim judicial interventions and the unflinching support extended by neighbouring states of Kerala and Tamil Nadu who have historical ties with the island communities are only some rays of hope in the bleak skies of the future of Lakshadweep. But more than anything, what has kept the people of Lakshadweep together all these years and will in the years to come is their undying spirit of resilience and survival. With that spirit, the islands which have always been thought of as peripheral to the nation, can take the vanguard of people's struggle for democracy in the country. In solidarity with that spirit.



*Photo Courtesy: Muhammed Sajid Amini*

# ജനാധിപത്യം പുലരാത്ത ദ്വീപുകൾ



അലിക്കുട്ടി ബീരാഞ്ചിറ

"അഡ്മിനിസ്ട്രേറ്റർ യജമാനി
രാമുണ്ണിരാജൻ ബഹുമാനി
ദ്വീപുകൾക്കെല്ലാം അധികാരി
രാമുണ്ണിരാജൻ ബഹുമാനി"

ലക്ഷദ്വീപിലെ ഏറ്റവും ജനകീയനായ അഡ്മിനിസ്ട്രേറ്റർ മൂർക്കോത്ത് രാമുണ്ണിയെ കുറിച്ച് അറുപതുകളിലെ ദ്വീപ്നിവാസികൾ വിളിച്ച മുദ്രാവാക്യമാണിത്. പ്രഥമ ദ്വീപ്പര്യടനത്തിൽത്തന്നെ എസ്കോർട്ടിനുവന്ന പോലീസുകാരെയെല്ലാം തിരിച്ചയച്ച് ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിവന്നയാളായിരുന്നു അദ്ദേഹം. എന്നിട്ടും ദ്വീപുകാർക്ക് അദ്ദേഹം രാജാവായി. അദ്ദേഹത്തിനു മുമ്പും ശേഷവും വന്ന എല്ലാ അഡ്മിനിസ്ട്രേറ്റർമാരും ദ്വീപിലെ രാജാക്കന്മാരായിരുന്നു. ഏതു അഡ്മിനിസ്ട്രേറ്റർ വന്നാലും ഡോളിപ്പാട്ടും പരിചക്കളിയും ഒലക്കമുട്ടും കോൽക്കളിയുമൊക്കെയായി ദ്വീപുകാർ സ്വീകരിച്ചാനയിക്കും. 2006-2009 കാലത്ത് അഡ്മിനിസ്ട്രേറ്ററായിരുന്ന ബി.വി. ശെൽവരാജ് ഇക്കൂട്ടത്തിൽ കേമനായിരുന്നു. കൊട്ടും കുരവയുമില്ലാതെ (ആന ദ്വീപുകളിൽ ഇല്ലാഞ്ഞതു ഭാഗ്യം!) പുറത്തിറങ്ങി നടക്കുന്നത് അദ്ദേഹത്തിനു ഇഷ്ടമല്ലായിരുന്നു.

ലക്ഷദ്വീപിലെ ഈ രാജവാഴ്ച്ച ചരിത്രപരമായ ഒരു തുടർച്ചയാണ്. നികുതിപിരിക്കാനും ദ്വീപുത്പന്നങ്ങൾ ശേഖരിക്കാനുമായി ചിറക്കൽരാജാവ് അയച്ച 'പട്ടലോർ'മാരും പിന്നീട് അറയ്ക്കൽഭരണത്തിന്റെ പ്രതിനിധികളായെത്തിയ 'കാര്യക്കാ'രും ദ്വീപിലെ രാജാക്കൻമാരായി തന്നെയാണ് വാണിരുന്നത്. വടക്കൻദ്വീപുകളിൽ ടിപ്പുവിന്റെ കാലത്ത് ആരംഭിച്ച 'മനേഗാർ' എന്ന ഉദ്യോഗസ്ഥഭരണം അധികച്ചുമതലകളോടെ ബ്രിട്ടീഷ്ഭരണകാലത്തും തുടർന്നു. തെക്കൻദ്വീപുകളിൽ കച്ചേരി കാരണവൻമാരുടെ സഹായത്തോടെയുള്ള 'ആമീൻ'ഭരണമായിരുന്നു നിലനിന്നിരുന്നത്. ഇവരെയെല്ലാം ഭയഭക്തിബഹുമാനത്തോടെയല്ലാതെ ദ്വീപുകാർ നോക്കികണ്ടിട്ടില്ല. 1956ൽ കേന്ദ്രഭരണ പ്രദേശമായതു മുതലാണ് രാഷ്ട്രപതിയുടെ പ്രതിനിധികളായ അഡ്മിനിസ്ട്രേറ്റർമാർ ദ്വീപിലെ ഭരണാധിപൻമാരാകുന്നത്. ജനാധിപത്യത്തിന്റെ വെളിച്ചം ഒട്ടും കടത്തിവിടാതെ, എല്ലാ അധികാരങ്ങളും ഒരാളിൽ കേന്ദ്രീകരിക്കുന്ന കൊളോണിയൽ ഭരണസമ്പ്രദായമാണിത്. ഇന്ത്യ ഒരു സ്വതന്ത്ര പരമാധികാര റിപ്പബ്ലിക്ക് ആയിട്ട് ഏഴുപതിറ്റാണ്ടു പിന്നിട്ടെങ്കിലും ലക്ഷദ്വീപിലെ ഭരണരംഗത്തിപ്പോഴും രാജഭരണത്തിന്റെ ഹാങ്ങോവർ നിഴലിച്ചു നിൽക്കുകയാണ്. അതുകൊണ്ടുതന്നെ

ജനങ്ങളുടെ ഇച്ഛകളേക്കാൾ അഡ്മിനിസ്ട്രേറ്റർമാരുടെ താൽപര്യങ്ങളാണ് ലക്ഷദ്വീപിൽ നടപ്പിലാവുന്നത്.

കടലിനുനടുവിൽ ഒറ്റപ്പെട്ടുപോയ മനുഷ്യരുടെ നിസ്സഹായതയാണ് ഭരണരംഗത്തെ ഈ രാജകീയചൂഷണത്തിന്റെ മൂലകാരണം. ജീവിക്കാനായി പണ്ടുതൊട്ടേ ലക്ഷദ്വീപുകാർക്ക് മറ്റുള്ളവരെ ആശ്രയിക്കേണ്ടിവന്നു. മീനും തേങ്ങയും ഒഴികെയുള്ള സകലമാനസാധനങ്ങളും കരയിൽനിന്നു വരണം. അമിനി, ആന്ത്രോത്ത് ദ്വീപുകളിൽ മുമ്പ് ചെറിയതോതിൽ നെൽകൃഷി ഉണ്ടായിരുന്നെങ്കിലും മണ്ണിന്റെ പ്രത്യേകത കൊണ്ട് അധികകാലം നിലനിന്നില്ല. അരിക്കുപകരം കയർ എന്ന കൈമാറ്റ വ്യവസ്ഥയിലൂന്നിയാണ് ഒരുകാലത്ത് ദ്വീപുകാർ ജീവിച്ചിരുന്നത്. കൊപ്രയും കയറുമായി കരയിലെത്തിയവർക്കൊന്നും അവയുടെ മൂല്യത്തിനസരിച്ചുള്ള ധാന്യങ്ങൾ അന്നു ലഭിച്ചിരുന്നില്ല. ഈ ചൂഷണാധിഷ്ഠിത കൈമാറ്റവ്യവസ്ഥ വളർന്ന്, പൂർണ്ണമായും വൻകരയെ ആശ്രയിച്ച് ജീവിക്കുന്ന ഉപഭോക്തൃ സമൂഹമായി ദ്വീപുകൾ പരിണമിച്ചു. മെച്ചപ്പെട്ട ആരോഗ്യ-വിദ്യാഭ്യാസ സൗകര്യങ്ങൾക്ക് കരയിൽ വരികയല്ലാതെ വഴിയില്ല. മത്സ്യബന്ധനവും തെങ്ങ് അനുബന്ധതൊഴിലുമല്ലാതെ മറ്റു ജീവിതമാർഗ്ഗങ്ങൾ കുറവ്. കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കുന്ന വലിയ വ്യവസായശാലകൾ തുടങ്ങാൻ കഴിയുന്ന ഭൗതിക സൗകര്യങ്ങളും അവിടെയില്ല. കടലിനു നടുവിലെ പരിമിതമായ സൗകര്യങ്ങൾ ക്കകത്തു ജീവിക്കുന്ന ദ്വീപുകാരുടെ നിസ്സഹായതയെ രാജഭരണകാലം തൊട്ട് പുറത്തുനിന്നുവന്നവർ ചൂഷണം ചെയ്യുകയാണ്. രാജാവിനെയും സർക്കാരിനെയും എതിർത്താൽ പട്ടിണി മാത്രമാണ് മിച്ചമാവുക. ജീവിതം വഴിമുട്ടിപ്പോകുമെന്നോർത്ത് ഒന്നിനെയും എതിർക്കാതെ, എല്ലാം സഹിച്ച് അവർ ഇപ്പോഴും ജീവിക്കുന്നു. എല്ലാ അധികാരക്രമങ്ങളോടും നൂറ്റാണ്ടുകളായി അവർ വിധേയപ്പെട്ടുകഴിയുകയാണ്. അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമാവാൻ അതല്ലാതെ ദ്വീപുകാർക്ക് വഴിയുണ്ടായിരുന്നില്ല. അവർക്കൊപ്പം നിൽക്കാൻ കഴിയുന്ന ഒരു ജനാധിപത്യസംവിധാനവും നാളിതുവരെ അവിടെ പുലർന്നിട്ടില്ല.

1947 ആഗസ്റ്റ് 15 മുതൽ 1956 നവംബർ 1 വരെ ലക്ഷദ്വീപ് മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു. 1952ൽ മദിരാശി അസംബ്ലിയിലേക്കു നടന്ന തെരഞ്ഞെടുപ്പാണ് ലക്ഷദ്വീപിന്റെ ജനാധിപത്യചരിത്രത്തിലെ ആദ്യ ചുവടുവെപ്പ്. കോഴിക്കോട് ഉൾപ്പെടുന്ന ചേവായൂർ മണ്ഡലത്തിന്റെ ഭാഗമായിരുന്നു അന്ന് ലക്ഷദ്വീപ്. ദ്വീപുകളിലെ ഭൂരിപക്ഷം വോട്ടും ലഭിച്ച കോൺഗ്രസ് സ്ഥാനാർത്ഥി അപ്പുവായിരുന്നു ആ തെരഞ്ഞെടുപ്പിൽ വിജയിച്ചത്. കേന്ദ്രഭരണ പ്രദേശമായി പ്രഖ്യാപിച്ചതിനെതുടർന്ന് 1957ൽ ആന്ത്രോത്തിൽ നിന്നുള്ള കെ. നല്ലകോയതങ്ങളെ ഇന്ത്യൻ പാർലമെന്റിലേക്ക് നോമിനേറ്റ് ചെയ്തു. 1967 വരെ അദ്ദേഹമായിരുന്നു പാർലമെന്റിൽ ലക്ഷദ്വീപിനെപ്രതിനിധീകരിച്ചത്. മൂർക്കോത്ത് രാമുണ്ണി അഡ്മിനിസ്ട്രേറ്ററായി



എത്തിയതുമുതലാണ് (1961) ലക്ഷദ്വീപിന്റെ ഭരണകേന്ദ്രം കവരത്തിയിലേക്ക് മാറ്റുന്നത്. അതുവരെ കോഴിക്കോടായിരുന്നു ഭരണത്തിന്റെ ആസ്ഥാനം. ജനപ്രതിനിധികളെ നോമിനേറ്റ് ചെയ്യുന്ന രീതി അവസാനിപ്പിച്ച് 1967ൽ നടന്ന ലക്ഷദ്വീപിലെ ആദ്യലോകസഭാ തെരഞ്ഞെടുപ്പിൽ സ്വതന്ത്രനായി മത്സരിച്ച പി.എം സെയ്ദ് വിജയിച്ചു. പിന്നീടദ്ദേഹം കോൺഗ്രസ് പാർട്ടിയിൽ ചേർന്നു.1967 മുതൽ 2004 വരെ ദീർഘകാലം അദ്ദേഹം ലോകസഭയിൽ

> കടലിനു നടുവിലെ പരിമിതമായ സൗകര്യങ്ങൾ ക്കകത്തു ജീവിക്കുന്ന ദ്വീപുകാരുടെ നിസ്സഹായതയെ രാജഭരണം കാലം തൊട്ട് പുറത്തുനിന്നുവന്നവർ ചൂഷണം ചെയ്യുകയാണ്. രാജാവിനെയും സർക്കാ രിനെയും എതിർത്താൽ പട്ടിണി മാത്ര മാണ് മിച്ചമാവുക. ജീവിതം വഴിമുട്ടിപ്പോ കുമന്നോർത്ത് ഒന്നിനെയും എതിർക്കാ തെ, എല്ലാം സഹിച്ച് അവർ ഇപ്പോഴും ജീവിക്കുന്നു.

ലക്ഷദ്വീപിന്റെ പ്രതിനിധിയായി. ദ്വീപിൽ വികേന്ദ്രീകൃത ജനാധിപത്യം വിപുലപ്പെടുത്തുന്നതിനായി അദ്ദേഹം നിരന്തരം ഇടപെട്ടു. എന്നാൽ പൂർണാർത്ഥത്തിൽ അതെല്ലാം വിജയമായി എന്നു പറയാനാവില്ല. 2014 മുതൽ നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടിയിൽപെട്ട മുഹമ്മദ് ഫൈസലാണ് ലക്ഷദ്വീപിൽ നിന്നുള്ള എം.പി.

ജനാധിപത്യവ്യവസ്ഥയിൽ പരമപ്രധാനമായ സ്ഥാനമാണ് നിയമനിർമ്മാണ സഭകൾക്കുള്ളത്. എന്നാൽ കേന്ദ്ര ഭരണപ്രദേശങ്ങളായ ഡൽഹിയിലും പുതുച്ചേരിയിലുമെല്ലാം ഉള്ളതുപോലെ ഒരു നിയമനിർമ്മാണസഭ ലക്ഷദ്വീപിലില്ല. രാഷ്ട്രപതിക്കുവേണ്ടി എക്സിക്യൂട്ടീവിന്റെ തലവനായി അഡ്മിനിസ്ട്രേറ്റർ പ്രവർത്തിക്കുന്നു. എല്ലാ അധികാരങ്ങളും ഇവിടെ ഒരാളിൽ തന്നെ കേന്ദ്രീകരിക്കപ്പെടുകയാണ്. ജനാധിപത്യത്തെ നേർവഴിക്കുനടത്തുന്ന നാലാംതൂണായ മാധ്യമങ്ങളും ദ്വീപിലില്ല. ഭൂമിശാസ്ത്രപരവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകളാണ് അതിനുകാരണം. കേന്ദ്രഭരണപ്രദേശമായതിനെതുടർന്ന് അഡ്മിനിസ്ട്രേറ്ററെ സഹായിക്കാൻ ഒരു ഉപദേശക സമിതി രൂപീകരിച്ചിരുന്നു. ഭരണകർത്താക്കൾക്ക് തങ്ങളുടെ ഇഷ്ടക്കാരെ തിരുകിക്കയറ്റാൻ കഴിഞ്ഞിരുന്ന ഒട്ടും ജനാധിപത്യസ്വഭാവമില്ലാത്ത ബോഡിയായിരുന്നു അത്. ദ്വീപിലെ



അടിസ്ഥാനസൗകര്യവികസനത്തിന് അഡ്മിനിസ്ട്രേറ്റർമാർക്ക് ദിശാബോധം നൽകാൻ ഈ നോമിനേറ്റഡ് സമിതിക്ക് കഴിഞ്ഞിരുന്നില്ല. അതുകൊണ്ടുതന്നെ അഡ്മിനിസ്ട്രേറ്റർ ഭരണം തികഞ്ഞ ഏകാധിപത്യ സമ്പ്രദായമായി പരിണമിച്ചു.

പ്രദേശവാസികളെല്ലാം പട്ടിക വർഗ്ഗക്കാരായതു കൊണ്ട് ഭരണനിർവഹണരംഗത്തും മറ്റും ദ്വീപുകാർക്ക് ലഭിക്കേണ്ട നിയമപരമായ അവകാശങ്ങൾ കൃത്യമായി ലഭിച്ചിട്ടില്ല. വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ അമ്പതുശതമാനം പട്ടികവർഗ്ഗക്കാർ ജീവിക്കുന്ന പ്രദേശത്ത് ഒരു ട്രൈബൽ കൗൺസിൽ രൂപീകരിക്കണമെന്ന് ഭരണഘടനയുടെ  ആറാം ഷെഡ്യൂൾ അനുശാസിക്കുന്നുണ്ട്.ആ പ്രദേശത്തു ഏതെങ്കിലും തരത്തിലുള്ള ചട്ടങ്ങളും നിയമങ്ങളും കൊണ്ടുവരാൻ ഈ കൗൺസിലിന്റെ അംഗീകാരമില്ലാതെ കഴിയുകയില്ല. കേന്ദ്ര ഭരണപ്രദേശമായ ആന്തമാൻ നിക്കോബാർ ദ്വീപുകളിലും ഇന്ന് ഇത്തരം കൗൺസിലുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ നൂറുശതമാനവും പട്ടിക വർഗ്ഗക്കാർ അധിവസിക്കുന്ന ലക്ഷദ്വീപിൽ മാത്രം ഇതു നടപ്പിലായില്ല. 1990ൽ ലക്ഷദ്വീപിൽ ഐലന്റ് കൗൺസിലും പ്രദേശ്കൗൺസിലും രൂപീകരിക്കുന്നത് ഈ ഒരു ലക്ഷ്യം മുൻനിർത്തിയായിരുന്നെങ്കിലും അന്നത്തെ ഭരണകൂടം അത് അട്ടിമറിച്ചു. അഡ്മിനിസ്ട്രേറ്റർമാരുടെ അതിരുകവിഞ്ഞ ഇടപെടലുകളെ നിയമപരമായി ചെറുത്തുതോൽപ്പിക്കാൻ കഴിയുന്ന സംവിധാനമാണ് ട്രൈബൽ കൗൺസിൽ എന്ന തിരിച്ചറിവ് രാജാക്കൻമാരായി വാണ ദ്വീപിലെ അഡ്മിനിസ്ട്രേറ്റർമാർക്കുണ്ടായിരുന്നു.

പരിമിതമായ അധികാരത്തോടെയാണെങ്കിലും ജനവാസമുള്ള പത്തുദ്വീപുകളിലും ഐലന്റ് കൗൺസിലുകൾ രൂപീകരിച്ചു. എല്ലാ ഐലന്റ് കൗൺസിലിൽ നിന്നും ജനസംഖ്യയനുസരിച്ച് രണ്ടോ മൂന്നോ പേരെ ഉൾപ്പെടുത്തി പ്രദേശ് കൗൺസിലും നിലവിൽ വന്നു. അതോടെ നേരത്തെ ഉണ്ടായിരുന്ന നോമിനേറ്റു ചെയ്യപ്പെട്ടിരുന്ന ഉപദേശകസമിതികൾ ഇല്ലാതായി. അഡ്മിനിസ്ട്രേറ്റർക്ക് ഭരണകാര്യങ്ങളിൽ ഉപദേശം നൽകാൻ പ്രദേശ്കൗൺസിലിലെ മൂന്ന്അംഗങ്ങളെ നിയമിച്ചു. 1998 ൽ ദ്വിതലപഞ്ചായത്ത് സംവിധാനം നിലവിൽ വന്നതോടെ ഐലന്റ് കൗൺസിലും പ്രദേശ് കൗൺസിലും ഇല്ലാതായി. പത്ത് ദ്വീപുകളിലും വില്ലേജ് പഞ്ചായത്തും എല്ലാ ദ്വീപുകൾക്കുമായി ഒരു ജില്ലാപഞ്ചായത്തും ഇന്ന് നിലനിൽക്കുന്നുണ്ട്. പ്രസിഡന്റ് കം ചീഫ് കൗൺസിലറാണ് ജില്ലാ പഞ്ചായത്തിന്റെ അധ്യക്ഷൻ. എന്നാൽ ദ്വീപിന്റെ മൊത്തം ഭരണനിർവഹണത്തിൽ ജില്ലാ പഞ്ചായത്തിനോ പഞ്ചായത്തുകൾക്കോ ഒരു റോളുമുണ്ടായിരുന്നില്ല. എല്ലാവകുപ്പുകളും ഉദ്യോഗസ്ഥഭരണത്തിനു കീഴിലായിരുന്നു. മൃഗസംരക്ഷണം, കൃഷി, ആരോഗ്യം, ഫിഷറീസ്, വിദ്യാഭ്യാസം എന്നീ അഞ്ചുവകുപ്പുകളിൽ ചെറിയതോതിൽ ഇടപെടാനുള്ള അധികാരം 2012ൽ ജില്ലാപഞ്ചായത്തിനു ലഭിച്ചു. എന്നാൽ പ്രഫുൽ ഖോഡ പട്ടേൽ അധികാരത്തിലേറിയ ശേഷം ഒറ്റ എക്സിക്യൂട്ടീവ് ഉത്തരവ് കൊണ്ട് ആ അധികാരങ്ങളെല്ലാം തിരിച്ചുപിടിച്ചു. അങ്ങനെ ലക്ഷദ്വീപിൽ ചെറിയതോതിലെങ്കിലും നിലനിന്ന ജനാധിപത്യം സമ്പൂർണ്ണ ഏകാധിപത്യത്തിനു വഴിമാറി.

ജനാധിപത്യസ്വഭാവം നഷ്ടപ്പെട്ടതുകൊണ്ട് ലക്ഷദ്വീപിന്റെ ഭൗതികസാഹചര്യങ്ങളോ ദ്വീപുനിവാസികളുടെ ആവശ്യങ്ങളോ മനസ്സിലാക്കിയുള്ള പദ്ധതികളും പ്രവർത്തനങ്ങളുമല്ല പലപ്പോഴും ഭരണകൂടത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നത്. അഡ്മിനിസ്ട്രേറ്റർമാരുടെ താൽപര്യങ്ങൾക്കനുസരിച്ചുള്ള തലതിരിഞ്ഞ പരിഷ്കാരങ്ങളാണ് എല്ലായ്പ്പോഴും നടപ്പിലാവുന്നത്. പ്രധാനമായും ബൈക്കും ഓട്ടോറിക്ഷയുമോടുന്ന ആളും ബഹളവുമില്ലാത്ത കോൺക്രീറ്റ് റോഡുകളാണ് ലക്ഷദ്വീപിലേത്.



മൂന്നോ നാലോ അടി മാത്രം വീതിയുള്ള ഈ റോഡുകൾ പത്തും പതിനാലും അടിയായി ഉയർത്തണമെന്നാണ് പുതിയ അഡ്മിനി കല്പിക്കുന്നത്. റോഡുമായി ബന്ധപ്പെട്ട് ഒരു മുൻ അഡ്മിനിസ്ട്രേറ്റർ നടപ്പിലാക്കിയ ഗതാഗത പരിഷ്കരണം കണ്ട് ദ്വീപുകാർ മൂക്കത്ത് വിരൽവെച്ചുപോയിട്ടുണ്ട്. ഗതാഗതകുരുക്ക് എന്താണെന്നുപോലും അറിഞ്ഞിട്ടില്ലാത്ത കവരത്തിയിലെ പ്രധാനനിരത്തുകളിൽ ട്രാഫിക്ലൈറ്റ് സ്ഥാപിക്കലായിരുന്നു ആ പദ്ധതി. ഒരു ഉപയോഗവുമില്ലാതെ,



അതു സ്ഥാപിച്ചവരെ അനുസ്മരിക്കുന്ന സ്മാരകങ്ങളായി അതിപ്പോഴും നോക്കുകുത്തികളായി കവരത്തിയിൽ ഉയർന്നുനിൽക്കുന്നുണ്ട്. അഴിമതിയുടെയും ധൂർത്തിന്റെയും ഉത്തമോദാഹരണങ്ങളാണ് ആ ലൈറ്റുകൾ. ദ്വീപിന്റെ ഭൂമിശാസ്ത്രവും സാംസ്കാരിക സവിശേഷതകളും മനസ്സിലാക്കിക്കൊണ്ടുള്ള ഒരു ജനകീയ വികസനമാതൃക സൃഷ്ടിക്കാൻ മിക്ക അഡ്മിനിസ്ട്രേറ്റർമാർക്കും കഴിഞ്ഞില്ല. ലക്ഷദ്വീപിൽ സഹകരണസംഘങ്ങൾ സ്ഥാപിച്ച് ജനാധിപത്യത്തിന്റെ പ്രഥമമാതൃക കാണിച്ചുതന്ന മൂർക്കോത്ത് രാമുണ്ണിയെ പോലുള്ള ചുരുക്കം ചിലർ ഇതിനു അപവാദമായി നിലകൊണ്ടു.

ഭരണകൂടത്തിന്റെ നിലപാടുകളോട് വിയോജിപ്പുകൾ ഒരുപാട് ഉണ്ടായിരുന്നെങ്കിലും അവക്കെതിരെ ഒരുമിച്ചുനിന്നു സംസാരിക്കാൻ ദ്വീപുകാർക്ക് കഴിയാതെ പോയതിനു നിരവധി കാരണങ്ങളുണ്ട്. ദ്വീപിലെ രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ രാഷ്ട്രീയമായ അജ്ഞത തന്നെയാണ് ഇതിൽ പ്രധാനം. ഏതെങ്കിലും പ്രത്യയശാസ്ത്രത്തിന്റെ തണലിലല്ല ഇവിടെ രാഷ്ട്രീയം ക്ലച്ചുപിടിച്ചത്. പലപ്പോഴും അത് വ്യക്തികേന്ദ്രീകൃതവും കുടുംബപരവുമായിരുന്നു.

റോഡുമായി ബന്ധപ്പെട്ട് ഒരു മുൻ അഡ്മിനിസ്ട്രേറ്റർ നടപ്പിലാക്കിയ ഗതാഗത പരിഷ്കരണം കണ്ട് ദ്വീപുകാർ മൂക്കത്ത് വിരൽവെച്ചുപോയിട്ടുണ്ട്. ഗതാഗതകുരുക്ക് എന്താണെന്നുപോലും അറിഞ്ഞിട്ടില്ലാത്ത കവരത്തിയിലെ പ്രധാനനിരത്തുകളിൽ ട്രാഫിക്ലൈറ്റ് സ്ഥാപിക്കലായിരുന്നു ആ പദ്ധതി. ഒരു ഉപയോഗവുമില്ലാതെ, അതു സ്ഥാപിച്ചവരെ അനുസ്മരിക്കുന്ന സ്മാരകങ്ങളായി അതിപ്പോഴും നോക്കുകുത്തികളായി കവരത്തിയിൽ ഉയർന്നുനിൽക്കുന്നുണ്ട്.



ജനാധിപത്യത്തിൽ നിയമനിർമ്മാണസഭ, ജുഡീഷ്യറി, എക്സിക്യൂട്ടീവ്, മാധ്യമങ്ങൾ തുടങ്ങിയവയ്ക്ക് പരമപ്രധാനമായ റോളുകളുണ്ട്. എന്നാൽ പരസ്പരാശ്രിതങ്ങളായ ഈ പില്ലറുകൾ ലക്ഷദ്വീപിൽ നേരാംവണ്ണം ഉയർന്നുനിന്നിട്ടില്ല. ജനങ്ങൾ തെരഞ്ഞെടുക്കാത്ത, ആ നാടുമായി യാതൊരു ബന്ധവുമില്ലാത്ത രാജപ്രതിനിധികളോ ഉദ്യോഗസ്ഥൻമാരോ ആണ് നൂറ്റാണ്ടുകളായി ദ്വീപു ഭരിക്കുന്നത്. അവർക്കു വഴികാട്ടാനുതകുന്ന ഒരു ജനാധിപത്യസംവിധാനത്തെയും അവർ അംഗീകരിച്ചിരുന്നില്ല. ഒരു പ്രദേശത്ത് എന്തെല്ലാം വികസനങ്ങൾ കൊണ്ടുവരണമെന്ന് തീരുമാനിക്കേണ്ടത് ആ പ്രദേശത്തുകാരുടെ അവകാശമാണ്.



പി.എം സെയ്ദിന്റെ കാലം തൊട്ടേ അതങ്ങനെയാണ്. കോൺഗ്രസ്സായിരുന്നു ഒരു കാലത്ത് ദ്വീപിലെ ഏറ്റവും വലിയ രാഷ്ട്രീയപാർട്ടി. ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്നതിനേക്കാൾ പി.എം സെയ്ദിനെ അനുകൂലിക്കുന്നവർ എന്നു പറയുന്നതാണ് ശരി. സെയ്ദ് സാഹിബിനെ എതിർക്കുന്ന പക്ഷവും പിന്നീട് ശക്തിപ്പെട്ടു. അവർ പലപ്പോഴും പല പാർട്ടികളായി രൂപം മാറിക്കൊണ്ടിരുന്നു. സമതപാർട്ടി, ജനതാദൾ യുണൈറ്റഡ്, എൻ.സി.പി എന്നിങ്ങനെ പലതായി പരിണമിച്ചതിൽ നിന്നുതന്നെ രാഷ്ട്രീയമായ നിലപാടുകൾ അല്ല അവിടെ നിലനിന്നത് എന്ന് വ്യക്തമാണ്. ഇന്നിപ്പോൾ സി.പി.എം, സി.പി.ഐ, ജെ.ഡിയു, ബി.ജെ.പി തുടങ്ങിയ പാർട്ടികളും ദ്വീപുകളിൽ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മത്സരിച്ചവരിൽ ഏറ്റവും കുറവ് വോട്ടുകിട്ടിയത് ബി.ജെ.പി.

സ്ഥാനാർത്ഥിക്കായിരുന്നു-125. ഏകാധിപത്യഭരണകൂടത്തിനെതിരെ ഭരണഘടനാപരമായ അവകാശങ്ങൾ ഉയർത്തികാണിച്ച് ഒരുമിച്ചുനിന്നു പോരാടാൻ ദ്വീപിലെ പ്രബല രാഷ്ട്രീയപ്രസ്ഥാനങ്ങൾക്കു പ്രഫുൽ പട്ടേൽ വരുന്നതുവരെ കഴിഞ്ഞിരുന്നില്ല. തക്കസമയങ്ങളിൽ പ്രതിഷേധങ്ങൾ ഉയർന്നുവരാത്തതിനുള്ള മറ്റൊരു പ്രധാനകാരണം വിധേയത്വവും ഭയവുമാണ്. അതു നേരത്തെ പറഞ്ഞ, കാലങ്ങളായി അനുഭവിക്കുന്ന നിസ്സഹായതയിൽ നിന്നും ഉടലെടുത്തതാണ്. സർക്കാർ ജീവനക്കാരെയും സാധാരണക്കാരെയുമാണ് ഇത് ഏറ്റവുമധികം ബാധിച്ചിരുന്നത്.

ജനാധിപത്യത്തിൽ നിയമനിർമ്മാണസഭ, ജുഡീഷ്യറി, എക്സിക്യൂട്ടീവ്, മാധ്യമങ്ങൾ തുടങ്ങിയവയ്ക്ക് പരമപ്രധാനമായ റോളുകളുണ്ട്. എന്നാൽ പരസ്പരാശ്രിതങ്ങളായ ഈ പില്ലറുകൾ ലക്ഷദ്വീപിൽ നേരാംവണ്ണം ഉയർന്നുനിന്നിട്ടില്ല. ജനങ്ങൾ തെരഞ്ഞെടുക്കാത്ത, ആ നാടുമായി യാതൊരു ബന്ധവുമില്ലാത്ത രാജപ്രതിനിധികളോ ഉദ്യോഗസ്ഥൻമാരോ ആണ് നൂറ്റാണ്ടുകളായി ദ്വീപു ഭരിക്കുന്നത്. അവർക്കു വഴികാട്ടാനുതകുന്ന ഒരു ജനാധിപത്യസംവിധാനത്തെയും അവർ അംഗീകരിച്ചിരുന്നില്ല. ഒരു പ്രദേശത്ത് എന്തെല്ലാം വികസനങ്ങൾ കൊണ്ടുവരണമെന്ന് തീരുമാനിക്കേണ്ടത് ആ പ്രദേശത്തുകാരുടെ അവകാശമാണ്. ആ അവകാശത്തെ അടിച്ചമർത്തി, ഭരണാധികാരികളുടെ സാമ്പത്തിക താൽപര്യങ്ങൾ അടിച്ചേൽപ്പിക്കുന്നത് ജനാധിപത്യവിരുദ്ധമാണ്.ദ്വീപുകളിൽ ജനാധിപത്യം പുലരണമെങ്കിൽ ദ്വീപുകാരുടെ ശബ്ദം ഉയർന്നുകേൾക്കുന്ന ഒരു മിനിഅസംബ്ലി ഉണ്ടാവേണ്ടിയിരിക്കുന്നു. ആനുപാതികമായ ജനസംഖ്യ ഇല്ലാത്തതാണ് ഇതിനു തടസ്സമായി നിൽക്കുന്നത്. എന്നാൽ ലക്ഷദ്വീപിന്റെ ഭൗതിക സാഹചര്യങ്ങൾ മനസ്സിലാക്കി, കടലിനു നടുവിൽ ചിതറികിടക്കുന്ന പ്രദേശം എന്ന പരിഗണനനൽകി അവിടെ ഒരു നിയമനിർമ്മാണസഭ രൂപീകരിക്കേണ്ടത് അനിവാര്യമാണ്.



ഡോ. വിനുഭാസ്കർ



# ഓർമ്മയിലെ സതീഷ് സാർ

എകെജിസിടിയുടെ സമുന്നതനേതാക്കളിൽ ഒരാളും ആറ്റിങ്ങൽ കോളേജിലെ കൊമേഴ്സ് വിഭാഗം മുൻ മേധാവിയുമായിരുന്ന പ്രിയങ്കരനായ സതീഷ്കുമാർ സാർ ഹൃദയാഘാതം മൂലം 2021 മെയ് 28ന് നമ്മളെ വിട്ടുപിരിഞ്ഞു. മികച്ച സംഘാടകനും സർവ്വസമ്മതനുമായിരുന്ന അദ്ദേഹം ദീർഘകാലം എകെജിസിടിയുടെ സംസ്ഥാന പ്രവർത്തകസമിതി അംഗമായിരുന്നു.

കൊല്ലം ഫാത്തിമാമാതാ നാഷണൽ കോളേജിൽ നിന്നും കൊമേഴ്സിൽ ബിരുദവും ബിരുദാനന്തരബിരുദവും നേടിയ ഇദ്ദേഹം ബാങ്ക് ഉദ്യോഗസ്ഥനായിട്ടാണ് തന്റെ ഔദ്യോഗിക ജീവിതം ആരംഭിച്ചത്. അധികംവൈകാതെ കൽപ്പറ്റ ഗവൺമെന്റ് കോളേജിൽ കൊമേഴ്സ് വിഭാഗം ജൂനിയർ ലക്ചററായി കോളേജ് വിദ്യാഭ്യാസവകുപ്പിൽ പ്രവേശിച്ചു. പിന്നീട് ഹോംസ്റ്റേഷനായ ആറ്റിങ്ങൽ സർക്കാർ കോളേജിലേക്ക് സ്ഥലംമാറ്റം കിട്ടി. 2007ൽ ഡോ. ജെ. രാജന്റെ മാർഗനിർദേശത്തിൽ അദ്ദേഹത്തിന് പി.എച്ച്.ഡി. ലഭിച്ചു. കാര്യങ്ങൾ കൃത്യമായി അവതരിപ്പിക്കാൻ കഴിയുന്ന, ആഴത്തിൽ അറിവുള്ള ഒരു നല്ല അധ്യാപകനെയാണ് മാഷിൽ നമ്മൾ കണ്ടത്. നിരവധി തവണ കൊമേഴ്സ് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ, പരീക്ഷാബോർഡ് ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ആറ്റിങ്ങൽ സർക്കാർകോളേജിന്റെ സർവ്വതോൻമുഖമായ വികസനത്തിൽ വലിയതോതിലുള്ള സംഭാവനകൾ അദ്ദേഹത്തിന്റേതായുണ്ട്. ആത്മാർത്ഥമായ ഇടപെടലുകളിലൂടെ ആറ്റിങ്ങൽകോളേജിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന് ആവശ്യമായ വിവിധഫണ്ടുകൾ നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ട്. ദീർഘകാലം ആറ്റിങ്ങൽ സർക്കാർകോളേജിലെ എൻ.സി.സി ഓഫീസറായും അദ്ദേഹം പ്രവർത്തിച്ചിരുന്നു. ഭാര്യ സിന്ധു, രണ്ട് മക്കൾ. മൂത്തമകൻ ഗൗതം ചെന്നൈ ഐഐടിയിൽ നിന്നും എൻജിനീയറിംഗ് ബിരുദം നേടിയതിനുശേഷം പൂനെയിൽ ഉദ്യോഗസ്ഥനാണ്. ഇളയമകൾ സിവിൽ എഞ്ചിനീയറാണ്.

സർവീസിൽ വന്നപ്പോൾത്തന്നെ സർക്കാർ കോളേജ് അധ്യാപകരുടെ സമരസംഘടനയായ എകെജിസിടിയിൽ അംഗമായ അദ്ദേഹം വിശ്വസ്തതയും ആത്മാർത്ഥതയും ഉറച്ച സംഘടനാബോധവുമുള്ള എകെജിസിടിപ്രവർത്തകനായിരുന്നു. സംഘടന ഏൽപ്പിച്ച ഉത്തരവാദിത്തങ്ങളെല്ലാം അങ്ങേയറ്റം ആത്മാർത്ഥതയോടെ അദ്ദേഹം നിർവഹിച്ചു. ആറ്റിങ്ങൽ കോളേജിലെ യൂണിറ്റ് സെക്രട്ടറിയായും എ.കെ.ജി.സി.ടി കൊല്ലം ജില്ലാ ജോയിന്റ് സെക്രട്ടറിയുമായും പ്രവർത്തിച്ചു. 2004ൽ എകെജിസിടിയുടെ കൊല്ലം ജില്ലാസെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് എകെജിസിടിയുടെ അക്കാദമിക് കമ്മിറ്റി ചെയർമാനായും സംസ്ഥാന പ്രവർത്തകസമിതി അംഗമായും പ്രർത്തിച്ചു. വിരമിക്കൽ സമയത്ത് അദ്ദേഹം സംഘടനയുടെ സംസ്ഥാന വൈസ്പ്രസിഡന്റായിരുന്നു. പണിമുടക്കും നിരാഹാരസമരവും ഉൾപ്പെടെ സംഘടന നടത്തിയ എല്ലാ പ്രക്ഷോഭങ്ങളിലും അദ്ദേഹം മുൻപന്തിയിലുണ്ടായിരുന്നു.

സതീഷ്കുമാർസാറിന്റെ നേതൃത്വത്തിൽ കൊല്ലം ജില്ലയിൽവച്ച് രണ്ടുതവണ എകെജിസിടിയുടെ സംസ്ഥാന സമ്മേളനം സംഘടിപ്പിച്ചിട്ടുണ്ട്. ഞാൻ എകെജിസിടിയുടെ കൊല്ലം ജില്ലാസെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട 2013 ജൂൺമാസം മുതൽ സതീഷ്സാർ റിട്ടയർ ചെയ്ത 2015 മെയ് മാസം വരെ സാറിനൊപ്പം എകെജിസിടി സംസ്ഥാന പ്രവർത്തകസമിതിയിൽ പ്രവർത്തിക്കാൻ കഴിഞ്ഞു. സൗമ്യതയും പക്വതയും മുഖമുദ്രയാക്കിയ ഒരു മാതൃകാസംഘടനാപ്രവർത്തകനായിരുന്നു അദ്ദേഹം. സംസ്ഥാനപ്രവർത്തകസമിതിയിൽ നടക്കുന്ന ചർച്ചകളിൽ വളരെ ശാന്തമായി തന്റെ അഭിപ്രായങ്ങൾ അവതരിപ്പിക്കുന്ന സതീഷ് സാറിനെ ഒരിക്കൽപ്പോലും ദേഷ്യപ്പെട്ട് ഞങ്ങളാരും കണ്ടിട്ടില്ല. 2015ൽ സർവീസിൽ നിന്നും വിരമിച്ചതിനു ശേഷം കേരള സർവകലാശാലയുടെ കൊല്ലം യു.ഐ.എമ്മിൽ പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു. 2021ലെ നിയമസഭാതിരഞ്ഞെടുപ്പ് വേളയിൽ എകെജിസിടി നേതാക്കളായ മനോജ് എൻ., രാജേഷ് കുമാർ പി., ജയരാജ് ജെ. എന്നിവർക്കൊപ്പം കുഴിമതിക്കാട് കരീപ്രയിലെ അദ്ദേഹത്തിന്റെ വസതിയിൽ വെച്ചാണ് അവസാനമായി സതീഷ് സാറിനെ കാണുന്നത്. സതീഷ്സാർ എന്ന നന്മനിറഞ്ഞ അദ്ധ്യാപകന്റെ, അസാമാന്യ നേതൃത്വശേഷിയുള്ള സംഘടനാപ്രവർത്തകന്റെ, സർവോപരി ഒരു നല്ല മനുഷ്യസ്നേഹിയുടെ വേർപാട് ഏറെ വേദനാജനകമാണ്.




# പ്രൊഫസർ. എ. സുധാകരൻ അനുസ്മരണം

എകെജിസിടി സംസ്ഥാന സെക്രട്ടറിയും പുരോഗമന കലാസാഹിത്യ സംഘം, ബാലസംഘം എന്നീ സംഘടനകളുടെ നേതാവുമായിരുന്ന പ്രൊഫസർ. എ. സുധാകരന്റെ അനുസ്മരണം 2021 ജൂൺ 5 ന് പ്രൊഫ: മുണ്ടശ്ശേരി ഹാളിൽ വച്ചു നടന്നു. അനുസ്മരണ സമ്മേളനം ബഹു. കേരള പൊതുവിദ്യാഭ്യാസമന്ത്രി ശ്രീ. വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. പ്രശസ്ത കവി മുരുകൻ കാട്ടാക്കട പ്രൊഫ.സുധാകരൻ അനുസ്മരണപ്രഭാഷണം നടത്തി. കേരള സർവകലാശാലയിൽ നിന്നും മലയാളം എം.എ യ്ക്ക് ഒന്നാംറാങ്ക് നേടിയ ശ്രീമതി ആരതി രാജീവിന് എകെജിസിടി തിരുവനന്തപുരം ജില്ലാകമ്മിറ്റി ഏർപ്പെടുത്തിയിട്ടുള്ള പുരസ്ക്കാരവും ക്യാഷ് അവാർഡും സമ്മേളനത്തിൽ വച്ച് ബഹു. പൊതുവിദ്യാഭ്യാസമന്ത്രി വിതരണം ചെയ്തു. എകെജിസിടി പ്രവർത്തകസമിതിയംഗം ഡോ. സുനിൽ. വി.ടി, ജില്ലാ സെക്രട്ടറി എ. ബാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

# പ്രൊഫസർ. വി. എം അബ്രഹാം മാസ്റ്റർ അനുസ്മരണ സെമിനാർ



എകെജിസിടി മുൻ സംസ്ഥാന പ്രസിഡണ്ടായിരുന്ന അബ്രഹാം സാറിന്റെ ഓർമ്മകൾ എകെജിസിടിയുടെ പ്രവർത്തനങ്ങൾക്ക് എന്നും ആവേശം നൽകുന്നതാണ്. ജീവിതാന്ത്യംവരെ സംഘടനാരംഗത്തും സാംസ്കാരിക മേഖലയിലും കർമ്മനിരതനായിരുന്നു അബ്രഹാം സാർ. അദ്ദേഹത്തിന്റെ ചരമവാർഷികദിനമായ ജൂൺ 4ന് കോഴിക്കോട് ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ ഓൺലൈനായാണ് അനുസ്മരണസെമിനാർ സംഘടിപ്പിച്ചത്. സെമിനാറിൽ 80 പേർ പങ്കെടുത്തു. അനുസ്മരണ സെമിനാർ രാജ്യസഭ എംപി ഡോ. വി. ശിവദാസൻ ഉദ്ഘാടനം ചെയ്തു. 'ഭരണകൂട ഭീകരതയുടെ ലക്ഷദ്വീപ് മാതൃക' എന്ന വിഷയത്തിൽ ആണ് സെമിനാർ സംഘടിപ്പിച്ചത്. കേരള ഗവൺമെന്റ് കോളേജ് റിട്ടേഡ് ടീച്ചേഴ്സ് വെൽഫെയർ അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫ. വി എം ചന്ദ്രമോഹനൻ അനുസ്മരണ പ്രഭാഷണം നടത്തി. സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. എം സത്യൻ ആശംസ അർപ്പിച്ച പരിപാടിയിൽ ജില്ലാ പ്രസിഡന്റ് ഷിനു അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി ഡോ. ദിനേഷ് പി കെ സ്വാഗതവും ജില്ലാ ട്രഷറർ ശ്രീമതി. വനജ സി നന്ദിയും പറഞ്ഞു.



ഡോ. ആനന്ദ് ദിലീപ്‌രാജ്

# പൊന്നമ്മാൾ ടീച്ചറെ ഓർക്കുമ്പോൾ

കർണ്ണാടകസംഗീതചരിത്രത്തിലെ അപൂർവ്വമായ അനേകം ബഹുമതികൾക്കുടമയായിരുന്നു ഈ ജൂൺ മാസം 22-ാം തീയതി 96-ാമത്തെ വയസ്സിൽ വിടവാങ്ങിയ 'പൊന്നമ്മാൾ ടീച്ചർ' എന്ന് ശിഷ്യസമൂഹം ആദരപൂർവ്വം വിളിക്കുന്ന പ്രൊഫ.പാറശ്ശാല ബി. പൊന്നമ്മാൾ. തിരുവനന്തപുരം ശ്രീ സ്വാതിതിരുനാൾ സംഗീതകോളേജിലെ ആദ്യ വിദ്യാർത്ഥിനി, വനിതാദ്ധ്യാപിക, സംഗീത കോളേജുകളിലെ ആദ്യ വനിതാ പ്രിൻസിപ്പൽ എന്നിങ്ങനെ അനേകം ഒന്നാംസ്ഥാനങ്ങൾ അവർക്ക് ലഭ്യമായി. പാറശ്ശാല ഗവണ്മെന്റ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന മഹാദേവരുടെയും ഭഗവതി അമ്മാളുടെയും മകളായി 1924 നവംബർ മാസം 24-ാം തീയതി ജനിച്ച അവർ 16-ാമത്തെ വയസ്സിൽ തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീ ചിത്തിരതിരുനാളിന്റെ ജന്മദിനത്തോടനുബന്ധിച്ചു നടത്തിയ കലാമത്സരത്തിൽ പങ്കെടുത്തതോടെയാണ് സംഗീതലോകത്ത് ശ്രദ്ധേയയാവുന്നത്. ആ മത്സരത്തിൽ തുടക്കക്കാർക്ക് ആലപിക്കാൻ പ്രയാസമുള്ള 'കമലാംബാംഭജരേ' എന്ന മുത്തുസ്വാമി ദീക്ഷിതരുടെ നവാവരണ കൃതിയുടെ ആലാപനം അവർക്ക് ഒന്നാംസ്ഥാനം നേടിക്കൊടുത്തു. അന്ന് താരതമ്യേന ചെറിയ പ്രദേശമായിരുന്ന പാറശ്ശാലയിൽ കർണ്ണാടകസംഗീത പാരമ്പര്യം നിലനില്ക്കുന്നു എന്ന അറിവിൽ വിധികർത്താക്കൾ സന്തുഷ്ടരായി എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

സ്വാതിതിരുനാളിന്റെ കാലം മുതൽ പ്രസിദ്ധമാണ് തിരുവനന്തപുരം ശ്രീ പദ്മനാഭസ്വാമിക്ഷേത്രത്തിലെ നവരാത്രിമണ്ഡപം. ലോകപ്രസിദ്ധരായ സംഗീതജ്ഞർ അവിടെ കച്ചേരികൾ നടത്തിവരുന്നു. യാഥാസ്ഥിതിക പാരമ്പര്യങ്ങളാൽ നിയന്ത്രിക്കപ്പെട്ടിരുന്ന നവരാത്രി മണ്ഡപത്തിൽ കച്ചേരി നടത്താൻ സ്ത്രീകളെ അനുവദിച്ചിരുന്നില്ല. ഈ മാമൂൽ ലംഘിച്ചത് 2006ൽ തന്റെ 82ാം വയസ്സിൽ പൊന്നമ്മാൾ ടീച്ചർ നടത്തിയ സംഗീത



**സ്വാതിതിരുനാളിന്റെ കാലം മുതൽ പ്രസിദ്ധമാണ് തിരുവനന്തപുരം ശ്രീ പദ്മനാഭസ്വാമിക്ഷേത്രത്തിലെ നവരാത്രിമണ്ഡപം. ലോകപ്രസിദ്ധരായ സംഗീതജ്ഞർ അവിടെ കച്ചേരികൾ നടത്തിവരുന്നു. യാഥാസ്ഥിതിക പാരമ്പര്യങ്ങളാൽ നിയന്ത്രിക്കപ്പെട്ടിരുന്ന നവരാത്രി മണ്ഡപത്തിൽ കച്ചേരി നടത്താൻ സ്ത്രീകളെ അനുവദിച്ചിരുന്നില്ല. ഈ മാമൂൽ ലംഘിച്ചത് 2006-ൽ തന്റെ 82-ാം വയസ്സിൽ പൊന്നമ്മാൾടീച്ചർ നടത്തിയ സംഗീത സപര്യയിലൂടെയാണ്.**

സപര്യയിലൂടെയാണ്.

പൊതുവിദ്യാലയങ്ങളിൽ പഠിക്കുകയും ആ സ്ഥാപനങ്ങളിൽ തന്നെ പഠിപ്പിക്കുകയും ചെയ്ത പൊന്നമ്മാൾ ടീച്ചർ കേരളത്തിലെ പൊതുമേഖലാ വിദ്യാഭ്യാസം ആർജ്ജിച്ച പുരോഗതിയുടെ സൂചകം കൂടിയാണ്. കോട്ടൺഹിൽ ഗവണ്മെന്റ് സ്കൂൾ, സ്വാതിതിരുനാൾ സംഗീത കോളേജ് തുടങ്ങിയ കലാലയങ്ങളിലായിരുന്നു അവരുടെ വിദ്യാഭ്യാസം. കർണ്ണാടക സംഗീതത്തിലെ അതികായന്മാരായ പാപനാശം ശിവൻ, ഹരികേശനല്ലൂർ മുത്തയ്യാഭാഗവതർ, ശെമ്മാങ്കുടി ശ്രീനിവാസ അയ്യർ തുടങ്ങിയവരുടെ ശിഷ്യത്വം ലഭിക്കാനുള്ള ഭാഗ്യം അവർക്കുണ്ടായി. താൻ വിദ്യാർത്ഥിയായിരുന്ന കോട്ടൺഹിൽ സ്കൂളിലെ സംഗീതാദ്ധ്യാപികയായിട്ടായിരുന്നു പൊന്നമ്മാൾ ടീച്ചറിന്റെ ഔദ്യോഗിക ജീവിതത്തിന്റെ തുടക്കം. തുടർന്ന് ശ്രീ സ്വാതിതിരുനാൾ സംഗീതകോളേജിലെ ആദ്യ വനിതാദ്ധ്യാപികയായി. തൃപ്പൂണിത്തുറ ആർ.



എൽ.വി സംഗീതകോളേജിന്റെ പ്രിൻസിപ്പലായി പത്തുവർഷത്തോളം അവർ സേവനമനുഷ്ഠിക്കുകയുണ്ടായി. പ്രസിദ്ധ സംഗീതജ്ഞരായ നെയ്യാറ്റിൻകര വാസുദേവൻ, പ്രൊഫ. കുമാര കേരളവർമ്മ, ഡോ. കെ. ഓമനക്കുട്ടി, സംഗീത സംവിധായകനായിരുന്ന എം. ജി. രാധാകൃഷ്ണൻ തുടങ്ങിയവർ അവരുടെ ശിഷ്യഗണങ്ങളിൽ ഉൾപ്പെടുന്നു. തമിഴ്, മലയാളം, സംസ്കൃതം എന്നീ ഭാഷകളിൽ അസാധാരണമായ പ്രാവീണ്യം അവർക്കുണ്ടായിരുന്നു. അദ്ധ്യാപനം കൂടാതെ ഇന്ത്യയിലെ പ്രസിദ്ധങ്ങളായ സംഗീതസഭകളിലും ശ്രീലങ്ക, യു.എസ്.എ മുതലായ വിദേശരാജ്യങ്ങളിലും പൊന്നമ്മടീച്ചർ കച്ചേരികൾ നടത്തിയിരുന്നു.

അവരുടെ ശിഷ്യനായ എം.ജി. രാധാകൃഷ്ണനെപോലെ പലരും സിനിമാ സംഗീതരംഗത്ത് പ്രസിദ്ധിനേടിയെങ്കിലും പൊന്നമ്മാൾടീച്ചർ അത്തരം കാര്യങ്ങളിൽ താൽപര്യം കാണിച്ചില്ല. അവരുടെ ശിഷ്യനായ കുമാര കേരളവർമ്മസാർ അനുസ്മരിക്കുന്നതുപോലെ "സഹ്യപർവ്വതത്തിന്റെ അപ്പുറത്തെ വശത്താണ് പൊന്നമ്മാൾ ടീച്ചർ ജനിച്ചിരുന്നതെങ്കിൽ അവർക്ക് വേണ്ട പ്രസിദ്ധിയും ആദരവും ലഭിക്കുമായിരുന്നു." അവാർഡുകൾക്കോ പ്രശസ്തിക്കോ വേണ്ടി അധികാരസ്ഥാനങ്ങൾ കയറിയിറങ്ങാൻ അവർ തയ്യാറായിരുന്നില്ല. തന്റെ സംഗീതസപര്യയെ കച്ചവടമാക്കാതെ അവർ തന്റേതായ രീതിയിൽ ജീവിതം നയിച്ചു.

എൺപതോളം വർഷം നീണ്ടുനിന്ന സംഗീത ജീവിതത്തിൽ നിരവധി ബഹുമതികൾ പൊന്നമ്മാൾടീച്ചറിനെ തേടിയെത്തിയിട്ടുണ്ട്. 2017-ൽ ഇന്ത്യാഗവണ്മെന്റ് നൽകിയ പദ്മശ്രീയാണ് ഏറ്റവും ശ്രദ്ധേയം. എം.ജി. രാധാകൃഷ്ണൻ അവാർഡ് (2016) സമഗ്ര സംഭാവനയുള്ള ചെന്നൈ ഫൈൻ ആർട്സ് അവാർഡ് (2015) സംഗീത പ്രഭാകര അവാർഡ് (2015) എസ്. ഗണേശശർമ്മ അവാർഡ് (2009) സംഗീത നാടക അക്കാദമി അവാർഡ് (2009) കേരള ഗവണ്മെന്റിന്റെ സ്ഥിതി സംഗീത പുരസ്കാരം (2009) ഗുരുവായൂരപ്പൻ ചെമ്പൈ പുരസ്കാരം (2009) തുടങ്ങിയവ അവയിൽ ചിലതുമാത്രം.

വ്യക്തിപരമായ ഒരല്പം വിഷമത്തോടെ ഈ അനുസ്മരണം അവസാനിപ്പിക്കട്ടെ. എം. എ. അസ്കർ സംഘശബ്ദം എഡിറ്ററായിരുന്നപ്പോൾ പൊന്നമ്മ ടീച്ചറുമായി ഒരു അഭിമുഖം നടത്തുന്നതിനെക്കുറിച്ച് ആലോചന നടത്തുകയുണ്ടായി. ഞാനും അസ്കറും സംഗീതാദ്ധ്യാപകനായ വി. ടി സുനിലും തിരുവനന്തപുരത്തെ വലിയശാലയിലുള്ള അവരുടെ വീട്ടിൽ പോയി നടത്താനിരുന്ന അഭിമുഖം പ്രത്യേകിച്ച് എടുത്തു പറയാൻ കാരണമൊന്നുമില്ലാതെ നടക്കാതെ പോയി. ജീവിതം സംഗീതത്തിനുവേണ്ടി ഉഴിഞ്ഞുവച്ച പൊന്നമ്മാൾ ടീച്ചർക്ക് ആദരാഞ്ജലികൾ.



സംസ്ഥാനപ്രസിഡണ്ട് ഡോ. എം. സത്യൻ പതാക ഉയർത്തുന്നു

## നവകേരളത്തിന് വൈജ്ഞാനിക സമൂഹസൃഷ്ടിയിൽ പങ്കാളിയാവുക!

# എകെജിസിടി 63-ാം സംസ്ഥാനസമ്മേളനം



ഡോ. എ. ബാലകൃഷ്ണൻ

‘നവകേരളത്തിന് വൈജ്ഞാനിക സമൂഹസൃഷ്ടിയിൽ പങ്കാളിയാവുക’ എന്ന മുദ്രാവാക്യമുയർത്തിക്കൊണ്ട് കേരളത്തിലെ സർക്കാർ കോളേജ് അധ്യാപകരുടെ ഏറ്റവും വലിയ കൂട്ടായ്മയായ അസോസിയേഷൻ ഓഫ് കേരള ഗവ.കോളേജ് ടീച്ചേഴ്സ് (AKGCT) ന്റെ അറുപത്തിമൂന്നാമത് സംസ്ഥാനസമ്മേളനം 2021 മാർച്ച് 20 ന് തിരുവനന്തപുരത്ത് ഹസൻ മരക്കാർ ഹാളിൽ വെച്ചു നടന്നു. കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ നിലനിന്നിരുന്ന കോവിഡ് പ്രോട്ടോകോൾ പൂർണമായും പാലിച്ച്, ഒറ്റദിവസമായി പരിമിതപ്പെടുത്തിയാണ് സമ്മേളനം നടന്നത്. സംഘടനയുടെ സംസ്ഥാന പ്രവർത്തകസമിതി അംഗങ്ങളും തിരുവനന്തപുരം ജില്ലയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാനസമ്മേളന പ്രതിനിധികളും ആണ് സമ്മേളനത്തിൽ നേരിട്ട് പങ്കെടുത്തത്. അതുകൂടാതെ എല്ലാ ജില്ലകളിലും തയ്യാറാക്കിയിരുന്ന കേന്ദ്രങ്ങളിലും സമ്മേളനം ഓൺലൈനായി പ്രക്ഷേപണം ചെയ്തു. സമ്മേളനനടപടികൾ സംസ്ഥാനത്തെ എല്ലാ പ്രതിനിധികൾക്കും വീക്ഷിക്കുന്നതിനുള്ള വിപുലമായ സൗകര്യം ആധുനിക സാങ്കേതികവിദ്യയുടെ സാധ്യത ഉപയോഗിച്ചുകൊണ്ട് ജില്ലാകേന്ദ്രങ്ങളിൽ ഒരുക്കിയിരുന്നു. ഇതുമൂലം എല്ലാ ജില്ലകളിൽ നിന്നുമുള്ള സമ്മേളനപ്രതിനിധികൾക്ക് അതത് ജില്ലാകേന്ദ്രങ്ങളിൽ ഇരുന്നുകൊണ്ടുതന്നെ സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് സാധിച്ചു.




മാർച്ച് 20 ന് രാവിലെ 9.15 ന് സംസ്ഥാന പ്രസിഡണ്ട് ഡോ. എം. സത്യൻ പതാക ഉയർത്തിയതോടുകൂടി സമ്മേളനം ആരംഭിച്ചു. തുടർന്ന് രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചന നടന്നു. 10.10 ന് എകെജിസിടി മുൻ ജില്ലാ സെക്രട്ടറിയായിരുന്ന ഡോ. സുന്ദരേശൻ രചനയും തിരുവനന്തപുരം സ്വാതിതിരുനാൾ സംഗീതകോളേജിൽ അധ്യാപകനും സംസ്ഥാനപ്രവർത്തക സമിതിയംഗവുമായ ഡോ. സുനിൽ വി.ടി. സംഗീതസംവിധാനവും നിർവ്വഹിച്ച സ്വാഗതഗാനം തിരുവനന്തപുരം സ്വാതി തിരുനാൾ സംഗീത കോളേജിലെയും തിരുവനന്തപുരം സർക്കാർ വനിതാ കോളേജിലെയും അധ്യാപകർ ചേർന്ന് ആലപിച്ചത് സദസ്സിന് ഹൃദ്യമായ അനുഭവമായി. സംസ്ഥാനട്രഷറർ ഡോ. ഗീതാനമ്പ്യാർ രക്തസാക്ഷിപ്രമേയവും ഡോ. സുമിജോയ് ഒലിയപ്പുറം അനുശോചനപ്രമേയവും

അവതരിപ്പിച്ചു. സംസ്ഥാനപ്രസിഡണ്ട് ഡോ. എം. സത്യന്റെ അധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടനസമ്മേളനം കേരളത്തിന്റെ മുൻ ആഭ്യന്തരവകുപ്പ് മന്ത്രി ശ്രീ കോടിയേരി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ഡോ. എൻ. മനോജ് സ്വാഗതം പറഞ്ഞു. കേന്ദ്രഗവൺമെൻറ് നടത്തിക്കൊണ്ടിരിക്കുന്ന വർഗ്ഗീയവൽക്കരണത്തെ സംബന്ധിച്ചും കോർപറേറ്റ്വൽക്കരണത്തെ സംബന്ധിച്ചും അദ്ദേഹം തന്റെ പ്രഭാഷണത്തിൽ പ്രതിപാദിച്ചു. പൊതുവിദ്യാഭ്യാസ മേഖലയിൽ നിന്നും കേന്ദ്രഗവൺമെന്റ് പിന്മാറുന്നതിന്റെയും ഉന്നതവിദ്യാഭ്യാസരംഗത്ത് കൊണ്ടുവരുന്ന തെറ്റായ പരിഷ്കരണത്തിന്റെ അപകടത്തെ കുറിച്ചും കോടിയേരി വിശദീകരിച്ചു. തുടർന്ന് സമ്മേളനത്തെ അഭിവാദ്യം ചെയ്തുകൊണ്ട് എഫ്.എസ്.ഇ.ടി.ഒ. ജനറൽ സെക്രട്ടറി ശ്രീ. അജിത്കുമാർ എം.എ. സംസാരിച്ചു. തുടർന്ന് സംഘശബ്ദം സാഹിത്യമത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനദാനം ശ്രീ കോടിയേരി ബാലകൃഷ്ണൻ നിർവഹിച്ചു. മത്സരവിജയികളെ സംഘശബ്ദം എഡിറ്റർ ഡോ. മുഹമ്മദ് അലി അസ്കർ പരിചയപ്പെടുത്തി. തുടർന്ന് എകെജിസിടി സംസ്ഥാന ട്രഷറർ ഡോ. ഗീതാനമ്പ്യാർ ഉദ്ഘാടനസമ്മേളനത്തിന് നന്ദി രേഖപ്പെടുത്തി.

### വിദ്യാഭ്യാസ സമ്മേളനം

സമ്മേളനത്തിന്റെ ഭാഗമായി 'നവലിബറൽ നയങ്ങളും ഇന്ത്യയുടെ ഭാവിയും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച വിദ്യാഭ്യാസസമ്മേളനം മുൻ പാർലമെന്റ് അംഗം അഡ്വ. കെ.എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്തു. രാജ്യത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ വന്നുകൊണ്ടിരിക്കുന്ന നയപരമായ വ്യതിയാനങ്ങൾക്ക് ആക്കം കൂട്ടുന്നതാണ് പുതിയ ദേശീയ വിദ്യാഭ്യാസനയം എന്ന് അദ്ദേഹം പറഞ്ഞു. ഇതിനെതിരായ പോരാട്ടത്തിന് അധ്യാപകർ മുന്നിട്ടിറങ്ങണം. എകെജിസിടി അക്കാദമിക് കമ്മിറ്റി ചെയർമാൻ ഡോ. വിഷ്ണു വി.എസ് സ്വാഗതം പറഞ്ഞു. സംസ്ഥാന






ഉദ്ഘാടനം: കോടിയേരി ബാലകൃഷ്ണൻ

# ദേശീയ വിദ്യാഭ്യാസനയം പിൻവലിക്കുക -എകെജിസിടി

**സംഘടനാ റിപ്പോർട്ട്: ജന: സെക്രട്ടറി ഡോ. എൻ. മനോജ്**




വിദ്യാഭ്യാസത്തിന്റെ വാണിജ്യവത്കരണവും കോർപറേറ്റ്വത്കരണവും വർഗ്ഗീയവത്കരണവും ലക്ഷ്യമിട്ട് കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന ദേശീയ വിദ്യാഭ്യാസനയം പിൻവലിക്കണമെന്ന് എകെജിസിടി 63-ാമത് സംസ്ഥാനസമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. അങ്ങേയറ്റം വർഗ്ഗീയവത്കരണ നടപടികളിലൂടെയാണ് കേന്ദ്രസർക്കാർ കടന്നുപോകുന്നത്. വിദ്യാഭ്യാസം കാവിവത്കരിക്കുന്നതിന്റെയും അന്ധവിശ്വാസം പ്രചരിപ്പിക്കുന്നതിന്റെയും ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് കേന്ദ്രസർക്കാർ നടത്താനുദ്ദേശിച്ച കാമധേനു വിജ്ഞാൻ പരീക്ഷ. അക്കാദമിക മേഖലയെ പരിഹാസ്യമാംവിധം കാവിവത്കരിക്കുന്ന നടപടികളിൽ നിന്നും കേന്ദ്രസർക്കാർ പിൻമാറണമെന്നും സംസ്ഥാനസമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

രാജ്യത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളായ ഐ.ഐ.ടി, ഐ.ഐ.എം, ഐസർ, ഇഗ്നൂ, കേന്ദ്രസർവ്വകലാശാലകൾ എന്നിവിടങ്ങളിൽ എസ്.സി, എസ്.ടി. വിഭാഗങ്ങൾക്ക് സംവരണം ചെയ്ത അധ്യാപക തസ്തികകളിൽ നിയമനം നടത്താത്തത് അക്കാദമിക ഗുണനിലവാരത്തെ ദോഷകരമായി ബാധിക്കുന്നതിനുപുറമെ സാമൂഹികനീതിയുടെ നിഷേധം കൂടിയാണ്. സംവരണമാനദണ്ഡങ്ങൾ അട്ടിമറിക്കാനുള്ള നീക്കം അപലപനീയമാണ്. ഇതിൽ നിന്നും കേന്ദ്രസർക്കാർ പിൻമാറണമെന്ന് സംസ്ഥാന സമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

# തുടർഭരണം ജനങ്ങൾക്കിടയിൽ നിന്ന് ഉയർന്നുവന്ന മുദ്രാവാക്യം-കോടിയേരി

കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിൽ നടപ്പിലായ ബദൽ വികസനനയങ്ങൾ ജനങ്ങളിൽ ഉണ്ടാക്കിയ മതിപ്പിന്റെ ഭാഗമായി ജനങ്ങൾക്കിടയിൽ നിന്ന് ഉയർന്നുവന്ന മുദ്രാവാക്യമാണ് തുടർഭരണം എന്ന് കോടിയേരി ബാലകൃഷ്ണൻ അഭിപ്രായപ്പെട്ടു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിനുണ്ടായ വിജയം സർക്കാരിന്റെ വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് ജനങ്ങൾ നൽകിയ അംഗീകാരമാണ്. 25 കൊല്ലം കൊണ്ട് നടക്കേണ്ടത് 5 കൊല്ലം കൊണ്ട് ചെയ്തുതീർക്കാൻ ഈ സർക്കാരിന് കഴിഞ്ഞിരിക്കുന്നു.

വിദ്യാഭ്യാസമേഖലയിൽ ധനമൂലധനശക്തികൾക്ക് ഇഷ്ടം പോലെ വിഹരിക്കുവാൻ അവസരം നൽകി, മതനിരപേക്ഷതയും ബഹുസ്വരതയും തകർക്കുന്ന പുതിയ വിദ്യാഭ്യാസനയവുമായി കേന്ദ്ര സർക്കാർ മുന്നോട്ടുപോകുമ്പോഴാണ് കേരളത്തിന്റെ ബദൽവിദ്യാഭ്യാസനയങ്ങൾ ജനങ്ങൾ ഏറ്റെടുക്കുന്നത്. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി പുതിയ വികസന കാഴ്ചപ്പാട് അവതരിപ്പിച്ച സർക്കാർ തുടരണം എന്നത് ജനങ്ങളുടെ ആഗ്രഹമാണ്, അത് നടപ്പിലാവുക തന്നെ ചെയ്യും.

വൈസ്പ്രസിഡണ്ട് ഇമ്പിച്ചിക്കോയയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ മുൻ സംസ്ഥാന ജനറൽ സെക്രട്ടറിയും എസ്സിഇആർടി ഡയറക്ടറുമായ ഡോ. ജെ. പ്രസാദ് മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന സെക്രട്ടറി ഡോ. വിനുഭാസ്കർ വിദ്യാഭ്യാസ സമ്മേളനത്തിന് ഔപചാരികമായ നന്ദി രേഖപ്പെടുത്തി.

**പ്രതിനിധി സമ്മേളനം**

ഉച്ചയ്ക്കുശേഷം പ്രതിനിധി സമ്മേളനം ആരംഭിച്ചു. സംസ്ഥാനപ്രസിഡണ്ട്, വൈസ് പ്രസിഡണ്ടുമാർ, സെക്രട്ടറിമാർ എന്നിവർ ചേർന്ന പ്രസീഡിയം സമ്മേളനനടപടികൾ നിയന്ത്രിച്ചു. സംഘടനയുടെ കഴിഞ്ഞവർഷത്തെ പ്രവർത്തനറിപ്പോർട്ട് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. എൻ മനോജ് അവതരിപ്പിച്ചു. ജില്ലാകമ്മറ്റിയിലേക്ക് നേരത്തെതന്നെ പ്രവർത്തനറിപ്പോർട്ട് ചർച്ചയ്ക്ക് നൽകിയിരുന്നതിനാൽ റിപ്പോർട്ടിങ്ങിന്റെ സംക്ഷിപ്തവിവരണം ആണ് ജനറൽസെക്രട്ടറി അവതരിപ്പിച്ചത്. പ്രവർത്തനറിപ്പോർട്ടിൻമേൽ നടന്ന ചർച്ചയിൽ കേരള സർവകലാശാല മേഖലയിൽനിന്നും ശ്രീ. ഷിബു ജോസഫ് എംജി സർവകലാശാല മേഖലയിൽനിന്നും ശ്രീ. സജീവ് കോഴിക്കോട് സർവകലാശാല മേഖലയിൽനിന്നും കെ ആർ രാഖി കണ്ണൂർ സർവകലാശാല മേഖലയിൽനിന്നും ശ്രീ ആസിഫ് ഇഖ്ബാൽ എന്നിവർ പങ്കെടുത്തു. സമ്മേളനത്തിൽ ഉയർന്ന ചർച്ചകൾക്ക് ജനറൽസെക്രട്ടറി മറുപടി പറയുകയും തുടർന്ന് പ്രവർത്തനറിപ്പോർട്ട് സമ്മേളനം പാസാക്കുകയും ചെയ്തു. തുടർന്നു സംസ്ഥാന വൈസ് പ്രസിഡണ്ട് ഡോ. രാജേഷ് കുമാർ പി. പ്രമേയങ്ങൾ അവതരിപ്പിച്ചു. പ്രമേയങ്ങൾ ഐകകണ്ഠ്യേന സമ്മേളനം അംഗീകരിക്കുകയുണ്ടായി.

വരണാധികാരിയായ ഡോ. കൃഷ്ണകുമാറിന്റെ മേൽനോട്ടത്തിൽ പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു. 63ാം സമ്മേളനത്തിന്റെ ജനറൽ കൺവീനർ ഡോ.എ. ബാലകൃഷ്ണൻ സമ്മേളനത്തിന് നന്ദി രേഖപ്പെടുത്തി. സംസ്ഥാന പ്രസിഡണ്ട് ഡോ. എൻ. മനോജ് പതാക താഴ്ത്തിയതോടെ 63ാം സംസ്ഥാന സമ്മേളനത്തിന് ഔപചാരികമായ തിരശ്ശീലവീണു.

# എകെജിസിടി സംസ്ഥാനതല യാത്രയയപ്പുസമ്മേളനം



ഉദ്ഘാടനം:
**പ്രൊഫ. എം.കെ. സാനു**



നന്ദി:
**ഡോ. എം.എസ്. മുരളി**
എറണാകുളം ജില്ലാ സെക്രട്ടറി

എകെജിസിടിയുടെ സംസ്ഥാനതല യാത്രയയപ്പു സമ്മേളനം 2021 മാർച്ച് 27ന് എറണാകുളം മഹാരാജാസ് കോളേജിൽ വച്ച് നടന്നു. പ്രൊഫ. എം.കെ. സാനു സമ്മേളനം ഉദ്ഘാടനം ചെയ്തു. തന്റെ അധ്യാപന കാലഘട്ടത്തിലെ അവിസ്മരണീയ മുഹൂർത്തങ്ങൾ സാനുമാഷ് സദസ്സുമായി പങ്കുവച്ചു. സംസ്ഥാന പ്രസിഡന്റ് ഡോ. എൻ. മനോജ് അദ്ധ്യക്ഷനായി. സംസ്ഥാനജനറൽ സെക്രട്ടറി ഡോ. എം. സത്യൻ സ്വാഗതവും ജില്ലാ സെക്രട്ടറി ഡോ. എം.എസ്. മുരളി നന്ദിയും പറഞ്ഞു. മുൻ ജനറൽ സെക്രട്ടറി ഡോ. വി. എൻ. ചന്ദ്രമോഹൻ, സംസ്ഥാന വൈസ്പ്രസിഡന്റ് ഡോ. ഗീതാനമ്പ്യാർ, ട്രഷറർ ഡോ. മുഹമ്മദ് റഫീക്, മേഖല സെക്രട്ടറി സന്തോഷ് ടി. വർഗ്ഗീസ് എന്നിവർ അഭിവാദ്യം ചെയ്ത് സംസാരിച്ചു. വിരമിക്കുന്ന അധ്യാപകർക്ക് സംഘ ടനയുടെ സ്നേഹോപഹാരം സാനുമാഷ് നൽകി. കോളേജ് വിദ്യാഭ്യാസവകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. കെ. എൻ. കൃഷ്ണകുമാർ, എകെജിസിടി സംസ്ഥാനവൈസ് പ്രസിഡന്റ് പ്രൊഫ. കെ. ഇമ്പിച്ചിക്കോയ അടക്കം 22 അധ്യാപകരാണ് ഈ വർഷം സർവ്വീസിൽ നിന്ന് വിരമിക്കുന്നത്. വിരമിക്കുന്ന അധ്യാപകർ തങ്ങളുടെ സംഘടന പ്രവർത്തന കാലഘട്ടം അനുസ്മരിച്ചുകൊണ്ട് മറുപടി പ്രസംഗം നടത്തി.





അദ്ധ്യക്ഷൻ
ഡോ. എം. സത്യൻ
സംസ്ഥാന പ്രസിഡണ്ട്



സ്വാഗതം
ഡോ. എൻ. മനോജ്
സംസ്ഥാന ജനറൽ സെക്രട്ടറി



വരവ് ചെലവ് കണക്ക്
ഡോ. എം.കെ. ഗീതാനമ്പ്യാർ
ട്രഷറർ



അഭിവാദ്യം
അജിത് കുമാർ എം.എ
FSETO ജനറൽ സെക്രട്ടറി

## വിദ്യാഭ്യാസ സമ്മേളനം



സ്വാഗതം
ഡോ. വിഷ്ണു വി.എസ്
അക്കാദമിക് കമ്മിറ്റി ചെയർമാൻ



അദ്ധ്യക്ഷൻ
പ്രൊഫ. ഇമ്പിച്ചിക്കോയ
സംസ്ഥാന വൈസ്പ്രസിഡണ്ട്



ഉദ്ഘാടനം
അഡ്വ. കെ.എൻ. ബാലഗോപാൽ
മുൻ പാർലമെന്റംഗം



മുഖ്യപ്രഭാഷണം
ഡോ. ജെ. പ്രസാദ്
എസ്‌സിഇആർടി ഡയറക്ടർ



നന്ദി
ഡോ. വിനുഭാസ്കർ
സംസ്ഥാന സെക്രട്ടറി



പ്രമേയാവതരണം
ഡോ. പി. രാജേഷ് കുമാർ
സംസ്ഥാന വൈസ്പ്രസിഡണ്ട്



നന്ദി
ഡോ. എ. ബാലകൃഷ്ണൻ
ജനറൽ കൺവീനർ









# എകെജിസിടി ഭാരവാഹികൾ



**ഡോ. എൻ. മനോജ്**
പ്രസിഡന്റ്



**ഡോ. എം. സത്യൻ**
ജനറൽ സെക്രട്ടറി



**ഡോ. മുഹമ്മദ് റഫീഖ്. ടി**
ട്രഷറർ



**ഡോ. എം. കെ. ഗീതാനമ്പ്യാർ**
വൈസ് പ്രസിഡന്റ്



**ഡോ. പി. രാജേഷ്കുമാർ**
വൈസ് പ്രസിഡന്റ്



**ഡോ. വിനുഭാസ്കർ**
സെക്രട്ടറി



**സന്തോഷ്. ടി. വർഗ്ഗീസ്**
സെക്രട്ടറി



**രഘുദാസ് പി.വി**
സെക്രട്ടറി



**ശശി സി.ടി**
സെക്രട്ടറി

# സംസ്ഥാന പ്രവർത്തകസമിതി അംഗങ്ങൾ


ഡോ. ദാമോദരൻ കെ.കെ


ഡോ. സുനിൽ വി.ടി


ഡോ. പ്രിൻസ് പി.ആർ


ഡോ. എം.എ. അസ്കർ


ഡോ. കെ. മാണിക്യരാജ്


ഡോ. സൗമ്യ എസ്


ഡോ. എം.എസ് മുരളി


ഡോ. സഞ്ജയ്കുമാർ എസ്


ഡോ. ജോജോമോൻ എൻ.എ


ഷാനവാസ് പി.എച്ച്


ഡോ. സുനിത ഗണേഷ്


ഡോ. സി.പി. ബേബി ഷീബ



**സജിത്കുമാർ പി**



**രജിത സി.ആർ**



**ഡോ. അശോക് ബി**



**ജിനീഷ് പി.എസ്**



**അലിക്കുട്ടി സി**
എഡിറ്റർ,
സംഘശബ്ദം



**ഡോ. ആനന്ദ് ദിലീപ് രാജ്**
സെക്രട്ടറി,
എം.ബി.ടി



**ഡോ. സുമി ജോയ് ഒലിയപ്പുറം**
കൺവീനർ,
വനിതാ സബ്കമ്മറ്റി



**ഡോ. വിഷ്ണു. വി.എസ്**
കൺവീനർ,
അക്കാദമിക് സബ്കമ്മറ്റി



**ഡോ. ഗ്രേഷ്യസ് ജെയിംസ്**
അക്കാദമിക് ഡയറക്ടർ,
എസി.എസ്.ആർ



**ഡോ. സെനോ ജോസ്**
ഡയറക്ടർ,
എ.സി.എസ്.ആർ



**ഡോ. റോസ്നിക്സ്**
സർവ്വീസ് സെൽ
കോർഡിനേറ്റർ



**ഡോ.റിജുലാൽ ജി**
സിന്റിക്കേറ്റ് മെമ്പർ,
കാലിക്കറ്റ് സർവ്വകലാശാല



**ഡോ. ഷജിലബീവി**
സിന്റിക്കേറ്റ് മെമ്പർ,
എം.ജി സർവ്വകലാശാല



**ജയരാജ് ജെ**
സിന്റിക്കേറ്റ് മെമ്പർ,
കേരള സർവ്വകലാശാല



**ഡോ.ചന്ദ്രമോഹൻ കെ.ടി**
സിന്റിക്കേറ്റ് മെമ്പർ,
കണ്ണൂർ സർവ്വകലാശാല



**എം.സി.രാജു**
സിന്റിക്കേറ്റ് മെമ്പർ,
കണ്ണൂർ സർവ്വകലാശാല

# ജില്ലാസെക്രട്ടറിമാർ



ഡോ. എ. ബാലകൃഷ്ണൻ
തിരുവനന്തപുരം



ഡോ. പ്രദീപ്കുമാർ. കെ
കൊല്ലം



ഡോ. രഞ്ജിത്ത്മോഹൻ
കോട്ടയം



അനൂപ് ജെ. ആലക്കപ്പള്ളി
ഇടുക്കി



ഡോ. എം.എസ്. മുരളി
എറണാംകുളം



ആൽബർട്ട് ആന്റണി
തൃശൂർ



ഡോ. കെ. അബ്ദുൾ റഷീദ്
പാലക്കാട്



സുശാന്ത്. പി
മലപ്പുറം



ഡോ. ദിനേശ് പി.കെ
കോഴിക്കോട്



സോബിൻ വർഗ്ഗീസ് എം.വി
വയനാട്



ഡോ. മഞ്ജുള കെ.വി
കണ്ണൂർ



ആസിഫ് ഇക്ബാൽ കാക്കശ്ശേരി
കാസർകോഡ്



# പോരാട്ടങ്ങൾക്ക് വിരാമമില്ല

ഇമ്പിച്ചിക്കോയ കെ

**എകെജിസിടി സംസ്ഥാന വൈസ്പ്രസിഡന്റായിരുന്ന പ്രൊഫ. ഇമ്പിച്ചികോയ കോഴിക്കോട് ഗവ. ആർട്സ് കോളേജിൽ നിന്നും ഇക്കഴിഞ്ഞ മെയ്31ന് വിരമിച്ചു.**

2001 സെപ്തംബറിൽ സർക്കാർ കോളേജ് അധ്യാപകനായി നിയമന ഉത്തരവ് ലഭിക്കുമ്പോൾ സന്തോഷമായിരുന്നില്ല; പകരം മനസ്സുനിറയെ സംഘർഷമായിരുന്നു. 'നിക്കണോ' ' പോകണോ' എന്ന വലിയ അനിശ്ചിതത്വം എന്നെ വന്നുമൂടി. ഉത്തരം കണ്ടെത്താൻ ദിവസങ്ങളെടുത്തു. അതിനു പ്രധാനമായും രണ്ട് കാരണങ്ങളാണ് ഉണ്ടായിരുന്നത്.

ഒന്നാമതായി, പൊന്നാനിയിൽ പൊതുരംഗത്ത് നിറഞ്ഞുനിന്നിരുന്ന കാലമായിരുന്നു. 1995ലും 2000 ലും നടന്ന തദ്ദേശതെരഞ്ഞെടുപ്പിൽ നഗരസഭാ കൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു; 2000 ൽ ഭാര്യയും എന്നോടൊപ്പം കൗൺസിലറായിരുന്നു എന്ന അപൂർവ്വതയുമുണ്ടായിരുന്നു.1996 ൽ ആരംഭിച്ച ജനകീയാസൂത്രണ പ്രസ്ഥാനം പൊതുപ്രവർത്തകർക്കു മുന്നിൽ അവസരങ്ങളുടെ അനന്തസാധ്യതകൾ തുറന്നിട്ട കാലം. ഇതെല്ലാം ഇട്ടെറിഞ്ഞ്, രാഷ്ട്രീയ സ്വാതന്ത്ര്യം അടിയറവെച്ച് ഒരു സർക്കാർജോലി സ്വീകരിക്കുക എന്നത് അത്രവേഗത്തിൽ തീർപ്പാക്കാവുന്ന സമസ്യയല്ല.

രണ്ടാമതായി, 1996 മുതൽ പൊന്നാനി എം.ഇ.എസ് കോളേജിൽ അധ്യാപകനായിരുന്നു. സ്വന്തം നാട്ടിലെ കോളേജ്. പ്രീഡിഗ്രിയും ഡിഗ്രിയും പഠിച്ച അതേ കോളേജ്. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയത്തിന്റെ ആദ്യപാഠങ്ങൾ പരിശീലിച്ച കോളേജ്. അവിടെ അധ്യാപകനാവുക എന്ന അപൂർവ്വ സൗഭാഗ്യം ത്യജിക്കണം; അതും വേദനാജനകം.

മുകളിൽ പറഞ്ഞ രണ്ടും 'നിക്കണം' എന്ന ഉത്തരമാണ് നൽകിയത്. എന്നാൽ 'പോകണം' എന്ന നിലയിലും രണ്ടുഘടകങ്ങൾ സജീവമായി പ്രവർത്തിച്ചിരുന്നു. ഒന്ന്, 2000 ൽ ബി.ജെ.പിയുടെ പിന്തുണയും അതിനുപുറമേ നറുക്കെടുപ്പിലെ ഭാഗ്യവും യു.ഡി.എഫിനെ തുണച്ചു. നഗരസഭാ ഭരണം എൽ.ഡി.എഫിന് നഷ്ടമായി. അപ്പോൾ പ്രതിപക്ഷത്തെ ഒരംഗം രാജിവെച്ചു പോയാലും വലിയ കുഴപ്പമില്ല എന്ന നിലവന്നു. പാർട്ടി എന്നെ പോകാൻ അനുവദിച്ചു. എം.ഇ.എസ് കോളേജിലെ ജോലിയുടെ കാര്യത്തിലാകട്ടെ പ്രീഡിഗ്രി വേർപ്പെടുത്തൽ മൂലം വർക്ക്ലോഡ് കുറഞ്ഞ് ശമ്പളം മുടങ്ങിയ സ്ഥിതിയായിരുന്നു. ശമ്പളമില്ലാതെ മൂന്നരവർഷം തള്ളിനീക്കി. ബ്യൂറോക്രസിയുടെ ക്രൂരതകളാൽ ആശയറ്റ ആ കാലഘട്ടത്തിലാണ് രക്ഷപ്പെടാനൊരു പിടിവള്ളിയായി നിയമന ഉത്തരവ് വരുന്നത്.

> കുട്ടിയും കുറച്ചും ഗുണിച്ചും ഹരിച്ചും അവസാനം ഒരു തീരുമാനത്തിലെത്തി; പോവുക തന്നെ. രണ്ടു രാജിക്കത്തുകൾ തയ്യാറാക്കി. നഗരസഭാ കൗൺസിലർ സ്ഥാനത്തു നിന്നും സ്വകാര്യ കോളേജിലെ ജോലിയിൽനിന്നും സലാം പറഞ്ഞു. പൊന്നാനിയിൽ പടർന്നിറങ്ങിയ വേരുകൾ സങ്കടത്തോടെ അറുത്തുമാറ്റി; എന്റെ പ്രവാസകാലം തുടങ്ങി.

കൂട്ടിയും കുറച്ചും ഗുണിച്ചും ഹരിച്ചും അവസാനം ഒരു തീരുമാനത്തിലെത്തി; പോവുക തന്നെ. രണ്ടു രാജിക്കത്തുകൾ തയ്യാറാക്കി. നഗരസഭാ കൗൺസിലർ സ്ഥാനത്തുനിന്നും സ്വകാര്യ കോളേജിലെ ജോലിയിൽനിന്നും സലാം പറഞ്ഞു. പൊന്നാനിയിൽ പടർന്നിറങ്ങിയ വേരുകൾ സങ്കടത്തോടെ അറുത്തുമാറ്റി; എന്റെ പ്രവാസകാലം തുടങ്ങി.

### വിവിധ സർക്കാർ കോളേജുകളിലെ സംഘടനാ പ്രവർത്തനങ്ങൾ

പൊന്നാനിയിൽ നിന്നും നിന്നും 140 കിലോമീറ്റർ ദൂരെ കോഴിക്കോട് ജില്ലയിലെ മലയോരഗ്രാമമായ കോടഞ്ചേരിയിലെ സർക്കാർ കോളേജിലായിരുന്നു ആദ്യനിയമനം. വന്നവരാരും മടങ്ങാനാഗ്രഹിക്കാത്ത സുന്ദര ഭൂപ്രദേശം. മണ്ണിൽ

പൊന്നുവിളയിക്കുന്ന നിഷ്കളങ്കരായ മനുഷ്യർ. കോളേജിൽ സ്ഥിര-അതിഥി അധ്യാപകർ സമാസമം. പി.ടി സുലൈമാൻ സാറിനായിരുന്നു പ്രിൻസിപ്പാൾ ചുമതല. ടി. സാലിഹ്, പി.സി. ഗോപാലൻ എന്നിവർ നേതാക്കന്മാരായി അവിടെയുണ്ടായിരുന്നു. അങ്ങനെ എ.കെ.പി.സി.ടി.എ.യിൽ നിന്നും എ.കെ.ജി.സി.റ്റി.യിലേക്കുള്ള എന്റെ കൂടുമാറ്റത്തിന് അവർ കാർമികത്വം വഹിച്ചു. എനിക്കായി കാത്തുവെച്ചിരുന്ന എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ സ്ഥാനം ഞാൻ ഇരുകയ്യും നീട്ടി സ്വീകരിച്ചു. അതുവഴി പൊന്നാനിയിൽ എനിക്ക് നഷ്ടപ്പെട്ട 'ലോകം' തിരിച്ചുപിടിക്കാനുള്ള എളിയശ്രമം നടത്തി. പിന്നീട് എ.കെ.ജി.സി.ടി യൂണിറ്റ് സെക്രട്ടറി സ്ഥാനവും ഏറ്റെടുത്ത് സംഘടനാരംഗത്തും സജീവമായി.

2005 ലാണ് സ്വന്തം തട്ടകമായ മലപ്പുറം ഗവൺമെന്റ് കോളേജിൽ എത്തുന്നത്. അന്ന് അവിടെ നേതാക്കളായി എം. ദേവദാസ് സാറും കെ.എ.ചന്ദ്രശേഖരൻ സാറും ഉണ്ടായിരുന്നു. തിരൂരിൽ ഉമ്മർ മാഷും പെരിന്തൽമണ്ണയിൽ ജില്ലാ സെക്രട്ടറി കെ.കെ. ദാമോദരനും.ഈ മൂന്നു കോളേജുകൾക്ക് പുറമെ മൂന്ന് പോളിടെക്നിക് കോളേജുകളുമാണ് സംഘടനയുടെ പ്രവർത്തന മേഖലയായി ഉണ്ടായിരുന്നത്. അന്ന് രാഷ്ട്രീയമായി ഇടതുപക്ഷത്തിന് വലിയ സ്വാധീനമില്ലാത്ത ജില്ലയിൽ സർക്കാർ കോളേജധ്യാപക രംഗത്ത് AKGCT ക്കു വ്യക്തമായ മുൻകൈയുണ്ടായിരുന്നു.ആകെയുള്ള 96 ൽ 64 പേരും (67%) സംഘടനയിലെ അംഗങ്ങളായിരുന്നു.മലപ്പുറം ഗവ. കോളേജിൽ യൂണിറ്റ് സെക്രട്ടറിയായും പിന്നീട് കെ.കെ.ദാമോദരൻ FIP അവധിയിൽ പ്രവേശിച്ചപ്പോൾ ജില്ലാ സെക്രട്ടറിയായും പ്രവർത്തിച്ചു. 2009 ൽ മലപ്പുറത്ത് വെച്ച് നടന്ന 51 മത് സംസ്ഥാനസമ്മേളനം സംഘടനയ്ക്ക് വലിയ ഉണർവ് നൽകി. വർഗ്ഗ ബഹുജനസംഘടനാ പ്രവർത്തകർക്കിടയിൽ കോളേജ് അധ്യാപകർ ദന്തഗോപുരവാസികളെല്ലെന്ന് ബോധ്യപ്പെടുത്താൻ സമ്മേളനത്തിനായി. ചുമരെഴുതാനും പോസ്റ്ററൊട്ടിക്കാനും കൊടികെട്ടാനും അധ്യാപകർ തന്നെ മുന്നിട്ടിറങ്ങി. ഉയരങ്ങളിൽ കൊടി കെട്ടാൻ ബലവാൻമാരായ എം.കെ. സുനിൽ, ഷെജിൻ കെ. എന്നിവരുടെ തോളിലും കൈകളിലും കയറിനിൽക്കാൻ പാകത്തിലുള്ള ഭാരം കുറഞ്ഞതും വഴക്കമുള്ളതുമായ ശരീരം എനിക്കു മാത്രമായിരുന്നു എന്ന കാര്യം ഇവിടെ സൂചിപ്പിക്കുന്നതിൽ കുഴപ്പമുണ്ടെന്നു കരുതുന്നില്ല.

2012ലാണ് ഹോംസ്റ്റേഷനായ കോഴിക്കോട് ആർട്സിലേക്ക് സ്ഥലം മാറിയെത്തുന്നത്. മലപ്പുറംജില്ലയോട് താരതമ്യം ചെയ്യുമ്പോൾ കോളേജുകളുടെയും മെമ്പർഷിപ്പിന്റെയും എണ്ണത്തിൽ വളരെ മുന്നിലായിരുന്നു കോഴിക്കോട് ജില്ല. മലപ്പുറത്തെ മൊത്തം മെമ്പർഷിപ്പ് ആർട്സ് കോളേജിൽ മാത്രമുണ്ട്. ആർട്സിൽ പ്രിൻസിപ്പാൾ ബി.കെ വിജയൻ സാറായിരുന്നു. നേതാക്കളായി എം.സത്യനും ടി. സുരേശൻസാറും ബേബിഷീബയും. ജില്ലാ സെക്രട്ടറി ഡോ. കെ. രാമകൃഷ്ണൻ തൊട്ടടുത്തുണ്ട്; ട്രെയിനിംഗ് കോളേജിൽ. മേഖലാ സെക്രട്ടറി അസീസ് കോറോത്ത് സാർ മടപ്പള്ളിയിലും. നേതാക്കളാൽ സമ്പന്നമായിരുന്നു കോഴിക്കോട്. മലപ്പുറത്ത് ജില്ലാ സെക്രട്ടറി ആയിരുന്നുവെന്ന പിന്തുടർച്ചാവകാശമൊന്നും ഉന്നയിക്കാനാവില്ലല്ലോ; യൂണിറ്റ് അംഗമായി ആയി വീണ്ടും തുടക്കം. പതുക്കെ പതുക്കെ യൂണിറ്റ് എക്സിക്യൂട്ടീവ്, പിന്നെ ജില്ലാ കമ്മറ്റി, പിന്നെ ജില്ലാ ജോയിന്റ് സെക്രട്ടറി. 2014 ൽ എം. സത്യൻ എഫ്.ഐ.പി അവധിയിൽ പ്രവേശിച്ചപ്പോൾ ജില്ലാ സെക്രട്ടറിയുടെ ചുമതല ഏറ്റെടുത്തു. മലപ്പുറത്തും കോഴിക്കോട്ടും 'എഫ്.ഐ.പി സബ്സ്റ്റിറ്റ്യൂട്ട്' എന്ന നിലയ്ക്കാണ് ജില്ലാ സെക്രട്ടറിയായത് എന്നത് തികച്ചും യാദൃശ്ചികവും എന്നാൽ അത്ഭുതകരവുമാണ്. ഡോക്ടറേറ്റ് എടുക്കാനാവാത്ത എന്റെ 'സങ്കടം' ഞാൻ മറികടക്കുന്നത് 'എഫ്.ഐ.പി. ജില്ലാ സെക്രട്ടറി'യെന്ന നിലയിലുള്ള നല്ല നല്ല അനുഭവങ്ങളിലൂടെയാണ്.



**സംസ്ഥാനസമ്മേളനങ്ങൾ**

2003 മുതലുള്ള ഏതാണ്ടെല്ലാ സംസ്ഥാനസമ്മേളനങ്ങളിലും പങ്കെടുത്തിട്ടുണ്ട്. മൂന്നു സമ്മേളനങ്ങളുടെ സംഘാടനത്തിലും പങ്കാളിയാവാനായി. ഓരോ സമ്മേളനവും സംഘാടനം, പങ്കാളിത്തം , ഉള്ളടക്കം എന്നിവയിൽ വ്യത്യസ്തമായ അനുഭവങ്ങളാണ് നൽകുക. ഏറ്റവുമൊടുവിലത്തെ സമ്മേളനം കൊവിഡിന്റെ നിഴലിൽ നടത്തിയ 2020 ലെ തൃശൂർ സമ്മേളനമാണ്. പുതിയ പ്ലാറ്റ്ഫോമിൽ (ഓൺലൈനിൽ) നടത്തിയ 2021 ലെ തിരുവനന്തപുരം സമ്മേളനവും ഒരു വഴിത്തിരിവാണ്; അതുകൊണ്ടു തന്നെ ചരിത്രത്തിന്റെ ഭാഗവുമാണ്. ഏറ്റവുമധികം അംഗങ്ങൾ എത്തുന്നത് സമ്മേളനത്തിന്റെ ആദ്യ ദിവസമാണ്. അന്നാണ് ഉദ്ഘാടനവും വിദ്യാഭ്യാസ സമ്മേളനവും പ്രകടനവും പൊതുയോഗവും. സംസ്ഥാനത്തിന് വിവിധഭാഗങ്ങളിൽ എത്തുന്നവർക്ക് അതൊരു പൂർവവിദ്യാർഥിസംഗമം പോലെ ഊഷ്മളമായ ഒത്തുചേരലായി അനുഭവപ്പെടുന്നു. ചായ, ഉച്ചഭക്ഷണ ഇടവേളകൾ പരിചയം പുതുക്കലിന്റെതാണ്. ഹാളിലേക്ക് തിരിച്ചുകയറാൻ കുറച്ചു സമയമെടുക്കും. അകത്തു കയറാൻ.ആവശ്യപ്പെട്ടുകൊണ്ടുള്ള അനൗൺസ്മെന്റ് കൊണ്ട് വലിയ കാര്യമില്ല. അടുത്ത സെഷൻ ആരംഭിക്കുന്നതിന് മുമ്പ് ഹാളിനു പുറത്ത് നിൽക്കുന്നവരെ അകത്ത് കയറ്റാൻ നേതാക്കൾ തന്നെ രംഗത്തിറങ്ങണം. പ്രസാദ് സാറിന്റെ കാലം മുതൽ കണ്ടുവരുന്ന ഈ ഏർപ്പാടിന് മനോജിന്റെ കാലത്തും വലിയ മാറ്റം വന്നിട്ടില്ല. സെക്രട്ടറി അവതരിപ്പിക്കുന്ന റിപ്പോർട്ടിന്മേലുള്ള ചർച്ചയും രസകരമായ അനുഭവമാണ്. ആദ്യദിനം

ഗംഭീരമായിരിക്കും. സർവ്വകലാശാല അടിസ്ഥാനത്തിൽ തരംതിരിച്ച ഗ്രൂപ്പുകളിൽ നല്ല ആൾക്കൂട്ടം ഉണ്ടായിരിക്കും. ഒരാൾ ഉച്ചത്തിൽ വായിക്കും മറ്റുള്ളവർ കേട്ടിരിക്കും. ചർച്ചകൾ കാടുകയറും. മുൻകാലങ്ങളിൽ രാത്രിഭക്ഷണത്തിന് ശേഷം തുടങ്ങുന്ന ചർച്ച പാതിരാവിലും തുടരും. ഉറക്കം വരുന്നവർ പതുക്കെ പതുക്കെ സ്ഥലം കാലിയാക്കും. അവസാനം വിരലിലെണ്ണാവുന്നവർ മാത്രമാകും. ചർച്ച കരയ്ക്കടുപ്പിച്ചേ അവർ ഉറങ്ങാൻ പോകൂ.

റിപ്പോർട്ട് ചർച്ച വയനാട്ചുരം കയറുന്നതിനോടുപമിക്കാം.വളവും തിരിവും പിന്നിട്ട്  വൈത്തിരി എത്തുമ്പോൾ അന്തർദേശീയവും ദേശീയവും മാത്രമേ  പൂർത്തിയായിട്ടുണ്ടാകൂ. അപ്പോഴേക്കും സമയവും തീർന്നിരിക്കും; യാത്രക്കാരെല്ലാം ഇറങ്ങിയിരിക്കും. പിന്നെ മിന്നൽവേഗത്തിലൊരു പോക്കാണ്.മൂന്നാം ദിവസം ചർച്ച ക്രോഡീകരിച്ച് അവതരിപ്പിക്കുമ്പോൾ ചർച്ച ചെയ്തവർ സമ്മേളനഹാളിൽ ഉണ്ടായാൽ മഹാഭാഗ്യം. ക്രോഡീകരിച്ചുള്ള റിപ്പോർട്ടിനെപ്പറ്റി  ഏറ്റവും ഒടുവിൽ കേട്ട മാസ് ഡയലോഗ്  2021ലെ സമ്മേളനവേദിയിൽ വെച്ച് അന്നത്തെ ജനറൽ സെക്രട്ടറി ഡോ. എൻ. മനോജിന്റേതാണ്. "റിപ്പോർട്ടിൽ അക്ഷരത്തെറ്റുകൾ ഉണ്ടാവാം. അതിനു ചുറ്റും കറങ്ങി സമയം കളയരുത്. 'കോളേജ്' എന്നത് 'കേളേജ്'എന്നായി എന്നതുകൊണ്ട് ലോകത്തിന് വലിയ ദോഷമൊന്നും സംഭവിക്കാനില്ല. അതൊന്നും ഉന്നയിച്ച് സമയം കളയരുത്."

2013ലെ സംസ്ഥാനസമ്മേളനം കോഴിക്കോട് വെച്ച്  സംഘടിപ്പിക്കുമ്പോൾ അതിൽ പങ്കാളിയാകാൻ സാധിച്ചു. ആരാധന ടൂറിസ്റ്റ് ഹോമിലെ സ്വാഗതസംഘം ഓഫീസിൽ രാപ്പകൽ ഭേദമില്ലാതെ  പ്രവർത്തകർ നിറഞ്ഞു. എല്ലാ പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിച്ച് ജില്ലാ സെക്രട്ടറി ഡോ. കെ. രാമകൃഷ്ണൻ. ഇടത്തും വലത്തും സത്യനും റിയാസും. കാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ പ്രമുഖർ പങ്കെടുത്ത അഞ്ചു അനുബന്ധ സെമിനാറുകൾ സംഘടിപ്പിച്ചു. ഡോ. പി.ജെ വിൻസെന്റും സംഘവും. സുവനീറിന്റെ പണിപ്പുരയിൽ വെന്തുരുകി ഷിനാസും രഘുദാസും. പ്രദർശനം സംഘടിപ്പിക്കാനോടി നടന്ന് ജിനീഷ് പി.എസ്. പാതിരാത്രികളിൽ കൊടിതോരണങ്ങൾ കെട്ടാനും പോസ്റ്റർ പതിക്കാനും  ചെറുസംഘങ്ങൾ നഗരത്തിൽ റോന്തുചുറ്റി. ജില്ലയിലെ എല്ലാ യൂണിറ്റുകളെയും ചലിപ്പിക്കാനും മുഴുവൻ അംഗങ്ങളെയും കർമ്മനിരതരാക്കി രംഗത്തിറക്കാനും സാധിച്ചു.

ഓർമ്മയിൽ രണ്ട് ആദ്യകാല സമ്മേളനങ്ങൾ ഇപ്പോഴും നിറഞ്ഞു നിൽക്കുന്നുണ്ട്.  അതിലൊന്ന് 2003 ൽ കോഴിക്കോട് വെച്ചുനടന്ന 45-ാ മത് സംസ്ഥാനസമ്മേളനമാണ്. ഞാൻ പങ്കെടുത്ത ആദ്യത്തെ സമ്മേളനം. ആദ്യദിവസം കോഴിക്കോട് ടൗൺഹാളിലും പിന്നീടുള്ള രണ്ടു ദിവസം കോഴിക്കോട് ആർട്സ് കോളേജിലുമായിരുന്നു സമ്മേളനം. അന്നത്തെ ജില്ലാ സെക്രട്ടറിയായി ബി.കെ വിജയൻ സാറാണ്  സമ്മേളനകൺവീനർ. സമ്മേളന പ്രതിനിധികൾക്കായി താമസസൗകര്യം ഒരുക്കിയത് കോളേജിലെ സ്റ്റാഫ്റൂമുകളാണ്. ഇക്കണോമിക്സ് അധ്യാപകനായതു കൊണ്ടോ എന്തോ എനിക്ക് കിട്ടിയത് ഇക്കണോമിക്സ് വകുപ്പിന്റെ സ്റ്റാഫ് റൂമാണ്. രണ്ടു മേശകൾ ചേർത്ത് വെച്ച് ഞാൻ കിടന്നു.. കോളേജുകളിൽ താമസ സൗകര്യം ഏർപ്പെടുത്തിയ അവസാനത്തെ സമ്മേളനമായിരുന്നു അതെന്നാണ് എന്റെ അറിവ്. മറ്റൊന്ന് 2006 ഫെബ്രുവരിയിൽ തലശ്ശേരി ബ്രണ്ണൻ കോളേജിൽ വെച്ച് നടന്ന 48-ാ മത് സംസ്ഥാന സമ്മേളനമാണ്. തലശ്ശേരി റെയിൽവേ സ്റ്റേഷനിൽ വണ്ടി ഇറങ്ങിയപ്പോഴാണ് അവിടെ ഹർത്താലാണെന്ന് അറിയുന്നത്. കോളേജ് സ്ഥിതിചെയ്യുന്ന ധർമ്മടത്തേക്ക്  പോകാൻ വാഹനങ്ങളൊന്നും ലഭ്യമല്ല. ധർമ്മടത്ത് റെയിൽവേസ്റ്റേഷൻ ഉണ്ടെങ്കിലും മിക്ക വണ്ടികളും അവിടെ നിറുത്താറില്ല. തിരിച്ചു പോണോ വേണ്ടയോ എന്ന് ചിന്തിച്ചു നിൽക്കുമ്പോഴാണ് സമാനചിന്താഗതിക്കാരായ രണ്ടു പേരെ കാണുന്നത്. അവരും സമ്മേളനത്തിൽ പങ്കെടുക്കാൻ എത്തിയവരാണ്. പിന്നെ ഒട്ടും അമാന്തിച്ചില്ല. ഞങ്ങൾ റെയിൽ പാളത്തിന്  ഓരം ചേർന്ന് നടന്നു. സമ്മേളനനടപടികൾ ഒന്നും ഓർമ്മയില്ലെങ്കിലും തലശ്ശേരി മുതൽ ധർമ്മടം വരെയുള്ള അഞ്ചു കിലോമീറ്റർ നടത്തം ഇപ്പോഴും നല്ല ഓർമ്മയുണ്ട്. രസകരമായ സംഗതി പലപ്പോഴും സമ്മേളനത്തിന്റെ വിജയം തീരുമാനിക്കുന്നത് മേൽപ്പറഞ്ഞതൊന്നുമായിരിക്കില്ല; ഒരുപക്ഷേ ഭക്ഷണവും താമസവുമായിരിക്കും. ഭക്ഷണം വയറു നിറക്കാൻ മാത്രമുള്ളതല്ല അത് മനസ്സും നിറയണം.





> ഭക്ഷണം വയറു നിറക്കാൻ മാത്രമുള്ളതല്ല അത് മനസ്സും നിറക്കണം. അതിനു കാറ്ററിംഗ്കാരെ ഏൽപ്പിച്ചിട്ട് കാര്യമില്ല. അത് കൂട്ടായ്മയിൽ പാകം ചെയ്യുകയും കൂട്ടായ്മയിൽ വിളമ്പുകയും വേണം.വർഗ്ഗ ബഹുജന സംഘടനപ്രവർത്തകരും നമ്മളും ഒത്തു ചേരുമ്പോൾ ഭക്ഷണത്തിന് ഒരു വല്ലാത്ത രുചിയാണ്. മനസ്സ് നിറക്കുന്ന അനുഭവമാണ്. വർഷങ്ങൾക്കു മുമ്പ് കോട്ടയം സമ്മേളനത്തിൽ വിളമ്പിയ പൊള്ളിച്ച മീനിന്റെ രുചി ഇപ്പോഴും നാവിൽ നിന്ന് പോയിട്ടില്ല. അന്നത് വിളമ്പിയ ചേട്ടനേയും മറന്നിട്ടില്ല.

അതിനു കാറ്ററിംഗ്കാരെ ഏൽപ്പിച്ചിട്ട് കാര്യമില്ല. അത് കൂട്ടായ്മയിൽ പാകം ചെയ്യുകയും കൂട്ടായ്മയിൽ വിളമ്പുകയും വേണം. വർഗ്ഗ ബഹുജനസംഘടന പ്രവർത്തകരും നമ്മളും ഒത്തു ചേരുമ്പോൾ ഭക്ഷണത്തിന് ഒരു വല്ലാത്ത രുചിയാണ്. മനസ്സ് നിറയുന്ന അനുഭവമാണ്. വർഷങ്ങൾക്കു മുമ്പ് കോട്ടയം സമ്മേളനത്തിൽ വിളമ്പിയ പൊള്ളിച്ച മീനിന്റെ രുചി ഇപ്പോഴും നാവിൽ നിന്ന് പോയിട്ടില്ല. അന്നത് വിളമ്പിയ ചേട്ടനേയും മറന്നിട്ടില്ല.

### പ്രവർത്തകക്യാമ്പുകൾ

യൂണിറ്റ്തല പ്രവർത്തകർക്ക് വലിയ ഊർജ്ജം നൽകുന്ന പ്രവർത്തനമാണ് നവംബറിൽ / ഡിസംബറിൽ രണ്ട് ദിവസങ്ങളിലായി നടക്കാറുള്ള പ്രവർത്തക ക്യാമ്പുകൾ. കോടഞ്ചേരിയിലുണ്ടായിരുന്ന കാലം തൊട്ട് ക്യാമ്പുകളിൽ പങ്കെടുക്കാറുണ്ട്. യൂണിറ്റ് റിപ്പോർട്ടിംഗിൽ കോടഞ്ചേരി കോളേജിനെ പ്രതിനിധീകരിച്ച് സംസാരിച്ചതാണ് AKGCTയിൽ എന്റെ ആദ്യവേദി. ആ ക്യാമ്പ് നടന്നത് എവിടെ വച്ചായിരുന്നു എന്ന് ഓർമ്മയില്ല. കൃത്യമായ രാഷ്ട്രീയ-സംഘടനാ ബോധം അംഗങ്ങളിൽ വളർത്തുന്നതിൽ ക്യാമ്പുകൾ വലിയ പങ്കുവഹിക്കുന്നു. കാലിക പ്രസക്തിയുള്ള അന്താരാഷ്ട്രീയ/ ദേശീയ വിഷയങ്ങൾ, അക്കാദമിക വിഷയങ്ങൾ, സംഘടനാ പ്രവർത്തനം എന്നിവ ചർച്ച ചെയ്യുന്ന ക്യാമ്പുകൾ യൂണിറ്റ്തലത്തിൽ സംഘടനയെ നയിക്കുന്നവർക്ക് കരുത്ത് പകരുന്ന ഒന്നാണ്. യൂണിറ്റിലെ പ്രശ്നങ്ങൾ നേരിട്ട് അവതരിപ്പിക്കാനുള്ള സംസ്ഥാനതലത്തിലുള്ള ഏക വേദിയായും ക്യാമ്പുകൾ മാറുന്നു. ആതിഥേയജില്ലയിലെ പ്രവർത്തകർക്കും ആവേശകരമായ അനുഭവം നൽകുന്നു. കോവിഡ് കാരണം കഴിഞ്ഞ വർഷം 2020 ൽ പ്രവർത്തക ക്യാമ്പ് ഉപേക്ഷിക്കേണ്ടിവന്നു.
കട്ടപ്പനകോളേജിൽ വച്ച് നടന്ന ക്യാമ്പ്, 2018 ലെ കൊല്ലം തങ്കശ്ശേരി ക്യാമ്പ്, 2019 ലെ പാലക്കാട് ക്യാമ്പ് എന്നിവ നല്ല ഓർമ്മകളാണ്. കൊല്ലം ക്യാമ്പിന്റെ സൈറ്റും (തങ്കശ്ശേരി ബീച്ച് )പാലക്കാട് ക്യാമ്പിലെ മലമ്പുഴഡാം സന്ദർശനവും ഗംഭീര അനുഭവമായിരുന്നു.

### സംഘടന ഏൽപ്പിച്ച മറ്റു ദൗത്യങ്ങൾ

വിവിധ കാലങ്ങളിൽ സംഘടനാ പ്രവർത്തനത്തിന് പുറമേ സംഘടന ഏൽപ്പിക്കുന്ന മറ്റു ദൗത്യങ്ങൾ പുതിയ അനുഭവവും നമ്മുടെ ആവിഷ്കാരങ്ങൾക്ക് വലിയ ഭൂമിക നൽകുന്നവയും ആയിരുന്നു. കാലിക്കറ്റ് സർവ്വകലാശാലയുടെ ബോർഡ് ഓഫ് സ്റ്റഡീസിലും ഫാക്കൽറ്റിയിലും പ്രവർത്തിക്കാനായത് അക്കാദമിക പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെടാൻ അവസരമൊരുക്കി. 2013 ൽ കാലിക്കറ്റ് സർവകലാശാലയുടെ സെനറ്റിലേക്ക് മത്സരിച്ചതും ജയിച്ചതും മറ്റൊരു അനുഭവമായിരുന്നു. 'ഞാനാണ് സർവകലാശാല' എന്ന് പ്രഖ്യാപിച്ചു കൊണ്ട് ഏകാധിപതിയായ അബ്ദുൾസലാം വൈസ് ചാൻസലറായി വാണരുളുന്ന കാലമാണത്. അദ്ദേഹത്തിന്റെ പട്ടാള ഭരണത്തിനെതിരെ കാമ്പസാകെ പോരാടുന്ന കാലം. ഞങ്ങൾ സെനറ്റിനകത്തും പുറത്തും ജനാധിപത്യ അവകാശങ്ങൾക്കായി പൊരുതി. തെറ്റായനയങ്ങൾ തിരുത്തിക്കാൻ വലിയ സമരങ്ങൾക്ക് സർവകലാശലാ കാമ്പസ് വേദിയായി.

2013 ൽ സംഘടനഏൽപ്പിച്ച അതിസാഹസികമായ മറ്റൊരു ദൗത്യമായിരുന്നു ബാലുശ്ശേരിയിൽ പുതുതായി ആരംഭിച്ച സർക്കാർകോളേജിൽ സ്പെഷ്യൽ ഓഫീസർ ചുമതല ഏറ്റെടുക്കുകയെന്നത്. വ്യക്തിപരമായി ഏറെ പ്രയാസങ്ങൾ ഉണ്ടായിരുന്നെങ്കിലും സംഘടനയുടെ നിർദ്ദേശപ്രകാരം സന്തോഷപൂർവ്വം ആ ചുമതല ഏറ്റെടുക്കുകയായിരുന്നു. ഒരു എൽ.പി സ്കൂളിലെ നാലു ക്ലാസ്സ്മുറികളിൽ ഏഴുദിവസം കൊണ്ട് കോളേജ് തുടങ്ങുക എന്ന അത്ഭുത കൃത്യം നിർവഹിക്കാനായത് പുരുഷൻ കടലുണ്ടി MLA, അദ്ദേഹത്തിന്റെ സെക്രട്ടറി അരവിന്ദേട്ടൻ, സ്കൂൾ ഹെഡ്മാസ്റ്റർ ഷുക്കൂർ മാഷ്, അധ്യാപകനായ പത്മനാഭൻ മാഷ് എന്നിവരുടെ നേതൃത്വത്തിലുള്ള ബാലുശ്ശേരിയിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ ഒന്നുകൊണ്ടുമാത്രമാണ്. റാങ്ക് ലിസ്റ്റ് തയ്യാറാക്കാനും അതിഥി അധ്യാപകരെ അഭിമുഖം നടത്താനും ആർട്സ്, കോടഞ്ചേരി, കൊയിലാണ്ടി കോളേജുകളിലെ അധ്യാപകരുടെ സഹായവും നിർലോഭം ലഭിച്ചു. പ്രിൻസിപ്പാൾ ആകാൻ വല്ല 'പൂതി'യും ഉണ്ടെങ്കിൽ അതു തീർന്നുകൊള്ളട്ടെ എന്നതായിരിക്കാം എന്റെ ബാലുശ്ശേരി നിയോഗത്തിന്റെ ലക്ഷ്യം. ഡോക്ടറേറ്റ് വേണമെന്ന നിയമം വന്നാൽ ആ പൂതി നടക്കാതെ പോകുമല്ലോ എന്ന് ആരോ







ദീർഘദർശനം ചെയ്തിരിക്കാം.

2016 ൽ എൽ.ഡി.എഫ് അധികാരത്തിൽ വന്നപ്പോൾ സംഘടന പുതിയൊരു ദൗത്യംകൂടി ഏൽപ്പിച്ചു. ഹയർസെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ പരീക്ഷാവിഭാഗം ജോയിന്റ് ഡയറക്ടറായി. പട്ടാമ്പി കോളേജിലെ അധ്യാപകനും പാലക്കാട് ജില്ലാ സെക്രട്ടറിയുമായിരുന്ന ഡോ. പി.പി. പ്രകാശനും കൂടെയുണ്ടായിരുന്നു; അക്കാദമിക് വിഭാഗം ജോയിന്റ് ഡയറക്ടറായി. കേരളത്തിലും മാഹിയിലും ലക്ഷദ്വീപിലും യു.എ.ഇ.യിലും ഏകദേശം 9 ലക്ഷം വിദ്യാർത്ഥികൾ ഒന്നും രണ്ടും വർഷ പരീക്ഷയെഴുതുന്ന, ഏറ്റവും ഗൗരവമേറിയ, ഏറെ റിസ്കുള്ള ഒരു ചുമതല വലിയ പരാതികളൊന്നും ഇല്ലാതെ രണ്ടു വർഷം കൊണ്ടുപോകാനായി എന്നതും സേവനകാലത്തെ കണക്കുപുസ്തക ത്തിൽ ആസ്തികളുടെ ഇനത്തിൽ വരവുവെച്ച കനപ്പെട്ട അനുഭവങ്ങളാണ്.

## സമരപഥങ്ങളിൽ

സംഘടനാപ്രവർത്തനത്തിന്റെ മുഖമുദ്രയാണ് അവകാശങ്ങൾക്കു വേണ്ടിയുള്ള പോരാട്ടങ്ങൾ. അത് കോളേജ് വരാന്തകളിൽ തുടങ്ങി ഡൽഹി യിലെ ജന്തർമന്ദർ വരെ നീളുന്നു. ഡിസി ഓഫീസും കളക്ടറേറ്റും സെക്രട്ടറിയേറ്റും യൂണിവേഴ്സിറ്റിയും രാജ്ഭവനുമൊക്കെ സമരവേദികളാവുന്നു. ജില്ലാ സെക്രട്ടറി ഡോ. കെ.രാമകൃഷ്ണനെ സസ്പെൻഡ് ചെയ്ത പ്രിൻസിപ്പാളിന്റെ നടപടിക്കെ തിരെ കോഴിക്കോട് മാനാഞ്ചിറയിലും സ്വയംഭരണം അവസാനിപ്പിക്കണമെന്നാ വശ്യപ്പെട്ട് മഹാരാജാസിന്റെ മുന്നിലും നടന്ന സമരങ്ങളിൽ പങ്കാളിയായിട്ടുണ്ട്. FSETOയുടെ ആഭിമുഖ്യത്തിൽ സംഘടി പ്പിക്കുന്ന ധർണ്ണകൾ, മാർച്ചുകൾ, പണിമുടക്കുകൾ, പ്രകടനങ്ങൾ, പദ യാത്രകൾ... 2016 മാർച്ചിൽ പാലക്കാട് ജില്ലയിലെ നഗരഗ്രാമ വീഥികളിലൂടെ FSETOയുടെ ജാഥാക്യാപ്റ്റനായി ജാഥനയിച്ചത് നല്ലൊരു അനുഭവമാ യിരുന്നു. മേഖലാ സെക്രട്ടറിയായ ഡോ. എം. സത്യന് (സംസ്കൃതം) പങ്കെടുക്കാൻ സാധിക്കാതെ വന്നപ്പോഴാണ് പകരക്കാരനായി പങ്കെടുത്തത്. പൈലറ്റ് വണ്ടിയിൽ നിന്നും ഇടക്കിടെ പേര് അനൗൺസ് ചെയ്യുമ്പോൾ ചെറിയ ചമ്മൽ ഉണ്ടായിരുന്നു. സ്വീകരണകേന്ദ്രങ്ങളിൽ ജാഥാക്യാപ്റ്റൻ എന്ന നിലയിൽ സ്വീകരണം ഏറ്റുവാങ്ങിയതും പ്രസംഗിച്ചതും നല്ല ഓർമ്മകൾ. പഴയ പൊതുപ്രവർത്തകന്റെ വേഷം വീണ്ടും അണിഞ്ഞതുപോലുള്ള അനുഭവം.

'അറബിക്കഥ' എന്ന സിനിമയിലെ ഗൾഫിലെത്തിയ ക്യൂബ മുകുന്ദനെപോ ലെയാണ് നമ്മുടെ കാര്യം. വിളിക്കാനാ ഗ്രഹിക്കുന്ന പല മുദ്രാവാക്യങ്ങളും വിളിക്കാനാകാതെ അടക്കിവെച്ചാണ് നമ്മുടെ ജീവിതം. എന്നാൽ ഡൽഹിയി ലെ സമരവേദികളിലത് ആവേശത്തോടെ പുറത്തുചാടും. ജാഥയിൽ പങ്കാളികളായി മുദ്രാവാക്യം വിളിക്കുമ്പോൾ പണ്ട് നാട്ടിൽ പ്രഭാതഭേരിക്ക് വിളിച്ചുകൊടു ത്ത രാഷ്ട്രീയ മുദ്രാവാക്യങ്ങൾ ഉറക്കെ വിളിക്കും. സമീപം നിൽക്കുന്ന പോലീസുകാർക്ക് മലയാളം അറിയി ല്ലല്ലോ എന്ന ധൈര്യത്തിലാണത്.

'കാലം സാക്ഷി ചരിത്രം സാക്ഷി
രണാങ്കണത്തിലെ രക്തം സാക്ഷി
രക്തസാക്ഷി കുടീരം സാക്ഷി
ഇല്ലാ ഞങ്ങൾ പുറകോട്ട്
ഓരോ ചുവടും മുന്നോട്ട്
ഇൻക്വിലാബ് സിന്ദാബാദ്'

മറ്റുള്ളവർ ആവേശത്തിൽ ഏറ്റു വിളിക്കുന്നത് കാണുമ്പോൾ ഇവരൊക്കെ ഡൽഹിയിലേക്ക് വന്നത് ഉള്ളിൽ അണകെട്ടി നിറുത്തിയ മുദ്രാവാക്യ സംഭരണി തുറന്നുവിടാനാണെന്ന് തോന്നിപ്പോകും.

## പുതിയ കാലം പുതിയ വെല്ലുവിളികൾ

ഉന്നതവിദ്യാഭ്യാസരംഗത്ത് ഓരോ പ്രതിസന്ധികൾ രൂപപ്പെടുമ്പോഴും അതിനെ മറികടക്കാനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചാണ് നാം മുന്നോട്ടുകുതിച്ചത്. നിലവിലെ പ്രതിസന്ധി പരിഹരിച്ചു കഴിഞ്ഞാൽ വിശ്രമിക്കാനാവുമെന്നത് വെറും വ്യാമോഹം മാത്രമാണെന്ന് അനുഭവങ്ങൾ പഠിപ്പിക്കുന്നു. ഒരു പ്രതിസന്ധി മറികടക്കുമ്പോൾ അതിനേക്കാൾ ഗൗരവമേറിയ പുതിയ പ്രതിസന്ധികൾ നമ്മുടെ മേഖലയിൽ ഒന്നിനുപുറകെ ഒന്നായി വന്നുകൊണ്ടി രിക്കുന്നു. സംഘടനയുടെ നിഘണ്ടു വിൽ വിശ്രമം എന്ന പദം അന്യമാകുന്നു. നമ്മുടെ അക്കാദമിക് കമ്മിറ്റികളും ACSR സമിതികളും നിരന്തരമായ പ്രവർത്തനങ്ങളി ലേർപ്പെടുകയും ഓരോഘട്ടങ്ങളിലും ക്രിയാത്മകമായ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്യുന്നു. സംഘടന സമർപ്പിച്ച അക്കാദമിക റിപ്പോർട്ടുകൾ എണ്ണം

കൊണ്ടും ഉള്ളടക്കം കൊണ്ടും ശ്രദ്ധേയങ്ങളാണ്. വലിയ അളവിൽ ഊർജ്ജം ഇതിനായി സംഘടന ചെലവിടുന്നു. റിസർച്ച് ജേർണൽ കൂടി യാഥാർത്ഥ്യമാകുന്ന തോടെ അക്കാദമിക് സമൂഹത്തിനത് കനപ്പെട്ട സംഭാവനയായി മാറും.

അടച്ചിരുപ്പിന്റെയും ശാരീരിക അകലത്തിന്റെയും ഈ മഹാമാരിക്കാലത്തും നാം നമ്മുടെ പ്രവർത്തനങ്ങളെ ക്വാറന്റൈൻ ചെയ്തില്ല. നിലനിൽപ്പിനായി സമരം ചെയ്യുന്ന കർഷകരോടും ലക്ഷദ്വീപ് ജനതയോടും നാം നമ്മുടെ ഐക്യദാർഢ്യം പ്രകടിപ്പിച്ചു. ഓൺലൈനിൽ നിരവധിയായ പരിപാടികൾ സംഘടിപ്പിച്ചു. വനിതാ സബ്കമ്മറ്റിയും ഗൗരവമേറിയ നിരവധി വിഷയങ്ങളിൽ പ്രഗത്ഭരെ പങ്കെടുപ്പിച്ചുകൊണ്ട് വെബിനാറുകൾ സംഘടിപ്പിച്ചു.

അക്കാദമിക പ്രവർത്തനങ്ങൾ പോലെതന്നെ പ്രാധാന്യമേറിയതാണ് അംഗങ്ങളുടെ സർവീസ് സംബന്ധമായ കാര്യങ്ങളിലെ ഇടപെടലുകൾ. അത് യൂണിറ്റ് തലത്തിൽ തുടങ്ങുന്നു. പിന്നീട് ജില്ലയും സംസ്ഥാനവും അതേറ്റെടുത്ത് പരിഹാരം കാണുന്നു. അധ്യാപക സമൂഹത്തെ ബാധിക്കുന്ന പൊതുവായ വിഷയങ്ങളിലെ നിരന്തര ഇടപെടലുകളും സംഘടനയെ സക്രിയമാക്കുന്നു. ഒപ്പം നമുക്കു ചുറ്റുമുള്ള മനുഷ്യർ പ്രതിസന്ധികളിൽ തളരുമ്പോൾ അവർക്ക് താങ്ങായും സംഘടന നിലകൊള്ളുന്നു. സമീപകാലത്ത് ഓഖി മുതൽ കോവിഡ് വരെയുള്ള പ്രതിസന്ധികളിൽ സാമൂഹിക പ്രതിബദ്ധതയിലൂന്നിയ നമ്മുടെ ഇടപെടലുകൾ ഏറെ അഭിമാനകരമാണ്.

എല്ലാറ്റിനും പുറമെ സംഘടനാ സംവിധാനത്തിനകത്ത് ഒരുമിച്ചുകൂടുന്ന നമ്മൾ തമ്മിൽ പരസ്പരം പങ്കുവെക്കുന്ന സ്നേഹത്തിന്റെ ആഴവും അതിലൂടെ വളർന്നുവരുന്ന വ്യക്തിബന്ധങ്ങ ളുടെ ഊഷ്മളതയും പറഞ്ഞറിയിക്കാനാവാത്ത അനുഭവങ്ങളാണ്. അങ്ങനെ കരുതലിന്റെ അദൃശ്യമായ ഒരു കൈ നമ്മുടെ തോളിൽ സ്പർശിക്കും. ആ സ്നേഹവും കരുതലും കുടുംബങ്ങളിലേക്കും എത്തുന്നു. സന്തോഷവേളകളിൽ ഒരു സ്നേഹസാന്നിധ്യമായും സങ്കടവേളകളിൽ സാന്ത്വനസ്പർശമായും നമുക്കത് അനുഭവപ്പെടുന്നു. നമ്മുടെ പൂർവികർ പണ്ട് MBT രൂപീകരിക്കുമ്പോൾ വിഭാവനം ചെയ്തത് പരസ്പരമുള്ള ഈ കരുതലാണ്.

> പുതിയ കാലത്ത് പുതിയ വെല്ലുവിളികളെ നേരിടാൻ ശക്തമായ തൊഴിലാളി ഐക്യനിര കെട്ടിപ്പടുക്കാനും അതിൽ നേതൃത്വപരമായ പങ്കുവഹിക്കാനും സംഘടനയ്ക്കാവും.

സംഘടനയിലൂടെ ശക്തമാകുന്ന നമ്മടെ വ്യക്തിബന്ധങ്ങൾ പ്രതിസന്ധികൾ മറികടക്കാൻ നമുക്ക് കരുത്തു പകരുന്നു. പത്തുവർഷം മുമ്പ് എന്റെ ഇളയ മകൻ കോഴിക്കോട് ആശുപത്രിയിൽ ചികിത്സയിൽ കഴിയുമ്പോൾ മലപ്പുറത്തുനിന്ന് കെ.കെ.ദാമോദരന്റെ നേതൃത്വത്തിൽ AKGCT യുടെ ഒരു സംഘം തന്നെ ആശുപത്രിയിലെത്തിയത് ഞാൻ ഇന്നും ഓർക്കുന്നു. അതു നൽകിയ മാനസിക പിന്തുണ ചെറുതല്ല.

പുതിയ കാലത്ത് പുതിയ വെല്ലുവിളികളെ നേരിടാൻ ശക്തമായ തൊഴിലാളി ഐക്യനിര കെട്ടിപ്പടുക്കാനും അതിൽ നേതൃത്വപരമായ പങ്കുവഹിക്കാനും സംഘടനയ്ക്കാവും. ഫാഷിസത്തെ നേരിട്ട് രാജ്യത്തിന്റെ ഭരണഘടന, ജനാധിപത്യം, മതേതരത്വം, പൗരാവകാശങ്ങൾ എന്നിവ സംരക്ഷിക്കാനുള്ള പോരാട്ടത്തിൽ നമുക്ക് വലിയ പങ്ക് നിർവഹിക്കാനുണ്ട്. അതോടൊപ്പം മാത്രമേ പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെയും ഉന്നത വിദ്യാഭ്യാസ മേഖലയെ തകർക്കുന്ന കോർപറേറ്റ് വൽക്കരണത്തിലൂന്നിയ പുതിയ പ്രവണതകൾക്കെതിരെയും നമുക്ക് ജനങ്ങളെ അണിനിരത്തി പോരാട്ടം സംഘടിപ്പിക്കാനാവൂ. അത്തരം സമരവേദികളിൽ വീണ്ടും വീണ്ടും നമുക്ക് കണ്ടുമുട്ടാം. സഖാക്കൾക്ക് ഊഷ്മളമായ അഭിവാദ്യങ്ങൾ!





# അസാന്നിധ്യങ്ങളും അഭാവങ്ങളും ഓർമ്മപ്പെടുത്തുന്ന കവിത



ഡോ. സുമി ജോയ് ഓലിയപ്പുറം

രണ്ടായിരാമാണ്ടിൽ എസ്. ജോസഫിന്റെ ആദ്യ സമാഹാരമായ 'കറുത്തകല്ല്' പ്രസിദ്ധീകൃതമാവുമ്പോൾ പിൻകുറി എഴുതിയത് കവിതാഗ്രന്ഥങ്ങൾക്ക് അവതാരിക എഴുതാതിരിക്കാൻ തീരുമാനിച്ചിരുന്ന അയ്യപ്പപ്പണിക്കരായിരുന്നു. എസ്. ജോസഫിന്റെ കവിതകൾ തനിക്കിഷ്ടമാണെന്ന ഒറ്റക്കാരണമാണ് അദ്ദേഹം അതിനു പറഞ്ഞത്. കറുത്തകല്ലിലെ കവിതകളെ വാഗ്ദാനമായി കരുതുന്നു എന്നു പറഞ്ഞ അദ്ദേഹം എസ്.ജോസഫിന്റെ കവിതകൾ സംബന്ധമായി രണ്ടു നിരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നുണ്ട്. എസ്. ജോസഫിന്റെ കവിതകളിൽ പൂർണതയിലേക്ക് നീങ്ങാൻ വെമ്പുന്ന ഒരു കാവ്യസങ്കല്പം കാണാമെന്നതാണ് ആദ്യനിരീക്ഷണം. പരമ്പരാഗതമായ കാവ്യാത്മകതയ്ക്കപ്പുറം പരിചിതമല്ലാത്ത ഒരു സ്വരവിശേഷമുള്ള ഈ കവിതകൾ പുതുവായന ആവശ്യപ്പെടുന്നവയാണെന്നതാണ് രണ്ടാമത്തെ നിരീക്ഷണം. ഇതിൽ ആദ്യത്തേത് അദ്ദേഹത്തിന്റേതന്നെ മലയാളകവിതാപാരമ്പര്യത്തിലെ യഥാസ്ഥിതികമാനങ്ങളോടുള്ള അബോധപൂർവമോ ബോധപൂർവമോ ആയ പ്രതിപത്തിയും ബഹുമാനവുമാണ് വെളിപ്പെടുത്തുന്നതെങ്കിൽ രണ്ടാമത്തേത് കവിതയുടെ പാരമ്പര്യശീലങ്ങളെ ഉടച്ചും തകർത്തും കാലാകാലങ്ങളിൽ ചരിത്രപരവും രാഷ്ട്രീയപരവുമായ കാരണങ്ങളാൽ സംഭവിച്ചു കൊണ്ടിരിക്കുന്ന/സംഭവിക്കേണ്ട ഭാവുകത്വപരമായ തകിടംമറിച്ചിലുകളുടെ അനിവാര്യതയും സാധ്യതകളും തിരിച്ചറിഞ്ഞ് സ്വാഗതം ചെയ്യുന്ന ഒരു സാഹിത്യചരിത്രജ്ഞന്റെ ഉത്തരവാദിത്വമുള്ള ജാഗ്രതയാണ് പ്രകടമാകുന്നത്.

### പുതിയ സംവേദനശീലം

എസ്.ജോസഫിന്റെ കവിതകൾ കൈവരിക്കുമെന്ന് അയ്യപ്പപ്പണിക്കർ പ്രതീക്ഷിച്ച പൂർണകാവ്യസങ്കല്പം ഒരുപക്ഷേ കാവ്യപ്രമേയത്തെയും ഭാഷയെയും അതിവ്യാപിച്ചുകൊണ്ട് പരമ്പരാഗത കവിതയിൽ നിലനിന്നുവന്നിരുന്ന സുഘടിത കാവ്യശില്പവടിവുകളായിരുന്നിരിക്കണം. ഇങ്ങനെ സംശയിക്കാൻ കറുത്തകല്ലിലെ കവിതകൾ തന്നെ കാരണമാകുന്നുണ്ട്. ഭാവുകത്വത്തിൽ നവീനമായിരിക്കുമ്പോഴും ദിഗംബരം, തിരുക്കുടുംബം, സാന്നിധ്യം എന്നല്ല കറുത്തകല്ലിൽ

ദീർഘനാളത്തെ സേവനത്തിനുശേഷം മഹാരാജാസ് കോളേജിൽനിന്നും വിരമിച്ച കവി എസ്. ജോസഫ് സംഘശബ്ദം പത്രാധിപസമിതി അംഗവും എകെജിസിടി മെമ്പറുമായിരുന്നു.

പ്പോലും മലയാളകവിതയുടെ പരമ്പരാഗതവും യാഥാസ്ഥിതികവുമായ രൂപപരമായ ചിട്ടവട്ടങ്ങളോട് കുറുപുലർത്താനുള്ള വ്യഗ്രത ദൃശ്യമാണ്. മേസ്തിരി, ജാരസന്തതി, അമ്മ തുടങ്ങിയ ചുരുക്കം ചില കവിതകളൊഴിച്ചാൽ, ധ്വനി, ഐഡന്റിറ്റി കാർഡ്, ഗ്രൂപ്പുഫോട്ടോ, പിരിയുമ്പോൾ, മലയാള കവിതയ്ക്ക് ഒരു കത്ത് എന്നീ പിൽക്കാലകവിതകളിലെന്നപോലെ സ്വച്ഛന്ദവും ലളിതസുന്ദരവുമായ ഗദ്യഭാഷയുടെ സൗമ്യചാരുതകൾ ഈ സമാഹാരത്തിലെ ഭൂരിഭാഗം കവിതകളിലും ദൃശ്യമല്ല. മാത്രമല്ല ഗദ്യത്തിനും പദ്യത്തിനും ഇടയിലുള്ള ഉഭയജന്മങ്ങളാണ് മിക്ക കവിതകളും. കവിയുടെതന്നെ വാക്കുകളിൽ പറഞ്ഞാൽ കീരിജന്മങ്ങളായവ (കീരി). ജാതീയ വേർതിരിവുമൂലം മൃഗത്തിനും മനുഷ്യനുമിടയിൽ കുടുങ്ങിക്കിടക്കേണ്ടിവരുന്നതിനാൽ പൂർണമനുഷ്യത്വം കൈവരിക്കാനാവാത്ത അവസ്ഥയെ വിശദീകരിക്കാനാണ് കീരിജന്മം എന്ന് കവി ഉപയോഗിച്ചത്. ആദ്യകാലകവിതകളിൽ ആധുനികതയ്ക്കും അത്യന്താധുനിക തയ്ക്കുമിടയിൽ പ്പെട്ടുപോയ ഒരാളുടെ സംഭ്രമം കാണാം.

**അനുകർത്താക്കളെ സൃഷ്ടിച്ച കവി**

എന്നാൽ അടുത്ത സമാഹാരമായ 'മീൻകാരനിൽ' എത്തുമ്പോഴേക്ക് ഇത്തരം സംശയങ്ങളും വ്യഥാശ്രമങ്ങളും ഒഴിഞ്ഞു പോയ സ്ഥിരദാർഢ്യനായ ഒരു കവിയുടെ ആത്മവിശ്വാസമുള്ള സാന്നിധ്യം കാണാം. മീൻകാരനിലെ ആദ്യ കവിതയായ 'മലയാള കവിതയ്ക്ക് ഒരു കത്ത്', പരമ്പരാഗത സംവേദനശീലങ്ങൾ തള്ളിപ്പറഞ്ഞുകൊണ്ട് ആധുനികമലയാളകവിതാ ഭാവുകത്വത്തിനെതിരെ പുറപ്പെടുവിച്ച പ്രസ്താവനയാണല്ലോ. ഓരോ പുതിയ കവിതയും പുതിയ സംവേദനശീലങ്ങൾക്ക് തുടക്കമിടുന്നവയും തൽഫലമായി പുതിയ വായനക്കാരെയും എഴുത്തുകാരെയും സാധ്യമാക്കുന്ന ഇടപെടലുകളുമാണ്. അതിനാൽ അയ്യപ്പപ്പണിക്കരുടെ ആദ്യ നിരീക്ഷണത്തിന്റെ വഴിയേയല്ല, രണ്ടാമത്തെ നിരീക്ഷണം സാധുവാക്കുംവിധം മലയാള കവിതയെ മുമ്പെങ്ങുമില്ലാത്തവിധം ഭാഷ, പ്രമേയം, സമീപനം കാവ്യസ്വരം എന്നിവയാൽ ജനാധിപത്യപരമായി നവീകരിച്ച കവിയായാണ് എസ്.ജോസഫ് മനസ്സിലാക്കപ്പെടുന്നത്. അനുകർത്താക്കളെ സൃഷ്ടിക്കുന്ന കവിയാണ് വലിയ കവിയെന്ന വാദം അംഗീകരിച്ചാൽ അത്യന്താധുനിക കവികൾക്കിടയിൽ അനുകർത്താക്കളെ സൃഷ്ടിച്ച ഏക കവിയായി എസ്. ജോസഫിനെ തിരിച്ചറിയേണ്ടിവരും.

**അഡോണിസിന്റെ ദുർഗ്രഹതയും എസ്.ജോസഫിന്റെ അതിസാധാരണത്വവും**

എസ്. ജോസഫിന്റേതായി രണ്ടായിരത്തി ഇരുപതുവരെയുള്ള കാലയളവിൽ ഏഴ് കവിതാസമാഹാരങ്ങൾ പുറത്തിറങ്ങിയിട്ടുണ്ട്. കറുത്തകല്ല്, മീൻകാരൻ, ഐഡന്റിറ്റി കാർഡ്, ഉപ്പന്റെ കൂവൽ വരയ്ക്കുന്നു, ചന്ദ്രനോടൊപ്പം, മഞ്ഞ പറന്നാൽ, ഓർഫ്യൂസ് എന്നിവയാണവ. സ്ത്രീജീവിതങ്ങൾ പ്രമേയമാക്കി എഴുതിയ കവിതകൾ ചേർത്ത് 'സ്ത്രീചിത്രങ്ങൾ'എന്ന സമാഹാരവും ലഭ്യമാണ്. ഈ സമാഹാരങ്ങളിലൊന്നും വാക്കുകളുടെ മായാജാലവിദ്യയിൽ ഭ്രമിച്ചു നിൽക്കുന്ന എഴുത്തുകാരനെകാണാനാകില്ല. 'ഓരോ വാക്കിനു പിന്നിലും പ്രകൃതിയുടെയും സംസ്കൃതിയുടെയും നിശ്ശബ്ദസാന്നിധ്യം അനുഭവിപ്പിക്കുന്ന സർഗാത്മകമായ ഗഹനതയാണ്, നാടുകടത്തപെട്ടവരുടെ രോഷവും വേദനയും പല രീതികളിൽ, പല വിതാനങ്ങളിൽ രേഖപ്പെടുത്തുന്ന അഡോണിസിൽ നിറയുന്നതെന്ന് എൻ.ശശിധരൻ എഴുതിയിട്ടുണ്ട്. (കവിത: ഭൂമിയുടെ വിസ്തൃതി വിപുലമാക്കുന്ന പ്രവൃത്തി  അഡോണിസിന്റെ തെരഞ്ഞെടുത്ത കൃതികൾ (ഡോ.എം.എ അസ്കർ) ചിത്രശലഭങ്ങൾ വലിച്ചുപോകുന്ന രഥമാകാൻ കാറ്റു പോലും കൊതിക്കുന്നു എന്നും നിലാവ് ഒരു വീടായിരുന്നെങ്കിൽ അതിന്റെ ഉമ്മറപ്പടി കയറാൻ എന്റെ കാലുകൾ വിസമ്മതിക്കുമായിരുന്നു എന്നും (കുട്ടിക്കാലത്തിന് അഭിവാദ്യം: വിവ എം.എ. അസ്കർ) അഡോണിസ് എഴുതുമ്പോൾ സർഗാത്മകമായ ഗഹനതയോടൊപ്പം ദുർഗ്രാഹ്യവും അപരിചിതവുമായ സൗന്ദര്യാനുഭൂതികളുടെ കടപുഴക്കുമാറ് കൊടുങ്കാറ്റടിപ്പിച്ചെത്തുന്ന കാവ്യദർശനം കൂടി കാണാം. എസ്.ജോസഫിലും മായാമായികനായ ഒരെഴുത്തുകാരനുണ്ട്.

'പുതുമഴയിൽ പാമ്പുകളായി
മൺപൊടി തിന്നു നമ്മൾ
മലമുഴക്കികളായി മഴ വെള്ളം കുടിച്ചു.
ഭയത്താൽ ഞെട്ടിവിറച്ച് രണ്ടു കൂണുകളായി'

(ഒരൊറ്റ ഉമ്മയാൽ) എന്നൊക്കെ വായിക്കുമ്പോൾ വിസ്മയിപ്പിക്കുന്ന ഭാവനാപീഡിതനായ ഒരു കവിയെ കാണാം. എന്നാൽ അഡോണിസിനെപ്പോലെ ദുർഗ്രഹതയിലല്ല സാധാരണാനുഭവങ്ങളെ അമ്പരപ്പിക്കുകയും അൽഭുതപ്പെടുത്തുകയും ചെയ്യുന്ന അപരിചിതവൽക്കരണങ്ങളിലാണ് കുതുകിയാകുന്നത്. ഭാവനയുടെ കുടനിവർത്തിനിൽക്കുമ്പോഴും അനുഭവങ്ങളുടെ ഭൂനിരപ്പിലാണവ വേരോടി നിവരുന്നത്. അതിനാൽ ഇഷ്ടമുള്ള നിറത്തിൽ ആനയെ വരയ്ക്കുന്ന ചിത്രകാരനാണയാൾ (കുട്ടികളുടെ ചിത്രകാരൻ ). പൂവുകൾക്കിടയിലൊക്കെ ഇലയും മുള്ളുകളുമല്ല പൈക്കളെയാണയാൾ നിരത്തി വയ്ക്കുന്നത് (കുട്ടികളുടെ ചിത്രകാരൻ). ഓലമേഞ്ഞ വീടും മരച്ചോടുകളും തൊണ്ടുകളും പാടത്തെ ഒറ്റയടിപ്പാതകളും നൽകിയിരുന്ന മനഃസുഖം നഷ്ടപ്പെട്ട ഖേദത്തിൽ ഇന്നിന്റെ നിശ്ശബ്ദമായ പാറക്കെട്ടിനുള്ളിൽ ഉടുമ്പായി പാർക്കാൻ തീരുമാനിച്ചയാളാണ് (പാടാനറിയില്ലെങ്കിലും). അതിനാൽ 'ആണ്ടുകളുടെയും ആഴങ്ങളുടെയും മരത്തിൽനിന്ന് ഒരു ദേവതാരു അതിന്റെ മാറിടം എനിക്കായി തുറന്നെങ്കിൽ



മുത്തിന്റെയും കപ്പൽപ്പായയുടെയും പാപമായി എന്നെ അതു കാത്തു പോന്നെങ്കിൽ '(മോഹം അഡോണിസ്) എന്നൊക്കെ എഴുതി ദുർഗ്രഹത പോലെ മറ്റൊന്നും എന്നെ വ്യക്തമാക്കുന്നില്ല എന്ന് അഡോണിസ് പറയുമ്പോൾ, അതിലളിതമായി പറഞ്ഞു പോകുന്നതിലെ അത്യസാധാരണഭംഗികളും അരികുജീവിതാനുഭവങ്ങളുടെ തീവ്രതയും മുഖമുദ്രയാക്കി 'കവിത ആർക്കുമെഴുതാം. ഇന്ന് കവിതയുണ്ടെന്ന് തോന്നാത്ത വരികളിൽ നാളെ കവിത വന്നെത്തും' (എന്റെ കാവ്യജീവിതം: വെള്ളം എത്ര ലളിതമാണ്) എന്നു പറഞ്ഞുകൊണ്ട് 'കറുത്ത കല്ലിന്റെ പുറത്തിരുന്ന് ചെറുപ്പകാലത്ത് കളിച്ചതോർക്കുന്നു' എന്ന് എസ്. ജോസഫ് സംസാരഭാഷയിൽ കവിതകളെഴുതുന്നു. ദളിതന് സാഹിത്യത്തിലും ജീവിതവും അനുഭവങ്ങളും സുപ്രധാനമാകുന്നു എന്നതാകണം കാരണം.

**സമകാലികരിൽ നിന്ന് വേറിട്ട ശബ്ദം**

'ഒളിക്കാനില്ലിടം വേറെ' എന്ന കവിതയിലും തന്റെ കാവ്യവഴികളിലെ വേറിട്ടരീതികൾ ജോസഫ് വ്യക്തമാക്കുന്നുണ്ട്.

'ഒരുവളപ്പോൾ മരമായി
ഒരുവനോ പുഞ്ചിരി നിറയും
കുടമായി
ഞാനോ വെറും കപ്പത്തണ്ടായി
കാറ്റിൽ പാറിപ്പാറി വീണു'
(ഒളിക്കാനില്ലടം വേറെ)

വി.എം.ഗിരിജയുടെ മരമായിരുന്നു ഞാൻ എന്ന കവിതയും പി. രാമന്റെ 'എന്റെ കുടത്തിൽ നിറയാൻ പുഴയ്ക്കൊരു പുഞ്ചിരി മതി' എന്ന വരിയും മുന്നിൽ നിർത്തിക്കൊണ്ട് തന്റെ മേസ്തിരി എന്ന കവിതയിലെന്നപോലെ കപ്പത്തണ്ടുപോലെ കാറ്റിൽ പാറിപ്പാറി വീണുപോകുന്ന ജീവിതങ്ങളെ പിൻചെല്ലലാണ് തന്റെ കവിതയുടെ ശരികളെന്ന് സൂചിപ്പിക്കുന്നു. ഘടനാഭദ്രമായ സവർണ കാവ്യരീതികളിൽ പരിശീലിപ്പിക്കപ്പെട്ടവരും  അത്തരം അനുഭൂതികളുടെ മണ്ഡലങ്ങളിൽ തഴച്ചു വ്യാപരിക്കുന്നവരുമാണ് നവീനരെങ്കിലും തന്റെ പല കൂട്ടുകവികളെന്നും കവി പറയാതെ പറയുന്നുണ്ട്. അതൊരു മോശം കാര്യമെന്നല്ല മറിച്ച്

'അവിടെ നീ പോകേണ്ടതവരുടെ
മാർഗമെന്നറിയൂ
നിനക്കു നിൻ മാർഗം
വിഭിന്നമാണത്'
(ഗോപികാദണ്ഡകം
അയ്യപ്പപ്പണിക്കർ) എന്നു



> അഡോണിസിനെപ്പോലെ ദുർഗ്രഹതയിലല്ല സാധാരണാനുഭവങ്ങളെ അമ്പരപ്പിക്കുകയും അത്ഭുതപ്പെടുത്തുകയും ചെയ്യുന്ന അപരിചിതവത്ക്കരണങ്ങളിലാണ് കുതുകിയാകുന്നത്. ഭാവനയുടെ കുടനിവർത്തിനിൽക്കുമ്പോഴും അനുഭവങ്ങളുടെ ഭൂനിരപ്പിലാണവ വേരോടിനിവരുന്നത്. അതിനാൽ ഇഷ്ടമുള്ള നിറത്തിൽ ആനയെ വരയ്ക്കുന്ന ചിത്രകാരനാണയാൾ

തിരിച്ചറിയുന്ന കവി

'കാഴ്ച കൊണ്ടൊരു കാര്യമില്ല
ഒച്ച കൊണ്ടേ കാര്യമുള്ളൂ
ഒച്ചയ്ക്കില്ല നേർവഴി
എവിടന്നുമത് കേൾക്കാം'
(ഒളിക്കാനില്ലിടം വേറെ)

എന്നു നിശ്ചയിക്കുകയും ഉപ്പന്റെ കൂവൽ വരയ്ക്കാൻ ശ്രമിക്കുകയും മഞ്ഞ പറന്നാൽ 'ചെഞ്ചുണ്ടുള്ളൊരു മഞ്ഞക്കിളിയാകുമോ' എന്നാശങ്കപ്പെടുകയും വല്ലാതെ പൊള്ളിക്കുന്ന വേനൽ കൊന്നപ്പൂക്കളോൾ വല്ലാതെ സ്നേഹിക്കുന്നു എന്ന തോന്നലിന്റെ നിശ്ശബ്ദതയിൽ എത്തിച്ചേരുകയും ചെയ്യുന്നു.

**പണിയിടമാണ് ഭൂമി**

മലയാളസംവേദനത്തിന് ഇന്നേവരെ അപരിചിതമായിരുന്ന ചില മനുഷ്യ/പ്രകൃതി സാന്നിധ്യങ്ങളെ കവിതയ്ക്കു മാത്രം സാധ്യമാകുന്ന അനുഭവതീവ്രതയോടെ കവിതയിലേക്ക് ആനയിച്ചു എന്നതാണ് എസ്.ജോസഫിന്റെ വ്യത്യസ്തതയ്ക്കുള്ള പ്രധാനകാരണം എന്ന് എൻ.ശശിധരൻ ചൂണ്ടിക്കാട്ടിയിട്ടുണ്ട് (വാക്കിന്റെ തായ്‌വേരുകൾ-മീൻകാരൻ). മലയാള കവിതയെ മുമ്പില്ലാതിരുന്നവിധം മനുഷ്യസാന്നിധ്യനിബിഡവും സസ്യജന്തുജാലസമൃദ്ധവുമാക്കി എസ്. ജാസഫിന്റെ കവിതകളെന്ന് കെ.വി. സജയിയും (കവിതയുടെ സൂക്ഷ്മഭൂപടം) വിലയിരുത്തിയിട്ടുണ്ട്. ഈ സസ്യജന്തുജാലസമൃദ്ധിയും മനുഷ്യസാന്നിധ്യനിബിഡതയും കേവലം സൗന്ദര്യാത്മകകാഴ്ചകളല്ല. പണിയിടമായി ഭൂമി/പ്രദേശം എഴുത്തിൽ വീണ്ടെടുക്കുന്നതിന്റെ തുടർച്ചയാണവ. ആധുനിക കവിതയിൽ ഭൂമി കാഴ്ചവിഭവവും ഉപഭോഗവസ്തുവും മറ്റുമായി മാറ്റപ്പെട്ടപ്പോൾ മണ്ണിൽ പണിയെടുക്കുന്നവർ കേവലം പരാമർശനവസ്തുക്കൾ മാത്രമായി പരിണമിക്കപ്പെട്ടു. കുടിയൊഴിക്കലിലെ തൊഴിലാളിയായി മേലാളക്കാഴ്ചകളിൽ അവർ അടയാളപ്പെട്ടു. അദ്ധ്വാനിക്കുന്ന മനുഷ്യന്റെ കൈകളെക്കുറിച്ചെഴുതുമ്പോഴും (മനുഷ്യന്റെ കൈകൾ-ബാലചന്ദ്രൻ ചുള്ളിക്കാട്) സ്ഥലകാല സൂചനകൾക്കതീതനായ സാർവകാലികവും സാർവലൗകികനുമായ

മനുഷ്യന്റെ നിശ്ചയദാർഢ്യതയുള്ള പ്രയത്നങ്ങൾക്കാണ് മുൻതൂക്കം ലഭിച്ചത്. എല്ലാ കാലത്തിനും എല്ലാ ലോകത്തിലും പ്രസക്തനായ ഒരു സർവരാജ്യ തൊഴിലാളിയുടെ സൂക്ഷ്മരൂപം അവയ്ക്കെല്ലാമടിയിൽ ആദിരൂപമായി നിലനിന്നിരുന്നു. ശാസ്ത്രവും യുക്തിയും ചേർത്തു നിർമ്മിച്ച ആധുനികമനുഷ്യനെ വൈലോപ്പിള്ളിയും സ്ഥലകാലമുക്തനാക്കിയാണ് അവതരിപ്പിച്ചത്. മനുഷ്യപ്രയത്ന മാർഗത്തിലൂടെ പുതുയുഗം വെട്ടുന്നവരായി മനുഷ്യർ മാറിയപ്പോൾ അവർക്ക് സാർവലൗകികമായ രൂപവും ഭാവവും സ്വപ്നവും ചിന്തകളും മാത്രമല്ല ഇടവും ആണ് ആധുനികകവിത നൽകിയത്. ഒരേ നിറവും ഒരേ ഭാവവുമുള്ള ഈ സവർണ മനുഷ്യന്റെ ആകാശപാതകളിൽ നിന്നും ഏറെയകലത്തായി താഴെ പുഴിയിലും ചേറിലും വിയർത്തു കുളിച്ചു പണി ചെയ്തു കഴിഞ്ഞ കീഴാളരുടെ അദ്ധ്വാനവും അദ്ധ്വാനയിടങ്ങളും തിരിച്ചു ലഭിക്കുന്നത് എസ്. ജോസഫിന്റേതുപോലുള്ള കവിതകളിൽ നിന്നാണ് (സംഘകാല പാരമ്പര്യത്തിൽ ഇവ സമൃദ്ധമായിരുന്നു).

**പണിയെടുക്കുന്നവരുടേതാണ് ഭൂമി**

അതിനാൽ മീൻകാരനും ചണ്ഡാലനും മേസ്തിരിയും വീടുപണിക്കാരും പങ്കുകൃഷിക്കാരും പിച്ചക്കാരനും കവിതയുടെ തലക്കെട്ടിൽത്തന്നെ ഇടം നേടുന്നു. കുഴിവെട്ടുകാരനും കുടനന്നാക്കുന്നവനും പെറുക്കികളും കടന്നുവരുന്നു. കേവല സൂചകങ്ങൾ എന്ന നിലയിലല്ലാതെ പേരുകളുള്ള സവിശേഷവ്യക്തികളായും അവർ കവിതയിൽ കടന്നുവരുന്നുണ്ട്. കുട നന്നാക്കുന്ന പാപ്പൻചേട്ടൻ അവരിലൊരാളാണ് (ഇടം). മീൻ, ഒരില, പാതിരാപ്പൂവ്, വൃക്ഷച്ഛായകൾ, മാമ്പഴം, ശംഖുപുഷ്പങ്ങൾ, കാക്കകൾ, മൂന്ന് മരങ്ങൾ, കുടമ്പുളി, കുടപ്പന, പശു, ആന, മയിൽ, പുള്ളിമാനുകൾ, മുള്ളാത്തയ്ക്ക, പാമ്പ്, കപ്ലങ്ങാപ്പഴങ്ങൾ, മരം കൊത്തി ഇങ്ങനെ സസ്യജന്തുലോകവും കവിതയുടെ തലപ്പേരുകളാകുന്നുണ്ട്. ഇവർക്കൊപ്പം ജീവിക്കുന്ന മറ്റൊരു മൃഗമായാണ് മനുഷ്യനെയും കാണുന്നത്. 'ഒന്നല്ലി സഹോദരരല്ലി പൂവേ' (വീണപൂവ് കുമാരനാശാൻ) എന്നതിനപ്പുറം താൻ തന്നെയാണ് സർവചരാചരങ്ങളും എന്ന ചിന്തയാണ് കാണുന്നത്. അതുകൊണ്ടാണ് നിശ്ശബ്ദമായ പാറക്കെട്ടിനുള്ളിൽ ഉടുമ്പായി പാർക്കുന്നു എന്നെഴുതാൻ കഴിയുന്നത് (പാടാനറിയില്ലെങ്കിലും). മീൻ പിടിക്കാൻ പോയി കാണാതാകുന്ന ചേട്ടനെ ത്തേടിപ്പോയ അനിയൻ വെള്ളത്തിനടിയിലേക്കൂളിയിട്ട് എന്നേക്കും മീനായി പതുങ്ങുകയാണ്. പിന്നെ വെള്ളത്തിലെ മീനിന്റെ കാഴ്ചയാണ് കവിയുടെലോകം.

> 'വീട്ടുകാർ എന്നെ മറന്നു കാണും
> തോട്ടിൽനിന്ന് മടങ്ങാൻ
> എനിക്കൊരിക്കലുമായില്ല
> കുട്ടികൾ ചൂണ്ടയിടുമ്പോൾ ഞാൻ
> അവരെ നോക്കി നിൽക്കും
> പിന്നെ വേരുകൾക്കിടയിൽ മറയും'
> (മീൻ)



**ഗ്രാമങ്ങൾ : ജാതി സംഭവിക്കുന്നയിടങ്ങൾ**

ആധുനികത ദളിത് എഴുത്തുകളുടെ മഹാശൂന്യത വെളിവാക്കിയ കാലം കൂടിയാണെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. 'ആധുനികതാവാദത്തിന്റെ കാലത്തെ മഹാശൂന്യത' (ഒ.കെ. സന്തോഷ്-ദലിത് കവിതയുടെ ചരിത്രവും വർത്തമാനവും). അക്കാലം മനുഷ്യന്റെ സാർവലൗകികാനുഭവങ്ങൾ കണ്ടെടുക്കാനുള്ള ഉദ്യമങ്ങൾക്ക് പ്രാധാന്യം ലഭിച്ച കാലമായതുകൊണ്ടാകണം ഇങ്ങനെസംഭവിച്ചത്. ആശാന്റെ സ്ഥലഭാവനയിൽ കേരളച്ഛായകൾ വിദൂരാനുഭവമാണല്ലോ. ചങ്ങമ്പുഴയിൽ കാല്പനിക വസന്തകാലത്തിന്റെ ഉദ്യാനഭംഗിയുള്ള മാസ്മരിക ലോകമായി സ്ഥലഭാവനകൾ മാറ്റി വരയ്ക്കപ്പെട്ടു. വ്യവസായയുഗത്തിന്റെ കൊടുങ്കാറ്റിനിടയിൽ ശിഥിലമായിപ്പോയ ഗ്രാമസൗഭാഗ്യങ്ങളെ ഓർത്തുള്ള സൗന്ദര്യക്കരച്ചിലുകളായി മാത്രമേ പ്രകൃതി ഇക്കാലയളവിലെല്ലാം മലയാളകവിതയിൽ എത്തിനോക്കുന്നുള്ളൂ. ഇങ്ങിനി വരാത്തവണ്ണം പോയി മറഞ്ഞ ചിങ്ങനിലാവുകളെച്ചൊല്ലിയുള്ള പി.യുടെ എഴുത്തിലും ഇതേ സൗഭാഗ്യനഷ്ടത്തിന്റെ വ്യഥകൾ കാണാം. നാട്ടിൻപുറം നന്മകളാൽ സമൃദ്ധമെന്ന മേലാളചിന്തയ്ക്കാണ് അപ്പോഴൊക്കെ പ്രാമുഖ്യം ലഭിച്ചത്. ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്ന ഗാന്ധിജിയുടെ ദർശനത്തിന്റെ സാഹിത്യപതിപ്പുകളായിരുന്നു ഇത്തരം കവിതകളെല്ലാം. എന്നാൽ ബി.ആർ. അംബേദ്കർ നഗരത്തെയാണ് ദളിതന്റെ സുരക്ഷിതമോചനയിടങ്ങളായി കരുതുന്നത്. ഗ്രാമങ്ങൾ ജാതിയുടെ സംരക്ഷണ ക്കോട്ടകളാണെന്നും ഇന്ത്യയിലെ പതിതരുടെ കുപ്പത്തൊട്ടിലുകളാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഗാന്ധിയുടെ സ്വതന്ത്രഭാരതം ആദർശഗ്രാമങ്ങളാൽ പടുത്തുയർത്തപ്പെട്ടവയായിരുന്നു. വ്യവസായവൽകൃത നഗരങ്ങളാണ് ദളിതർക്ക് അഭയകേന്ദ്രമാകുന്നതെന്ന് പുതിയതരം തൊഴിലുകളും വിദ്യാഭ്യാസ രീതികളുമാണ് അംബേദ്കർ ചൂണ്ടിക്കാട്ടി. ദലിത് കവിതകളിൽ ഭൂമിയും പ്രകൃതിയും ചരാചരങ്ങളും ചിത്രീകരിക്കുന്ന രീതിയിൽ ഈ വ്യത്യാസം കാണാം. കന്യാസ്ത്രീമഠവളപ്പിലെ പഴുത്ത കപ്ലങ്ങ പറിക്കാൻ ചെല്ലുന്ന ദളിത്കുട്ടി

'കാക്കയായ് പറന്നുചെന്നു

കൊത്തി'യെന്നാണ് എസ് ജോസഫ് എഴുതിയിരിക്കുന്നത് (കപ്ലങ്ങാപ്പഴങ്ങൾ). സവർണർക്ക് ഭൂമി കാഴ്ച വിഭവമാകുമ്പോൾ ദളിതർക്ക് ഭൂമി തങ്ങളുടെ അടിമത്തം ഉറപ്പിച്ചെടുക്കുന്ന പണിയിടങ്ങളും

തടവിടങ്ങളുമാണ്. 'ഭൂമിയെ മലയാളക വിത ഇന്നുവരെ അഭിസംബോധന ചെയ്തിട്ടില്ല' (കവിതയും നീതിയും- പ്രദീപൻ പാമ്പിരിക്കുന്ന്). സ്ഥലകാലങ്ങളിൽ നിന്നും അകറ്റിയ മലയാളിയെ  മലയാളിയുടെ സ്ഥലകാലങ്ങളി ലേക്ക് തിരിച്ചു കൊണ്ടുവരുന്നത് ദലിത് കവിതകളാണ്. അവരുടെ കവിതകളിൽ ഭൂമി പണിയിടങ്ങളായും ജാതിപതിയിരിക്കുന്ന ഇടങ്ങളായും പരിണമിക്കുന്നതു കാണാം പണിതേടി നടക്കുന്നവനാണ് കവി എന്ന് എസ്. ജോസഫ് ഒരു കവിതയിൽ എഴുതുന്നുണ്ട് (വാക്കുകൾ). ഇരുട്ടുകൂടിയ കുളങ്ങളും തോടിന്റെ തിട്ടകളും കൊട്ട നെയ്യാനുള്ള ഒട്ടലു കൊണ്ടുവരാനുള്ള ഇടം കൂടിയാണ്. എന്നാലേ തഴപ്പായും പിള്ളേർക്കു തിന്നാൻ തേങ്ങായുടെ പൊങ്ങും കിട്ടൂ (കൊട്ട). കച്ചിത്തുറുവിൽ കയറിയിരി ക്കേണ്ടത് കോഴികളെ പറത്തിവിട്ടിട്ടാണ്. അവിടെക്കയറി യിരുന്നാൽ കച്ചിത്തുരുമ്പ് തലമുടിയിൽ ഉടക്കിയ പാവം പെണ്ണുങ്ങൾ പണികഴിഞ്ഞ് അവശരായി മടങ്ങുന്നതു കാണാം. പറയെടുപ്പു നടത്തുന്ന അവളുടെ അച്ഛനേയും കാണാം. അദ്ധ്വാനത്തിന്റെ ദൃശ്യങ്ങളും ജാതിമേൽ ക്കോയ്മയുടെ ദൃശ്യങ്ങളും കൂടിക്കലരുന്ന ഗ്രാമചിത്രങ്ങൾ ആണിവ (കുടപ്പന). കപ്പങ്ങാപ്പഴം പറിക്കാൻ കന്യാസ്ത്രീമഠത്തിന്റെ മതിലുചാടുന്ന പയ്യനെ 'പോ കാക്കേ' എന്നു പറഞ്ഞാണ് കന്യാസ്ത്രീ വിരട്ടി യോടിക്കുന്നത്. വൈലോപ്പിള്ളിയിൽ വൃത്തിയുടെ പ്രതീകമായ കാക്ക ഇവിടെ ചിതറിച്ചോടിക്കപ്പെടുന്ന കീഴാളന്റെ മറുരൂപമാകുന്നു. കാക്കകൾ എന്ന പേരിൽ തന്നെ ഒരു കവിതയുണ്ട്. ഇടയ്ക്കിടയ്ക്ക് മനുഷ്യവേഷം കെട്ടി പുറത്തിറങ്ങുന്ന കീഴാളനെയാണ് കാക്കയായി ഈ കവിതയിൽ പ്രതീകവൽക്കരിക്കുന്നത്. ജാതിയുടെയും വർണത്തിന്റെയും മതിൽക്കെട്ടുകൾക്കുള്ളിലാണ് ഗ്രാമസൗഭാഗ്യങ്ങളെല്ലാം വിളഞ്ഞു കിടക്കുന്നത്. പണവും ഭൂമിയും അധികാരികൾ വശമാണല്ലോ. ഇങ്ങനെജാതിവർത്തമാന ങ്ങൾ നടക്കുന്ന, ജാതി സംഭവിക്കുന്ന ഇടങ്ങൾ കൂടിയാണ് ഗ്രാമങ്ങൾ.

'ചെമ്പൻ കുരുന്നിലകളുള്ള
റബർ കാടുകൾക്കിടയിലൂടെ
ഒരു മുഴുക്കുടിയൻ വഴിയുണ്ട്.
അരുകിൽ
ചെറിയ കുടപ്പനയും
ഒരു വയസ്സനെകണ്ടുമുട്ടി
അയാൾ പറഞ്ഞു
നിങ്ങളൊക്കെ ഞങ്ങളുടെ അടിയാന്മാരായിരുന്നു.
ഞാനൊന്നും മിണ്ടിയില്ല.'
(ഒരു കണ്ടുമുട്ടൽ )

'മുമ്പൊക്കെ ഞങ്ങൾക്കൊന്നും കിണറില്ലായിരുന്നു.
വെള്ളമെടുക്കാൻ കുൻശന്മാരുടെ വീടുകളിൽ
പോണമാരുന്നു.
അവർ മിറ്റത്തുനിന്ന് തൊട്ടിയിൽ വെള്ളം കോരും
ഞങ്ങൾക്ക് താഴെനിന്ന് കവുങ്ങുംപാളയിൽ കോരാം
(വെള്ളം)




കാല്പനികതയുടെ അതിവാചാലതയില്ലാതെ ഭൂഭാഗഭംഗികൾ പണിത്തിരക്കിന്റെ ആയാസതകളും കീഴാളജീവിതത്തിന്റെ നിസ്സഹായതകളുമായി മലയാളകവിതയിൽ സ്ഥാപിച്ചു എന്നതാണ് എസ്. ജോസഫിന്റെ സംഭാവനകളിലൊന്ന്. നാടോടികളും വീട്ടുകാരും എന്ന കവിതയിൽ രണ്ടുതരം ജീവിതങ്ങളുടെയും താരതമ്യമുണ്ട്. നാടോടികൾ പണിത ചെറു വീട്ടിലാണ് വീട്ടുകാർ കഴിയുന്നത്. നാടോടികളോ ആരും പണിയാത്ത വലിയവീട്ടിൽ കഴിയുന്നു. വീട്ടുകാർ കസേര കളിലിരിക്കുമ്പോൾ നാടോടികൾ പുൽത്തട്ടിലിരിക്കുന്നു. വീട്ടുകാരുടെ കസേരകളുടെ അടിയിൽ എട്ടുകാലികളാണെങ്കിൽ നാടോ ടികളുടെ പുൽത്തട്ടിനു കീഴെ ഞാഞ്ഞൂലുകളാണ്. വീട്ടമ്മ മകനെ കുളിപ്പിക്കുമ്പോൾ നാടോടിപ്പയ്യനെ മഴയാണ് കുളിപ്പിക്കുന്നത്. കേരളത്തിന്റെ മലകളും പുഴകളും തോടുകളും കാടുകളും കടലുകളും മഴകളും വെയിലുകളും ഈ കവിതകളിലുണ്ട്. പക്ഷേ അവയൊന്നും ഏകതാനമായ സുന്ദരസൃഷ്ടികളായോ ഇന്ദ്രിയാനുഭൂതികൾക്കുള്ള ഇടങ്ങളായോ അല്ല ജാതിപതിയിരിക്കുന്ന, ജാതി സംസാരിക്കുകയും പെറ്റുപെരുകയും ചെയ്യുന്ന, അധ്വാനം കൊണ്ട് വിയർത്തൊലിച്ച്  കുഴയുന്ന ഇടങ്ങളായി കണ്ടെടുക്കുന്നു. മഴയും വെയിലും ഇല്ലാത്തപ്പോൾ പ്രണയം കുടചൂടി മറഞ്ഞു പോകുന്നത് അതുകൊണ്ടാണെന്ന് കവി കണ്ടെത്തുകയും ചെയ്യുന്നു (കുട ചൂടി മറഞ്ഞവൾ).

**സ്ഥലകാലങ്ങളിൽ നിന്നും അകറ്റിയ മലയാളിയെ  മലയാളിയുടെ സ്ഥലകാലങ്ങളിലേക്ക് തിരിച്ചു കൊണ്ടുവരുന്നത് ദലിത് കവിതകളാണ്. അവരുടെ കവിതകളിൽ ഭൂമി പണിയിടങ്ങളായും ജാതിപതിയിരിക്കുന്ന ഇടങ്ങളായും പരിണമിക്കുന്നതു കാണാം പണിതേടി നടക്കുന്നവനാണ് കവി എന്ന് എസ്. ജോസഫ് ഒരു കവിതയിൽ എഴുതുന്നുണ്ട്**

# സംഘശബ്ദം സാഹിത്യപുരസ്കാരം 2021

## ജൂറി അംഗങ്ങൾ



പി. രാമൻ



ബി. മുരളി



ഡോ. ടി. കെ. സന്തോഷ്കുമാർ



സി. അനൂപ്

എ.കെ.ജി.സി.ടി (അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്) യുടെ മുഖപത്രമായ സംഘശബ്ദം കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച സാഹിത്യ മത്സരത്തിൽ കവിത വിഭാഗത്തിൽ ഒന്നാം സമ്മാനത്തിന് കണ്ണൂർ സർവകലാശാല ബി എഡ് സെന്ററിലെ വിദ്യാർത്ഥിനി രേഷ്മ കെ.വി എഴുതിയ 'ജീവിതം മടുത്ത് മരിച്ചു പോയ പെണ്ണുങ്ങൾ'എന്ന കവിത അർഹമായി. കഥ വിഭാഗത്തിൽ ഒന്നാം സമ്മാനം പാലക്കാട് ഗവ.വിക്ടോറിയ കോളേജിലെ മൂന്നാം വർഷ ബി.എ.മലയാളം വിദ്യാർത്ഥിനി പുണ്യ സി.ആർ എഴുതിയ 'അടക്കം' എന്ന കഥയ്ക്കാണ്.

കവിതയിൽ രണ്ടും മൂന്നും സമ്മാനങ്ങൾ യഥാക്രമം തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിലെ മൂന്നാം വർഷ ആർകിടെക്ചർ വിദ്യാർത്ഥിനി വിഷ്ണുപ്രിയ പി എഴുതിയ 'മടങ്ങിത്തുടങ്ങുമ്പോൾ' എന്ന കവിതയ്ക്കും എറണാകുളം മഹാരാജാസ് കോളേജിലെ ഒന്നാം വർഷ എം.എ. മലയാളം വിദ്യാർത്ഥി അഭിലാഷ് കൈനിക്കര എഴുതിയ 'ദൈവം മലയിറങ്ങി വരുന്ന ദിവസം' എന്ന കവിതയ്ക്കുമാണ് ലഭിച്ചത്. കഥയിൽ രണ്ടും മൂന്നും സമ്മാനങ്ങൾ യഥാക്രമം എറണാകുളം മഹാരാജാസ് കോളേജിലെ മൂന്നാംവർഷ ബി.എ. മലയാളം വിദ്യാർത്ഥി ജിതിൻ കെ.ജെ എഴുതിയ 'മൂന്നാമത്തെ മുല' എന്ന കഥയും കെ.ആർ നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സിലെ പി.ജി ഡിപ്ലോമ വിദ്യാർത്ഥി ജിതിൻ നാരായണൻ എഴുതിയ 'വെള്ളത്തുള്ളി സാക്ഷിയായ കഥകൾ' എന്ന കഥയും കരസ്ഥമാക്കി. സമ്മാനാർഹമായ കൃതികൾ തിരഞ്ഞെടുത്തത് ബി. മുരളി, സി. അനൂപ്, പി.രാമൻ, ഡോ. ടി.കെ. സന്തോഷ്കുമാർ, ഡോ. എം.എ. അസ്കർ എന്നിവർ അംഗങ്ങളായ ജൂറിയാണ്



മത്സര വിജയികളെ സംഘശബ്ദം എഡിറ്റർ ഡോ. എം.എ. അസ്കർ പരിചയപ്പെടുത്തുന്നു



കഥയ്ക്ക് ഒന്നാംസമ്മാനം കിട്ടിയ പുണ്യ സി.ആർ ന് കോടിയേരി ബാലകൃഷ്ണൻ ഉപഹാരം നൽകുന്നു

# സമ്മാനാർഹമായ രചനകളെക്കുറിച്ചുള്ള ജൂറിയുടെ വിലയിരുത്തൽ



**ജീവിതം മടുത്ത് മരിച്ചു പോയ പെണ്ണുങ്ങൾ - രേഷ്മ കെ.വി**
സമകാലിക സ്ത്രീജീവിതത്തെ  മനുഷ്യജീവിതത്തെ അതിന്റെ വേപഥുവിലൂടെ നോക്കിക്കാണാനും മൂർത്തമായി ആവിഷ്കരിക്കുവാനുമുള്ള ശ്രമമാണ്  'ജീവിതം മടുത്ത് മരിച്ചു പോയ പെണ്ണുങ്ങൾ'എന്ന കവിത.



**മടങ്ങിത്തുടങ്ങുമ്പോൾ - വിഷ്ണുപ്രിയ പി**
അടച്ചുപൂട്ടലിന്റെ വിമ്മിട്ടത്തെ ബിംബാത്മകഭാഷയിലൂടെ ആവിഷ്കരിക്കാൻ ശ്രമിക്കുന്നതോടൊപ്പം തുറസ്സാണ് ജീവിതമെന്ന ധ്വനി  'മടങ്ങിത്തുടങ്ങുമ്പോൾ' എന്ന കവിത നൽകുന്നു.



**ദൈവം മലയിറങ്ങി വരുന്ന ദിവസം - അഭിലാഷ് കൈനിക്കര**
പെണ്ണവസ്ഥയുടെ നിലനിൽപ്പിനെ ആത്മീയമായി നോക്കിക്കാണുകയും എന്നാൽ അവിടം ശൂന്യമാണെന്നു തിരിച്ചറിയുകയും ചെയ്യുന്ന അനുഭവം നൽകുന്ന കവിതയാണ് 'ദൈവം മലയിറങ്ങി വരുന്ന ദിവസം'.



**അടക്കം - പുണ്യ സി.ആർ**
എഴുത്തിന്റെ അടക്കമുള്ള കഥയാണ് അടക്കം. ജീവിതത്തിന്റെയും മരണത്തിന്റെയും ഇടയിലൂടെയുള്ള സഞ്ചാരം ഈ കഥയെ വ്യത്യസ്തമാക്കുന്നു. ജീവിതത്തെ നിരാകരിച്ച് മരണത്തിനപ്പുറത്തേക്ക് യാത്ര ചെയ്യുന്ന സ്നേഹഭാവത്തെ മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു.



**മൂന്നാമത്തെ മുല - ജിതിൻ കെ.ജെ**
കഥയുടെ നടപ്പ് സമ്പ്രദായങ്ങളെ നവീകരിക്കാനുള്ള ശ്രമം 'മൂന്നാമത്തെ മുല'. എന്ന കഥയെ വേറിട്ടുനിർത്തുന്നു. പെൺജീവിതത്തിന്റെ അവസ്ഥയെയും ഘടനയെയും പുതിയ വിതാനത്തിൽ ഈ കഥ വരച്ചിടുന്നു.ഭാഷയുടെ സൂക്ഷ്മതയും അവതരണത്തിന്റെ നവീനതയും കഥയെ മൗലികമാക്കുന്നു.



**വെള്ളത്തുള്ളി സാക്ഷിയായ കഥകൾ - ജിതിൻ നാരായണൻ**
ജീവിതത്തിന്റെയും കഥയുടെയും പുതിയ വഴികൾ ഈ രചനയിൽ കാണാം. ദൃശ്യപരമായ ആഖ്യാനരീതിയും ഭാഷയുടെ  കയ്യൊതുക്കവും നൽകി കഥയെ കൂടുതൽ പാരായണക്ഷമമാക്കുന്നു. അതേ സമയം കഥ ആവശ്യപ്പെടുന്ന ഭാഷാപരമായ ഒഴുക്ക് നിലനിർത്താൻ കൂടുതൽ ശ്രമം ആവശ്യപ്പെടുന്നു



# അടക്കം




**പുണ്യ സി.ആർ**
ഗവ.വിക്ടോറിയ കോളേജ്
പാലക്കാട്



സംഘശബ്ദം
സാഹിത്യമത്സരം 2021
**കഥ ഒന്നാംസ്ഥാനം**


ശവം സംസ്കരിക്കുക എന്നത് ഒരു കലയാണ്. ഒരു കവി കവിതയിലെ അവസാനത്തെ വരിയെഴുതി ചിലയേറെ കുത്തുകളിട്ട് അതവസാനിപ്പിക്കാതിരിക്കാൻ കാണിക്കുന്ന ജാഗ്രതയോടെ... ഒരു ഗായകൻ, മറന്നുപോയ പാട്ടിന്റെ വരികൾ അത് മറന്നുവച്ചിടത്തുനിന്നു തന്നെ ഓർത്തെടുക്കുന്ന സൂക്ഷ്മതയോടെ ചെയ്തുപോരേണ്ട ഒന്ന്!

ഒട്ടും മുഖപരിചയമില്ലാത്ത ഒട്ടേറെ മൃതശരീരങ്ങളെ സംസ്കരിച്ച മഹാനായ കലാകാരനാണ് വേലൂഞ്ഞ്. പേരോ ഊരോ ജാതിയോ ശ്വാസമോ ഇല്ലാത്ത എത്രയോ ശരീരങ്ങളെ വേലൂഞ്ഞ് കുളിപ്പിച്ചിരിക്കുന്നു. ശരീരങ്ങൾ, ചീഞ്ഞുനാറിയ ഉടുതുണികളിൽ നിന്നും അഴിച്ചെടുത്ത് യാതൊരു വികാരാഭിനയവുമില്ലാതെ സസൂക്ഷ്മം അവയെ കുളിപ്പിച്ച്... തുടച്ച് വൃത്തിയാക്കി, നാട്ടിലെ സന്നദ്ധസംഘടനകൾ സംഭാവന നൽകിയ വിറകുകൊള്ളികൾ ശരീരത്തോട് ചേർത്തുവച്ച് ശേഷം മണ്ണെണ്ണയും തളിച്ച് തീ കൊടുക്കും! എണ്ണ തൊട്ടുകൂട്ടിയിട്ട് കാലങ്ങളായ വരണ്ടതലമുടിയും രോമങ്ങളുമാണ് ആദ്യം കരിയുക. അപ്പൊഴുണ്ടാകുന്ന പെട്ടന്നണഞ്ഞുപോകുന്ന നനുത്തമണം വേലൂഞ്ഞ് നെഞ്ചിൻ കൂടിനകത്തേക്ക് വലിച്ചുകയറ്റും. മാംസം കരിയുമ്പോഴുള്ള കെട്ടനാറ്റം വേലൂഞ്ഞിന് ഓക്കാനമുണ്ടാക്കും. അതുകൊണ്ടുതന്നെ ഏറ്റവുമവസാനത്തെ രോമവും കരിഞ്ഞ് നാറ്റം പരക്കുമ്പോഴേക്കും വേലൂഞ്ഞ് ശവപ്പറമ്പീന്ന് വഴിയോരത്തേക്കിറങ്ങും. ചെറിയ തുരുമ്പിച്ച ഗേറ്റ് കടന്ന് 'അജ്ഞാത മൃതശരീരങ്ങൾ ദഹിപ്പിക്കപ്പെടും' എന്ന ബോർഡും താണ്ടി പുറത്തേക്കു കടക്കുമ്പോൾ ഇടക്കെല്ലാം അയാൾ ചെറിയ വിറയലോടെ തിരിഞ്ഞുനോക്കും, പൊള്ളലേറ്റ ശരീരം അലറിവിളിച്ചും കൊണ്ട് തന്റെ പുറകെ പ്രാണനും കൊണ്ടോടി വരുന്നുണ്ടോയെന്ന്.

നാട്ടിലാകെ വസൂരിപൊന്തിയ കാലത്ത് ദീനം വന്ന് ചത്ത ഉറ്റവരെയും ഉടയവരെയും കുറ്റിക്കാടുകളിലുപേക്ഷിച്ച് അവർക്കടുക്കിൽ ചെന്നൊന്ന് പൊട്ടിക്കരയാൻപോലും ഭയന്ന് മനുഷ്യന്മാർ പെരക്കലൊളിച്ചിരിന്നു. വേലൂഞ്ഞിന്റെ അപ്പൻ ചാമുണ്ണിയാണ് അന്ന് ചീഞ്ഞുനാറാൻ തുടങ്ങിയ ശവശരീരങ്ങൾ ഓരോന്നായി വലിച്ചും ഞെരക്കിയും കൊണ്ടുവന്ന് തന്റെ ഇത്തിരി കൃഷിനിലത്തിട്ട് ദഹിപ്പിച്ചത്. പൊലയനും നായരും കെട്ടിപ്പിടിച്ച് കെടന്ന് കത്തുന്നത് കണ്ട് ചിലരെല്ലാം നെഞ്ചത്തടിച്ച് നെലോളിച്ചു. കൈതക്കൂട്ടത്തിലും മുളങ്കാട്ടിലും ഒളിച്ചിരുന്ന ഒടിയന്മാർ ചാമുണ്ണിയെ ഉന്നംവച്ച് തല്ലി. തല്ലി എല്ല് പൊട്ടിച്ചു.

കാർന്നോറ്റങ്ങളും പെണ്ണുങ്ങളും അത്തുപുത്തും പറഞ്ഞ് നെലോളിച്ചും ചത്ത് നരകത്തീ ചെല്ലുന്നവരെയോർത്ത് വിലപിച്ചും നാലുപാടും പാഞ്ഞു. അവര്ടെയൊക്കെ പ്രാക്ക് കൊണ്ടാണ് പതിനാലാമത്തെ ശവത്തിന് തീ കൊളുത്തിയതിന് നാലാം നാൾ ചാമുണ്ണിക്ക് വസൂരിപൊന്തിയതും കൃത്യം എട്ടാംനാൾ ചാമുണ്ണി മരിച്ചതും. താൻ വിപ്ലവം സൃഷ്ടിച്ച മണ്ണിൽതന്നെ ചാമുണ്ണിയുറങ്ങി. പിന്നീട്... മനുഷ്യനും മൃഗങ്ങളും

ഒരുപോലെയടുക്കാനറച്ച ആ നിലം അവിടെ ദഹിപ്പിക്കപ്പെട്ട ഹൃദയങ്ങൾക്ക് മുളപൊട്ടാനുള്ള മണ്ണായി വേലുഞ്ഞിന്റെ അപ്പന്റെ കാലത്തോളം അങ്ങനെ ഒഴിഞ്ഞ് കിടന്നു.

നാടിന്റെ നെഞ്ചത്ത് വെട്ടേറ്റതു പോലെ കിടക്കുന്ന റെയിൽവേപാളത്തിൽ നിന്നാണ് വേലുഞ്ഞ് ആദ്യമായി തലച്ചോറ് വറ്റിയ മനുഷ്യനെ കാണുന്നത്. വേലുഞ്ഞിനന്ന് ഇരുപത് വയസ്സ്. കുറുകി കൂടിയ നാട്ടുകാരെ വകഞ്ഞുമാറ്റി വേലുഞ്ഞ് എന്തി വലിഞ്ഞുനോക്കി. പറയാൻ വന്നതെന്തോ പാതി വിഴുങ്ങിക്കിടക്കുന്ന വെളുത്തെല്ലിച്ച പള്ളപതഞ്ഞൊരു മനുഷ്യൻ, അടുത്തേതോ ദേശത്തു നിന്ന് മരണം തേടി പോന്ന മധ്യവയസ്കൻ. അയാൾ ആശിച്ചതു പോലെയോ അതിനെക്കാളുമോ ഭംഗിയായി അയാളതാ മരിച്ചു കിടക്കുന്നു. മാറിനിക്കിൻ ചെങ്ങായ്മാരേ...! പോലീസ് വന്നിട്ട് മൃതദേഹം പോസ്റ്റ്മോർട്ടത്തിന് കൊണ്ടുപോകും പിന്നെ കുടുമ്മക്കാര് വരണവരെ മോർച്ചറി സൂക്ഷിക്കും, കൂട്ടത്തിലെ വെള്ളഷർട്ടിട്ട ചെറുപ്പക്കാരൻ വേലുഞ്ഞിനേയും ആട്ടിയകറ്റി. അപ്പൻ കിടന്നിരുന്ന ദ്രവിച്ചു തുടങ്ങിയ കട്ടിലിമ്മെ കമിഴ്ന്നും മലർന്നും കിടന്നിട്ടും വേലുഞ്ഞിനന്ന് ഉറക്കം വന്നില്ല. പന്ത്രണ്ടേകാലിന്റെ 'ഉദയനാട് എക്സ്പ്രസ്സ്' ചൂളം വിളിച്ചപ്പോൾ മറ്റൊന്നുമാലോചിക്കാതെ വേലുഞ്ഞ് കിടക്കപ്പായിൽ നിന്നെഴുന്നേറ്റ് ധൃതിയിൽ പുറത്തേക്കിറങ്ങി.

ആരോ റെയിൽപാളത്തീന്നകറ്റിയിട്ട മൃതദേഹത്തിനുചുറ്റും മൂന്നാല് ചെന്നായ്ക്കൾ തക്കംപാർത്ത് കിടക്കുന്നു. ശവംതീനിഉറുമ്പുകളെ തട്ടിക്കളഞ്ഞ് വേലുഞ്ഞ് സശ്രദ്ധം ആ ശവശരീരം പൊക്കിയെടുത്ത് തോളിലിട്ടു. ശവവും പേറി പാടവരമ്പിലൂടെ നടക്കുമ്പോൾ അടിവയറ്റിനുള്ളിൽ രണ്ട് നെൽച്ചെടികൾ വിരിഞ്ഞുവന്ന സുഖം തോന്നി അയാൾക്ക്. അപ്പന്റെ കാലശേഷം ധൈര്യത്തോടെ താൻ കയറിച്ചെന്ന് കുറ്റിക്കാട് വെട്ടിത്തെളിച്ച പറമ്പിൽ കൊണ്ടുവന്ന് കിടത്തി, ശരീരത്തിൽ നിന്ന് ഉടുപ്പുകൾ വിടുവിച്ചു. പൂർണ്ണനഗ്നനായൊരു മനുഷ്യൻ യാതൊരു ലജ്ജയുമില്ലാതെ തന്റെ മുന്നിൽ നീണ്ടു നിവർന്ന് കിടക്കുന്നത് കണ്ടമാത്രയിൽ വേലുഞ്ഞൊന്ന് പതറി. ശവശരീരം തുടച്ച് വൃത്തിയാക്കുമ്പോൾ മുളച്ചുവന്ന നെൽച്ചെടികൾ അടിവയറ്റിൽ വച്ച് തന്നെ കതിരിട്ടതുപോലൊരു ആന്തലുണ്ടായി. വിറക് കൂട്ടിവച്ച് ശരീരത്തിന് തീകൊടുത്തപ്പോൾ വേലുഞ്ഞിന്റെ ശരീരമാസകലം നെൽച്ചെടികൾ മുളപൊന്തുകയും അടുത്തമാത്രയിലത് കതിരിടുകയും ചെയ്തു. ജീവിതത്തിൽ ..... ജീവിതത്തിലാദ്യമായി അത്രയും മനോഹരമായൊരു കർമ്മം ചെയ്തു തീർത്ത സംതൃപ്തിയിൽ വേലുഞ്ഞ് പൊട്ടിക്കരഞ്ഞു. മരണത്തിനും ആത്മാവിന്റെ ജനനത്തിനും ഇടക്കുള്ള നിശ്ചലതയെ ഉടച്ചുകളഞ്ഞ സ്വസ്ഥതയിൽ അന്ന് വേലഞ്ഞുറങ്ങി.

പിറ്റേന്ന് നാട്ടുകാരുടെ നേതൃത്വത്തിൽ വേലുഞ്ഞിന്റെ വീടിനുമുന്നിൽ പോലീസ് ജീപ്പ് പ്രത്യക്ഷപ്പെട്ടു. ഷേവ് ചെയ്യുന്നതിനിടയിൽ മീശപാതി മുറി ഞ്ഞുപോയ പോലീസുദ്യോഗസ്ഥൻ തൊട്ടപ്പുറത്തെ പറമ്പ് ചൂണ്ടിക്കാണിച്ച്കൊണ്ട് ചോദിച്ചു. 'നീയാ ണോടാ റെയിൽവേ ട്രാക്കിൽ പാതി ചതഞ്ഞ നിലയിൽ കിടന്നിരുന്ന ശവശരീരം ഈ പറമ്പിൽ കൊണ്ടുവന്ന് കത്തിച്ചത്?'

'അതെ '

പെട്ടന്നുവന്ന മറുപടിയിൽ ശൗര്യംകൊണ്ട് പോലീസുകാരൻ കനപ്പിച്ച ഒച്ചയോടെ ആജ്ഞാപിച്ചു.

"പ്ഫാ.... നായിന്റെ മോനെ! വണ്ടീലോട്ട് കേറടാ..."

അന്നത്തെ സ്റ്റേഷൻ സന്ദർശനത്തിനുശേഷം വേലുഞ്ഞും പോലീസുകാരും തമ്മിൽ പശുവും കൊക്കും തമ്മിലുള്ള ആത്മബന്ധം പോലൊന്ന് ഉടലെടുത്തു.

'ഡോ.....ഇനി മുതല് പോസ്റ്റ്മോർട്ടത്തിന് ശേഷവും അജ്ഞാതമായി തുടരുന്ന മൃതശരീരമെല്ലാം തനിക്ക് ദഹിപ്പിക്കാം. പോസ്റ്റ്മോർട്ടം ചെയ്യാനാകാത്ത നിലേലാണേൽ മറ്റൊന്നും നോക്കണ്ട നീ കൊണ്ടോയി കുഴിച്ചിടുകേ.. കത്തിക്കുകേ ചെയ്തോ... തന്റെ വിശപ്പും മാറും ഞങ്ങടെ ചൊറിച്ചിലും മാറും!'

അതിനുശേഷമാണ് ഒന്നൂടി ചെത്തി നിരപ്പാക്കിയ പറമ്പിനു മുന്നിൽ വേലുഞ്ഞ് 'അജ്ഞാത മൃതശരീരങ്ങൾ ദഹിപ്പിക്കപ്പെടും!' എന്ന ബോർഡ് വക്കുന്നത്! അടച്ചുറപ്പില്ലാത്ത ഒറ്റമുറിപ്പുരയിൽ ഒറ്റക്ക് ഉഷ്ണിച്ചും വിറച്ചും കലങ്ങിയും തെളിഞ്ഞും വേലുഞ്ഞ് കഴിഞ്ഞുപോന്നു. വിശന്നപ്പൊഴൊക്കെയും അയാൾ പണിക്കുപോയി. പറമ്പുകിളച്ചു, ലോഡെടുത്തു, ആക്രിപെറുക്കി. കിട്ടുന്നത് തിന്നും കുടിച്ചുമയാൾ ശരീരത്തെ പോറ്റി, ഒട്ടുമിക്ക രാത്രികളിലും തന്റെ ശവപ്പറമ്പിലേ ക്കെത്തപ്പെടുന്ന മൃതശരീരങ്ങൾക്ക് തീ കൊടുക്കുമ്പോൾ മാത്രം അയാൾക്ക് താൻ ജീവിക്കുന്നതായനു ഭവപ്പെട്ടു. അയാൾ സ്വയമാശ്വസിച്ചു. തൃപ്തിപ്പെട്ടു. തന്റെ പ്രവൃത്തിയിലയാൾ നിർവൃതിപൂണ്ടു.

ആകാശോം ഭൂമീം കരിവാളിച്ചു കിടക്കുന്നൊരു രാത്രി! തല നിറച്ചും പഞ്ഞിക്കാടുള്ള മഞ്ഞുകട്ടപോലുറഞ്ഞൊരു തള്ളയെ ദഹിപ്പിച്ച് നടുനിവർന്നതേയുള്ളു വേലുഞ്ഞ്. പുരയിലേക്ക് നടക്കുമ്പൊ, തനിക്കാരുമില്ലല്ലോ എന്ന് വിങ്ങിവിങ്ങി ഒടുക്കത്തെ ശ്വാസമെടുക്കണേന് മുമ്പെ മരിച്ചുപോയൊരു തള്ളയാവണം അത് എന്നയാൾ ദീർഘമായി നിശ്വസിച്ചു. ചിതയിലെ കനൽച്ചൂട്





എരിഞ്ഞില്ലാതാകുന്നതുമറിഞ്ഞ് പുറത്തെ കട്ടിലിന്മേൽ മലർന്നുകിടക്കുകയായിരുന്ന വേലൂഞ്ഞ്, ഏതാനും കൊടിച്ചിപ്പട്ടികളുടെ ദയനീയമായ ഓരിയിടലിൽ തട്ടിതടഞ്ഞെഴുന്നേറ്റു. കയ്യിലെ ടോർച്ച് നീട്ടിയടിച്ചുകൊണ്ട് അയാൾ ഇടത്തോട്ടുനടന്നു. വേലുഞ്ഞിന്റെ വെട്ടം ശവപ്പറമ്പിലെ ഇരുട്ടിനെ വെട്ടിക്കീറി ചുറ്റിലും പരതി. ഉള്ളീന്ന് പൂട്ടിയിട്ട ഗേറ്റിൽ ചാരിയിരിക്കുന്ന ഒരു രൂപത്തിന്റെ പുറകുവശത്ത് തറച്ചുനിന്നു. വേലൂഞ്ഞോടിച്ചെന്ന് നോക്കി. പെണ്ണിന്റെ ആകൃതിയിലുള്ള രൂപം. ഗേറ്റ് തുറന്നതും ആ രൂപം മലർന്നടിച്ച് ശവപ്പറമ്പിലേക്ക് വീണു!

നീളൻമുടിയുള്ള ഇരുണ്ടമെലിഞ്ഞ് വലിയ പൊട്ടുകുത്തിയ ഒരു പെണ്ണ്. കാഴ്ച്ചയിൽ മുപ്പത് മുപ്പത്തഞ്ചു വയസ്സു കാണും, മുഷിഞ്ഞ കോട്ടൺസാരിയിൽ ആരെയോ കെട്ടിപ്പിടിക്കാനെന്നവണ്ണം കൈകൾ വിടർത്തിവച്ച് കുഴഞ്ഞു തൂങ്ങിയവൾ കിടക്കുന്നു. വേലൂഞ്ഞൊരുമാത്ര പരിഭ്രമിച്ചു. എപ്പൊഴത്തേയും പോലെ മുന്നിലുള്ള മനുഷ്യന് ജീവൻ ശേഷിക്കുന്നുണ്ടോയെന്നയാൾ പരിശോധിച്ചു. വേലുത്തിന്റെ വലത്തേ കൈ ആ ദ്യം അവളുടെ മൂക്കിൻ തുമ്പിലേക്കും പിന്നെയ വളുടെ ഇടം നെഞ്ചിലേക്കും നീണ്ടു. ശ്വാസമില്ല! തുടിപ്പുമില്ല ! വേലൂഞ്ഞവളെ താങ്ങിയെടുത്ത് ശവപറമ്പിലോട്ട് കയറ്റികിടത്തി ഗേറ്റ് താഴിട്ട് പൂട്ടി,

മരണപ്പെട്ടന്നുറപ്പിച്ച ശേഷം ഉറ്റവരുപേക്ഷിച്ചു പോയ മനുഷ്യശരീരങ്ങൾ 'അജ്ഞാത മൃതദേഹങ്ങൾ ദഹിപ്പിക്കപ്പെടും' എന്ന ബോർഡിനു കീഴെയിരിക്കുന്നത് പതിവു കാഴ്ച്ചയാണ്. ഒട്ടധികവും മെയ്യും മനസ്സും ചുളിഞ്ഞവർ. ജീവിച്ചിരുന്നപ്പൊഴേ തങ്ങളുപേക്ഷിക്കപ്പെട്ടത് മരിച്ചവർക്കറിയാ മെന്ന കാര്യം ഉപേക്ഷിച്ചു കടന്നുകളഞ്ഞവർക്കറിയില്ലല്ലോ. തനിക്ക് ദഹിപ്പിക്കാനുള്ളൊരു മൃതശരീരത്തെ നോക്കിനിൽക്കെ വേലൂഞ്ഞിനാദ്യമായി ഭയം തോന്നി. ഇനിയും ജീവനറ്റിട്ടില്ലാത്ത അവളുടെ മുഖം അയാളെ വീർപ്പുമുട്ടിച്ചു. അയാളൊരു നിമിഷം 'പോലീസിനെവിളിച്ചാലോ?' എന്ന് ശങ്കിക്കുകയും പലതും ചിന്തിച്ച് ചിന്തിച്ച് 'അതേതായാലും വേണ്ട!' എന്ന തീരുമാനത്തിലെത്തിച്ചേരുകയും ചെയ്തു. വേലൂഞ്ഞവളുടെ പക്കലിരുന്നു. കുന്തിച്ചിരിക്കുമ്പോൾ കാൽവിടവിലൂടെയുള്ള തന്റെ നഗ്നത മറച്ചു പിടിക്കാനെന്നോണം അയാൾ ഉടുമുണ്ട് വലിച്ചു താഴ്ത്തി ശ്രദ്ധയോടെ, അവളുടെ നീളൻമുടി ചുരുട്ടി കെട്ടി. അവളെ ദഹിപ്പിക്കാനുള്ള വിറകെടുക്കുന്നതിനായി പറമ്പിനു മൂലയിലേക്ക് നടക്കുമ്പോൾ ആരോ പുറകീന്ന് വിളിച്ചതായി വേലൂഞ്ഞിനു തോന്നി. അയാൾ പൊടുന്നനെതിരിഞ്ഞു നോക്കി. ഇല്ല ആരുമില്ല! അനക്കമില്ലാതെ അവളാകിടപ്പുതുടർന്നു. അല്ലേലും മരിച്ചവർക്കനക്കമുണ്ടാകില്ലല്ലോ!' അയാൾക്ക് ജാള്യതതോന്നി, താനാദ്യമായി ചുളിവുകളില്ലാത്തൊരു സ്ത്രീശരീരം ദഹിപ്പിക്കാൻ പോകുന്നുവെന്ന തിരിച്ചറിവിൽ അയാളൊന്ന് നടുങ്ങി. തെല്ല് ഭയന്നു. അവളുടെ ശരീരം കത്തിക്കുന്നതിനാ യുള്ള വിറകെടുക്കവെ വേലുഞ്ഞിന്റെ കൈ കുഴഞ്ഞു "അരുത്.. അരുത്" എന്ന് അതുവരേക്കും വേലൂഞ്ഞിനാൽ ദഹിപ്പിക്കപ്പെട്ടവരുടെ ആത്മാക്കൾ മൊഴിഞ്ഞു, വേലുഞ്ഞ് നിസ്സഹായനായി തിരിച്ചുപോന്നു. ക്ഷണവേഗത്തിൽ മറ്റൊന്നുമാലോചി ക്കാതെ അവളുടെ പാകത്തിനൊരു കുഴിയെടുത്തു വേലൂഞ്ഞ് അവൾക്കരുകിൽ മുട്ടുകുത്തിയിരുന്നു. പെണ്ണുങ്ങൾ ഇത്ര മാത്രം സുന്ദരികളായിരുന്നോ? ജീവിതത്തിലാദ്യമായി അയാൾ ഒരു സ്ത്രീയെ ആശ്ചര്യത്തോടെയും ആരാധനയോടെയും നോക്കിയിരുന്നു. സ്നേഹത്തോടെ അവളുടെ തണുത്തതും മിനുസമാർന്നതുമായ കൈത്തലത്തിൽ തൊട്ടു. പെട്ടന്നവി ടമാകെ നിലാവു പരന്നതുപോലെ വേലുഞ്ഞിനനുഭവപ്പെട്ടു. അവളെത്തന്നെ നോക്കിയിരിക്കവെ വേലുഞ്ഞിനവളോട് സ്നേഹം പോലെ മനോഹരമായൊരനുഭൂതി തോന്നി. ഇതുവരേക്കും മറ്റൊരു പെണ്ണിനോടും മറ്റൊരാളോടും

കുഴിയിലേക്കെടുക്കുന്നതിനു മുമ്പ് വേലൂഞ്ഞവളോട് ഒന്നൂടെ ചേർന്നിരുന്നു. കാലങ്ങളായി തനിക്കേറ്റവും പ്രിയപ്പെട്ടവളായിരുന്നൊരുത്തി ചലനമറ്റു കിടക്കുകയാണെന്ന തോന്നലിൽ വേലൂഞ്ഞൊരുമാത്ര സ്തബ്ധനായി. എത്ര തടഞ്ഞിട്ടും വേലൂഞ്ഞിന്റെ ഹൃദയം കരഞ്ഞുകൊണ്ടിരുന്നു. അയാളുടെ ചുണ്ട് അവളുടെ നെറ്റിയിലമർന്നു.

തോന്നാത്തത്. ഒരുവളുടെ അനുവാദമില്ലാതെ അവളുടെ നഗ്നത കാണുന്നത് ശരിയല്ല എന്ന് അയാൾക്കുള്ളിൽനിന്നാരോ മന്ത്രിച്ചു. അയാളതനുസരിച്ചു. ഏറെനേരമവളെ നോക്കിയിരുന്നതിനു ശേഷം നേരം വെളുക്കുന്നതിനു മുന്നേ ഉടുത്തിരിക്കുന്ന സാരി മാത്രമഴിച്ചെടുത്ത് അതിലവളെ മുഴുവനായും പൊതിഞ്ഞുകെട്ടി സൂക്ഷ്മതയോടെ അടക്കം ചെയ്യാം എന്ന തീരുമാനത്തിലെത്തിച്ചേർന്നു. നിലാവിൽ ചാരനിറത്തിലായി കാണപ്പെടുന്ന സാരിയഴിച്ചെടുക്കുമ്പോൾ വേലൂഞ്ഞിന്റെ കൈ വിറച്ചു. ഉള്ളൊന്ന് ആളി. ഉന്തിയ മാറിടങ്ങൾ... ചുളിവുകളുള്ള വയർ... കറുത്ത മറുകുള്ള നനുത്ത കഴുത്ത്... അവളുടെ ഇരുണ്ട അരക്കെട്ടിലെ പാവാടയിൽ നിന്നും സാരി പൂർണമായും വിടുവിക്കുമ്പോൾ വേലൂഞ്ഞ് അറിയാതെ കണ്ണിമപൂട്ടി. അയാളറിയാതെ തന്നെ അയാളുടെ കൺപീലികളിൽ നനവുപടർന്നു. അവളുടെ നെറ്റിയിലെ വലിയ പൊട്ടെടുത്തുമാറ്റുകയും 'പൊട്ടുള്ളതാ ഭംഗി!' യെന്നോണം അത് അരുമയോടെ വീണ്ടും നെറ്റിയിലൊട്ടിക്കുകയും ചെയ്തു. അവൾ ചിരിച്ചോ.....! വേലൂഞ്ഞ് ഞെട്ടി! പ്രതീക്ഷയോടെയുറ്റു നോക്കി. 'മരിച്ചവർ ചിരിക്കാറില്ലല്ലോ.' സാരിയിൽ പൊതിഞ്ഞുകെട്ടുമ്പോൾ ഇതുവരെയുണ്ടാകാത്ത വിധം വേലൂഞ്ഞിന്റെ ഹൃദയം വിങ്ങി. അയാളിൽ അവ്യക്തമായൊരു വേദന തിളച്ചു.

കുഴിയിലേക്കെടുക്കുന്നതിനു മുമ്പ് വേലൂഞ്ഞവളോട് ഒന്നൂടെ ചേർന്നിരുന്നു. കാലങ്ങളായി തനിക്കേറ്റവും പ്രിയപ്പെട്ടവളാ യിരുന്നൊരുത്തി ചലനമറ്റു കിടക്കുകയാണെന്ന തോന്നലിൽ വേലൂഞ്ഞൊരുമാത്ര സ്തബ്ധനായി. എത്ര തടഞ്ഞിട്ടും വേലൂഞ്ഞിന്റെ ഹൃദയം കരഞ്ഞുകൊണ്ടിരുന്നു. അയാളുടെ ചുണ്ട് അവളുടെ നെറ്റിയിലമർന്നു. വേലൂഞ്ഞാദ്യമായി ഒരു സ്ത്രീയെ സ്നേഹിച്ചു. ചുംബിച്ചു. അവളുടെ മരിച്ച ശരീരം സശ്രദ്ധം കുഴിയിലേക്കിറക്കി. മണ്ണിട്ടു മൂടുമ്പോൾ തനിക്ക് ശ്വാസം മുട്ടുന്നതുപോലെ കിതച്ചു.

നേരം വെളുക്കുന്നതുവരെയും വേലൂഞ്ഞവൾക്ക് കാവലിരുന്നു. ഇതുവരേക്കുമവിടെ പിറവി കൊണ്ട് ആത്മാക്കളെല്ലാം വേലൂഞ്ഞിന് കാവലിരുന്നു. അവശേഷിച്ച നിലാവിനേയും നക്കിതുടച്ചുകൊണ്ട് സൂര്യപ്രകാശം ശവപറമ്പിലേക്ക് ചിതറിവീണു. നടന്നതൊന്നുമൊരു സ്വപ്നമല്ലെന്ന ബോധത്താൽ വിങ്ങിയും നീറിയും പുകയുന്ന ഹൃദയവും താങ്ങി വേലൂഞ്ഞ് ശവപ്പറമ്പിലെ തുരുമ്പിച്ച ഗേറ്റ് തുറന്ന് പുറത്ത്കടന്നു മുന്നിൽ തൂക്കിയ 'അജ്ഞാത മൃതശരീരങ്ങൾ ദഹിപ്പിക്കപ്പെടും' എന്ന ബോർഡെടുത്ത് കഴിയുന്നത്ര ദൂരേക്ക് വലിച്ചെറിഞ്ഞു.

അയാൾക്ക് സങ്കടം വന്നുകരഞ്ഞു. തനിക്കുതന്നെ



നിർവചിക്കാനാവാത്തൊരു മാനസിക വിഭ്രാന്തിയിലേക്ക് വേലൂഞ്ഞ് ചുഴറ്റിയെറിയപ്പെട്ടു.

വേലൂഞ്ഞ് ധൃതിയിൽ എവിടെ നിന്നൊക്കെയോ കുറെ പനിനീർചെടികൾ പറിച്ചു കൊണ്ടുവന്നു. ആ സ്ത്രീയെ അടക്കം ചെയ്തിടത്ത് കുമ്പിട്ടിരുന്നു. ഒരു പൂച്ചെടിയെടുത്ത് അവളുടെ ഹൃദയത്തിന്റെ വക്കിൽ നട്ടുനനച്ചു. ശവപ്പറമ്പാകെ പനിനീർ ചെടികൾ നട്ടുവച്ചു.

മരിച്ചവരുടെ ഹൃദയങ്ങളെല്ലാം മുളപൊട്ടി. അതൊരു പൂങ്കാവനമായി. മതിലിനപ്പുറമുള്ള മനുഷ്യരൊന്നടങ്കം വലിയ പൂന്തോട്ടത്തേയും തോട്ടക്കാരനേയും നോക്കി വായപൊളിച്ചു. കണ്ണുതുറിച്ചു ! നാട്ടിലെ പൊടി പിള്ളേരെല്ലാം വേലൂഞ്ഞിനെനോക്കി അതിശയം പൂണ്ടു ചിത്രകഥയിലെ നായകനെന്നോണം ആരാധിച്ചു.

അയാളെല്ലായ്പ്പോഴും പൂന്തോട്ടത്തിനുള്ളിൽ കാവൽകിടന്നു. കറുത്തിരുണ്ട രാത്രികളിൽ മാത്രം വലിയ പൊട്ടു തൊട്ടൊരു പെണ്ണ് വേരുകൾക്കിടയിൽ നിന്ന് കുടഞ്ഞെഴുന്നേൽക്കുകയും വേലൂഞ്ഞുറങ്ങുന്നതിനരുകിൽ വന്നിരിക്കുകയും ചെയ്തു. അവളുടെ കൺപീലികളിൽ മൺതരികളുണ്ടായിരുന്നു. അവളയാളെ പ്രണയത്തോടെ നോക്കിയിരുന്നു. അരുമയോടെ അയാളുടെ നെറ്റിമേൽ ചുംബിച്ചു.



**ജിതിൻ കെ.ജെ**
മഹാരാജാസ് കോളേജ്
എറണാംകുളം

സംഘശബ്ദം
സാഹിത്യമത്സരം 2021
**കഥ രണ്ടാംസ്ഥാനം**

# മൂന്നാമത്തെ മുല

മൂന്ന് മുലയുള്ള സ്ത്രീ ഉറങ്ങാൻകിടന്നു. ഞരമ്പു പൊട്ടി വെള്ളനിറമുള്ള ചോര പുതപ്പിന്റെ നാരുകളിലേക്ക് കിനിയുന്നു. വറ്റിപ്പോകുംതോറും കട്ടിയുറഞ്ഞ് ഏതോ മൂന്നാംലോകരാജ്യത്തിന്റെ ഭൂപടചരായയിലേക്ക് ആസിറം ഒട്ടിപ്പോകുന്നു. ഉണരുമ്പോഴേക്കും പലതായി മുറിഞ്ഞ് പലതായി കണ്ടിച്ച് തന്റെ മൂന്നുമുലകൾ ധാരാളം മുലക്കുഞ്ഞുങ്ങളെ പെറ്റുകൂട്ടുന്നതായി അവൾ സ്വപ്നം കാണുന്നു.

ഇന്റർവ്യൂബോർഡിനു മുന്നിൽ വളരെ സൗമ്യയായി ബബിതയിരുന്നു. സർട്ടിഫിക്കറ്റുകൾ ഭംഗിയായി അടുക്കിവെച്ച ഇളംമഞ്ഞ നിറമുള്ള ഫയൽ മേശപ്പുറത്തേക്ക് ശ്രദ്ധാപൂർവ്വം എടുത്തുവെച്ചു. ചോദ്യങ്ങൾക്കുള്ള ആകർഷകവും വടിവൊത്തതുമായ ഉത്തരങ്ങളെ ഉമിനീരിൽ കുഴച്ച് തൊണ്ടക്കുഴിയിൽ നിരത്തിവെച്ചു. ശേഷം ഒന്നുകൂടി സൗമ്യയായി പുഞ്ചിരിച്ചു.

ലഭ്യമായ പാൽ ബീക്കറിൽ അളന്നെടുത്ത് അതിന്റെ ഗുണനിലവാരം കൃത്യമായി രേഖപ്പെടുത്തണം. ബബിത അനുവദിച്ച സമയത്തിനും മുൻപെ തന്നെ കണക്കുകൾ കൃത്യമായി രേഖപ്പെടുത്തി നൽകിയാണ് ലാബ് വിട്ട് പുറത്തിറങ്ങിയത്. അതിൽ നിന്നും തെരഞ്ഞെടുത്ത അഞ്ച് പെൺകുട്ടികളെയാണ് ഇന്ന് ഇന്റർവ്യൂവിനായി വിളിച്ചിരിക്കുന്നത്.

ഇന്റർവ്യൂ കഴിഞ്ഞ് ഇറങ്ങാൻനേരത്താണ് അവിടെയുള്ളവർ കറുത്തുമെലിഞ്ഞ തന്റെ ശരീരത്തിലേക്ക് അതിസൂക്ഷ്മമായ ഒരു നോട്ടം കൊളുത്തിയിട്ട് നേരമേറെയായി എന്ന് ബബിത ശ്രദ്ധിച്ചത്. സർട്ടിഫിക്കറ്റുകൾ തിരികെ തിരുകിവെച്ച ഇളംമഞ്ഞ നിറമുള്ള ഫയൽ നെഞ്ചിലേക്ക ഒന്നുകൂടി അമർത്തിപ്പിടിച്ച് ബബിത ഇറങ്ങിനടന്നു. ഓരങ്ങളിൽ ഇരുവശത്തും എല്ലുന്തിയ നെഞ്ചുമായി കിടന്ന് ഓരിയിടുന്ന തലയിൽ പതപ്പുമാറാത്ത കുഞ്ഞുങ്ങൾ. അവർ തന്റെ ചോര ഊറ്റിക്കുടിക്കുകയാണെന്ന് അവൾ സംശയിച്ചു.



പത്രപ്പരസ്യങ്ങളിലെ 'ആവശ്യമുണ്ട്' എന്ന കോളം കാണുമ്പോൾ ഉള്ളിലൊരു കൊള്ളിയാൻ മിന്നുന്നതുപോലെയാണ്. ആവശ്യക്കാർ എവിടെയോ കാത്തുനിൽക്കുന്നുണ്ടെന്നു തോന്നും. ആവശ്യക്കാർ ആവശ്യമുള്ളവരെ തെരഞ്ഞെടുത്തു കഴിയുമ്പോൾ 'ഉപേക്ഷിക്കപ്പെട്ടവരുണ്ട് ' എന്ന കോളംകൂടി നൽകിയിരുന്നെങ്കിൽ നന്നായിരുന്നു. ബബിത നിരന്തരം ഉപേക്ഷിക്കപ്പെട്ടുകൊണ്ടേയിരുന്നു.

ആദ്യത്തെ നാലുപേർ വളരെ സന്തോഷത്തോടെയാണ് ഇന്റർവ്യൂ കഴിഞ്ഞ് ഇറങ്ങിപ്പോയത്. ആത്മവിശ്വാസത്തോടെ അങ്ങനെയൊന്ന് പുഞ്ചിരിക്കണമെന്ന് ബബിത പണിപ്പെട്ടു. ചുരുണ്ട് നീളംകുറഞ്ഞ മുടിയിൽ നിന്നും ഒരു ചുരുൾ കഴുത്തിനു പിറകിൽ നിന്നെത്തിനോക്കി.

"ഒന്ന് സ്വയം പരിചയപ്പെടുത്താമോ?"

സെൽഫ് ഇൻട്രോകളുടെ കാലം എത്ര പഴയതാണ്. പഠിത്തം പഠിത്തത്തിനു മുകളിൽ പഠിത്തം  സർട്ടിഫിക്കറ്റുകൾ പ്രശംസാപത്രങ്ങൾ റാങ്കുകൾ സമൃദ്ധമായ സീവി കറുത്തു മെലിഞ്ഞ കഴുത്ത്  ചുരുണ്ട നീളം കുറഞ്ഞ തലമുടി ജാതിപ്പേരിന്റെ വാൽക്കഷ്ണം, നിങ്ങളുടെ തിരസ്കാരത്തിന്റെ പ്രത്യയശാസ്ത്രം എത്രയോ പഴകിയതാണ്.

"എന്തുകൊണ്ട് ഈ ജോലി?"

ഒന്നുകൂടി സൗമ്യയായിരിക്കണമെന്ന് ബബിതയ്ക്കു തോന്നി. ഇരുകൈകളും മേശപ്പുറത്ത് കയറ്റിവെച്ച് കൂട്ടിപ്പിണച്ച് നേരത്തെ മനപ്പാഠമാക്കിയ വാക്കും വരികളും ഇടതടവില്ലാതെ പറഞ്ഞുതീർത്തു. ചോദിക്കുന്ന ചോദ്യങ്ങൾക്കെല്ലാം അസംബ്ലിലൈനിലെ കുട്ടികളെപോലെ ഉത്തരങ്ങൾ അനുസരണയോടെ നിന്നു. മുല ചപ്പി ചോര കുടിച്ച കുഞ്ഞുങ്ങൾ ഉത്തരങ്ങൾക്കു വെളിയിൽ നിന്നു.

'ശരി വിളിച്ചറിയിക്കാം'.

സൗമ്യമായല്ലാതെ ഒന്നു ചിരിക്കണമെന്ന് ബബിതയ്ക്കു തോന്നി.

ഇന്റർവ്യൂ കഴിഞ്ഞപ്പോൾ ഉണങ്ങിത്തൂങ്ങിയ അവളുടെ മുലക്കാമ്പുകളെ കുറിച്ച് അകത്തുനിന്നൊരാൾ അസഭ്യം പറഞ്ഞു. മുലപ്പാൽബാങ്കിൽ ജോലി ചെയ്യാൻ അത്യാവശ്യം അതെങ്കിലും വേണമെന്ന് അയാൾ ചിരികോട്ടിച്ചിരിച്ചു.

കൂട്ടത്തിൽ ഉണ്ടായിരുന്ന സ്ത്രീ കയർത്തു. കരണത്താഞ്ഞടിച്ചു. മുലപ്പാൽ വറ്റുംപോലെ അയാളുടെ കോട്ടിയ ചിറി വിളർത്തുകീറി.

ബസിറങ്ങി വീട്ടിലേക്കു നടക്കുമ്പോൾ പഞ്ചായത്താപ്പീസിൽ നിന്നും തൊഴിലില്ലായ്മ വേതനം വന്നിട്ടുണ്ടെന്ന് തൂപ്പുകാരി ശൈലേച്ചി വിളിച്ചു പറഞ്ഞു. ആ നാട്ടിൽ എല്ലാ മാസവും തൊഴിലില്ലായ്മ വേതനം വാങ്ങുന്ന ഒരേയൊരാൾ ബബിതയാണ്. മറ്റുള്ളവരെല്ലാം തൊഴിലു തരാമെന്നും നല്ലനാൾ വരുമെന്നും പറഞ്ഞ് പറ്റിച്ചവരെയും കാത്തിരിക്കുന്നു. അതുകൊണ്ട് ബബിതയുടെ ക്യൂവിൽ ബബിത തനിച്ചായിരുന്നു. മറ്റെല്ലാവരും തൊഴിലില്ലായ്മയെക്കുറിച്ചും തൊഴിലില്ലായ്മ വേതനത്തെക്കുറിച്ചും മറന്നുപോയിരിക്കുന്നു. തൊഴിലില്ലാതിരിക്കുന്നു. ആദ്യമായി ജോലിക്കുപോയ ദിവസം അടുക്കിവെച്ചിരിക്കുന്ന അളവുപാത്രങ്ങൾ തുടച്ചു വെക്കുകയും ഒന്നും എഴുതാത്ത രജിസ്റ്ററുകൾ അടുക്കിവെക്കുകയും മാത്രം ചെയ്തു. കൂടെ ജോലിക്ക് കയറിയ അനിത ധാരാളം



സംസാരിക്കുമായിരുന്നു. കൈക്കുഞ്ഞിനെയും കൊണ്ടാണ് അവർ ജോലിക്ക് വരുന്നത് അവർ വാതോരാതെ സംസാരിക്കുന്നു.

വൈകുന്നേരം ബസിറങ്ങി നടക്കുമ്പോൾ പഞ്ചായത്താപ്പീസിനു മുന്നിൽ നിന്ന് ശൈലേച്ചി കൈയുയർത്തിക്കാണിച്ചു അനാഥമായ ഒരു ക്യൂ ജനൽപ്പാളിക്കരികിൽ നിന്ന് ബബിതയോട് തലയുയർത്താൻ ആവശ്യപ്പെട്ടു.

"ബാങ്കിൽ നിന്നും വരുന്ന വഴിയാണോ?" എന്ന നാരായണേട്ടന്റെ ചോദ്യത്തിന്

"അതെ വരുന്നതേയുള്ളൂ"

എന്നു മറുപടി പറഞ്ഞു. അടുത്തടുത്ത ദിവസങ്ങളിലെല്ലാം ഇത് ആവർത്തിച്ചു. ബബിതയിലേക്ക് ആത്മവിശ്വാസത്തിന്റെ മണമുള്ള ഒരു കാറ്റ് അരിച്ചുകയറി. ഓരങ്ങളിൽ വാവിട്ട് കരയുകയായിരുന്ന കുഞ്ഞുങ്ങൾക്ക് ചോര കൊടുക്കാതെ അന്നും അവൾ കടന്നുപോയി. അനിതയുടെ കഥകൾക്ക് വളരെ പെട്ടെന്നു തന്നെ വംശനാശം സംഭവിച്ചു തുടങ്ങി. തുടയ്ക്കാനും തട്ടാനും ഒരു പൊടിപോലുമില്ലാത്ത വിധം മേശകളും



അലമാരകളും മുറിയുമെല്ലാം വെടിപ്പായിരിക്കുന്നു. കാലിയായ രജിസ്റ്ററിലേക്ക് നോക്കി ബബിത കുറേനേരമിരുന്നു, അനിത കൃത്യമായ ഇടവേളകളിൽ കുഞ്ഞിനു മുലപ്പാൽ നൽകിക്കൊണ്ടിരുന്നു. അല്ലാത്തപക്ഷം കുഞ്ഞിന്റെ കരച്ചിൽ അളവുപാത്രങ്ങളിലാകമാനം തട്ടി പ്രതിധ്വനിച്ചു.

രണ്ടാഴ്ച കഴിഞ്ഞപ്പോൾ ആദ്യമായി പരവേശം പിടിച്ച് കിതച്ചു കൊണ്ടൊരാൾ ബാങ്കിലേക്കു കയറിവന്നു. അയാൾ തന്റെ ആവശ്യം പറഞ്ഞു. ബബിതയും അനിതയും രജിസ്റ്ററിൽ എഴുതിവെച്ചു. അയാൾ മടങ്ങിപ്പോയി. ഉച്ചയ്ക്ക് വന്ന് നേരത്തെ ആവശ്യപ്പെട്ട പ്രകാരം വേണ്ടത്രയും മുലപ്പാൽ വാങ്ങിച്ച് തിരിച്ചുപോയി. അന്നു മുഴുവൻ അനിതയുടെ കുഞ്ഞ് വാവിട്ടു കരഞ്ഞു. ബബിത ബസിൽ കയറിയപ്പോൾ ഓരങ്ങളിൽ നിന്നും വാവിട്ടു കരയുന്ന കുഞ്ഞുങ്ങളുടെ കൂട്ടത്തിൽ കിടന്ന് അനിതയുടെ കുഞ്ഞ് ആകാശം മുട്ടെ വലുതാകുന്നു. ബസിറങ്ങാൻ നേരം അവൾക്കൊപ്പം ഇറങ്ങിപ്പോരുന്നു.

അടുത്തടുത്ത ദിവസങ്ങളിലെല്ലാം ഇതാവർത്തിച്ചു. അനിത വരാതെയായി. രണ്ടു ദിവസം ബബിത അയാളെ വെറും കയ്യോടെ പറഞ്ഞുവിട്ടു മൂന്നാമത്തെ ദിവസം കിട്ടിയേ തീരൂ എന്നയാൾ വാശിപിടിച്ചു. ഇന്നൊരു ദിവസത്തേക്ക് ക്ഷമിക്കണം നാളെ തീർച്ചയായും തരാം എന്നുപറഞ്ഞ് ഒരു വിധത്തിൽ പറഞ്ഞുവിട്ടു. ഓരങ്ങളിൽ കുഞ്ഞുങ്ങൾ ഒച്ചയില്ലാതെ കരയുന്നു. ശ്വാസം കുടിച്ചു കൊണ്ട് എല്ലുകൾ പൊക്കിത്താഴ്ത്തുന്നു.

ബസിറങ്ങിനടക്കുമ്പോൾ ശൈലേച്ചിയും നാരായണേട്ടനും ബബിതയെ കണ്ടതായി നടിച്ചില്ല. പഞ്ചായത്താപ്പിസിലെ ജനൽപ്പാളിക്കുകീഴിൽ സീലുവെച്ച രസീതുകൾ നീണ്ട നിരയായി നിൽക്കുന്നു.

വരണ്ടു വറ്റിയ മുലകളുമായി അനേകായിരം അമ്മമാർ ചിമ്മിണി വിളക്കു കത്തിച്ച് ബബിതയെ തേടിവന്നു. കാതടപ്പിക്കുന്ന ശബ്ദത്തിൽ ചോരനീരിറങ്ങാത്ത കണ്ണു പിളർക്കാത്ത കുഞ്ഞുങ്ങൾ വാവിട്ടുകരയുന്നു. അയാൾ വയറുവീർത്ത മൺകുടവുമായി പരവേശംപിടിച്ച് ഓടിവരുന്നു. പൂത്ത എരിക്കിൻ കാടുകളിലേക്ക് ബബിത കയറിപ്പോകുന്നു. എരിക്കിന്റിലകൾ പൊട്ടിച്ച് പൂവിറുത്ത് കുടത്തിലേക്കവൾ പാലിറ്റിച്ചു. നെഞ്ചുംകൂട് തള്ളി ഓരത്തു കിടന്നിരുന്ന കുഞ്ഞിന്റെ ചുണ്ടിലേക്ക് അല്പാല്പമായി ഉറ്റിച്ചുകൊടുത്തു. നനയുന്തോറും അതിന്റെ എല്ലുകൾ ഉന്തിവന്നു. കാതടപ്പിക്കുന്ന കരച്ചിൽ പതിയെ നിന്നു. മുല ചപ്പിക്കിടന്ന് പതിയെ ഉറങ്ങുകയായി. തന്റെ നെഞ്ചിൽ മൂന്നാമതൊരു മുല മുളയ്ക്കുന്നതായി അവൾക്കു തോന്നി

കറുത്തു മെലിഞ്ഞ ശരീരവും ചുരുണ്ടു നീളം കുറഞ്ഞ മുടിയുമായി മൂന്നാമത്തെ മുല ചുരത്തി അവളും ഉറങ്ങാൻ കിടന്നു.

സംഘശബ്ദം
സാഹിത്യമത്സരം 2021
**കഥ മൂന്നാംസ്ഥാനം**



**ജിതിൻ നാരായണൻ**
കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
വിഷ്വൽ സയൻസ് & ആർട്സ്, കോട്ടയം

# വെള്ളത്തുള്ളി സാക്ഷിയായ കഥകൾ

ഒഴുകിയും പെയ്തും പലവിധ രൂപങ്ങളിലും അവസ്ഥകളിലും സ്ഥിതി ചെയ്യുന്ന ഭൂമിയിലെ മഴത്തുള്ളിത്തൊള്ളായിരം വെള്ളത്തുള്ളികളിൽ നിരീക്ഷണ ക്യാമറകൾ ഉണ്ടായിരുന്നെങ്കിൽ അത് വയർലെസ് വഴി ഭൂമിയോളം വരുന്ന മേഘങ്ങളിലെ ക്ലൗഡ് സിസ്റ്റത്തിൽ സംരക്ഷിക്കപ്പെട്ട് ലോകത്തെ മൊത്തം നിരീക്ഷിക്കാൻ കഴിയുമായിരുന്നു.
ചോദ്യങ്ങൾ ഉയരുമ്പോൾ മാഞ്ഞുപോകാത്ത, തീ പിടിക്കാത്ത തെളിവുകൾ മനുഷ്യന്റെ തലയ്ക്ക് മീതെ പറന്ന് പറന്നങ്ങനെ....പക്ഷെ അങ്ങനെ ഉണ്ടായില്ല. ഉണ്ടായിരുന്നെങ്കിൽ കിടപ്പുമുറികളിലെ ഭിത്തിയിൽ ഊർന്നിറങ്ങിയ വെള്ളത്തിൽ മുതൽ വിമർശിച്ചവന്റെ വീട്ടിലെ പൂച്ചയുടെ വിയർപ്പിൽ വരെ ഒളിഞ്ഞുനോട്ടങ്ങൾ പടർന്നുപിടിച്ചേനെ. മേഘങ്ങളിൽ ശേഖരിച്ചു വയ്ക്കുന്ന എണ്ണമറ്റ ഡേറ്റകൾ ഭൂമിയിൽ നിന്ന് തന്നെ ഹാക്ക് ചെയ്ത് ഇന്റർനെറ്റിലെ കാർമേഘങ്ങളിൽ വിൽപ്പനയ്ക്കിരുന്നേനെ. വെള്ളത്തുള്ളികൾ നിരീക്ഷണക്യാമറകളായാലും മേഘങ്ങൾ ക്ലൗഡായും മാറിയില്ല. പക്ഷെ ഓരോ വെള്ളത്തുള്ളിയും സാക്ഷികളാണ്. മനുഷ്യന് മുൻപും പിമ്പും എന്നു പകുത്ത ഭൂമിയുടെ മുഴുവൻ ചരിത്രത്തിനും സാക്ഷികൾ.
ഞാനും അത്തരത്തിൽ ഒരു സാക്ഷിയാണ്. ലക്ഷക്കണക്കിന് വർഷങ്ങളുടെ ചരിത്രത്തിന്റെ സാക്ഷി.
സാക്ഷി കഥകൾ പറയുകയാണ്.
വെള്ളത്തുള്ളി സാക്ഷിയായ കഥകൾ.

-------

കവാടം കടന്നോടിയ പതിനായിരക്കണക്കിന് പേരിൽ ഇനി കൂടുതൽ ഒന്നും ബാക്കിയില്ല. മുന്നിൽ നിന്നും മൂന്നാമതുള്ളവൻ തലയൊന്ന് പിന്നോട്ട് ചരിച്ച് പിന്നിലുള്ളവരുടെ എണ്ണമെടുക്കാൻ നോക്കി. വേഗത കുറയുന്നുണ്ടെന്ന് കണ്ടപ്പോ ഏറ്റവും മുന്നിലുള്ളവനെനോക്കി ഓടാൻതുടങ്ങി. മുന്നിലുള്ളവൻ ഓട്ടം നിർത്തി നിശ്ചലനായി നിൽക്കുന്നത് മുന്നിൽനിന്നും മൂന്നാമതുള്ളവൻ കണ്ടു. മുന്നിൽ നിന്നും രണ്ടാമൻ ഓടിയോടി ഒന്നാമനരികിൽ എത്തിയപ്പോൾ അവനോട് ഒന്നാമൻ എന്തോ സംസാരിച്ച് അവനും ഓട്ടം നിർത്തിയിരുന്നു.
മൂന്നാമൻ സന്തോഷിച്ചു. ഇരുവരുമായി ഇനി വലിയ ദൂരവ്യത്യാസം ഇല്ല. ഒരുപക്ഷെ താൻ ആദ്യമെത്തിയേക്കാം. വളരെ വലിയ പ്രതിബന്ധങ്ങൾ താണ്ടി ഒടുവിൽ ഒന്നാമനാവുന്നു. സന്തോഷത്തോടെ ഓടിയോടി ഒന്നാമനെയും രണ്ടാമനെയും മറികടന്നോടി ഒന്നാമനായ പഴയ മൂന്നാമനെ, പഴയ ഒന്നാമൻ പിന്നിൽ നിന്നും വിളിച്ചു.
'അവൾ കരയുന്നു' പഴയ ഒന്നാമൻ പറഞ്ഞു.
പഴയ മൂന്നാമൻ പിന്നോട്ട് വന്ന് പഴയ ഒന്നാമനും രണ്ടാമനും ഒപ്പമെത്തി.
'അണ്ഡം കരയുന്നു' രണ്ടാമനും അവനോട് പറഞ്ഞു.

വേദനിപ്പിക്കുന്ന ആഴത്തിലുള്ള കരച്ചിൽ അപ്പോഴാദ്യമായി മൂന്നാമൻ ശ്രദ്ധിച്ചു. ശരീരമാകെ കോശങ്ങൾ അണ്ഡത്തിനൊപ്പം കരഞ്ഞു.

നിർണ്ണായകമായ സമയവും വേഗവും അനാവശ്യമായി പാഴാക്കുന്നതിൽ തോന്നിയ ദേഷ്യം അടക്കിവച്ചു മൂന്നാമൻ പറഞ്ഞു.
'അണ്ഡത്തിന്റെ കരച്ചിൽ സാരമാക്കേണ്ടതില്ല, നമ്മൾ ആരും മനുഷ്യരായിട്ടില്ല, സംയോഗം നടത്തി ഇതുവരെ നേടിയ സകലയറിവുകളും ത്യജിച്ച് ഭൂമിയിൽ ജനിച്ച് വളർന്ന്, അവനവനാവശ്യമെങ്കിൽ മനുഷ്യത്വം തോന്നിയാൽ മതി.'
മൂന്നുപേരുടെയും അഭിപ്രായങ്ങൾ കേട്ടുകൊണ്ട് പിന്നിൽനിന്നും വന്ന നാലാമൻ ഓടാനുള്ള തിടുക്കത്തിൽ തുള്ളി തുള്ളി നിൽക്കുന്ന മൂന്നാമനെനോക്കി.



'നീയവന്റെ തനി പകർപ്പാണ്,
തനിക്ക് വേണ്ടവളെ അവളുടെ
സമ്മതമില്ലാതെ സ്വന്തമാക്കാൻ
മഹത്തായൊരു ആശയം
സൃഷ്ടിച്ച മഹാന്റെ ബീജം'.
മൂന്നാമൻ നാലാമനെ തുറിച്ചു
നോക്കി. നോട്ടം മാറ്റാതെ ദീർഘ
മായ ഒരു വിശദീകരണത്തിന്
തുനിഞ്ഞു.

'ഞാനൊരു സ്ത്രീവിരുദ്ധനൊന്നുമ
ല്ല, പക്ഷെ പ്രകൃതിയിൽ ചില നിയ
മങ്ങൾ ഒക്കെയുണ്ട്. പുരുഷനാണ്
ശക്തൻ, അതിനാൽ അശക്ത ചില
പ്പോൾ കീഴടങ്ങേണ്ടിവരും, ഒരു
സ്ത്രീയായി ജനിച്ചാൽ കൂടിയും
ഞാൻ ഈ അഭിപ്രായം തന്നെ
പ്രകടിപ്പിക്കുന്നതാണ്.' അപ്രതീ
ക്ഷിതമായി അടുത്തേക്ക് വന്ന
വിജയത്തെ കെട്ടിപ്പിടിച്ചിരുന്ന്
ലക്ഷ്യം നോക്കി അവനിരുന്നു.
കണ്ണ് കൂടുതൽ വികസിച്ചപ്പോൾ
നിങ്ങളും അവന്റെ ബീജം തന്നെ
യാണ് എന്നുകൂടെ പറഞ്ഞു.

'അതുകൊണ്ട് ഒരുത്തനെ ന്യായീ
കരിക്കേണ്ടയാവശ്യം ഇല്ല, ചെയ്ത
തെറ്റിനെകൂടുതൽ വല്യ ദ്രോഹം
ആക്കാതെയിരിക്കാൻ പറ്റുമെങ്കിൽ
അതാണ് വേണ്ടത്.' അഞ്ചും
ആറും ബീജങ്ങൾ ഭൂരിപക്ഷത്തി
നൊപ്പം നിന്നു.

'ഞാനും ആരെയും ന്യായീകരിക്കു
കയില്ല. എനിക്കും അവളോട് സഹ
താപം ഉണ്ട്. പക്ഷെ പ്രകൃതിയിൽ
ചില നിയമങ്ങൾ ഒക്കെയുണ്ട്.
അർഹതയുള്ളവർ അതിജീവി
ക്കാൻ യോഗ്യനാണ്. ഞാനും
നിങ്ങളും അതിജീവിച്ചു ഇതുവരെ
എത്തി അപ്പോ അർഹതയുള്ളവർ
തന്നെയാണ്. അവളും അർഹതയു
ണ്ടേൽ ചിലപ്പോൾ അതിജീവിച്ചേ
ക്കാം. മനുഷ്യരുടെ ലോകത്ത് നിയ
മവും കോടതിയും വ്യവസ്ഥയുമു
ണ്ട്. നീതി അവർ തീരുമാനിക്കട്ടെ.'
സഹതാപ വിവരണം കേട്ട ഏഴാ
മൻ മൂന്നാമന് മുന്നിലേക്ക് വന്നു.

'തുഫ് അവന്റെയൊരു സഹതാപം,
സഹതാപത്തിന്റെയും പരിഹാസ
ത്തിന്റെയും നോട്ടങ്ങളിൽ നനഞ്ഞു
ജീവിക്കാൻ പോകുന്നവളെ രക്ഷി
ക്കാൻ ഒന്നും ഈ വ്യവസ്ഥയ്ക്ക്
കഴിയില്ല.'

മീശയുള്ള ഒരാണായിരിക്കുന്നത്
സ്വപ്നം കണ്ടുകൊണ്ടിരുന്ന മൂന്നാ
മൻ ഞെട്ടൽ മാറി സംസാരം ആരം
ഭിച്ചു.

'നിങ്ങൾ അനാവശ്യമായി ചിന്തിച്ചു
കൂട്ടുകയാണ്. ഈ ശരീരം
കാണിച്ച മുഴുവൻ എതിർപ്പുക
ളെയും തടഞ്ഞു വിജയിച്ചവരാണ്
നാം. വിജയിക്കുന്നവരുടെയാണ്
ലോകം, ഇനി ചർച്ചകൾ ഒന്നും
ആവശ്യമില്ല, ഭൂമിയിൽ ഒരുദിവസം
നടക്കുന്ന ലക്ഷക്കണ
ക്കിന് സംയോജനങ്ങ
ളിൽ ഒന്നുമാത്രമാണിത്.
വെറുതെ വ്യാഖ്യാനിച്ച്
കുളമാക്കണ്ട.
ഈയൊരു തീരു
മാനം മറിച്ചായാലും
ഭൂമിയിൽ ഒന്നും
മാറാൻ പോണില്ല.'
മൂന്നാമൻ മീശ
പിരിച്ചു കൊണ്ട്
പറച്ചിൽ നിർത്തി.
പെണ്ണിന്റെ കരച്ചിൽ
കൂടുതൽ ഉച്ചത്തി
ലായി. മൂന്നാമൻ ഒഴി
കെയുള്ള ബീജങ്ങൾ
പരിഭ്രാന്തരായി ചുറ്റും
നോക്കി. മൂന്നാമൻ പതിയെ
തന്റെ യാത്ര തുടങ്ങാൻ തുടങ്ങി.

'നീതി നടപ്പിലാകട്ടെ' ഒന്നാമൻ ആർത്തു
വിളിച്ചു. മറ്റു ബീജങ്ങൾ ഒന്നാമന് എതിരായി
കൂടി നിന്നു. അവർ കൂട്ടമായി മൂന്നാമന് നേരെ
കുതിച്ചു. അവരവനെ വലിച്ചിഴച്ച് പിന്നോട്ട്നട
ക്കാൻ തുടങ്ങി. ഒരു ബീജം മാറിനിന്ന് പരസ്യമായി
വിയോജിപ്പ് പ്രകടിപ്പിച്ചു.

'ആൾക്കൂട്ട കൊലപാതകങ്ങളിൽ ഞാൻ വിയോജിപ്പ്
പ്രകടമാക്കുന്നു.'
ആ ബീജം ഉൾപ്പെടെ മുഴുവൻ ബീജങ്ങളെയും വഹി
ച്ച് ഞാൻ പിന്നോട്ടൊഴുകി.



-------

ഹാളിലെ സോഫയിൽ ഇരുന്ന് ടീവി കാണു
ന്നൊരു കുട്ടി. 15 ൽ താഴെ വയസ്സു കാണണം.
മുന്നിലെ ടേബിളിൽ കാൽ കയറ്റിവച്ച് കണ്ണ് ടീ.വി
സ്ക്രീനിൽ കുതിർത്തിരിക്കുന്നു. കാലിനപ്പുറം ടേബി
ളിന് മുകളിലായ് ഒരു ബൗളിൽ നിറയെ ചിപ്സ്.
ചിപ്സിനപ്പുറം അപ്പേഫിസ്സിന്റെ തുറക്കാത്ത വലിയ
കുപ്പി. കുപ്പിക്കപ്പുറം ഏതാണ്ട് നിറഞ്ഞ ഒരു ജഗ്ഗ്. ടി.
വിയിൽ റാങ്കോ എന്ന ആനിമേഷൻ സിനിമ. തന്റെ
സ്വപ്നലോകത്തിൽ നിന്നും മരുഭൂമിയിലേക്ക് വീണ
റാങ്കോ എന്ന ഓന്ത് ഹോം തിയേറ്ററിലെ ശബ്ദ
ത്തിൽ വരണ്ട മരുഭൂമിയിലൂടെ നടത്തം തുടങ്ങുന്നു.
റാങ്കോയേക്കാൾ ദാഹിച്ചൊരു കൊതുക് കുട്ടിയുടെ
നീട്ടിവെച്ച കാലിൽ ചോര കുടിക്കാൻ ഇരുന്നു.
ആഞ്ഞൊരടി. കൊതുക് പക്ഷെ രക്ഷപ്പെട്ടിരുന്നു.
നീണ്ടുപോയ കാല് തട്ടി ഫിസ്സിന്റെ കുപ്പിയും ജഗ്ഗും
താഴെ വീണു. കുപ്പി പൊട്ടാത്തതിൽ കുട്ടിക്ക്
സന്തോഷം. ചരിഞ്ഞു വീണ ജഗ്ഗിൽനിന്നും പുറപ്പെട്ട
ഏതാനും വെള്ളത്തുള്ളികൾ പതിയെ ഒഴുകി ഒഴുകി
ഒഴുകി പിന്നിലുള്ള മുറിയിലേക്ക് കയറി. ലൈറ്റണച്ച
ഒരു കൊച്ചു മുറി, വാതിലടഞ്ഞു കിടക്കുന്ന മുറി
യുടെ കതകിന്റെ താഴത്തെ വിടവിലൂടെ വെള്ളം ഒഴു
കിയകത്ത് കയറി. ഹോംതിയേറ്ററിൽ മുഴങ്ങിയ
ശബ്ദവും കേൾക്കുന്നുണ്ട്. മുറിയുടെ ഒരറ്റത്ത് കട്ടി
ലിൽ കിടക്കുന്ന ഒരു വൃദ്ധ. കട്ടിലിനരികിലായി ഒരു
കുഞ്ഞുഗ്ലാസ്ടേബിൾ. അതിന്റെ മുകളിൽ മരുന്നു
കൾ വച്ചൊരു പെട്ടി. പെട്ടിക്കരികിൽ നനഞ്ഞിട്ട്
മണിക്കൂറുകളായൊരു ഗ്ലാസ്, കൂടെയൊരു ജഗ്ഗ്, ജഗ്ഗി
നുള്ളിൽ അൽപം മാത്രം വെള്ളം. വൃദ്ധ അസ്വസ്ഥ
യാണ്. മുറിയിലേക്ക് ഒഴുകിവരുന്ന വെള്ളത്തെ
അവർ നോക്കിക്കൊണ്ടിരുന്നു. ഞാൻ പരമാവധി
വേഗത്തിൽ അവർക്കരികിലേക്ക് എത്താൻനോക്കി.
ഒഴുക്കിന്റെ വേഗത വളരെ കുറഞ്ഞിട്ടുണ്ട്. മിനിറ്റുക

'നീതി നടപ്പിലാകട്ടെ' ഒന്നാമൻ ആർ
ത്തു വിളിച്ചു. മറ്റു ബീജങ്ങൾ ഒന്നാ
മന് എതിരായി കൂടിനിന്നു. അവർ
കൂട്ടമായി മൂന്നാമന് നേരെ കുതി
ച്ചു. അവരവനെ വലിച്ചിഴച്ച് പിന്നോട്ട്
നടക്കാൻ തുടങ്ങി. ഒരു ബീജം മാറി
നിന്ന് പരസ്യമായി വിയോജിപ്പ് പ്രക
ടിപ്പിച്ചു. 'ആൾക്കൂട്ട കൊലപാതക
ങ്ങളിൽ ഞാൻ വിയോജിപ്പ് പ്രകട
മാക്കുന്നു.' ആ ബീജം ഉൾപ്പെടെ
മുഴുവൻ ബീജങ്ങളെയും വഹിച്ചു.
ഞാൻ പിന്നോട്ടൊഴുകി.

ളായി നിന്നയിടത്ത് നിന്ന് നീങ്ങിയിട്ടില്ല. മഴ
പുറത്ത് കൂടുതൽ കറുത്തു. വൃദ്ധ ഉച്ചത്തിൽ കുട്ടി
യുടെ പേര് വിളിച്ചു. മഴ കടന്ന്, കടൽപോലെ
ഒഴുകുന്ന ഹോം തിയേറ്ററിന്റെ ശബ്ദം കടന്ന്,
പോകാൻ കഴിയാതെ വന്ന വൃദ്ധയുടെ ശബ്ദം
നിരാശയായി മുറിയിലേക്ക്തന്നെ തിരിച്ചുവന്നു.
വിളിച്ചു തളർന്നപ്പോൾ ഒരു ദീർഘനിശ്വാമെടുത്ത്
ഒഴുകി തളർന്ന വെള്ളത്തിനെ വൃദ്ധ കൊതി
യോടെ നോക്കി. അവർ നടക്കാനായി സഹായി
ക്കുന്ന വാക്കർ തിരഞ്ഞു. അടുത്തെങ്ങും അവരത്
കണ്ടില്ല. ഞാൻ പറ്റാവുന്നപോലെ മുന്നോട്ട്
നീങ്ങാൻ നോക്കി. ഇനി പറ്റില്ല. സമയം കൂടുതൽ
ശക്തിയിൽ ഒഴുകിക്കൊണ്ടിരിക്കുന്നു. വൃദ്ധയ്ക്ക്
ദാഹം കൂടിക്കൂടി വന്നു. അവർ കട്ടിലിൽ നിന്ന്
ചെറുതായി ഒന്ന് ചെരിഞ്ഞ്, ഇടത്തെ കൈ
അമർത്തി കുത്തി എഴുന്നേൽക്കാൻ നോക്കി. സമ
യമെടുത്ത് കട്ടിലിൽ ഇരുന്നു. അത്രയേറെ അധ്വാ
നിച്ചതിന്റെ വേദനയിൽ കുറച്ചുനേരം കൂടി ആ
ഇരിപ്പ് അങ്ങനെ ഇരുന്നു. ടി.വിയിൽ മരുഭൂമിയിൽ
വെള്ളമെത്തിക്കാൻ റാങ്കോയുടെ പുറപ്പെടലിന്റെ
ശബ്ദം. ടാങ്കിൽനിന്നും കവിഞ്ഞൊഴുകി വീഴുന്ന
വെള്ളം മഴയിൽ അലിഞ്ഞുപോയതിനാൽ കൃത്യ
മായി കേൾക്കാൻ പറ്റുന്നില്ല. വൃദ്ധ വീണ്ടും
ഒഴുകി വരുന്ന വെള്ളത്തെ നോക്കിയിരുന്നു.
പിന്നെ നോട്ടം മെല്ലെ വറ്റിയ ഗ്ലാസിലും, വറ്റാറായ
ജഗ്ഗിലും വീണു.

തുളുമ്പിയ ദാഹം, അണകെട്ടിയ ശബ്ദം,
നിറഞ്ഞ വേദന, വൃദ്ധ നേരത്തെ വിളിച്ച കുട്ടി
യുടെ പേര് ഒന്നുകൂടെ വിളിച്ചു. മടുത്തപ്പോൾ
വീണ്ടും വാക്കറിനെ തിരഞ്ഞു. കാണാതെ വന്ന
പ്പോൾ വിറച്ചു വിറച്ചു കൈ പതിയെ ടീപ്പോയുടെ
ചില്ലിന്റെ മുകൾഭാഗത്തിന്റെ ഒരു മൂലയിൽ
അമർത്തിവച്ചു എഴുന്നേൽക്കാൻ ശ്രമിച്ചു. നാലു
മൂലയിലും ഒട്ടിയിരിക്കുന്ന ചില്ലിന്റെ പ്രതലം പശ
ഉണങ്ങിപ്പോയത് കൊണ്ട് വൃദ്ധ കൈ വെച്ചപ്പോൾ
ജഗ്ഗിനോടും ഗ്ലാസിനോടും മരുന്നുപെട്ടിയോടും
വൃദ്ധയോടും ഒപ്പം താഴേക്കുവീണു. വൃദ്ധയുടെ
ശരീരത്തിൽ ചില്ലുകൾ തറച്ചുകയറി. നെറ്റി
പൊട്ടി, ജഗ്ഗിലെ അൽപവെള്ളത്തിൽ കലർന്ന
ചോര, വഴിവെട്ടി മുറിയുടെ പുറത്തേക്ക് യാത്രതു
ടങ്ങി. ഹാളിൽനിന്നും മുറിയിലേക്ക് വന്ന വെള്ള
ത്തോട് അത് കൂട്ടിമുട്ടി. ദാഹിച്ച കൊതുക് പറന്ന്
വന്ന് വൃദ്ധയുടെ ചോരയിൽ ഇരുന്നു. റൂമിനപ്പുറം
റാങ്കോയെ തലയിലേറ്റി വരുന്നതിന്റെ
ആരവങ്ങളും വൃദ്ധയും, വൃദ്ധയുടെ ചോരയിൽ
മുങ്ങിയ ഞാനും കേട്ടു. തൊട്ടു പിന്നാലെ
ഫിസ്സിൽ നിന്നും നുര ഉയരുന്ന ശബ്ദവും.

------

1970 കളുടെ അവസാനത്തിൽ പറന്ന് പറ
ന്നാണ് ആദ്യമായി ഈ നാട്ടിൽ ഞാൻ വന്നത്.
കശുവണ്ടി തോട്ടത്തിലേക്ക് പോയ ഒരു ഹെലി
കോപ്റ്ററിൽ നിന്നും തുളുമ്പി മഴ കാത്തുനിന്ന
ഒരു കുട്ടിയുടെ മുഖത്തേക്ക്. പതിയെ വായി
ലേക്ക് ഒലിച്ചിറങ്ങി, പിന്നീട് പലവട്ടം പല പല
അമ്മമാരുടെ കണ്ണിൽനിന്നും ഇതേ നാട്ടിൽ
ഉറ്റിവീണുകൊണ്ടിരുന്നു. കശുവണ്ടി നീരിലും
ചോരയിലും അമ്മിഞ്ഞപ്പാലിലും കലർന്നു. ജനന
ത്തിനും മരണത്തിനും ഇടയിൽ കണ്ണീരിൽ മാത്രം
ജീവിച്ച മനുഷ്യരെ കഥകൾ ഒരുപാട് പറയാൻ
ഉള്ളപ്പോൾ വെള്ളത്തുള്ളികളുടെ കഥകൾ എന്ന
വസാനിക്കാനാണ്?





**രേഷ്മ കെ.വി**
കണ്ണൂർ സർവ്വകലാശാല,
ടീച്ചർ എജ്യുക്കേഷൻ സെന്റർ

# ജീവിതം മടുത്ത് മരിച്ചുപോയ പെണ്ണുങ്ങൾ

സംഘശബ്ദം
സാഹിത്യമത്സരം 2021
**കവിത ഒന്നാംസ്ഥാനം**

ജീവിക്കാനറിയാതെ മരിച്ചുപോയ
പെണ്ണുങ്ങളൊക്കെ
പിന്നീട് മരങ്ങളാകും.!
ഇനി വിട്ടുകൊടുക്കില്ലെന്ന്
കടുപ്പിച്ച തീരുമാനങ്ങൾ
ഉറച്ച, തായ്ത്തടി
പിണഞ്ഞും, ഇഴഞ്ഞും ഇറങ്ങിപ്പോകുന്ന
വേരുകൾ
തിരിച്ചുവരാത്ത ദൂരങ്ങളുടെ
ഭൂപടം !
കാറ്റിനെ തൊടാനായുന്ന ചില്ല,
ആണൊരുത്തന്റെ ആകാശത്തിലെ
കോറിവരയൽ
ഇല്ലാത്ത നിറങ്ങളിൽ
ഉള്ളുകാട്ടി
വിരിഞ്ഞ്,
പൂവുകൾ നിങ്ങളെ പറ്റിച്ചുകൊണ്ടേയിരിക്കും
എന്നെയൊന്ന് ചുറ്റിപ്പിണയൂ എന്ന്,
അരുമയായി
തൊടുന്ന വള്ളികളോടെല്ലാം
അവർ പൊട്ടിച്ചിരിക്കും.!
എന്നിട്ട്,
ഒരുത്തന്റെയും കൂടയില്ലാതെ
വന്ന മഴകളൊക്കെയും നനയും,
എങ്കിലും,
ഇലകളിൽ കയ്ക്കുന്ന തേൻനിറച്ച്
നീട്ടി,
അവർ നിങ്ങളെക്കൊണ്ടുതന്നെ പറയിപ്പിക്കും
'എന്തൊരു മധുരമെന്ന്.!
ജീവിതം മടുത്ത് മരിച്ചപോയ
പെണ്ണുങ്ങളുടെ വീട്ടുപറമ്പിൽച്ചെന്ന്
നോക്കൂ...
നെഞ്ചുവിരിച്ച്
ഉശിരുകാട്ടി
നിന്നനിൽപ്പിൽ,
അവരൊരു കൊടുങ്കാറ്റിനെയഴിച്ചുവിട്ടേക്കും...!!





# മടങ്ങിത്തുടങ്ങുമ്പോൾ




**വിഷ്ണുപ്രിയ പി**
ഗവ. എഞ്ചിനീയറിംഗ് കോളേജ്,
തിരുവനന്തപുരം


സംഘശബ്ദം
സാഹിത്യമത്സരം 2021
**കവിത രണ്ടാംസ്ഥാനം**

മടക്കത്തിന്റെ വഴി
വീടിനു സമാന്തരമായി പോവുന്നു.
അതു വരയ്ക്കുന്നതിനും മുൻപ്
കുറ്റിച്ചെടികളിൽ കുരുങ്ങിയ
പാവാടപോലെ ചുരുങ്ങി മടങ്ങി
വിടർന്ന് തുവർത്താതെ
ഇറങ്ങിയ വേദന
അടച്ചുവെച്ച ഉറ ആയിരുന്നു അവിടം

1
ഒരു കാലുകൊണ്ട്
അളന്നു തീർക്കാവുന്ന വീതിയേ
അതിനുള്ളു.
ആകാശത്തിനുപോലും സുഖമായി
ഒഴുകിപ്പോവാനുള്ളത്രയും ക്ഷമയിൽ
ആ വഴി-
ഒരു കുഴലിന്റെ വലിപ്പത്തിലേക്ക്
ഇത്തിരി വിമ്മിഷ്ടം ഇറ്റിച്ച പോലെ
ശീ... ശീ... എന്ന ശബ്ദത്തിൽ
നിറഞ്ഞുനിന്നു

2
പോയവർ എന്നത്
ഒരുതരം
തിരിച്ചറിയൽകാർഡ് ആവുന്നു:
എത്തിച്ചേർന്നയിടത്ത്.
വീടിനോട് മുട്ടാതെ നടക്കുന്നതാണ്
ഉത്തമം.
വെള്ളപൂശിയ ചുവരുകൾ ഉരഞ്ഞ്
കുപ്പായത്തിൽ പൂപ്പൽപോലെ
പൊടികൾ കാണുന്നത് കഷ്ടമാണ്.
തേൻ കുടിക്കാനെത്തുന്ന വണ്ടിന്
അത് പൂമ്പൊടിയായി തോന്നുംവരെ

3
കനമുള്ള എന്തെങ്കിലുമൊക്കെ
കയ്യിൽ കരുതുന്നത്
എപ്പോഴും നല്ലതാണ്.
ഇരിപ്പിടം നിങ്ങളുടെ ക്ഷീണത്തിൽ
കയറിയിരിക്കാതെ നോക്കിയാൽ മാത്രം.
കരയാനാണ് ഉദ്ദേശമെങ്കിൽ
ഏതെങ്കിലും ഭാഷ വശമാക്കാൻ
ഞാൻ നിർദ്ദേശിക്കും.
എന്നാൽ ചിലപ്പോൾ
ഏതെങ്കിലുമൊരു രാജ്യത്ത്
നിങ്ങൾ മനസ്സിലാക്കപ്പെട്ടേക്കാം.

വിലപിടിപ്പുള്ള ഉടലാണെങ്കിൽ
അടിവസ്ത്രത്തിലോ ബ്രായിലോ
പൂഴ്ത്തി വച്ചേക്കണം
അവിടെയും ഇവിടെയും തിരഞ്ഞ്
സമയം വൈകിക്കുന്നത് ശിരയല്ല
ശബ്ദം ഉണ്ടാകണമെങ്കിൽ
ഞാൻ-
ഏതെങ്കിലും ഒരു വശത്തേക്ക്
ചെവി തിരിച്ചുവെക്കാം.

4
മടക്കമാണെന്നത് മറക്കരുത്
പാതയ്ക്ക് സമാന്തരമായ വീടെന്നതോ
വീടിന് സമാന്തരമായ പാതയെന്നതോ
അടിസ്ഥാനബിന്ദുവിൽ ചുറ്റിക്കുരുങ്ങിയ
നിങ്ങളുടെ വാക്യം മാത്രമാണ്.
മടങ്ങിത്തുടങ്ങുന്നത്
വ്യായാമത്തേക്കാൾ വേഗത്തിൽ
മടുപ്പുതോന്നിക്കുന്ന പ്രക്രിയയാണ്.
നിങ്ങൾ ശീലിപ്പിച്ചിട്ടില്ലായെങ്കിൽ.
അല്ലെങ്കിൽ

നിങ്ങൾ പുതുതായി തുടങ്ങുന്ന
ഒരാളാണെങ്കിൽ



**അഭിലാഷ് കൈനിക്കര**
മഹാരാജാസ് കോളേജ്,
എറണാംകുളം

സംഘശബ്ദം
സാഹിത്യമത്സരം 2021
**കവിത മൂന്നാംസ്ഥാനം**

# ദൈവം മലയിറങ്ങി വരുന്ന ദിവസം



കുണ്ടൻകുടക്കുള്ളിൽ നിന്ന്
രണ്ട് വലിയ കണ്ണുകൾ
ദൈവത്തെ തിരിയുകയാണ്.

അല്പം ഉയർച്ചയിൽ
മണ്ണ് കെട്ടിപ്പൊക്കി
ചാണകം മെഴുകിയ
തറയിൽ വലിയൊരു
കുടക്കീഴിലാണ്
ഇനിയുള്ള
ഏഴുദിവസം
അവൾ
ദൈവത്തെ തിരയുന്നത്....
വെയിൽ കായുന്നത് ...
മഴ കൊള്ളുന്നത്....

അന്തിയുറക്കത്തിന്റെ
ഓരോ രാത്രിയിലും
കാട് കയറിച്ചെല്ലുന്ന-
വളെ കാത്ത്
ഭൂമിയോളം പന്തലിച്ചൊരു
കൂവളമരത്തിനു താഴെ
ദൈവമിരിപ്പുണ്ടായിരിക്കും...

ആദമുണ്ടായ കാലം
മുതൽക്കെ
വീട്ടിൽ വിളക്കു
കൊളുത്താറുള്ള
മുത്തശ്ശിയോട് പിണങ്ങി
ദൈവം ഇവിടെ തന്നെ
കുത്തിയിരിപ്പായിരുന്നു....
പെൺമുരൾച്ചയുടെ
ഏഴുദിനങ്ങളിൽ
അവൾക്കുമാത്രം
ദൈവത്തെ കാണാം....
പുലർച്ചെ മലയിറങ്ങി
വരുമ്പോൾ
പതിവുപോലെ
കുണ്ടൻകുടയ്ക്കു
കീഴിൽ
രാവിലത്തെ
വിശപ്പടക്കാനുള്ളതൊക്കെ
ആരോ കൊണ്ടുവെക്കും.

ഇങ്ങനെ
നീണ്ട ഒരു മാസത്തെ
ഇടവേളകളിലാണ്
അവൾ
കാട് കേറുന്നത്,
പൂവിറുക്കുന്നത്,
മുടിയിൽ ചൂടുന്നത്,
ആകാശത്തിലേക്ക്,
തോണി തുഴയുന്നത്,
കടൽ കാക്കകളെ
ചൂണ്ടയിടുന്നത്.
മരുഭൂമിയിലേക്ക്
കപ്പലോടിക്കുന്നത്....

അങ്ങനെയിരിക്കെ
മുത്തശ്ശിയുടെ
മരണത്തിനുശേഷം
മുറ്റത്തെ
കുണ്ടൻകുടകൾ
വെയിൽ
കൊണ്ട് കൊണ്ട്
പൊടുന്നനെ
അപ്രത്യക്ഷമാകുന്നു....

കാട് കയറിയവൾ
പിന്നീട്
ആ വഴി പോയതേയില്ല...

കുന്നിൻമുകളിലെ
കൂവളമരത്തിന്റെ
ചില്ലകളിൽ നിന്ന്
പതിവില്ലാതെ
ഇലപൊഴിയാറുണ്ടെന്ന്
വെറക് പെറുക്കാൻ
പോയ ചില പെണ്ണുങ്ങൾ
പറഞ്ഞു....

ദൈവം
ഇപ്പോൾ
താഴ്‌വരയിലെത്തിയത്രെ..!

ഇന്നും വീട്ടിൽ
വിളക്കു കൊളുത്തുന്ന
പെണ്ണുങ്ങളോട്
ദൈവത്തിന്
പിണക്കമാണ്...
പണ്ട് മുറ്റത്തുവെച്ച
കുടയുടെ അതേ
മട്ടിലൊന്ന് ചൂടി
അച്ഛൻ
അങ്ങാടിയിൽ
പോകുന്നത് കണ്ടപ്പോൾ
ഉള്ളൊന്ന് പൂത്തു....

ഏഴാംനാൾ വരുമ്പോൾ
അമ്മ
അടുക്കളയിൽ
കയറാതെ
മാറിനിന്നു
ഞങ്ങൾക്ക്
കണക്കിന്
നിർദ്ദേശങ്ങൾ തന്നു...
ചോറിന് വേവ്പോരാ...
കറിയിൽ
ഉപ്പില്ല..., മുളകില്ല....
മണമില്ല...

മുത്തശ്ശിയുടെ
ആണ്ട് നീളുന്തോറും
പതിയെ പതിയെ
അടുക്കളയുടെ
അതിർവരമ്പുകൾ
ലംഘിച്ചുകൊണ്ട്
ഒരിക്കെ അമ്മ
കൂട്ടാൻ വെച്ചു

പിന്നീടങ്ങോട്ട്
ഒരു മാസവും
അമ്മ കൂട്ടാൻ വെക്കാത്ത
ദിവസങ്ങൾ
ഉണ്ടായിട്ടേയില്ല...

അമ്മയുടെ ഓരോ
ചെയ്തികളിലും
ദൈവത്തെ
കാണാറുണ്ട്....
ഇപ്പൊ,
അന്തിക്ക്
വിളക്കു കൊളുത്താറില്ല
പ്രാർത്ഥിക്കാറില്ല....

ദൈവത്തെക്കുറിച്ച്
ചോദിക്കുമ്പോൾ
അമ്മ പറയുന്നതി
ങ്ങനെയാണ്.
കാല് അകത്തിവെക്കുമ്പോൾ
കാട് പൂക്കുന്നതെന്നോ,
അന്ന്
ദൈവം
മലയിറങ്ങി വരും....
ഇപ്പോൾ
താഴ്‌വരയിൽ
ചെന്ന് നോക്കൂ....
അവിടെ
ആർക്കും
ദൈവത്തെ
കാണാനാകില്ല...



Dr. Shacheendran.V

# BLENDED LEARNING- CAN IT BE MADE COMPULSORY ?

**ABSTRACT**

With more than 51,000 institutions, India's higher education system is already one of the largest in the world and in terms of enrollment; it is second only to China 1. In order to make the best use of its demographic advantages, we need to develop appropriate measures in higher education system in India. However, the proposed concept note of Blended Learning (BL) seems to be far away from the realities and having logical inconsistencies. The present article critically analyses the 'Blended Mode of Teaching and Learning: Concept Note' issued by UGC.

**Key Words:** Blended learning, UGC, Higher Education, online learning

## INTRODUCTION

*"Justice is not only the absence of oppression; it is the presence of opportunity."* **Barack Obama**

The University Grants Commission (UGC) has issued a concept note on Blended Learning (BL). It contains several 'innovative' ideas and proposals for an implementation in the institutions of Higher Education (HEIs) in India. The concept note states BL as an 'effective blend of online and face to face mode in teaching and learning'. As the note says, BL is in line with the proposed New Education Policy (NEP) 2020. It is claimed as an attempt to develop so called 21 century skills and achieve 'education 4.0'!



## THE PROPOSED KEY CHANGES

The following are the key changes proposed in the concept note;

1. The compulsory use of online learning resources and digital infrastructure in HEIs for teaching and learning.
2. The use of online platforms, softwares and digital devices as an integral part of the learning by the students of higher education.
3. Introducing pedagogical changes in teaching and evaluation such as flipped class room, open book examination, and so on for the programmes in higher education.
4. Introducing 30per cent to 70per cent online mode of learning for a programme per semester.
5. Proposing of the so called 'educational transformations' in the form of flexibility and quality, needs and interest oriented, student centricity, learning through the real world and learning or exams on demand.
6. Suggesting six building blocks for 'academic Bank Credit', which are emphasizing on-
   a. Any subject combination for study
   b. Merging regular, distance, online and virtual modes of learning
   c. Flexibility to study in any national/ international institution
   d. Converting credits into degrees/ diplomas
   e. Enabling lifelong learning by removing a fixed time factor in education

## ISSUES AND CONCERNS

Any attempt to modernize and improve the existing system of higher education system should be



accepted, if it is within the realities and permits an inclusive, equitable and accessible education. While reading through the concept note, apparently, one may be getting a feeling that he/she is talking about higher education system of a developed country in the world, which is fully equipped with digital infrastructure, having enough funding for HEIs and has uniform distribution of population in terms of their capacity and potentials. It proposes even upto 70per cent mandatory component of online teaching-learning (using digital devices and softwares).

The concept note seems to have forgot, the following hard realities about the system ;

- **Digital infrastructure in India**

As per the recent NSO survey 2 on digital education divide, across India, only one in 10lakhs household has computer, whether a desktop, laptop or tablet. Only 25per cent of all homes have internet facilities accessed via a fixed or mobile network using any device including smart phones. As per the 2011 Census, 68.8 per cent of country's population and 72.4 per cent of workforce resided in rural areas. According to NSO survey, the rural households with computer is only 4.4per cent. The urban households with computer are only 23.4 per cent. The rural households with internet is only 14.9 per cent. The urban households with internet are 42 per cent. The existing Urban Rural divide is visible. In Rural India, only 15 per cent are connected to the internet. As far access and utilization, 20 per cent of Indian above the age of 5 years only hade the basic digital literacy. It is just 40 per cent in the critical age group 15 to 29 years, the group in which high school and students of higher education falls). There are only less than 20 per cent internet penetration even states with software hubs. According to a recent report published by world data speed monitoring platform Ookla, India ranks at 129th position in a list of 138 countries in terms of data speed. The average 4G internet speed in India is even lower than countries like Pakistan, Sri Lanka and Myanmar. The download speed still remains very poor in almost all parts of India. 3

- **Spending capacity of citizens**

Pew Research Center, using World Bank data, has estimated that the number of poor in India (with income of $2 per day or less in purchasing power parity) has more than doubled from 60 million to 134 million in just a year due to the pandemic-induced recession. The United Nations estimated the number of poor in the country to be 364 million in 2019, or 28 per cent of the population.

- **Government level spending on higher education**

In 1964, the Kothari Commission had recommended an allocation of 6 per cent of GDP towards education sector. It was endorsed by the National Policy of Education, two decades later in 1986. Though NEP 2020 also advocates spending 6 per cent of GDP towards education, it was only 3.1 per cent in 2019-20. It is true that with 51,649 institutions and 37.6 million students, one of the largest higher education systems in the world, India has shortage of funds to serve ever growing needs of funds for higher education. To be direct, the concept note on Blended learning (BL) is to be withdrawn on the following grounds

1. As evidenced above, India has to travel many more miles to make online learning as a mandatory component in HEIs. In fact, even at present, when it optional, we are taking the advantage of online sources and platforms to the extent possible. Those who are disadvantageous, remain satisfied with offline resources and methods for learning. Considering the present ICT infrastructure and the status of the country as elaborated above, it is not fair to ask to do more than that. Making online learning mandatory would mean the denial of learning opportunities for the masses in the country. Unfortunately the concept note does not show a stock of the digital devices available per capita and ICT




infrastructure available in rural India. Education when becomes a right, should be provided for everyone. It should not be restricted to economically creamy layer stratum. It should be ensured to the poorest of the poor, one who cannot buy a computer, also. India's huge population size does matter, when it comes to the decisions of higher education also. Geographical disparity, backwardness and non-connectivity etc also should be kept in mind, before proposing a BL type of approach.

2. The agenda behind proposing BL is doubtful. If it has only positive intentions like using online resources for teaching-learning, then mandatory BL framework is unwarranted. Because, even now many of the teachers are using online resources and digital devices for teaching and learning. Many teachers have completed SWAYAM based MOOCs, attended online workshops and webinars, accessed online materials available in various databases and centers. Many of the teachers invariably refer online sources for clarifying doubts, getting notes of new or tougher topics. Financially blessed, also interested, students also make use of digital devices and online resources for knowledge acquisition and development. Some of the colleges and institutions have LMS and other online based initiatives in their campuses. Once mandatory 30 per cent to 70 per cent teaching-learning is made online, that will definitely lead to fall in the number of teaching posts needed in the higher education system, as common resources can be shared across a university/ state/ a country. This will only add to the already existing unemployment problems in the country.

3. In models like flipped classroom, the students are encouraged to access digital learning materials via a cloud-based learning platform during their own time. Without having own computers, how students can be expected to access online resources at their own level. Even if having a smart phone, how long they can use a mobile phone for reading and learning. If continuously used even for a few hours, they are bound to face severe health problems. It is also to be noted that mobile phones are not allowed in campuses due to their improper uses or abuses. In the absence of laptops/ tablets, they will be compelled to purchase a smart phone and bring to campus. In undergraduate level, as the students may not be matured enough, the abuse of mobile phones is likely to arise.

4. Asking to show too much attachment to the online platforms cannot be justified, on many grounds. Often online resources provided are not vouched for quality check. Even teachers do not find too much enthusiasm with online source of learning. A 2018 Columbia University's Teachers College study on edX and Coursera courses shows that MOOC Certificate programs have a completion rate of 15 per cent or less. A study by the Massachusetts Institute of Technology revealed that over the past five years, online courses recorded an astronomical average dropout rate of about 96 per cent 4 . If the status of the teachers is like that, we can guess how the students are likely to engage in such courses. The presence of a teacher in physical mode only can take the students to new area of knowledge. Also, learning is never a mechanical process, to gain it from any device. It



needs an emotional teach of a touch, particularly at the undergraduate level.

5. The concept note criticizes closed book exam as "remembering and reproducing' exercise. It further comments that "life is all about open book examination". A closer observation will help to realize that the sense of a closed book exam goes beyond "remembering and reproducing'. A student who is preparing for a closed book exam has to learn a set of topics and notes in a systematic and structured manner. Only a well organized knowledge acquisition process will enable a student to secure goods marks in a closed book examination. Even if some of the students secure good marks by mere remembering, it is due to setting of the question papers in a non-challenging manner. The questions should be set for exploring the analytical and intellectual skills of the students. The comment that "life is all about open book examination" seems funny. Because, in life situations also, well remembered and understood lessons, methods and approaches are found to be useful. Merely because everything is available as open, one may not become a successful person in life. Otherwise, everyone would have been successful in life, in this world. It is not the case. In order to successfully win a 'closed book exam', a good student must learn the topic, understand it and apply in the right context, among the many topics studied. Open book exam per se will not give any advantage. If open book exam is conducted, using the present type of questions, that will be making exams as an easy walk over for all the students.

6. It is to be noted that a teacher





cannot be substituted by any device, particularly at undergraduate
level. Throughout the learning process, teaching and emotional support also needed to be provided by the teacher.

7. The concept note on BL expects a bandwidth of minimum 1 GBPS and 5-10 GBPS as desirable. But the ground realities are far away from this requirement. "The average 4G data speed in India is somewhere between 6.9 to 9.5 Mb per second (Mbps). The global average 4G data speed is ranging between 34 to 35 Mbps of download speed and 10 to 11 Mbps of upload speed, according to Ookla data. According to the Telecom Regulatory Authority of India's (TRAI) report, 4G internet speeds in metropolitan cities like Delhi, Mumbai and Kolkata also remained very poor compared to the global average speed. For example, the national capital Delhi has been getting an average download speed on 4G connections at just 10 Mbps, while the upload speed here is less than 2 Mbps. The growing number of telecom users and smart phone users are also cited as one of the reasons for slow speed in the country" 5 .

8. The concept note on BL expects that every class room be connected with the Smart class, as its desirable standard. But in the arts and science colleges, even in Kerala state, which has several achievements in the field of education, does not have even a single college with smart classroom for all the classes.

9. As part of Continuous Comprehensive Evaluation (CCE), the concept note proposes that 'Paper-pencil tests, unit-end exams to be completely discouraged for CCE". Any teacher, who is presently working in an Arts and science college, will very well appreciate the reality that paper-pencil tests, unit-end exams are helping the students to ensure that each unit being taught is well understood and comprehended. It very difficult to understand as to what prompted the 'expert' who developed the note, to make such a proposal.

10. Another harmful proposal is that teacher's role should shift from knowledge provider to coach and mentor. It is really a disastrous suggestion. A teacher at best can be a good teacher only. The role of a mentor or a coach is

different from that of a teacher. Even now, along with teaching, many of the teachers are engaged in role of a mentor. But mentoring or coaching should not be the prime role of a teacher. Students are primarily expecting teachers, not mentors. Mentoring can only be an additional role. The selection process, including eligibility, of candidates for teaching posts and that of mentors are totally different. If this proposal is accepted in both letter and spirit, hereafter, we need not select any teacher. Rather we need a few mentors only. That is not an acceptable one.

11. Like in NEP 2020, the concept note on BL also proposes for inter disciplinary learning. It is true that in order to solve most of the problems in real life, an interdisciplinary approach is needed. Because, expertise of only one discipline may not be sufficient. But due to that, if each student secures an interdisciplinary UG and PG programme, how we can get experts in a particular field. Inter-disciplinarity should be achieved by combining experts of different fields, not by a team of non-experts. Specialisation and subject expertise will continue as essential elements in the future years also. Once extended to professional education, what will be the fate of a patient who undergoes a surgery under a doctor who studied a bunch courses with no specialisation in anything. In order to solve the existing socio-economic or environmental problems, interdisciplinary team approach should be adopted. It should not mean giving piece-pieces of knowledge of different disciplines to a single person.

12. The six building blocks of ABC are really ‘interesting’ to read. But we should also keep in mind that if that much of flexibility is provided in the system, it may lead to a lot of uncertainties. That itself may lead to massive collapse of the system. For instance, the suggestion for permitting multiple entry and exit ignores the fact that seating capacities in the classrooms are limited. If accepted on a liberal sense, students may even choose any time entry and exit. Though exit does not make a big concern for a class, entry at an altogether different point of time will lead to lots of difficulties in respect of maintaining records, maintaining a systematic flow in learning etc.



**Concluding remarks**

There is no doubt that suitable reforms should be brought into the higher education system in India. Because change in inevitable in any system. But such reforms must be based on realities and possibilities. It should not be denying equal opportunities for anyone in the system. In order to make use of digital tools and resources, what is needed is providing digital devices to all the teachers and students, at free of cost. Training also needed to be provided. Online learning only should be an additional input to the academic community, along with the existing teaching and training methods and processes. Learning, after securing a job, may be possible with the help of BL approach. But in UG & PG colleges and other institutions, BL can be only a terrible dream.

**Selected References :**


1. Vrishtibeniwal.www.theprint.in/As digital divide widens, India risks losing a generation to pandemic disruption. 17 December, 2020
2. https://www.downtoearth.org.in/blog/governance/ mass-poverty-is-back-in-india-76348
3. https://www.moneycontrol.com/news/india/indias-poor-spending-on-higher-education-is- making-other-countries-rich-5284501.html
4. Dibyendu Mondal.2020. Digital India’s internet speed among the slowest’. Sunday Guardian. August 8.



# സ്വപ്നാത്മക ദൃശ്യങ്ങളുടെ മൗനസാന്നിധ്യം

ഡോ. എസ്. ഗോപു



ബംഗാളിസിനിമയിൽ സത്യജിത്ത്റായ്, മൃണാൾസെൻ, ഋത്വിക്ഘട്ടക്ക് എന്നിവർ ചേർന്നു രൂപപ്പെടുത്തിയ യഥാതഥവും രാഷ്ട്രീയവുമായ ദൃശ്യഭാഷയെയും പ്രമേയ പരിചരണ രീതികളെയും വൈകാരികമായി പുനഃസംഘടിപ്പിച്ച് കാവ്യാത്മകമായും സ്വപ്നാത്മകമായും അവതരിപ്പിച്ച സംവിധായകനാണ് ബുദ്ധദേവ് ദാസ് ഗുപ്ത. 1968ൽ ദി കോണ്ടിനെന്റ് ഓഫ് ലൗ എന്ന പത്തുമിനിട്ടു ദൈർഘ്യമുള്ള ചിത്രത്തിലൂടെ വരവറിയിച്ച ബുദ്ധദേവിന്റെ ആദ്യ ഫീച്ചർ ഫിലിം ദൂരത്വ(1978)ആണ്. ഈ സിനിമ മികച്ച ബംഗാളി ചിത്രത്തിനുള്ള ദേശീയ പുരസ്ക്കാരം നേടി. ബാഗ് ബഹാദൂർ(1989), ചരാചർ(1993), ലാൽദർജ(1997), മൊൻഡോ മേയർ ഉപാഖ്യാൻ(2002), കാൽപുരുഷ്(2008) എന്നിവ മികച്ച ചിത്രത്തിനുള്ള ദേശീയപുരസ്ക്കാരം സ്വന്തമാക്കി. ഉത്തര(2000), സ്വപ്നേർ ദിൻ(2005) എന്നീ ചിത്രങ്ങളിലൂടെ ബുദ്ധദേവ് മികച്ച സംവിധായകനുള്ള ദേശീയ പുരസ്ക്കാരവും നേടി. ബർലിൻ, ഏഥൻസ്, വെനീസ്, ലൊക്കാർണോ, ഏഷ്യ പസഫിക് തുടങ്ങി ഒട്ടനവധി അന്താരാഷ്ട്ര ചലച്ചിത്രമേളകളിൽ അദ്ദേഹത്തിന്റെ സിനിമകൾ അംഗീകരിക്കപ്പെട്ടു.

മികച്ച കവിയുമായിരുന്നു ബുദ്ധദേവ് ദാസ് ഗുപ്ത. എന്നാൽ കവിതയെ കേവലമായ അർത്ഥത്തിൽ അദ്ദേഹം സിനിമയോട് ചേർത്തുവെച്ചില്ല. സംഗീതത്തോടുള്ള പ്രിയവും കവിത്വവും ചേർന്ന് ഏകാന്തമായ മനസിൽ രൂപപ്പെടുത്തിയ ദൃശ്യബിംബങ്ങളെ തന്റെ സിനിമയുടെ സ്വത്വമായി വികസിപ്പിക്കാനാണ് ബുദ്ധദേവ് ശ്രമിച്ചത്. ചിത്രകാരനായിരുന്നില്ലെങ്കിലും ചിത്രകലയോട് പുലർത്തിയിരുന്ന ഇഷ്ടവും ദൃശ്യരൂപണപദ്ധതിയിൽ നിർണ്ണായക സ്വാധീനം ചെലുത്തി. സിനിമയെ ആന്തരികവും വൈകാരികവുമായി നിലനിർത്താൻ ബുദ്ധദേവ് എന്ന ചലച്ചിത്രകാരൻ ആഗ്രഹിച്ചിരുന്നു. യാഥാർത്ഥ്യത്തിൽനിന്ന് പ്രതീതിയാഥാർത്ഥ്യത്തിലേക്കും സ്വപ്നസമാനമായ വ്യവഹാരങ്ങളിലേക്കുമൊക്കെ കഥാപാത്രങ്ങൾ അപ്രതീക്ഷിതമായി പകർന്നാടുന്നതിന്റെ യുക്തി ഇതാണ്. 'കാൽപുരുഷി'ലെ അച്ഛൻ മകൻ സംവാദത്തിലും 'ബാഗ് ബഹാദൂറി'ൽ ഘുനുറാം നേരിടുന്ന തിരസ്കാരത്തിന്റെ ആവിഷ്കാരത്തിലും 'ചരാചറി'ലെ പക്ഷിവേട്ടക്കാരന്റെ ആന്തരിക പ്രതിസന്ധിയെ പ്രതിനിധീകരിക്കുന്ന ദൃശ്യസന്ദർഭങ്ങളിലും 'തഹാദേർ കഥ'യിലെ ശിബ്നാഥ് മുഖർജിയെന്ന സ്വാതന്ത്ര്യസമരസേനാനിയുടെ താളംതെറ്റിയ മനസിന്റെ ചിത്രീകരണത്തിലുമൊക്കെ ഈ സമീപനം കാണാം.

നിസഹായരായ മനുഷ്യരാണ് ബുദ്ധദേവിന്റെ സിനിമകളുടെ കേന്ദ്രം. പ്രായോഗികമായ ജീവിതാവസ്ഥകൾ സൃഷ്ടിക്കുന്ന ആന്തരികാഘാതങ്ങളാണ് ഈ നിസഹായതയ്ക്കു കാരണം. പ്രതിസന്ധികളെ മറികടക്കാനുള്ള ശ്രമത്തിൽ അവർ സ്വയം നഷ്ടപ്പെടുന്നു. സ്വപ്നത്തിലോ ഭാവനയിലോ അഭയം പ്രാപിക്കുന്നു. കാലികമായ സോദ്ദേശ്യ രാഷ്ട്രീയവിചാരങ്ങൾക്കുപരിയായി



കാലാതീതമായ മനുഷ്യാവസ്ഥകളെന്ന നിലയിൽ പ്രമേയങ്ങളെ വികസിപ്പിച്ചെടുക്കാനാണ് അദ്ദേഹം ശ്രമിച്ചത്. ജീവിതത്തിന്റെ അർത്ഥശൂന്യതയിൽ മനം മടുത്ത് കാട്ടിലെ വൃക്ഷക്കൊമ്പിൽ താമസിക്കുന്ന പോസ്റ്റ്മാൻ ഗോജ(ടോപ്പ്), സ്വപ്നങ്ങൾക്കു പുറകെ സഞ്ചരിക്കുന്ന പരേഷ്, ചപാൽ, ആമിന (സ്വപ്നേർ ദിൻ), ധനികനായ വൃദ്ധനുമായി അമ്മ നിശ്ചയിക്കുന്ന ബന്ധത്തിൽ നിന്ന് സ്വതന്ത്രജീവിതത്തിലേക്ക് പലായനം ചെയ്യുന്ന ലതി(മൊൻഡോ മേയർ ഉപാഖ്യാൻ), ജീവനുള്ള പുലിയുമായി സർക്കസുകാരൻ ഗ്രാമത്തിലെത്തുമ്പോൾ അപ്രസക്തനായി പോകുന്ന ഘുനുറാം(ബാഗ് ബഹദൂർ), ഭാര്യ മറ്റൊരു പുരുഷനുമായി അടുക്കുമ്പോൾ പക്ഷികളെ കൂടുതൽ സ്നേഹിക്കുന്ന പക്ഷി വേട്ടക്കാരനായ ലക്കിന്ദർ(ചരാചർ) തുടങ്ങി നിരവധി കഥാപാത്രങ്ങൾ ഇതു സാക്ഷ്യപ്പെടുത്തുന്നു. ഇവർ പങ്കുവെക്കുന്ന സംഘർഷങ്ങളും അഭിമുഖീകരിക്കുന്ന ദുർഘടസന്ധികളും അതിജീവനത്തിന്റെ വഴികളും ഏതെങ്കിലുമൊരു ഘട്ടത്തിൽ യാഥാർത്ഥ്യത്തെ മറികടക്കുകയും കാല/സമയരാശികളുടെ നേർരേഖയിൽ നിന്നു തെന്നിമാറുകയും ചെയ്യുന്നു.

പ്രത്യക്ഷമായി രാഷ്ട്രീയം സംസാരിക്കുന്നവയല്ല ബുദ്ധദേവിന്റെ സിനിമകൾ. എന്നാൽ സ്വാതന്ത്ര്യം, ജനാധിപത്യം, സമത്വം, വിപ്ലവം തുടങ്ങിയ രാഷ്ട്രീയഘടകങ്ങളെ മനുഷ്യന്റെ ആന്തരികതലവുമായി ചേർത്തുവെച്ച് പരിശോധിക്കുന്ന പരിചരണ/ആഖ്യാനരീതി മനുഷ്യപക്ഷരാഷ്ട്രീയത്തെ കൃത്യമായി അടയാളപ്പെടുത്തി. ദൂരത്വ, അന്നപൂർണ്ണ, ഗൃഹജുദ്ധ എന്നീ സിനിമകൾ ഇക്കൂട്ടത്തിൽ എടുത്തു പറയേണ്ടവയാണ്. തീവ്ര ഇടതുപക്ഷരാഷ്ട്രീയം വ്യക്തികളിൽ സൃഷ്ടിച്ച വ്യഥകളെ, ആത്മസംഘർഷങ്ങളെ ഈ സിനിമകൾ ആവിഷ്ക്കരിക്കുന്നു. ബംഗാളിൽ നക്സൽബാരി മുന്നേറ്റം നടക്കുന്ന കാലത്ത് വിദ്യാർത്ഥിയായിരുന്ന ബുദ്ധദേവിന് നക്സലൈറ്റുകൾ ഉയർത്തിയ ആശയങ്ങളോട് പ്രതിപത്തി ഉണ്ടായിരുന്നു. എന്നാൽ സായുധമായ പരിഹാരത്തോട് യോജിക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല. മധ്യവർഗ ജീവിതത്തിനും തീവ്ര ഇടതുപക്ഷ നിലപാടുകൾക്കുമിടയിലെ വൈരുദ്ധ്യങ്ങൾ ബുദ്ധദേവിനെ തീവ്ര വിപ്ലവബോധ്യങ്ങളുടെ പ്രായോഗികരൂപങ്ങളിൽ നിന്ന് അകറ്റി നിർത്തി. ആശയപരമായ അടുപ്പവും പ്രായോഗികമായ അകൽച്ചയും സൃഷ്ടിക്കുന്ന ആന്തരികസംഘർഷങ്ങളുടെ കലാപരമായ അടയാളപ്പെടലുകളാണ് ഈ മൂന്നു സിനിമകളും. വ്യക്തിയെ മുൻനിർത്തി രാഷ്ട്രീയ മുന്നേറ്റത്തെ പരിശോധിച്ച ചലച്ചിത്രകാരൻ മനുഷ്യനെന്ന നിലയിലുള്ള ആത്മനഷ്ടങ്ങളുടെ ആവിഷ്ക്കാരത്തിലേക്കാണ് ആത്യന്തികമായി എത്തിച്ചേർന്നത്. വൈയക്തിക ദുരന്തങ്ങളെ സാമൂഹികലക്ഷ്യത്തിന്റെ പേരിൽ ആദർശവത്ക്കരിക്കാൻ അദ്ദേഹം തയ്യാറായില്ല. സാമൂഹികമായി പ്രതിബദ്ധതയുള്ള കലാകാരന്റെ മനസിന്റെ ആഴങ്ങളിൽ മുഴങ്ങി നിൽക്കുന്ന മൗനമായി ബുദ്ധദേവിന്റെ സിനിമകളുടെ രാഷ്ട്രീയത്തെ കണ്ടെടുക്കാം.

ദൃശ്യങ്ങളെ കവിതയോടും സംഗീതത്തോടും അടുപ്പിക്കുകയും യാഥാർത്ഥ്യത്തെ ഭൗതികാനുഭവത്തിൽ നിന്നു മോചിപ്പിക്കുകയും മനുഷ്യനെന്ന ജീവിയെ ആന്തരികമായി അടയാളപ്പെടുത്തുകയും ചെയ്ത ചലച്ചിത്രകാരനാണ് ബുദ്ധദേവ് ദാസ് ഗുപ്ത. സിനിമയെ ചിന്താപരവും ജൈവികവുമായ വൈകാരിക വ്യവഹാരമായി കാണുന്ന ആസ്വാദകപക്ഷത്തിന് കനത്ത നഷ്ടമാണ് അദ്ദേഹത്തിന്റെ വിയോഗം. മലയാള സിനിമയുമായി അടുത്ത ബന്ധം പുലർത്തിയ ബുദ്ധദേവ് മലയാളത്തിൽ ഒരു സിനിമ സംവിധാനം ചെയ്യണമെന്ന് ആഗ്രഹിച്ചിരുന്നു. പല തവണ കേരളത്തിലെത്തിയപ്പോഴും ഇക്കാര്യം അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്. ആ സ്വപ്നം യാഥാർത്ഥ്യമാകാതെ ബുദ്ധദേവ് കടന്നുപോകുമ്പോൾ അത് മലയാളസിനിമയുടെ കൂടി നഷ്ടമാണ്.

KERMAL 12797/11/1/2006 September - October 2021
Sanghasabdam, a monthly journal of the Association of Kerala Govt. College Teachers


# കേരള ഗസറ്റഡ് ഓഫീസേഴ്സ് സഹകരണ സംഘം ക്ലിപ്തം T.424

വഴുതക്കാട്, തിരുവനന്തപുരം -14
ഫോൺ: **0471 2335379, 9400 702 331**

എസ്റ്റൻഷൻ കൗണ്ടർ: പബ്ലിക് ഓഫീസ്

**ശാഖകൾ:**

| സിവിൽ സ്റ്റേഷൻ, കോഴിക്കോട് | ഹൈസ്കൂൾ ജംഗ്ഷൻ, കൊല്ലം | കോൺവെന്റ് സ്ക്വയർ ജംഗ്ഷൻ, ആലപ്പുഴ |
|---|---|---|
| 0495 2372029 | 0474 2793323 | 0477 2241351 |

(കേരളത്തിലെ ഗസറ്റഡ് ഓഫീസർമാർക്കു വേണ്ടിയുള്ള ക്ലാസ്-1 സ്പെഷ്യൽ ഗ്രേഡ് സഹകരണ സംഘം)

- **ഒരംഗത്തിന് 36 ലക്ഷം രൂപ വരെയുള്ള വിവിധ വായ്പാ പദ്ധതികൾ**
- **ആകർഷകമായ പലിശനിരക്കിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു**
- **എല്ലാ മാസവും വിവിധ സലകളിലുള്ള എം.ഡി.എസ്. പദ്ധതികൾ**
- **കുറഞ്ഞ പലിശ നിരക്കിൽ എം.ഡി.എസ്. വായ്പാ സൗകര്യം**
- **ഗസറ്റഡ് അല്ലാത്ത സർക്കാർ ജീവനക്കാർക്കും എം.ഡി.എസിൽ ചേരുന്നതിനും എം.ഡി.എസിന് ജാമ്യം നിൽക്കുന്നതിനും സൗകര്യം**



കമ്പോള വിലയേക്കാൾ
കുറഞ്ഞ നിരക്കിൽ
പ്രസന്റേഷൻ സാധനങ്ങൾ,
ഓഫീസ് സ്റ്റേഷനറി
എന്നിവ ലഭ്യമാകുന്ന
മാർജിൻ ഫ്രീ ഗിഫ്റ്റ് സെന്റർ
പബ്ലിക് ഓഫീസ് കെട്ടിടത്തിൽ
പ്രവർത്തിച്ചുവരുന്നു.

**എം. ഷാജഹാൻ**
പ്രസിഡണ്ട്

**ജി. ഷാബു കുമാർ**
സെക്രട്ടറി


Printed & Published by Dr. Manomohan Antony on behalf of the Association of Kerala Govt. College Teachers, AKGCT Bhavan, Panavila Jn., Thiruvananthapuram. www.akgct.org Ph: / Fax 0471 - 2329900 Email: sanghasabdam@gmail.com
Printing: Akshara Offset, TVM, Ph: 2471174. Chief Editor: Dr. M. Sathyan, Editor: Alikutty C

# The Calicut University Central Co-operative Stores Ltd. No. 4347

BOOK SELLERS & PUBLISHERS

Calicut University P.O, 673635, Kerala
Ph : H.O. 8304031412 & 0494 2400012
Email : centralstore4347@gmail.com



**Sole Distributors of Calicut and Kannur University Publications**

**Publishers of Text Books and Study Aids Asper University Syllabus**

**Distributors of All leading Publisher's Books**

**Distributors of All Kinds of Office Stationeries**

**Distributors of All Brands of Note Books**

**OUR 15 BRANCHES**

University Campus Books - Ph : 0494-2402001
Calicut City - Ph : 0495-2720075
Devagiri St. Joseph College - Ph : 9447948874
Kannur Books - Ph : 0497-2711623
Kalpetta - Ph : 04936 207755
Palakkad - Ph : 0491-2528023
Thrissur - Ph : 0487-2321812
Calicut Stadium - Ph : 0495-2720458
Vatakara - Ph : 0496-2522012
Malappuram - Ph : 0483-2733134
University Campus Stationery - Ph : 0494-2403001
Perinthalmanna - Ph : 0493-3221012
Kannur Stationery - Ph : 0497-2700347
Koratty - Ph : 7736707668
University Pareeksha Bhavan

Dr. Jojomon N.A
(President)
9446463491

Bhavesh P.K.
(Secretary)
8943292602